അധികാരം ജനങ്ങളിലേക്ക്



# അയ്യന്തോൾ ഗ്രാമപഞ്ചായത്ത്



# ജനകീയവികസനരേഖ

**1996**


KERALA
KASARGOD
CANNANORE
WYNAD
KOZHIKODE
MALAPPURAM
PALGHAT
AYANTHOLE PANCHAYAT
TRICHUR
ERNAKULAM
Idukki
KOTTAYAM
ALLEPPEY
PATHANAMTHITTA
QUILON
TRIVANDRUM

86-4

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# അയ്യന്തോൾ ഗ്രാമപഞ്ചായത്ത്

## ജനകീയ വികസനരേഖ

## 1996

# താളുകൾ മറിക്കുമ്പോൾ


സന്ദേശം

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സ്മൃതിപഥങ്ങളിലൂടെ......
4. ഭൂപ്രകൃതി - ജനപ്രകൃതി - ജലപ്രകൃതി
5. സാമൂഹ്യ-സാമ്പത്തിക മേഖലകൾ
   - 5.1. കൃഷിയും ജലസേചനവും
   - 5.2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
   - 5.3. വ്യവസായം
   - 5.4. വിദ്യാഭ്യാസം
   - 5.5. കുടിവെള്ളവും പൊതുജനാരോഗ്യവും
   - 5.6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   - 5.7. പാർപ്പിടവും സാമൂഹ്യക്ഷേമവും
   - 5.8. സംസ്കാരം
   - 5.9. വനിത
   - 5.10. സഹകരണം
   - 5.11. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം
   - 5.12. വിഭവസമാഹരണം

ഉപസംഹാരം

# AYYANTHOLE PANCHAYAT MAP




| | |
|---|---|
| AREA | 23.01 sq. k.m |
| POPULATION | 37.411 [1981 CENSUS] |
| PRINCIPAL OCCUPATION | CULTIVATION EMPLOYMENT IN GOVT & INDUSTRY UNIT |
| GENERAL POPULATION | 47.000 [1991 CENSUS] |
| INSTITUTION | 118 |
| OTHER FEATURES | COLLECTORATE, T.V STATION & INDUSTRIAL UNIT |
| MAJOR REVENUE | B.T, P.T. & ET |
| AMOUNT FOR DVL. SCHEME 91-92 | 35 LAKHS |



# സന്ദേശം

സ്വതന്ത്രഭാരതത്തിൻെറ പുരോഗതിയേയും വികസനത്തേയും കുറിച്ചു ചിന്തിക്കുന്ന ആരുടേയും മനസ്സിൽ ആദ്യം കടന്നു വരിക മഹാത്മജിയാണ്. ലക്ഷകണക്കിലുള്ള ഗ്രാമങ്ങളിലാണ് ഭാരതത്തിൻെറ ആത്മാവും ശക്തിയും എന്ന് ഉറച്ചു വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്ത വ്യക്തിയാണ് അദ്ദേഹം. സാധാരണക്കാരൻെറ ആശയാഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കണമെങ്കിൽ ആസൂത്രണം അവൻെറ വീട്ടുമുറ്റത്തുനിന്നുതന്നെ തുടങ്ങണമെന്ന തിരിച്ചറിവിൻെറ പരിണത ഫലമാണ് ജനകീയാസൂത്രണ പദ്ധതി. ഇതിന് ഊടും പാവും നെയ്യാനുള്ള അശ്രാന്തപരിശ്രമത്തിലായിരുന്നു നമ്മുടെ അനേകം ദിനരാത്രങ്ങൾ. ഈ പരിശ്രമത്തിൻെറ ഫലപ്രാപ്തി കയ്യെത്താവുന്ന ദൂരത്തിലെത്തി കഴിഞ്ഞുവെന്ന് നമുക്ക് സമാധാനിക്കാം.

അരനൂറ്റാണ്ടുമുമ്പ് ഈ നാട്ടിലെ ജനങ്ങൾക്കിടയിൽ ഉണ്ടായിരുന്ന ഒത്തൊരുമയും രാഷ്ട്രനന്മക്കായി പ്രവർത്തിക്കുന്നതിനുള്ള അർപ്പണമനോഭാവവും സഹോദര സ്നേഹവുമെല്ലാം ഇന്ന് അന്യമായികൊണ്ടിരിക്കുകയാണ്. ഉപഭോക്തൃസംസ്കാരത്തിൽ മുങ്ങിത്താഴുന്ന കേരളീയർ ഓരോ നിമിഷവും എങ്ങിനെ പണമാക്കി മാറ്റാം എന്നുള്ള തത്രപ്പാടിലാണ്. ഒരു വ്യക്തിയുടെ ആവശ്യങ്ങളെ സമൂഹത്തിൻേറതിൽനിന്ന് വേറിട്ട് കാണാനാവില്ല. ഇത്തരത്തിൽ സമാഹരിക്കപ്പെടുന്ന അനേകം മനുഷ്യരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളുമാണ് ഒരു പഞ്ചായത്തിൻെറ മൊത്തത്തിലുള്ള വികസന രേഖയായി രൂപമെടുക്കുന്നത്. വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ മാത്രമല്ല, ആസൂത്രണത്തിൽതന്നെ ജനങ്ങളുടെ കൂട്ടായ്മ ഉറപ്പു വരുത്തികൊണ്ടാണ് ഇന്ന് നമ്മൾ മുന്നോട്ടുപോകുന്നത്. ഇന്നുവരെ വികസനപ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിൽ പല പ്രശ്നങ്ങളും ഉയർന്നു വരാറുണ്ട്. മതിയായ ധനലഭ്യതയുടെ അഭാവം സാങ്കേതികമായ പോരായ്മകൾ ഗ്രാമീ

ണതലത്തിലെ പ്രത്യേക സാഹചര്യങ്ങളോട് ഒത്തു ചേരാത്ത അവസ്ഥ - ആസൂത്രണത്തിലെ ന്യൂനനതകൾ നിമിത്തമുള്ള പരിസ്ഥിതി പ്രശ്ന ങ്ങൾ തുടങ്ങിയവ ഇവയിൽ ചിലതു മാത്രമാണ്. ഇത്തരത്തിലുള്ള കുറവുകൾ എല്ലാം തന്നെ പരി ഹരിക്കാൻഈ വികസന റിപ്പോർട്ടിൻെറ പ്രവർത്ത നത്തിൽ ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട് എന്ന് വിശ്വസി ക്കട്ടെ!

കച്ചവടക്കണ്ണിലൂടെ മാത്രം ലോകത്തെ നോക്കി കാണുന്ന നമുക്ക് സഹായത്തിനുവേണ്ടി കേഴുന്ന അയൽക്കാരൻെറ മുഖം കാണാൻ സമ യമില്ല. അവനൊഴുക്കുന്ന കണ്ണീർ നമ്മുടെ മന സ്സിനെ ആർദ്രമാക്കുന്നില്ല. സന്മനോഭാവവും ദയയും ഇന്ന് വിവരമില്ലായ്മയുടേയോ ഭ്രാന്തി ൻേറയോ തന്നെ ലക്ഷണങ്ങളായി സമൂഹം മുദ്ര കുത്തി, തൻകാര്യം മാത്രം നോക്കി ജീവിക്കുന്ന സ്വാർത്ഥമതികൾക്ക് സമൂഹം പുതിയ ഒരു പേരിട്ടു - പ്രായോഗികമായി ചിന്തിക്കുന്നവർ ഇത്തരത്തിലെ ഒരു ഭൂരിഭാഗത്തിൻെറ നടുവിലും ആർദ്രത എന്തെ ന്നറിയുന്നഒരു ന്യൂനപക്ഷത്തെ ജനങ്ങൾക്ക് കണ്ടെ ത്താനായി എന്നതിൻെറ നിദാനമാണ് ഈ വിക സന റിപ്പോർട്ട്.

ഈ റിപ്പോർട്ട് തയ്യാറാക്കലിൽ വിവിധ ഘട്ട ങ്ങളിൽ ഞങ്ങളോടൊപ്പം സഹകരിച്ച എല്ലാ വർക്കും കലവറയില്ലാത്ത നന്ദി ഇവിടെ രേഖപ്പെ ടുത്തട്ടെ!!

*സ്നേഹാദരങ്ങളോടെ,*

**എ.പി. ലൂസി**

**അയ്യന്തോൾ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്**

# 1

# ആമുഖം

ആസൂത്രണ വികേന്ദ്രീകരണത്തെക്കുറിച്ചുള്ള ധാരണകൾ സ്വാതന്ത്ര്യ സമ്പാദനത്തിനു മുമ്പു തന്നെ രൂപപ്പെട്ടിരുന്നു. എന്നാൽ അത് പ്രയോഗത്തിലാക്കുന്നതിന് സാദ്ധ്യത തെളിഞ്ഞത് 73,74-ാം ഭരണഘടന ഭേദഗതിയോടുകൂടിയാണ്. പ്രത്യക്ഷ ജനാധിപത്യത്തിൻെറ അംശങ്ങൾ ഉൾക്കൊള്ളിക്കാൻ ഗ്രാമസഭയെന്ന സംവിധാനം വഴിതെളിച്ചു. എന്നാൽ പദ്ധതി രൂപീകരണവും നിർവ്വഹണവും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് അനുകരണീയ മാതൃകകൾ ഒന്നും തന്നെയില്ല. സംസ്ഥാന പ്ലാനിംഗ് ബോർഡും സർക്കാരും ഒമ്പതാംപദ്ധതി ജനകീയ പദ്ധതിയാക്കുന്നതിന് തീരുമാനിച്ചു. പദ്ധതി അടങ്കലിൻെറ 35-40 ശതമാനംവരുന്ന സ്കീമുകൾ പഞ്ചായത്തുകളാണ് തീരുമാനിക്കുന്നത്. പദ്ധതി രൂപീകരണത്തിൻെറ തുടക്കം ഗ്രാമസഭകളിൽ നിന്നാണ്. ഇതിനായി വിശേഷ ഗ്രാമസഭകൾ 22-7-96നും 23-10-96-നും ഇടയിൽ നടത്തി, ഒന്നാംഘട്ടം പൂർത്തിയാക്കി. ജനങ്ങളുടെ പദ്ധതി രൂപീകരിക്കുന്നതിനുള്ള കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി രണ്ട് ഏകദിന സെമിനാറുകൾ നടത്തുകയുണ്ടായി.

ജനകീയ ആസൂത്രണത്തിൻെറ രണ്ടാംഘട്ട പ്രവർത്തനം പൂർത്തിയാകുന്നത് വികസന സെമിനാറോടു കൂടിയാണ്. ഗ്രാമസഭയിലെ നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൻെറ അടിസ്ഥാനം. ഓരോ തുറയിലെയും വികസന പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ ഗ്രാമസഭാ നിർദ്ദേശങ്ങൾ മാത്രം പോരാ. പഞ്ചായത്തിനെ സംബന്ധിക്കുന്ന സ്ഥിതി വിവര കണക്കുകൾ ഒഴിച്ചുകൂടാൻ കഴിയായത്തതാണ്. ഇതിനായി വിവധ ഓഫീസുകളിലുള്ള ലഭ്യമായ വിവരങ്ങൾ ശേഖരിച്ചു. ശരിയായ രീതിയിൽ രേഖകൾ സൂക്ഷിക്കാത്തതിനാൽ പല ഓഫീസുകളിൽ നിന്നും വിവരം പൂർണ്ണായി ലഭിച്ചില്ല. സ്ഥിതി വിവര കണക്കുകളുടെ അപര്യാപ്തത ഈ റിപ്പോർട്ടിൻെറ പോരായ്മയാണ്. ഗ്രാമസഭാ നിർദ്ദേശങ്ങളും സ്ഥിതിവിവര കണക്കുകളും ചേർത്ത് പഞ്ചായത്തിൻെറ സമഗ്ര വികസന രേഖ തയ്യാറാക്കി ചർച്ചക്കായി സമർപ്പിക്കുകയാണ്. ഈ ചർച്ചകളിലൂടെയാണ് പഞ്ചായത്തിൻെറ പദ്ധതിയുടെ രൂപം തെളിയുന്നത്.

റിപ്പോർട്ട് തയ്യാറാക്കുക എന്നത് ക്ലേശകരമായ ഏർപ്പാടാണ്. ഈ ഭാരിച്ച പണി പൂർത്തി

യാക്കുന്നതിന് പലരും സഹായിച്ചിട്ടുണ്ട്. ശരാശരി പത്ത് ആളുകൾ ഏതാണ്ട് 20ദിവസം ഈ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. വികസനത്തെക്കുറിച്ചുള്ള പുതിയ ധാരണകൾ സൃഷ്ടിക്കുവാനും പദ്ധതി രൂപീകരണത്തിന് സ്ഥിതി വിവര കണക്കുകളുടെ പ്രാധാന്യം മനസ്സിലാക്കുവാനുമുള്ള വലിയ ഒരു വിദ്യാഭ്യാസ പ്രക്രിയയായിരുന്നു ഇത്.

വിവിധ മേഖലകളെക്കുറിച്ചുള്ള സാധാരണ ജനങ്ങളുടെ കാഴ്ചപ്പാടും ആവശ്യങ്ങളും നിർദ്ദേശങ്ങളുമാണ് ഇവിടെ കുറിച്ചിട്ടുള്ളത്. വിലപ്പെട്ട നിർദ്ദേശങ്ങളിലൂടെ ഈ റിപ്പോർട്ട് കുറ്റമറ്റതാക്കേണ്ടതുണ്ട്. വിശദമായ ചർച്ചക്കായി റിപ്പോർട്ട് സമർപ്പിക്കുന്നു.



എന്റെ ജീവിതമാണ് എന്റെ സന്ദേശം

## ഇപ്പോഴത്തെ ഭരണസമിതി



ശ്രീമതി എ.പി. ലൂസി
*പ്രസിഡൻറ്*



അഡ്വ. എം. രാമൻ കുട്ടി
*വൈസ് പ്രസിഡൻറ്*



ശ്രീ. വിൽസൻ മാളിയേക്കൽ
*സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ*



അഡ്വ. എം. പി. ശ്രീനിവാസൻ
*1-ാം വാർഡ് മെമ്പർ*



ശ്രീ. എം.എൻ. സുധാകരൻ
*2-ാം വാർഡ് മെമ്പർ*



ശ്രീ. സി.പി. ജോസ്
*3-ാം വാർഡ് മെമ്പർ*



**ശ്രീമതി പ്രസന്ന ബാലൻ**

*5-ാം വാർഡ് മെമ്പർ*



**ശ്രീ. ടി.എസ്. അശോകൻ**

*6-ാം വാർഡ് മെമ്പർ*



**ശ്രീമതി വിലാസിനി ടീച്ചർ**

*7-ാം വാർഡ് മെമ്പർ*



**ശ്രീ. കെ.ടി. ജോണി**

*8-ാം വാർഡ് മെമ്പർ*



**ശ്രീമതി തങ്കമണി**

*10-ാം വാർഡ് മെമ്പർ*



**ശ്രീ.പി.എൻ. ശ്രീധരൻ നായർ**

*11-ാം വാർഡ് മെമ്പർ*



**ശ്രീ. കെ.എ. വാസുദേവൻ**

*13-ാം വാർഡ് മെമ്പർ*



**ശ്രീ. കണ്ണത്ത് രാധാകൃഷ്ണൻ**

*14-ാം വാർഡ് മെമ്പർ*



**ശ്രീമതി ഗീതാറാംമോഹൻ**

*15-ാം വാർഡ് മെമ്പർ*

## മുൻ പ്രസിഡൻറുമാർ



ശ്രീ. ടി.ഒ. വർക്കി



ശ്രീ. കെ.ജെ. ആൻറണി



ശ്രീ. എ.വി. ആര്യൻ



ശ്രീ. ഇ.കെ. മേനോൻ



ശ്രീ. എം.ആർ. വാസു



പഞ്ചായത്ത് സ്റ്റാഫ്

# 2

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | അയ്യന്തോൾ |
| ഉൾപ്പെടുന്ന വില്ലേജ് | : | അരണാട്ടുകര, പുല്ലഴി, തൃശൂർ, പൂങ്കുന്നം, അയ്യന്തോൾ |
| ബ്ലോക്ക് | : | പുഴക്കൽ |
| താലൂക്ക് | : | തൃശൂർ |
| ജില്ല | : | തൃശൂർ |
| അസംബ്ലിമണ്ഡലം | : | തൃശൂർ |
| വിസ്തീർണ്ണം | : | 23.01 കി. മീ |
| അതിരുകൾ | : | കിഴക്ക് തൃശൂർ പട്ടണം |
| | | തെക്ക് കുർക്കഞ്ചേരി പഞ്ചായത്ത് |
| | | പടിഞ്ഞാറ് അരിമ്പൂർ പഞ്ചായത്ത് |
| | | വടക്ക് അടാട്ട് പഞ്ചായത്ത് |
| ജനസംഖ്യ | : | 45,614 (1991 കാനേഷുമാരി) |
| കുടുംബങ്ങൾ | : | 8824 (1991 കാനേഷുമാരി) |
| ജനസാന്ദ്രത | : | 1971 |
| സാക്ഷരത | : | 93.8% |
| സ്ത്രീ സാക്ഷരത | : | 91.3% |
| സ്ത്രീ-പുരുഷ അനുപാതം | : | 1069 |
| പ്രസിഡണ്ട് | : | ശ്രീമതി. എ.പി. ലൂസി |
| വൈ. പ്രസിഡണ്ട് | : | ശ്രീമാൻ. അഡ്വ. എം. രാമൻകുട്ടി |

3

# സ്മൃതിപഥങ്ങളിലൂടെ.......

അയ്യന്തോൾ പഞ്ചായത്ത് തൃശൂർ നഗരത്തിന് തൊട്ടുപടിഞ്ഞാറ് നേർദൂരം ഉദ്ദേശം 5കി. മീറ്ററും തെക്കുവടക്ക് ഉദ്ദേശം 7 കി. മീറ്ററും വിസ്താരത്തിൽ കിടക്കുന്ന പ്രദേശമാണ്. ഭൂമിശാസ്ത്രപരമായി തെക്കും പടിഞ്ഞാറും പൂർണ്ണമായും വടക്കുഭാഗം പകുതിയിൽകൂടുതലും കോൾ നിലങ്ങളാൽ ചുറ്റപ്പെട്ട പ്രദേശമാണ്. ഈ പ്രദേശത്തിൻെറ ഏകദേശം മധ്യഭാഗത്തായി പുല്ലഴികുന്ന് സ്ഥിചെയ്യുന്നു. കുന്നിൻ നെറുകയിൽനിന്ന് നാലു വശത്തേക്കും ചെരിഞ്ഞിറങ്ങി കോൾനിലങ്ങളിൽ ചെന്നവസാനിക്കുകന്ന ഈ പഞ്ചായത്തിൻെ ഭൂരിഭാഗം പ്രദേശങ്ങളും, സസ്യശാമള സുന്ദരമാണ്. കിഴക്കുഭാഗം തൃശൂർ പട്ടണത്തെ തൊട്ടുരുമ്മി നിലകൊള്ളുന്നു. പട്ടണവുമായുള്ള സാമീപ്യ സമ്പർക്കങ്ങൾ ഈ പഞ്ചായത്തിൻെറ നാനാതുറകളിലുള്ള ജീവിത രീതികളേയും സ്പർശിക്കുന്നതായി ഒറ്റ നോട്ടത്തിൽ നമുക്ക് കാണാൻ കഴിയും. സാമൂഹ്യ-സാമ്പത്തിക രാഷ്ട്രീയ മാറ്റങ്ങൾ പട്ടണത്തിലെ അതാതു മണ്ഡലങ്ങളിലുള്ള ചലനങ്ങളുമായി ഇഴയടുപ്പം പാലിക്കുന്നതായി നമുക്കു കാണാം. ഇതിൻെറ ഫലമായി ഉണ്ടാകുന്ന നന്മകളും വൈരുദ്ധ്യങ്ങളും ഈ പഞ്ചായത്തിനെ ബാധിച്ചുകൊണ്ടിരിക്കുന്നു.

അയ്യന്തോൾ, അരണാട്ടുകര (ഭാഗികമായി) കാര്യാട്ടുകര, ചേറ്റുപുഴ, പുല്ലഴി, പുതൂർക്കര, ഒളരിക്കര, അയ്യന്തോൾ എന്നീ പ്രദേശങ്ങളും പൂങ്കുന്നം പ്രദേശത്തിൻെറ ഏതാനും ഭാഗങ്ങളും ചേർന്നതാണ് നമ്മുടെ പഞ്ചായത്ത്. ദേശനാമങ്ങളിൽ അയ്യന്തോളിന് പ്രത്യേക പ്രാധാന്യമുണ്ട്. കേരളത്തിലെ അറുപത്തി നാലു നമ്പൂതിരി ഗ്രാമങ്ങളിൽ തൃശൂർ ഗ്രാമപഞ്ചായത്തിൻെറ തലസ്ഥാനമായിരുന്നു അയ്യന്തോള്. ശ്രേഷ്ഠനെന്നർത്ഥമുള്ള ആര്യൻഎന്ന പദത്തിൽനിന്ന് നിഷ്പാദിതമായ 'അയ്യൻ' എന്ന പദവും വാസസ്ഥാനം എന്ന അർത്ഥമുള്ള 'തോളും' ചേർന്ന് അയ്യന്തോൾ എന്ന പേരുണ്ടായി എന്നാണ് ഐതിഹ്യം. അതുപോലെതന്നെ ഒളരിക്കര എന്ന സ്ഥലനാമത്തിനും ചരിത്രപരമായി പ്രാധാന്യമുണ്ട്. 'ഒള' ഇരിക്കും കര ആണ് ഒളരിക്കര. 'ഒള' എന്നാൽ പെരുമ്പടപ്പ് രാജാക്കന്മാരുടെ പ്രധാനപുരോഹിതന് കരമൊഴിവായി വിട്ടുകൊടുത്ത പ്രദേശം എന്നാണ് ഐതിഹ്യം പെരുമ്പടപ്പ് രാജവംശത്തിലെ ഒരു ഇളമുറത്തമ്പുരാൻ കാടും മേടുമായി കിടന്നിരുന്ന പ്രദേശം വെട്ടിവെളുപ്പിച്ച് അധിവാസ യോഗ്യമാക്കി പുതിയ ഊര് എന്നർത്ഥം വരുന്ന 'പുതൂർക്കര' എന്ന സ്ഥലനാമം ഉണ്ടായി. ഈ നാടുവാഴിത

ന്നെയാണ് തിരുവാണത്തമ്പലം സ്ഥാപിച്ചതത്രെ. അപ്പൻ തമ്പുരാൻ കോവിലകവും (ഇപ്പോഴത്തെ സാഹിത്യ അക്കാദമി)ഇദ്ദേഹം നിർമ്മിച്ചതാണെന്നു പറയപ്പെടുന്നു. പ്രാചീന കാലത്ത് ശക്തൻമാരായിരുന്ന ഈ പ്രദേശത്തെ നമ്പൂതിരിമാർ തൃശൂരിലെ വടക്കുനാഥൻ ക്ഷേത്രത്തിലെ ഊരായ്മ തുടങ്ങി, തൃശിവപേരൂരിൻെറ മുഴുവൻ അധികാരവും കയ്യടക്കിയിരുന്നതായി പറയപ്പെടുന്ന ഈ ഗ്രാമത്തിൻെറ തലവൻമാരായ കിഴക്കിനിയേടത്ത് മനക്കാർ ഒളരിക്കരയിലെ ഇന്നത്തെ സീതാറാം ക്വാർട്ടേഴ്സിലാണ് താമസിച്ചിരുന്നതെന്ന് ചരിത്രം.

ഈ ഗ്രാമത്തലവൻെറ ധനശക്തിയും ആജ്ഞാശക്തിയും അമിതമായി വർദ്ധിക്കുന്നു എന്ന് മനസ്സിലാക്കിയ ശക്തൻ തമ്പുരാൻ ഒളരിക്കരയിലുണ്ടായിരുന്ന അദ്ദേഹത്തിൻെറ തറവാട് തീവച്ച് നശിപ്പിച്ചു എന്ന് പറയപ്പെടുന്നു.

ബ്രിട്ടീഷ് ഭരണാരംഭത്തോടുകൂടി ഈ വസ്തുതകളെല്ലാം ക്രമേണ വിസ്മൃതിയിലാണ്ടു പോവുകയായിരുന്നു. ക്രിസ്ത്യൻ മിഷിനറി പ്രവർത്തനത്തിൻെറ വളരെ ഉദാത്തമായ ഒരുഘടകം ഈ പഞ്ചായത്തിലുണ്ട്. കാര്യാട്ടുകര പ്രദേശത്ത് ജനവാസ ശൂന്യമായിരുന്ന ഒരുതുരുത്ത് കർമലീത്ത സന്യാസി ശ്രേഷ്ഠനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ തൻെറ ആശ്രമത്തിനു വേണ്ടി ഏറ്റെടുക്കുകയും കേരളത്തിലെ പുരാതനമായ കർമലീത്താ ആശ്രമത്തിലൊന്ന് ഇവിടെ സ്ഥാപിക്കുകയും ചെയ്തു. അതാണിന്ന് എൽത്തുരുത്ത്. 'എൽ' എന്നാൽ ലാറ്റിനിൽ ദൈവം എന്നാണർത്ഥം. ദൈവത്തിൻെറ തുരുത്ത് അങ്ങിനെ ഇന്നത്തെ എൽത്തുരുത്തായി അറിയപ്പെടുന്നു. (ശ്രേഷ്ഠമായ ആലിലയോടു സാമ്യമുള്ള രൂപത്തിൽ കിടക്കുന്ന പ്രദേശമായതുകൊണ്ട് ഇലത്തുരുത്ത് ഉപയോഗക്രമം കൊണ്ട് എൽതുരുത്തായി മാറിയെന്നും ഐതിഹ്യമുണ്ട്) ഈ പഞ്ചായത്തിലെ ആദ്യകാല സ്കൂളായ സെൻറ് അലോഷ്യസ് ഹൈസ്ക്കൂൾ സ്ഥാപിതമായത് ഇവിടെയാണ്. ആദ്യം എൽ.പിആയുംപിന്നീട് യു.പി ആയും ഉയർന്നു വന്ന സ്ഥാപനം ഇന്ന് അറിയപ്പെടുന്ന ഒരു ഫസ്റ്റ് ഗ്രേഡ് ആർട്സ് & സയൻസ് കോളേജായി വളർന്നിരിക്കുന്നു.

അയ്യന്തോൾ പഞ്ചായത്തിന് ഇന്നത്തെ വിദ്യാഭ്യാസ രംഗത്തുണ്ടായ മറ്റു നേട്ടങ്ങളാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ലാലൂരിലുള്ള ഇക്കണോമിക്സ് സെൻറർ. കൂടാതെ യൂണിവേഴ്സിറ്റിയുടെ തന്നെ ഡ്രാമ സ്കൂളും (ജോൺ മത്തായി സെൻറർ) ഇവിടെ പ്രവർത്തിക്കുന്നു. ഇന്ത്യയിൽതന്നെ ഡൽഹിയിലും തൃശൂരിലും മാത്രമാണ് ഡ്രാമസ്കൂൾ പ്രവർത്തിക്കുന്നുള്ളുവെന്നത് അയ്യന്തോളിൻെറ ഒരു മുൽകൂട്ടാണ്. ജില്ലയിലെ ലോകോളേജും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

1914ൽ രൂപീകൃതമായ നാട്ടുപഞ്ചായത്തിനനുസരിച്ചുള്ള ഭരണം പരിമിതമായ അധികാരാവകാശങ്ങളോടുകൂടി ഇവിടെ നിലനിന്നിരുന്നു. അറിയപ്പെടുന്നവരിൽ ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ് ഒരു കൊട്ടിലിൽ മാരാരായിരുന്നു എന്ന് പറയപ്പെടുന്നു. 1992-93കാലത്ത് കൊച്ചി പഞ്ചായത്താക്ട് നടപ്പിലായപ്പോൾ നികുതിദായകർക്ക് മാത്രംവോട്ടുള്ള പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ട കെ.ജെ ആൻറണിയും മാനമ്പിള്ളി കുമാരൻ നമ്പൂതിരിയും ജോൺ മാസ്റ്ററും മറ്റുമായിരുന്നു പഞ്ചായത്ത് പ്രതിനിധികൾ. ശ്രീ. കെ.ജെ. ആൻറണി അങ്ങിനെ ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ടായി. 1952ൽ തിരു-കൊച്ചി നിയമസഭ പാസ്സാക്കിയ തദ്ദേശസ്വയംഭരണനിയമമനുസരിച്ച് ആദ്യമായി പ്രായപൂർത്തി വോട്ടവകാശ അടിസ്ഥാനത്തിൽ 1953ൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. ഈ തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ. ടി.ഒ. വർക്കി പ്രസിഡണ്ടായി. പിന്നീട് സർവ്വശ്രീ. ഏ.വി. ആര്യൻ, ഇ.കെ. മേനോൻ, എം.ആർ. വാസു എന്നിവർ അതാതു കാലങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ പഞ്ചായത്ത് സാരഥികളായി.

ഈ പഞ്ചായത്തിൽ വിവിധ മതവിഭാഗങ്ങളിൽപ്പെട്ടവരും സമുദായങ്ങളിൽപ്പെട്ടവരും അവരുടേതായ സംഭാവനകൾകൊണ്ട് പ്രദേശത്തെ

ധന്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിലെപ്രധാന തൊഴിൽ കൃഷിയായിരുന്നു. നെല്ല്, നാളികേരം, അടയ്ക്ക എന്നിവയായിരുന്നു പ്രധാനവിളകൾ. ഓഫീസ് ജോലി, മിൽതൊഴിലുകൾ, മറ്റു കൂലിപ്പണികൾ എന്നിവ ചെയ്ത് ആളുകൾ ഉപജീവനം കഴിച്ചിരുന്നു. ജനസംഖ്യയിൽ ഭൂരിഭാഗം ഹിന്ദുക്കളും തൊട്ടുതാഴെ ക്രൃസ്ത്യാനികളുമാണ്. മുസ്ലിം വിഭാഗം താരതമ്യേന വളരെ കുറവ് മാത്രമെ നമ്മുടെ പഞ്ചായത്തിലുള്ളൂ. എന്നിരുന്നാലും എല്ലാ ജനവിഭാഗങ്ങളുടെയും ആരാധനാലയങ്ങൾ പഞ്ചായത്തിലുണ്ട്. മതസ്പർദ്ധകൾ, അതുവഴിയുള്ള സാമൂഹ്യപ്രശ്നങ്ങൾ എന്നിവ ചരിത്രത്തിലും ആധുനിക ജീവിതത്തിലും നമ്മെ തൊട്ടുതീണ്ടിയിട്ടില്ലായെന്നുള്ളത് നമ്മുടെ പഞ്ചായത്തിന്റെ സവിശേഷതയാണ്.

ദേശീയ സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് ശ്രീ. കെ.എൽ പൗലോസ്, ശ്രീ. ശങ്കുമേനോൻ, ശ്രീ. ഏ.വി. ആര്യൻ എന്നിവർ ശിക്ഷാനടപടികൾക്കും തടവിനും ഒളിവു ജീവിതത്തിനും വിധേയരായിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് തൃശൂർ പട്ടണത്തിൽ നടന്ന പല സമരങ്ങളിലും അയ്യന്തോൾ പഞ്ചായത്തിലെ ജനാവലി ഭാഗഭാഗിത്വം വഹിച്ചിട്ടുണ്ടെന്നല്ലാതെ തീഷ്ണമായ സമരമുറകളൊന്നുംതന്നെ അയ്യന്തോളിൽ നടന്നിട്ടില്ലായെന്നുവേണം പറയാൻ. പട്ടണവുമായുള്ള സാമീപ്യമായിരിക്കാം ഇതിനു കാരണം.

അയിത്തോച്ചാടനം അധഃകൃത പുനരുദ്ധാരണം എന്നിവ സ്വാതന്ത്ര്യസമരത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമായി കണ്ട മഹാത്മജീ ഈ പഞ്ചായത്തിനെയും തന്റെ പാദസ്പർശനംകൊണ്ട് ധന്യമാക്കിയിട്ടുള്ളത് എടുത്തുപറയത്തക്ക വസ്തുതയാണ്. ഒളരിക്കരയിലുള്ള ശിവരാമപുരം കോളനിയിലും ലാലൂരിലുള്ള മത്തായിപുരം കോളനിയിലും അദ്ദേഹം സന്ദർശനം നടത്തുകയും ക്ഷേത്രങ്ങളിൽ പ്രതിഷ്ഠനടത്തുകയും ചെയ്തിട്ടുണ്ട്.

സാമൂഹ്യനീതിക്കുവേണ്ടിയുള്ള സമരങ്ങളിലും വനിതാ വിമോചന പ്രസ്ഥാനത്തിന് അതിന്റേതായ പങ്കുവഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറക്കുടക്കുള്ളിലെ മഹാനരകത്തിൽ നിന്നും സ്ത്രീകളെ മോചിപ്പിക്കുന്നതിനുവേണ്ടി മുന്നിൽ നിന്നു പ്രവർത്തിച്ച ശ്രീമതി. പാർവ്വതി നെന്മിനിമംഗലത്തിന്റെ നാമം ഈയവസരത്തിൽ സ്മരണീയമാണ്. കൂടാതെ അധഃകൃതരുടെ സഞ്ചാര സ്വാതന്ത്ര്യം നേടിയെടുക്കുന്നതിന് വേണ്ടിനടന്ന പാലിയം സത്യാഗ്രഹ സമരത്തിൽ പങ്കെടുത്ത് മർദ്ദനമേൽക്കേണ്ടിവന്ന ശ്രീമതി. എ. സാവിത്രിയുടെ പേരും ഇവിടെ സ്മരിക്കേണ്ടതാണ്.

തൃശൂർ ജില്ലയുടെ തലസ്ഥാനവും കേന്ദ്ര കാര്യാലയവും സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിന്റെ സമീപകാല ചരിത്രം ത്വരിത വികസനത്തിന്റേതാണ്. ജില്ലാ കലക്ട്രേറ്റ് ഇവിടെ സ്ഥാപിക്കുന്നതിന് പ്രവർത്തിച്ച ശ്രീമാൻ പി.എസ്. റാവുവിനോട് നാമിതിന് വളരെയേറെ കടപ്പെട്ടിരിക്കുന്നു. അയ്യന്തോളിന്റെ പുരോഗതിക്കെന്നോണം അളഗപ്പ ചെട്ടിയാരുടെ സന്മനസ്സാൽ ഇവിടെ പ്രവർത്തനം ആരംഭിച്ച കേരളലക്ഷ്മി മിൽസ്, കളക്ട്രേറ്റിനടുത്തുള്ള കുന്നത്തു ചേറു അവർകൾ വനിതകൾക്ക് പ്രാമുഖ്യം കൊടുത്ത് ആരംഭിച്ച കുന്നത്തു ടെക്സ്റ്റൈൽസ് എന്നിവ നമ്മുടെ പഞ്ചായത്തിന്റെ പുരോഗതിയിൽ കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്.

റോഡുവക്കിലെ ഫലവൃക്ഷങ്ങളുടെ തുച്ഛമായ വരുമാനമായിരുന്നു പഞ്ചായത്തിന്റെ ആസ്തി. 18 ചിറകളും 21 പൊതുകിണറുകളും പരിപാലിക്കേണ്ട ചുമതല ഈ പഞ്ചായത്തിനുണ്ടായിരുന്നു. വഴിവിളക്കുകൾ എന്നു പറയാനായി 7 മണ്ണെണ്ണ വിളക്കുകളാണ് ഉണ്ടായിരുന്നത്. വൈദ്യുതിയുടെ ആവിർഭാവത്തോടെ ഇന്ന് പഞ്ചായത്തിൽ വഴിവിളക്കുകളുടെ സൗകര്യം മറ്റേതൊരു പഞ്ചായത്തിനേക്കാൾ വളരെ കൂടുതലാണ് എന്നതിൽ നമുക്കഭിമാനിക്കാം.

ഇത്രയേറെ വസ്തുതകൾ ചികഞ്ഞു ഗവേഷണ മനസ്ഥിതിയോടെ വിലയിരുത്തി ഈ നാടിന്റെ ഭാവി വികസനത്തിനും ആസൂത്രണത്തിനും ഈ ചരിത്രസത്യങ്ങളെ നമുക്കുപയോഗപ്പെടുത്തേണ്ടതുണ്ടെന്ന് മാത്രം ഇവിടെ പ്രസ്താവിക്കട്ടെ!

4

# ഭൂപ്രകൃതി-ജനപ്രകൃതി-ജലപ്രകൃതി



# 4.1

# ഭൂപ്രകൃതി

## ഭൂപ്രകൃതി

അയ്യന്തോൾ പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 2891.2375 ഹെക്ടറാണ്. കോൾ നിലങ്ങൾ, താഴ്‌വര, സമതലം ചെറിയ ചെരിവ്, കുത്തനെചെരിവ് കുന്നിൻമുകൾ എന്നീ പ്രദേശങ്ങൾ ദൃശ്യമാണ്. പ്രകൃതിയും, മണ്ണിൻെറ സ്വാഭാവവും സസ്യാവരണവും മറ്റും മനസ്സിലാക്കുന്നതിനായി പഞ്ചായത്തിൽ ഒരു പഠന പര്യടനം നടത്തി. പര്യടനത്തിൻെറപാതയും (ചിത്രം 1-1) വിരങ്ങളും (ചിത്രം - 1-2) നല്കിയിരിക്കുന്നു.

## കോൾ നിലങ്ങൾ

പഞ്ചായത്തിൻെറ കരപ്രദേശങ്ങൾ മൂന്നുഭാഗവും കോൾ നിലങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നു. സമുദ്രനിരപ്പിലും താഴെയാണ് ഇത് സ്ഥിതി ചെയ്യുന്നത്. പണ്ട്, ഇത് കായലുകളായിരുന്നു. മനക്കൊടികായൽ കേരളത്തിലെ പ്രസിദ്ധമായ കായലുകളിലൊന്നായിരുന്നു. ഏനാമ്മാവിൽ മണ്ണ് കൊണ്ടുള്ള ചിറയാണ് ഉണ്ടാക്കിയിരുന്നത്. ചീപ്പ് ഉണ്ടാക്കിയതോടെയാണ് ഈ പ്രദേശം കൃഷി സാധ്യമായത്. ഈ പ്രദേശത്തെ മണ്ണ് കറുത്ത നിറമുള്ള കളിമണ്ണ് കലർന്നതാണ്. നെൽ കൃഷിക്കായി മാത്രമാണ് ഈ സ്ഥലം ഉപയോഗപ്പെടുത്തുന്നത്. ഒരുപ്പൂ കൃഷി ഇരുപ്പൂവും മുപ്പൂവുമാക്കി മാറ്റാന് കെ.എൽ.ഡി.സി. ബണ്ടു നിർമ്മാണം അനുവദിച്ചത്. ഇപ്പോൾ ഇത് കോൾനിലങ്ങൾക്ക് ഒരു ശാപമായാണ് മാറിയിരിക്കുന്നത്. സാധാരണയായി ഒരുപ്പൂവാണ് ഇപ്പോൾ കൃഷി നടക്കുന്നത്.ചില പാടങ്ങളിൽ രണ്ടു പൂവ് കൃഷി നടക്കുന്നു. നെൽകൃഷിയാണ് പ്രധാന വിള - ചീര,ചിറ്റ്യാനി - ത്രിവേണി - കൾച്ചർ എന്നിവയാണ് പ്രധാന നെല്ലിനങ്ങൾ.

## സസ്യാവരണം

താഴ്ന്ന പ്രദേശങ്ങളിൽ തെങ്ങ്, കവുങ്ങ്, മാവ്. കടപ്ലാവ് എന്നിവയും ഉയർന്ന പ്രദേശങ്ങളിൽ പ്ലാവ്, തെങ്ങ്, കശുമാവ്, പുളി, തേക്ക്, വാക, ഇല്ലിപട്ടിൽ, മഞ്ഞപാവുട്ട, പൂപ്പരത്തി, ആല്, എലിഞ്ഞി, റെയിൻ ട്രി, ആര്യവേപ്പ് എന്നിവയും കാണപ്പെടുന്നു. ഔഷധസസ്യങ്ങളിൽ ചെത്തി, മന്ദാരം, തുളസി, ആടലോടകം, ഒടിച്ചുകുത്തി നല്ല ആവണക്ക്, ചിറ്റമൃത്, ചെമ്പരത്തി, കുറുന്തോട്ടി, കറുക, കഞ്ഞുണ്ണി, കീഴാർനെല്ലി, മുയൽചെവി, നന്ധ്യാർവട്ടം മുതലായവയും കാണപ്പെടുന്നു.

ചിത്രം 1.1

പഠനപര്യടന പാത

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം (അടി) | സമുദ്രനിരപ്പ് ഏതാനും അടി താഴെ | 6.5 | 225 | 120 | 70 | 10 | 9. | 6 | 3 |
| ഏകദേശദൂരം (കി.മീ.) | 0.195 | 2.015 | 1.101 | 1.005 | 0.985 | 1.020 | 1.530 | 0.565 | 1.125 |
| പ്രദേശം | എൽതുരുത്ത് കോൾ | എൽതുരുത്ത് കാര്യാട്ടുകര | പുല്ലഴി കുന്ന് | പുതൂർക്കര | അയ്യന്തോൾ | ഉദയനഗർ | ശങ്കരംകുളങ്ങര | പൂങ്കുന്നം | റോസ് ഗാർഡൻ |
| ഭൂപ്രകൃതി | കോൾ നിലം | സമതലം | കുന്നും ചരിവുകളും | ചെറിയ ചരിവ്, സമതലം | സമതലം | സമതലം | സമതലം | സമതലം | നിലം |
| വിളകൾ | നെല്ല് | തെങ്ങ്, കമുക്, വാഴ, റബ്ബർ | തെങ്ങ്, മാവ്, പ്ലാവ്, കമുക്, വാഴ | തെങ്ങ്, കമുക്, വാഴ | തെങ്ങ്, വാഴ പ്ലാവ് | തെങ്ങ്, വാഴ, മാവ് | കൃഷിയോഗ്യ തരിശ് | തെങ്ങ്, വാഴ | തരിശ് |
| ജലലഭ്യത | ലഭ്യം | ലഭ്യം | ദുർലഭം | ദുർലഭം | മദ്ധ്യമം | ലഭ്യം | ലഭ്യം | ലഭ്യം | മദ്ധ്യമം |
| മണ്ണ് | കളിമണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ്, എക്കൽ മണ്ണ് | ചരൽമണ്ണ് | ചരൽമണ്ണ് | ചെമ്മണ്ണ് ചരൽമണ്ണ് | വെട്ടുകൽ മണ്ണ് | വെട്ടുകൽ മണ്ണ് | കളിമണ്ണ് |

## താഴ്വര

താഴ്വരകളിൽ കാണുന്നത് നീർവാർച്ച കുറഞ്ഞ കളിമണ്ണാണ്. നെൽകൃഷിയാണ് പ്രധാനവിള. എന്നാൽ വ്യാപകമായി ഈ താഴ്വരകൾ നികത്തപ്പെടുകയാണ്. വീടു കെട്ടുന്നതിനു തെങ്ങു കൃഷിക്കായി വയൽ നികത്തപ്പെടുന്നുണ്ട്. താഴ്വരകൾ ഇന്ന് നെൽകൃഷിക്കായി കാര്യമായി വിനിയോഗിക്കുന്നില്ല എന്നു വേണം പറയാൻ. വളരെ അപൂർവ്വമായി മാത്രം നേന്ത്രവാഴ കൃഷി ഈ പ്രദേശങ്ങളിൽ നടക്കുന്നു. ജലലഭ്യത താരതമ്യേന ഭേദമാണ്.

## സമതലം

സമതലപ്രദേശത്ത് ചെങ്കൽ കലർന്ന മണ്ണാണ് കാണുന്നത്. നല്ല നീർവാഴ്ചയുള്ള മണ്ണാണിത്. പ്രധാന വിള തെങ്ങാണ്. ഇടവിളയായി കവുങ്ങ്, വാഴ എന്നിവ കൃഷി ചെയ്യുന്നുണ്ട്. മറ്റു ഇടവിളകളായ ചേന, ചേമ്പ് മുതലായവയൊന്നും കാര്യമായി കൃഷിചെയ്യുന്നില്ല. ജലലഭ്യത താരതമ്യേന ഭേദമെന്നു പറയാം. മാവ്, പ്ലാവ്, എന്നീ വൃക്ഷങ്ങളാണ് കൂടുതലായി കാണുന്നത്.

## ചെരിവ്

വലിയ ചെരിവുള്ള പ്രദേശം താരതമ്യേന കുറവാണിവിടെ. ചെരിവുപ്രദേശങ്ങളിലെ മണ്ണിന്റെ സ്വഭാവം സമതലത്തിലേതുപോലെ ചുവപ്പു നിറമുള്ള ചെങ്കല്ല് കലർന്ന മണ്ണാണ്. വിളകളുടെ കാര്യത്തിൽ വൈജാത്യം കാണുന്നില്ല. തെങ്ങാണ് പ്രധാന കൃഷി. ജലലഭ്യത കുറവാണ്. ആയതിനാൽ, ഉത്പ്പാദനക്ഷമത കുറവാണ്. പ്രധാന ഇടവിള വാഴയാണ്. മറ്റു ഇടവിളകൾ കാര്യമായി കൃഷിചെയ്യുന്നില്ല. മണ്ണൊലിപ്പ് പ്രശ്നം ചെറിയതോതിൽ അനുഭവപ്പെടുന്നുണ്ട്.

## കുന്നിൻമുകൾ

പുല്ലഴികുന്നിന്റെ മുകൾഭാഗം ചെങ്കല്ല് കലർന്ന മണ്ണാണ്. പഞ്ചായത്തിൽ ഒരു സ്ഥലത്തും കരിങ്കൽപാറ പുറത്തേക്ക് കാണുന്നില്ല. എന്നാൽ പത്ത് അടി താഴെയായി ഏതാണ്ട് എല്ലാ പ്രദേശത്തും കരിങ്കല്ല് കാണുന്നുണ്ട്. പ്രധാനവിള തെങ്ങാണ്. മാവ്, പ്ലാവ്, കവുങ്ങ് എന്നിവയും ദൃശ്യമാണ്. ജലലഭ്യത തീരെ ഇല്ലാത്ത പ്രദേശമാണിത്. അതുകൊണ്ട് ഉൽപാദനക്ഷമത വളരെ കുറവാണ്.

4.2

# ജനപ്രകൃതി

അയ്യന്തോൾ പഞ്ചായത്തിലെ ആകെ ജനസംഖ്യ 45614 ആണ് (കനേഷുമാരി 1991) ഇതിൽ പുരുഷന്മാർ 22043ഉം സ്ത്രീകൾ 23571ഉം ആകുന്നു. സ്ത്രീപുരുഷ അനുപാതം 1069 സ്ത്രീകൾക്ക് ആയിരം പുരഷൻ എന്നതാണ്. (സംസ്ഥാനതലത്തിലെ സ്ത്രീ പുരുഷ അനുപാതം 1036ഉം ജില്ലയിൽ 1085ഉം ആണ്). പഞ്ചായത്തിലെ ജനസാന്ദ്രത 1971. ജില്ലയിലെ സാന്ദ്രത 903ഉം സംസ്ഥാനത്ത് 736ഉം ആണ്. പട്ടികജാതിയിലുള്ളവരുടെ എണ്ണം 5327 (11.7%). സ്ത്രീ പുരഷ അനുപാതം 1045 സ്ത്രീകൾക്ക് 1000 പുരുഷൻ എന്നതാണ്. പട്ടികവർഗ്ഗത്തിലുള്ള രണ്ടു പേരാണ് പഞ്ചയാത്തിലുള്ളത്. ഒരു സ്ത്രീയും ഒരു പുരുഷനും. ആകെ 8824 കുടുംബങ്ങളാണുള്ളത്. ഒരു കുടുംബത്തിൽ ശരാശരി 5.2 അംഗങ്ങളാണുള്ളത്.

1981നും 1991നും ഇടയിൽ കുടുംബങ്ങളുടെ എണ്ണം 2479 എണ്ണം വർദ്ധിച്ചു. വർദ്ധനയുടെ നിരക്ക് 39 ശതമാനം. ഇക്കാലയളവിലെ ജനസംഖ്യാവർദ്ധന 7873 (വർദ്ധന 21ശതമാനം പഞ്ചായത്തിലെ സാക്ഷരതാനിരക്ക് 93.8 ശതമാനമാണ് (1991ൽ). സ്ത്രീ സാക്ഷരതാനിരക്ക് 91.3ഉം പുരുഷന്മാരുടേത് 96.5ഉം ആകുന്നു. പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 1. ജനസംഖ്യ

| | |
|---|---|
| സ്ത്രീകൾ | 23571 |
| പുരുഷന്മാർ | 22045 |
| ആകെ | 45614 |
| പട്ടികജാതി സ്ത്രീകൾ | 2722 |
| പുരുഷന്മാർ | 2605 |
| ആകെ | 5327 |
| പട്ടികവർഗ്ഗം സ്ത്രീകൾ | 1 |
| പുരുഷന്മാർ | 1 |
| ആകെ | 2 |
| 6 വയസ്സിൽ താഴെയുള്ള കുട്ടികൾ | |
| പെൺകുട്ടികൾ | 2711 |
| ആൺകുട്ടികൾ | 2815 |
| ആകെ | 5526 |

(അവലംബം: കനേഷുമാരി 1991)

ജനസംഖ്യയിൽ 12.1 ശതമാനം 6 വയസ്സിൽ താഴെയുള്ള കുട്ടികളാണ്. കുട്ടികളുടെ പെൺ ആൺ അനുപാതം 963: 1000 ആണ്. സ്ത്രീപുരുഷ അനുപാതം സ്ത്രീകൾക്ക് അനുകൂലമാണെങ്കിലും പെൺകുട്ടി ആൺകുട്ടി അനുപാതം പെൺകുട്ടികൾക്ക് പ്രതികൂലമാണ്.

## തൊഴിൽ

ഇവിടത്തെ തൊഴിൽ പങ്കാളിത്തനിരക്ക് 31.8 ശതമാനം മാത്രമാണ്. സ്ത്രീകളുടെ കാര്യത്തിൽ ഇത് കേവലം 15.76 ശതമാനം മാത്രമാണ്. ഇത് സംസ്ഥാനത്തേയും ജില്ലയുടേയും നിരക്കിനേക്കാൾ കുറവാണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പട്ടിക 2ൽ തൊഴിൽ പങ്കാളിത്തംരേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക 2 തൊഴിൽ പങ്കാളിത്തം

| വിഭാഗം | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|
| മുഖ്യതൊഴിൽ | 3439 | 10535 | 13974 |
| ഭാഗികതൊഴിൽ | 278 | 252 | 530 |
| മൊത്തം | 3717 | 10787 | 14504 |
| തൊഴിൽപങ്കാളിത്തനിരക്ക് ശതമാനം | 15.76 | 48.9 | 31.79 |

അവലംബം: കനേഷുമാരി 1991

## മുഖ്യതൊഴിലുകൾ

വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ വിഭാഗങ്ങളാണ് പട്ടിക 3ൽ

പട്ടിക 3 മുഖ്യ തൊഴിലുകൾ

| തൊഴിൽ | സ്ത്രീ | പുരുഷൻ | ആകെ | ശതമാനം |
|---|---|---|---|---|
| കൃഷിക്കാർ | 84 | 295 | 379 | 2.7 |
| കർഷകതൊഴിലാളികൾ | 744 | 758 | 1502 | 10.8 |
| മൃഗസംരക്ഷണം | | | | |
| മത്സ്യബന്ധനം | 51 | 185 | 236 | 1.7 |
| ഖനനം പാറപൊട്ടിക്കൽ | | 21 | 21 | 0.2 |
| കുടിൽ വ്യവസായം | 91 | 287 | 378 | 2.7 |
| കുടിലേതരവ്യവസായം | 379 | 2330 | 2709 | 19.4 |
| കെട്ടിടംറോഡ്നിർമ്മാണം | 78 | 744 | 822 | 5.9 |
| വാണിജ്യം | 321 | 2527 | 2848 | 20.4 |
| ഗതാഗതം | 74 | 1311 | 1385 | 9.9 |
| മറ്റുസേവനങ്ങൾ | 1617 | 2077 | 3694 | 26.3 |
| ആകെ | 3439 | 10535 | 13974 | 100 |

തൊഴിൽ ചെയ്യുന്നവരിൽ ഭൂരിഭാഗവും സേവന മേഖലയിലാണ് (26.3%). വാണിജ്യമേഖലയിൽ 20.4 ശതമാനം ആൾക്കാർ പണിയെടുക്കുന്നു. മൂന്നാം സ്ഥാനം കുടിലേതരവ്യവസായ മേഖലയിലാണ്. കർഷകർ കേവലം 2.7 ശതമാനം മാത്രം. കർഷകതൊഴിലാളികൾ 11ശതമാനത്തോളം വരും. കാർഷികമേഖലയെ ആശ്രയിച്ചു കഴിയുന്നവർ ആകെ പണിയെടുക്കുന്നവരിൽ 15.2 ശതമാനം മാത്രമേയുള്ളൂ. സേവന മേഖലകളിൽ 56.6 ശതമാനം പണിയെടുക്കുന്നുണ്ട്. അതിനാൽ അയ്യന്തോൾ ഒരു ഗ്രാമപ്രദേശമായി കണക്കാക്കുന്നതിൽ അർത്ഥമില്ല.

തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം മോശമാണെന്ന് സൂചിപ്പിച്ചിരുന്നുവല്ലോ. കർഷകത്തൊഴിലാളികളുടെ കാര്യത്തിൽ മാത്രമാണ് സ്ത്രീകളുടേയും പുരുഷന്മാരുടേയും എണ്ണം ഏതാണ്ട് തുല്യമായിരിക്കുന്നത്. ഇത് സ്ത്രീകൾക്ക് താരതമ്യേന കുറഞ്ഞ കൂലി ലഭിക്കുന്ന ഒരു മേഖലയാണെന്ന് കൂടി മനസിലാക്കേണ്ടതുണ്ട്. മററു സേവന മേഖലകളിൽ സ്ത്രീ പങ്കാളിത്തം താരതമ്യേന ഭേദമാണ്. സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സ്ത്രീകൾക്ക് താരതമ്യേന മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതു കൊണ്ടാണിത്. കളക്ടറേറ്റും, കോടതികളും സ്കൂളുകളുമെല്ലാം ഇവിടെ സ്ഥിതി ചെയ്യുന്നത് ഈ ഭേദപ്പെട്ട അവസ്ഥക്കു കാരണമാകുന്നു.

പഞ്ചായത്തിലെ തൊഴിലിൻെറ അവസ്ഥ ചിത്രം 1ൽ നല്കിയിരിക്കുന്നു.

1. പണിചെയ്യാത്തവർ 68.2%
2. ഭാഗികതൊഴിൽ 1.2%
3. കൃഷിക്കാർ 0.8%
4. കർഷകത്തൊഴിലാളികൾ 3.3%
5. മൃഗസംരക്ഷണം മത്സ്യബന്ധനം 0.5%
6. ഖനനം .18%
7. കുടിൽ വ്യവസായം 0.8%
8. കുടിലേതര വ്യവസായം 5%
9. നിർമ്മാണം 1.8%
10. വ്യാപാരം 6.2%
11. ഗതാഗതം 3%
12. മറ്റു സേവനങ്ങൾ 8.1%




പൂർണ്ണ തൊഴിൽ ഉള്ളവർ ജനസംഖ്യയുടെ 30.6 ശതമാനമാണ്. 68.2 ശതമാനവും യാതൊരു തൊഴിലും ചെയ്യാത്തവരാണ്. വിദ്യാർത്ഥികളും വളരെ പ്രായമായവരും വീട്ടമ്മമാരും എല്ലാം ഇതിൽ പെടുന്നുണ്ട്. ഇവിടത്തെ തൊഴിൽ ശക്തിയുടെ നല്ലൊരു പങ്ക് പാഴായിപ്പോകുന്നു തൊഴിൽ ലഭിക്കാത്തതുകൊണ്ട്. വിദ്യാഭ്യാസ യോഗ്യതയും തൊഴിലില്ലായ്മയും അറിയേണ്ട പ്രശ്നമാണ്. അതിനായി പ്രാഥമിക സർവ്വേ നടത്തേണ്ടതാണ്.

# 4.3

# ജലപ്രകൃതി

## ജലപ്രകൃതി

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ മഴക്കാലത്ത് മാത്രമാണ് വെള്ളം ലഭിക്കുന്നത്. താഴ്വരകളിൽ താരതമ്യേന ഭേദപ്പെട്ട ജലലഭ്യതയുണ്ട്. ചെരിവു പ്രദേശങ്ങളിലും ജലലഭ്യത കുറവാണ്. കോൾ നിലങ്ങളും താഴ്വരകളും ഒഴിച്ചുള്ള പ്രദേശങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നു.

പഞ്ചായത്തിലാകെ പത്ത് പൊതുകുളങ്ങളുണ്ട്. പട്ടിക-1-ൽ വിശദാംശങ്ങൾ നൽകിയിരിക്കുന്നു.

പട്ടിക - 1

കുളങ്ങളുടെ എണ്ണം

| വാർഡുകൾ | വിസ്തീർണ്ണം സെൻറിൽ | | | |
|---|---|---|---|---|
| | 10-20 | 20-30 | 30-40 | ആകെ |
| 1 | | | 1 | 1 |
| 5 | 1 | 1 | | 2 |
| 6 | 1 | 1 | | 2 |
| 9 | 1 | 1 | 1 | 3 |
| 14 | 1 | 1 | | 2 |
| ആകെ | 4 | 4 | 2 | 10 |

വിവിധ വാർഡുകളിലായി 64 പൊതു കിണറുകൾ ഈ പഞ്ചായത്തിലുണ്ട്.

പട്ടിക - 2

കിണറുകളുടെ എണ്ണം

| വാർഡ് | എണ്ണം |
|---|---|
| 1 | 5 |
| 2 | 4 |
| 3 | 6 |
| 4 | 4 |
| 5 | 7 |
| 6 | 5 |
| 7 | 5 |
| 8 | 4 |
| 9 | 4 |
| 10 | 5 |
| 11 | 6 |
| 12 | 3 |
| 13 | 2 |
| 14 | 2 |
| 15 | 2 |
| ആകെ | 64 |

ഏഴ് പ്രധാന തോടുകൾ ഈ പഞ്ചായത്തിലുണ്ട്

പീച്ചി വലതു കനാലിൽ കൂടി വരുന്ന വെള്ളം വിയ്യൂർ തോട് വഴി പുഴയ്ക്കൽ കനാലിൽകൂടി കറുത്താണി, പുല്ലഴി എന്നിവിടങ്ങളിൽ എത്തുന്നു. പീച്ചിയിൽ നിന്ന് വെള്ളംചേറൂർ തോട്ടിൽകൂടി വന്നിരുന്നത് ആര്യൻപാടത്തും വണ്ണാലിയിലും ചാലുകൾ തൂർന്നത് കൊണ്ടും മണ്ണിട്ട് നികത്തിയത് മൂലവും ഇപ്പോൾ ലഭിക്കുന്നില്ല. പെരുംചാലിൽ കൂടിവരുന്ന വെള്ളം മാരാർ പാടം, ഗോവേന്തപടവ്, മണിനാടൻപടവ് മുതലായ സ്ഥലങ്ങളിൽ എത്തിയിരുന്നു. എന്നാൽ കഴിഞ്ഞ വർഷം മുതൽ ചിമ്മിണി ഡാമിൽ നിന്നുള്ള വെള്ളം കൂടി ഈ പ്രദേശത്ത് പുഞ്ചകൃഷിക്കായി വരുന്നു.

5

# സാമൂഹ്യ-സാമ്പത്തിക മേഖലകൾ



5.1

# കൃഷിയും ജലസേചനവും

അയ്യന്തോൾ ഗ്രാമപഞ്ചായത്ത് തൃശൂർ പട്ടണതിൻെറ പടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്യുന്നു. മൂന്നു ഭാഗങ്ങളും കോൾ നിലങ്ങളാൽ ചുറ്റപ്പെട്ട ഈ പ്രദേശം അമ്പതുകൊല്ലങ്ങൾക്കു മുമ്പ് വളരെ പ്രകൃതി രമണീയമായ ഒരു കർഷക ഗ്രാമമായിരുന്നു. നാട്ടിൻപുറം നന്മകളാൽ സമ്പന്നം എന്നത് ഇവിടെ തികച്ചും അന്വർത്ഥമായിരുന്നു. കൃഷി ഒരു ജീവിത ചര്യയായിരുന്നു. എല്ലാ വീടുകളിലും കൃഷിക്കു പുറമെ, കന്നുകാലികൾ, കോഴി, താറാവ് എന്നിവ ഉൾപ്പെട്ടിരുന്നു. സന്തുലിത ആവാസവ്യവസ്ഥ നിലനിന്നിരുന്നു. നെൽകൃഷിയായിരുന്നു അന്നത്തെ പ്രധാന വിള. പ്രാചീന വിത്തിനങ്ങളായ, തവളക്കണ്ണൻ, പൊന്നാര്യൻ, വട്ടൻ, മോടൻ, ചിറ്റേനി, കൊടിയൻ, ചീര,നവര അതിയൻ, കുട്ടാടൻ എന്നിവയായിരുന്നു കൃഷി ചെയ്യപ്പെട്ടിരുന്ന പ്രധാന ഇനങ്ങൾ. പ്രകൃതിയോട് ഇണങ്ങിചേർന്ന വിളക്രമങ്ങളായിരുന്നു ഇവ. വൈദ്യുതമോട്ടോറും, പമ്പുസെറ്റും ആവിർഭവിയ്ക്കുന്നതിനു മുമ്പ് 24 ഇലകളുള്ള ചക്രം അനുസ്യൂതമായ മനുഷ്യപ്രയത്നം കൊണ്ട് വറ്റിച്ച് ഒരുപ്പൂ നിലങ്ങൾ (കോൾ) പണിയുവാൻ സജ്ജമാക്കിയിരുന്നു അന്നത്തെ കർഷക മനസ്സിൻെറ മുന്നിൽ ഇളം തലമുറക്കാരായ നമ്മൾക്ക് നമ്രശീർഷരാകാതിരിക്കാൻ വയ്യ. മഴയെമാത്രം ആശ്രയിച്ചും പ്രകൃതിദത്തമായ വളങ്ങൾ ഉപയോഗിച്ചും, ആര്യവേപ്പില, വെണ്ണീർ, കാട്ടുതുളസി പോലുള്ള ജൈവ കീടനാശിനികൾ ഉപയോഗിച്ചും ഉള്ള കൃഷി സമ്പ്രദായമാണ് അന്ന് നിലവിലിരുന്നത്. കവുങ്ങ്, തെങ്ങ്, വാഴ, പച്ചക്കറി തുടങ്ങിയ പറമ്പുകൃഷികൾക്ക് കാളത്തേക്ക്, കൊട്ടത്തേക്ക്, തുലാൻതേക്ക് തുടങ്ങിയ നാടൻ രീതികൾ മാത്രമാണ് ജലസേചനത്തിന് അന്ന് ഉതകിയിരുന്നത്. മേൽ വിവരിച്ച കൃഷിരീതികൾക്ക് തികച്ചുംഇണങ്ങി ജീവിച്ചിരുന്ന കർഷകത്തൊഴിലാളികൾ അന്ന് സുലഭമായിരുന്നു. കുംഭമാസത്തിൽ ഒരു വേനൽമഴ കിട്ടിയാൽ 10 മുതൽ 15 മേനിയായിരുന്നു അന്നത്തെ വിളവ്.

തോട്ടവിളകളുടെ കൂട്ടത്തിൽ തെങ്ങിന് അന്ന് കാര്യമായ പ്രചാരം സിദ്ധിച്ചിരുന്നില്ല. കമുക് ആയിരുന്നു അന്നത്തെ പ്രധാന തോട്ടവിള. വളപ്രയോഗം എടവമാസത്തിൽ വലിയതടംകോരി പച്ചിലയും ചാണകവും ഇട്ടുകൊടുക്കുക എന്നതായിരുന്നു. വേനൽക്കാലത്ത്തേക്കും തിരിയും സർവ്വസാധാരണമായിരുന്നു. പഞ്ഞകർക്കിടക മാസത്തിൽ സാധാരണ കൃഷിക്കാർ പങ്ങടയ്ക്ക തലച്ചുമടായി

കൊക്കാലയിലും കേച്ചേരിയിലും പഴഞ്ഞിയിലും ഉള്ള ചന്തകളിൽ കൊണ്ടുപോയി വിറ്റ് തങ്ങളുടെ ഉപജീവനത്തിന് വഴി കണ്ടെത്തിയിരുന്നു. ധനിക രായ അടയ്ക്ക കർഷകർ അടയ്ക്ക കൊട്ടടയ്ക്ക യാക്കി വർഷങ്ങളോളം സൂക്ഷിച്ച് നല്ലവില ലഭിയ്ക്കുമ്പോൾ മാത്രം വിൽക്കാറുണ്ടായിരുന്നു. എല്ലാ കൃഷിക്കാരും ഇഞ്ചിയും, മഞ്ഞളും, കുരു മുളകും കൃഷിചെയ്തിരുന്നു. പടറ്റു-വാഴകൾ സമൃദ്ധിയായി കൃഷിചെയ്തിരുന്നു. മധുരകിഴങ്ങ്, മരച്ചീനി, കുളമ്പ് ചേമ്പ്, സാധാരണ ചേമ്പ്, ചേന,കാച്ചിൽ എന്നിവയും അന്ന് കൃഷിചെയ്യപ്പെ ട്ടിരുന്നു. 50 കൊല്ലം മുമ്പ് അയ്യന്തോളിലെ കൃഷി ക്കാർക്ക് തമിഴ്നാട്ടിൽ നിന്നും വന്നിരുന്ന പച്ചക്ക റികൾ വാങ്ങിക്കേണ്ടി വന്നിരുന്നില്ല. തങ്ങളുടെ തൊടികളിൽതന്നെ നട്ടുവളർത്തിയിരുന്ന മത്തൻ, കുമ്പളം, വെള്ളരി, വെണ്ട, കയ്പ പടവലം, പയർ, ചേന, മുരിങ്ങ, പപ്പായ മുതലായ നാടൻ പച്ചക്ക റികൾ അവർക്ക് സുലഭമായി ഉപയോഗിയ്ക്കാമാ യിരുന്നു. തൊഴുത്തിനുമുകളിൽ പടർന്നു കയറിയ വള്ളികളിൽ വളർന്നു വന്ന കുമ്പളങ്ങയും മത്ത നും, ചുരയ്ക്കയും പഴയ കർഷകർ ഇന്നും ഓർക്കു ന്നു. ഫ്രിഡ്ജ് നിലവില്ലാതിരുന്ന കാലത്തും ഏത വസരത്തിലും ഗുണമേന്മയുള്ള പച്ചക്കറികൾ അടുക്കളയിൽ സുലഭമായിരുന്നു. വേനൽക്കാലത്ത് സുഭിക്ഷമായി പഴങ്ങൾ നല്കിയിരുന്ന മാവ്, പ്ലാവ്, കടപ്ലാവ്, ഞാവൽ, അയിനി മുതലായ മരങ്ങൾ മിക്കവാറുംഎല്ലാ വീട്ടുവളപ്പുകളിലും കാണായി രുന്നു. ഒരു മരം മുറിച്ചാൽ മറ്റൊരു തൈ നടണംഎന്നത് അന്നത്തെ ഒരു അലിഖിത നിയമ മായിരുന്നു.

ഭൂനിയമങ്ങൾ നടപ്പിൽ വരുന്നതിനു മുമ്പ് പാട്ടക്കുടിയാന്മാരു, കാണക്കുടിയാന്മാരും ആയി രുന്നു ഇവിടെ കൃഷി നടത്തിയിരുന്നത്. എല്ലാ ഭൂമിയുടെയും ജന്മം ഒന്നുകിൽ വൻകിട നമ്പൂ തിരി മനക്കാർക്കോ, ദേവസ്വത്തിനോ ആയിരു ന്നു. രാജാക്കന്മാരുടെയും മന്ത്രിമാരുടെയും കുടും ബങ്ങൾക്ക് മാത്രമാണ് ജന്മാവകശമുണ്ടായിരു ന്നത്. കാലാകാലങ്ങളിൽ കാര്യസ്ഥന്മാർ ജന്മി മാരുടെ അറിവോടും, അറിവില്ലാതെയും കൃത്രിമപാട്ടം നിശ്ചയിച്ച് കൃഷിക്കാർക്ക് നിലം കൃഷി നടത്തുവാൻ അനുവദിക്കുകയായിരുന്നു പതിവ്. ഇടനിലക്കാരായ കാര്യസ്ഥന്മാർ സിംഹ ഭാഗവും പാട്ടം സ്വയം ഏറ്റെടുത്ത് കൂടുതൽ പാട്ട ത്തിന് മറിച്ചു കൊടുക്കുന്ന മദ്ധ്യവർത്തി സമ്പ്ര ദായം അന്ന് നിലനിന്നിരുന്നു. കൃഷിക്കാരന് 10 മടങ്ങ് വരെ പാട്ടം നിശ്ചയിച്ചിരുന്ന സംഭവങ്ങളു ണ്ടായിട്ടുണ്ട്. വെള്ളപ്പൊക്കവും, വരൾച്ചയും മൂലം കൃഷിനഷ്ടം സംഭവിച്ചാലും പാട്ടത്തിൽ ഇളവനു വദിച്ചിരുന്നില്ല. പാട്ടപറയുടെ വലുപ്പം ഇന്നും പഴ മക്കാർ ഓർക്കുന്നുണ്ടാകും. കൃഷിയിറക്കാനുള്ള പണം അമിത പലിശയ്ക്ക് കൃഷിക്കാരൻ സ്വന്തം കിടപ്പാടം പണയംവെച്ച് സ്വരൂപിയ്ക്കുക പതി വായിരുന്നു. ഇങ്ങിനെ ഋണബാദ്ധ്യതയിൽപ്പെട്ട് കിട പ്പാടം നഷ്ടപ്പെട്ട സാധു കർഷകർ ഇന്നും നമ്മുടെ ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നു.

റബ്ബർ അയ്യന്തോൾ പഞ്ചായത്തിലെ പ്രധാന കൃഷിയല്ല. എങ്കിലും പുല്ലഴികുന്നിൻെറ മുകളി ലുള്ള മാരാരുടെ സ്ഥലത്തും എൽത്തുരുത്ത് ഗൊവേന്തക്കാർ നട്ടുപിടിപ്പിച്ച ചെറിയതോട്ടവും പഴങ്ങാപറമ്പിൽ റൈറ്ററുടെ ചെറിയതോട്ടവും ഇവിടെ നിലനിന്നിരുന്നു.

മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷി ആയ തുകൊണ്ട് വർഷം ചതിച്ചാൽ കൃഷിയും ചതി ക്കും. ഇല്ലം നിറയും വല്ലം നിറയും വരെ ഉപേക്ഷി ക്കേണ്ടതായി വന്ന കാലങ്ങളും ഉണ്ടായിട്ടുണ്ട്. ഇതിനപവാദമായി അമ്പതുകളിൽ കോൾ നില ങ്ങളിലെ വെള്ളം വൃശ്ചികമാസത്തിൽ പുഴയ്ക്കൽ ഭാഗത്തും, പഞ്ചിയ്ക്കൽ ഭാഗത്തും പമ്പുചെയ്ത് കയറ്റിനിർത്തി കോലോത്തും പാടം, ആര്യൻപാടം എന്നീ പാടശേഖരങ്ങളിൽ ശെഖരിച്ച് രണ്ടാംമുറ യക്ക് പുഞ്ചകൃഷിയ്ക്ക് ഉപയോഗിക്കുമായിരുന്യ നു. അതിനുശേഷം പീച്ചി ജലസേചന പദ്ധതി നടപ്പിലായതോടെ ഇതുപേക്ഷിക്കുകയും പുഞ്ച കൃഷിയ്ക്ക് ഒരു പരിധിവരെ വെള്ളം ലഭിച്ചു വരി കയും ചെയ്തു. അന്ന് ഉപയോഗിച്ചിരുന്ന പ്രകൃ തിദത്ത വളങ്ങളിൽ കാലിവളം, പച്ചിലവളം, മല യിൽനിന്ന് ഒലിച്ചുവന്നിരുന്ന മലമട്ട് എന്നിവ

ഉൾപ്പെട്ടിരുന്നു. ചപ്പുചവറുകൾ തീയിട്ട് ചാരം ഉണ്ടാക്കുകയും, ആര്യവേപ്പിൻെറ ഇലയും ചിന്നയിലയിലയും, കൊട്ടയിലയും വേപ്പിൻ പിണ്ണാക്കും കീടനാശിനികളായി ഉപയോഗപ്പെടു ത്തിയിരുന്നു.

അന്ന് വിരിപ്പ് മുണ്ടകൻ കൃഷിചെയ്തിരുന്ന സ്ഥലങ്ങളായ കരഭൂമി കോലോത്തും പാടം പന്നിക്കര പാടം, ആര്യംപാടം, വെങ്കുളംപാടം എന്നീ സ്ഥലങ്ങളിൽ ഇന്ന് നാമമാത്രമായിപോലും കൃഷിയില്ല. കോൾനിലങ്ങളിൽ പ്രധാനമായവ മണിനാടൻകോൾ, മാരാർ കോൾ, ഗൊവേന്ത കോൾ, ചേറ്റുപുഴ കോൾ, പുല്ലഴി കോൾ, ചേലൂർ കോൾ, കറുത്താണി കോൾ, കുഞ്ഞിക്കോൾ, മന്തൻെറ കോൾ എന്നിവയായിരുന്നു. ഈ നിലങ്ങളും പാട്ട വ്യവസ്ഥയിൽ തന്നെയാണ് കൃഷി നടന്നിരുന്നത്. അക്കാലത്ത് രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമുള്ള ഭക്ഷ്യധാന്യ ദൗർലഭ്യതയും മിച്ചനെല്ല് സംഭരണവും,പുറത്ത് വിൽക്കുമ്പോൾ കിട്ടുന്ന അമിതവിലയും അന്ന് നെൽകൃഷി ലാഭകരമാക്കിയിരുന്നു.തൃശൂർ ജില്ലയിൽതന്നെ വിവിധ പ്രദേശങ്ങൾ വിവധ ഭക്ഷ്യ മേഖലകളായിരുന്നു. ഈ നിലതിരു കൊച്ചി സംയോജനത്തിനും കേരളപ്പിറവിക്കും സേഷവും തുടരുന്നു.

1978 ലെ മൊറാർജി സർക്കാറാണ് ഈ മേഖലകൾ അവസാനിപ്പിച്ചത്. - അയ്യന്തോൾ ഗ്രാമ പഞ്ചായത്തിലെ ആകെയുള്ള ഭൂമിയുടെ വിസ്തൃതി താഴെ പട്ടികയിൽ കൊടുക്കുന്നു.

## അയ്യന്തോൾ ഗ്രാമപഞ്ചായത്ത്
## 2.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ

Ref: 4 റജിസ്റ്റർ

പട്ടിക 1

| | |
|---|---|
| പുരയിടം | 1119-3741 |
| നിലം | 1450-121 |
| പുറമ്പോക്ക് | 321-3457 |
| തരിശ് | 0.3967 |
| ആകെ | 2891-2375 |

## അയ്യന്തോൾ ഗ്രാമപഞ്ചായത്തിലെ ഭൂമി കൈവശത്തിൻെറ വിവരങ്ങൾ

പട്ടിക 2

| | | |
|---|---|---|
| 1 സെൻറ് മുതൽ 10 സെൻറ് വരെ | 3336 | 52.82% |
| 10 സെൻറ് മുതൽ 25 സെൻറ് വരെ | 1178 | 18.65% |
| 25 സെൻറ് മുതൽ 50 സെൻറ് വരെ | 537 | 8.5% |
| 50 സെൻറ് മുതൽ 100 സെൻറ് വരെ | 576 | 7.12% |
| 1 ഏക്കർ മുതൽ 2 ഏക്കർ വരെ | 443 | 7.02% |
| 2 ഏക്കർ മുതൽ 5 ഏക്കർ വരെ | 245 | 3.86 |
| 5 ഏക്കർ മുതൽ | ഇല്ല | |
| ആകെ കൈവശക്കാർ | 6315 | |

ആകെയുള്ള കൈവശക്കാരിൽ 3336 പേർ പത്ത്സെൻറിൽ താഴെയും അതായത് 52.82%, 1178 പേർ പത്തിനും ഇരുപതിനും ഇടയിലും അതായത് 18.65% ആണെന്നു കാണാവുന്നതാണ്. കൃഷിയുടെ തുണ്ടവൽക്കരണത്തിൻെറ സമൂർത്ത രൂപമാണിത്. - 2 ഏക്കറിൽ കൂടുതൽ കൈവശമുള്ളവർ 3.88% മാത്രമെ വരികയുള്ളൂ. ഇതിൽനിന്ന് മനസ്സിലാക്കാവുന്നത് ഗ്രൂപ്പ് ഫാമിങ്ങ് എല്ലാ മേഖലകളിലെ ഈ ഗ്രാമപഞ്ചായത്തിൽ വ്യാപിപ്പിച്ചിരിയ്ക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നെന്നാണ്.

മഴ ഇവിടെ ഏറ്റവും കൂടുതൽ ലഭിയ്ക്കുന്നത് ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മൂന്ന്മാസക്കാലത്തിലാണ്. അയ്യന്തോൾ ഗ്രാമ പഞ്ചായത്തിലെ വർഷപാതത്തിൻെറ രേഖാചിത്രംമൂന്നിൽ കാണാവുന്നതാണ്. ഇതിൽ തന്നെ 4 ൽ ഒരു ഭാഗം ഏതാനും ദിവസത്തിനുള്ളിൽ ലഭിയ്ക്കുന്നതുകൊണ്ട് സംഭരിയക്കുവാൻ സാധിക്കാത്തതുകൊണ്ട് മുഴുവനും അറബിക്കടലിലേക്ക് ഒഴുകി പോകുന്നു.

# കാലാവസ്ഥ



അയ്യന്തോൾ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഊഷ്മാവ് ഫേബ്രുവരി മുതൽ മെയ്മാസം വരെയും ഏറ്റവും കുറവ് ഡിസംബർ ജനുവരി മാസങ്ങളിലും കാണപ്പെടുന്നു. താഴെ കൊടുക്കുന്ന പട്ടിക 4ൽ കാണാവുന്നതാണ്.

മാസം തോറും രേഖപ്പെടുത്തിയ ഉയർന്നതും താഴ്ന്നതുമായ ശരാശരി ഊഷ്മാവ്

പട്ടിക - 4



## വിള വിഭജനം

അയ്യന്തോൾ പഞ്ചായത്തിലെ മൊത്തം കൃഷി ഭൂമി ആകെ. വിസ്തൃതിയുടെ 58 ശതമാനം മാത്ര മാണ്. ബാക്കി വരുന്ന ഭൂവിസ്തൃതി മുഴുവനും മറ്റു കാര്യങ്ങൾക്കായി വിനിയോഗിക്കപ്പെടുകയാണെന്ന് കണ്ടുകഴിഞ്ഞല്ലോ. നെല്ല്, തെങ്ങ്, കവുങ്ങ് എന്നി വയാണ് പഞ്ചായത്തിലെ മുഖ്യവിളകൾ. ആകെ കൃഷിഭൂമിയുടെ 89 ശതമാനവും ഈ വിളകളാണ് കയ്യടക്കിയിരിക്കുന്നത്. 631 ഹെക്ടറിൽ പരന്നു കിടക്കുന്ന നിലങ്ങളാണ്. ഈ കോൾ നിലങ്ങ ളിൽ തന്നെ 169 ഹെക്ടർ സ്ഥലത്ത് ഇരുപ്പൂകൃ ഷിയും ബാക്കി സ്ഥലങ്ങളിൽഒരുപ്പൂ കൃഷിയു മാണ് നടന്നുവരുന്നത്. ചിത്രം താഴെ കൊടുക്കു ന്നു.

പട്ടിക - 5

വിള വിഭജനം

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം ഹെക്ടർ | ഉൽപ്പാദനം (ടൺ) |
|---|---|---|---|
| 1. | നെല്ല് (ഒന്നാംവിള) | 141 | 338.4 |
| 2. | നെല്ല് (രണ്ടാംവിള) | 310 | 775 |
| 3. | നെല്ല് (മൂന്നാംവിള) | 482 | 1350 |
| 4. | പയർ | 20 | 42 |
| 5. | എള്ള് | 5 | 2.5 |
| 6. | പച്ചക്കറികൾ | 22 | 110 |
| 7. | തെങ്ങ് | 582 | 3363960 എണ്ണം |
| 8. | വാഴ | 55 | 770 |
| 9. | മരച്ചീനി | 5 | 50 |
| 10. | കുരുമുളക് | 5 | 2.5 |
| 11. | പ്ലാവ് | 1 | 100 |
| 12. | കശുമാവ് | 2 | 4.5 |
| 13. | മാവ് | 2 | 8 |
| 14. | കമുക് | 22 | 347600 എണ്ണം |

## ജലസേചനം

തൃശൂർ ജില്ലയിൽ മഴകിട്ടുന്നത് പ്രധാന മായും കാലവർഷവും തുലാവർഷവുമാണ്. എന്നാൽ ചില കൊല്ലങ്ങളിൽ ആവശ്യത്തിന് വേന ൽമഴയും കിട്ടാറുണ്ട്. പഞ്ചായത്തിലെ നീരൊഴുക്ക് കോൾ മേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്നു. മുൻകാലങ്ങളിൽ പലകുളങ്ങളും നെൽകൃഷിക്കും വേനൽക്കാല പച്ചക്കറി കൃഷിക്കതും ഉപയോഗി ച്ചിരുന്നു. കുളങ്ങളിൽ ഭൂരിഭാഗവും കടുത്ത വേന ൽക്കാലത്ത് ആവശ്യത്തിന് വെള്ളം കിട്ടിയിരുന്നി ല്ല.

## മണ്ണ് ജല സംരക്ഷണം

കേരളത്തിൻെറ പ്രത്യേകതയാണ് സർപ്പക്കാ വുകൾ. എല്ലാ പഴയതറവാടുകളിലും ഓരോ സർപ്പ ക്കാവ് ഉണ്ടായിരുന്നു. അതുപോലെതന്നെ നമ്പൂ തിരി ഇല്ല പറമ്പുകളിൽ എല്ലാതരം പച്ചമരുന്നുക ളും, തഴച്ചു പന്തലിച്ച ആൽവൃഷവും കേരളത്തി ൻെറ പ്രത്യകതയാണ്. സൂര്യതാപം നേരിട്ട് ഭൂമി യിൽ പതിക്കാതിരിക്കാൻ പൂർവ്വികർ മേൽമണ്ണം കിളച്ച് ഇളക്കി.ഇടുക പതിവാണ്. ഭൂമിയുടെ അശാ സ്ത്രീയമായ തുണ്ടുവൽക്കരണവും മണ്ണു ജലസം രക്ഷണത്തെ കാര്യമായി ബാധിച്ചു. പീച്ചി ജല സേചന പദ്ധതികളിൽ നിന്നുള്ളവെള്ളം ആവശ്യ ത്തിന് ഈ പഞ്ചായത്തിൽ കിട്ടിയിരുന്നു. ഇപ്പോൾ ചിമ്മിനി പദ്ധതി കമ്മീഷൻ ചെയ്തതോടുകൂടി ജലസമ്പത്ത് കൂടുതൽ സമ്പുഷ്ടമായി. എന്നാൽ ഇതിനെല്ലാം അപവാദമായി ഇവിടെ പെയ്യുന്ന മുഴുവൻ വെള്ളവും ഏനാമാവ് റെഗുലേറ്റർ വഴി കനോലികനാലിലേയ്ക്ക് ഒഴുകിപ്പോകുന്ന ദുഃഖ കരമായ കാഴ്ചയാണ് നാം കാണുന്നത്.ഇതിൽ ഒരു ഭാഗം തടയണകൾ വഴിയോ മറ്റ് ഭൗതിക മാർഗ്ഗങ്ങൾ വഴിയോ സംഭരിക്കാൻ സാധിച്ചാൽ അയ്യന്തോൾ പഞ്ചായത്തിലെ മാത്രമല്ല പരിസര പഞ്ചായത്തുകളിലെ കൂടി ജലസ്രോതസ്സ് നില നിർത്താൻ സാധിക്കും.

പട്ടിക - 6

വിള വിഭജനം



## ഉല്പാദന ക്ഷമത

അയ്യന്തോൾ ഗ്രാമപഞ്ചായത്ത് വിള വിസ്തീർണവും ഉത്പാദനവും

(Ref. അടിസ്ഥാന വിവര രജിസ്റ്റർ)

പട്ടിക 7

| വിള | വിസ്തീർണം | മൊത്തം ഉത്പാദനം | ഉത്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 141 | 338.4 ടൺ | 2400 കി.ഗ്രാം. |
| നെല്ല് (രണ്ടാംവിള) | 310 | 775 ,, | 2500 കി.ഗ്രാം |
| നെല്ല് (മൂന്നാംവിള) | 482 | 1350 | 2800 കി.ഗ്രാം. |
| പയർ | 20 | 40 | 2000 കി.ഗ്രാം |
| എള്ള് | 5 | 2.5 | 500 കി.ഗ്രാം. |
| പച്ചക്കറികൾ | 22 | 110 | 5000 കി.ഗ്രാം. |
| തെങ്ങ് | 582 | 3363960 എണ്ണം | 5780 എണ്ണം/വർഷം |
| വാഴം | 55 | 770 ടൺ | 14,000 കി.ഗ്രാം. |
| മരച്ചീനി | 5 | 50 | 10,000 കി.ഗ്രാം. |
| കുരുമുളക് | 5 | 2.5 | 500 കി.ഗ്രാം. |
| പ്ലാവ് | 1 | 100 | 100 ടൺ |
| കശുമാവ് | 3 | 4.5 | 1500 ടൺ |
| മാവ് | 2 | 8 | 4000 |
| കവുങ്ങ് | 22 | 34760 എണ്ണം | 1580 എണ്ണം/വർഷം |

അയ്യന്തോൾ ഗ്രാമ പഞ്ചായത്തിലെ ഉല്പാദന ക്ഷമതയും സംസ്ഥാന തലത്തിലുള്ള ഉല്പാദനക്ഷമതയും പട്ടിക എട്ടിൽ കൊടുത്തിരിക്കുന്നു.

പട്ടിക - 8

## സംസ്ഥാനം, ജില്ല, പഞ്ചായത്ത് ഉല്പാദന ക്ഷമതയുടെ താരതമ്യം



## തോടുകൾ

പഞ്ചആചയത്തിൽ ആകെയുള്ള തോടുകളുടെ നീളം ലഭ്യമായ കണക്ക് അനുസരിച്ച് ഏകദേസം 8420 മീറ്റർ വരും. ഇതിൽ പഞ്ചിക്കൽ തോടിൻെറ രണ്ടുഭാഗവും കൈയ്യേറ്റംമൂലം വെള്ളം നിർഗ്ഗമനോ, ബഹിർഗ്ഗമനമോ നടക്കുന്നില്ല. അതുമൂലം 1-13-14-15 വാർഡുകളിൽ മഴക്കാലങ്ങളിൽ വെള്ളം പൊങ്ങി പ്രളയം സർവ്വസാധാരണമാണ്. അതുപോലെ തൃശൂർ ടൗണിൻെറ മുഴുവൻ മാലിന്യങ്ങളും ഈ തോടിൽ കൂടി മാത്രമേ ഒഴിഞ്ഞു പോകുവാൻ വഴിയുള്ളു. ഇന്ന് അത് കയ്യേറ്റംമൂലം തടയപ്പെട്ടിരിക്കുന്നു. ഇന്ന് നിലവിലുള്ള തോടുകളുടെ കൗയ്യേറ്റം ഒഴിവാക്കി ആവശ്യമായ സ്ഥലങ്ങളിൽ വീതി കൂട്ടി സംരക്ഷിക്കുന്നതായാൽ അഴുക്കു വെള്ളം ഒഴിഞ്ഞുപോകുന്നതും വേള്ളക്കെട്ട് ഒഴിവാകുന്നതുമാണ്.

## കുളങ്ങൾ

വലുതും ചെറുതമായി 10 കുളങ്ങലും 64 കിണറുകളും ഈ പഞ്ചായത്തിൽ ഉണ്ട് ഇതിൽ തൃക്കുമാരംകുടം കുളവും അമ്പാടികുളവുമാണ് ഏറ്റവും വലുത്. ഈ കുളങ്ങൾ സംരക്ഷിയ്ക്കുന്നതയാൽ കുളിയ്ക്കാനും, കുടിയ്ക്കാനും ഉപയോഗിയ്ക്കുവാൻ സാധിക്കും. തൃക്കുമാരംകുടം കുളം മൈനർ ഇറിഗേ,ൻ പദ്ധതി പ്രകാരം കൊല്ലങ്ങൾക്കു മുമ്പ് ശുദ്ധീകരണം നടത്തിയിട്ടുണ്ട്.

## വളം

സഹകരണ സംഘങ്ങളും കോൾപടവ് സംഘങ്ങളുമാണ് രാസവളം, കീടനാശിനികൾ എന്നിവ വിപണനം ചെയ്യുന്നത്. സ്വകാര്യ മേഖലയിൽ ഈ പഞ്ചായത്തിൽ വളം വിപണ കേന്ദ്രമില്ല. കൃഷിയ്ക്ക് ഉപയോഗിക്കുന്നത് 80% രാസവളങ്ങളാണ്. ഇന്ന് മണ്ണ് പരിശോധിയ്ക്കാതെ ഉപയോഗിക്കുന്നതുകൊണ്ട് കൃഷിക്ക് മുഴുവൻ പ്രയോജനപ്പെടുന്നില്ല. അതുകൊണ്ട് കൃഷി ചെലവ് വർദ്ധിക്കുന്നു. ജൈവവളങ്ങൾ വിരളമായി മാത്രമെ കൃഷിക്കാർ ഉപയോഗിക്കുന്നുള്ളു.

അയ്യന്തോൾ ഗ്രാമപഞ്ചായത്ത് രാസവള കീടനാശിനി വിപണനം

## കീടനാശിനികൾ

കീടനാശിനികൾ ഉപയോഗിയ്ക്കുമ്പോൾ എടുക്കേണ്ട മുൻകരുതലും ഉപയോഗിയ്ക്കേണ്ട തോതും ഇന്നും അശാസ്ത്രീയമാണ്. നെല്ല്, തെങ്ങ്, വാഴ, എന്നിവയ്ക്ക് കീടനാശിനികൾ ഉപയോഗിക്കുന്നു. അനവസരത്തിൽ അശാസ്ത്രീയമായി ഉപയോഗിയ്ക്കുന്ന കീടനാശിനിപ്രയോഗം മനുഷ്യൻെറ ആരോഗ്യത്തിന് ദൂരവ്യാപകമായി ദോഷഫലങ്ങൾ ഉണ്ടാക്കുന്നു. രാസവളം, കീടനാശിനികളുടെ ഉപയോഗം താഴെയുള്ള പട്ടികയിൽ കൊടുക്കുന്നു.

പട്ടിക - 9

അയ്യന്തോൾ ഗ്രാമപഞ്ചായത്ത് രാസവളം-കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | 1993-'94 | | | 1994-'95 | | | 1995-'96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസ്വളം | കീടനാശിനി | |
| | | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം. | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം<br>സ്വകാര്യം | 25 ടൺ | 140 | 120 | 27 ടൺ | 125 | 100 | 26 ടൺ | 110 | 90 |

## കാർഷിക മേഖലയിലെ ഉൽപ്പാദന ബന്ധങ്ങൾ

അരനൂറ്റാണ്ട് മുമ്പ് ഈ പഞ്ചായത്തിൽ കർഷകരും കർഷകതൊഴിലാളികളും തമ്മിൽ ഉടമഅടിമ വ്യവസ്ഥയിലായിരുന്നു. ചില പ്രത്യേക തറവാട്ടുകാരുടെ കാർഷിക പണിമാത്രമെ അവർക്ക് നടത്തുവാൻ അനുവാദമുണ്ടായിരുന്നുള്ളൂ. അവരിൽ തന്നെ പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ കൂലി കിട്ടുന്ന പതമ്പ് വരെ ജന്മിയുടെ വീട്ടിലെ തൊഴുത്തുകളുടെ അടുത്തുള്ള ഒഴിഞ്ഞ സ്ഥലങ്ങളിലാണ് സൂക്ഷിച്ചിരുന്നത്. മറ്റു പിന്നോക്ക വിഭാഗക്കാർ അതായത് പാട്ടം പറമ്പു കൃഷിക്കാർ കൃഷിയിറക്കാനും കൊയ്തു മെതിയ്ക്കാനും പരസ്പരസഹായം എന്ന നിലയ്ക്കായിരുന്നു. ഭൂമി അന്ന് ഒരു പ്രശ്നമല്ലായിരുന്നു. പുരകെട്ടലും കൊയ്തും വൈക്കോൽ ഉണക്കലും എല്ലാം ചെയ്തിരുന്നത് പരസ്പര സഹായം എന്ന നിലക്കായിരുന്നു. കാർഷിക നിയമങ്ങളുടെയും സംഘടകളുടെയും ആവിർഭാവത്തിനുശേഷം ഈ സ്ഥിതി ആകെ മാറി. സാമൂഹ്യമായ മാറ്റങ്ങളിൽ വേലകൂലി സിദ്ധന്തത്തിൻെറ അലയൊലി ഈ ഗ്രാമപഞ്ചായത്തിനേയും കാര്യമായി ബാധിച്ചു. തൊഴിലാളികളുടെ മിനിമം കൂലി ഈ വിഭാഗത്തിലേയ്ക്കും കാര്യമായി ബാധിച്ചു.

ഇന്ന് ഈ മേഖലയിൽ തൊഴിലാളികൾ വിരളമാണ്. കാരണം ഇവരെല്ലാം കൂലി കൂടുതൽ കിട്ടുന്ന കെട്ടിട നിർമാണ തൊഴിലാളികളായി മാറിയിരിക്കുകയാണ്. അതുപോലെതന്നെ കൃഷിപ്പണിയ്ക്കാവശ്യമായ ചെറിയ യന്ത്രങ്ങൾ ഇന്ന് വളരെ കുറവാണ്. ട്രാക്റ്റർ ലഭ്യമാണെങ്കിലും ഒരു മണിക്കൂറിന് 150 ക. ആണ് കൂലി. കന്നുപൂട്ട് വളരെ കുറവാണ്. ഉള്ളതുതന്നെ ഒരുഏവ് കൂലി 150 രൂപ മുതൽ 200 രൂപ വരെയാണ് ഒരു സ്ത്രീ കർഷക തൊഴിലാളിയ്ക്ക് 80രൂപ മുതൽ 90 രൂപ വരെ കൂലി നിലവിലുണ്ട്. അതുപോലെ ഒരു പുരുഷ തൊഴിലാളിയ്ക്ക് 100 രൂപ മുതൽ 150 രൂപ വരെ കൂലിയുമ്ട്. കൊയ്ത് കറ്റ മുൻകാലങ്ങളിൽ ഉടമസ്ഥൻെറ കളത്തിലോ വീട്ടുമുറ്റത്തോ കൊണ്ടുവെയ്ക്കുമായിരുന്നു.ഇന്ന് പാടത്ത് തന്നെ കൊയ്തുവെക്കുന്ന പതിവും കാണുന്നുണ്ട്. മുമ്പ് 5 കഴിഞ്ഞ് ആറാമത് അളവ് പതമ്പ് ആയിരുന്നു. അതായത് 5 ന് ഒന്ന്. ഈ പതിവിന് എതിരായി കൂലിയ്ക്ക് കൊയ്യുന്ന പതിവാണ് കൂടുതലും. അതുപോലെ പുഞ്ച മോശമായാൽ വാരി ഇല്ലെങ്കിൽ കൂലിതന്നെ കൊയ്തിന് കൊടുക്കേണ്ടി വരുന്നു. ഇതൊക്കെയാണെങ്കിലും ആവശ്യത്തിന് കർഷകതൊഴിലാളികൾ ഈ പഞ്ചായത്തിൽ ഇന്ന് ലഭ്യമല്ല.

മുൻകാലങ്ങളിൽ തെങ്ങ് സർവ്വത്ര ഇല്ലാതിരുന്ന കാലത്ത് ഇവിടെ പടിഞ്ഞാറെ തീരദേശത്തുള്ളതുപോലെ കൂലി നിലവില്ല്ലായിരുന്നു. ഓരോ പ്രദേശങ്ങളിലും ഓരോ തരത്തിൽ കൂലി കൊടുത്തിരുന്നു. ഇന്ന് തെങ്ങ് ഒന്നിന് 4 ക മുതൽ 5 ക വരെ കൂലിയുണ്ട്. അതുപോലെ തന്നെ തെങ്ങ് വെടിപ്പാക്കലിന് 5 മുതൽ 6 രൂപ വരെ കൂലി കൊടുക്കണം. കീടനാശിനിയ്ക്ക് ഉച്ചവരെ തളിയ്ക്കുന്യനതിന് ഒരു മുഴുവൻ കൂലി കൊടുക്കണം. അല്ലെങ്കിൽ നിലത്തിൻെറ വിസ്തീർണ്ണം അനുസരിച്ച് കൂലിയും നിലവിലുണ്ട്.

## കാർഷിക വിപണന സൗകര്യങ്ങൾ

കൊയ്ത്ത് സമയത്ത് നെല്ല് വില്ക്കാനുള്ള സൗകര്യങ്ങൾ ഇന്ന് നിലവിലില്ല. സഹകരണ റൈസ്മിൽ കൊയ്തു കാലങ്ങളിൽ കർഷകർക്ക് സഹായകരമായ രീതിയിൽ സംഭരിയ്ക്കുന്നില്ല. സ്വകാര്യ മില്ലുകാർ (കാലടി, ഒക്കൻ എന്നീ സ്ഥലങ്ങളിലുള്ള) ഇട നിലക്കാരുടെ സഹായത്തോടെ കുറഞ്ഞ വിലയക്ക് നെല്ലം സംഭരിക്കുന്നു. ഏതെങ്കിലും നിലയിൽ മഴ പെയ്യുകയാണെങ്കിൽ നെല്ലു സംഭരണത്തിന് മാർക്കറ്റിൽ ആരെയും കാണാത്തനിലയും വന്നുചേരുന്നതു കൊണ്ട് വളരെ കുറഞ്ഞ വിലയ്ക്ക് കർഷകർ കൊയ്ത് നെല്ല് വില്ക്കുന്നു. അല്ലെങ്കിൽ നെല്ല് മുളച്ച് നഷ്ടപ്പെടുന്നതാണ്.

പട്ടിക 10

| തൊഴിൽ | സ്ത്രീ | പുരുഷൻ | ആകെ | ശതമാനം |
|---|---|---|---|---|
| കൃഷിക്കാർ | 84 | 295 | 379 | 2.7% |
| കർഷക തൊഴിലാളികൾ | 744 | 758 | 1502 | 10.8% |

## വായ്പാ സൗകര്യങ്ങൾ

അയ്യന്തോൾ ഗ്രാമപഞ്ചായത്തിലുള്ള കർഷകർ സഹകരണ ബാങ്കിൽ നിലവിലുള്ള കൃഷിവായ്പ സംവിധാനം ഉപയോഗിക്കുന്നില്ല. നെൽകൃഷി, തെങ്ങ്, കവുങ്ങ്, വാഴ മുതലായവയ്ക്ക് ഇന്ന് ലഭ്യമായ കാർഷിക വായ്പാ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം അത്യാവശ്യമാണ്. മറ്റ് ദേശസൽകൃത ബാങ്കുകളിൽ നിയമപരമായികുറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പ കൊടുക്കുന്നില്ല.

## നെൽകൃഷി

അയ്യന്തോൾ പഞ്ചായത്തിൽ നെൽകൃഷി ഇന്ന് സ്പോടനാത്മാകമായ നിലയിൽ എത്തിനില്ക്കുകയാണ്. വിരിപ്പ് മുണ്ടകൻ നെല്പാടങ്ങളായ ആര്യംപാടം, കോലോത്തും പാടം, വണ്ണാരിപാടം, പന്നിക്കരപാടം, വിയ്യൂർപാടം, ശങ്കരൻ-കുളങ്ങരപാടം, കുട്ടൻകുളങ്ങറപാടം, പേൺക്കുളം പാടം മുതലാ. എല്ലാ പാടശേഖരങ്ങളിലും ഇന്ന് കോൺക്രീറ്റ് കൊട്ടാരങ്ങൾ ഉയർന്നു കഴിഞ്ഞു. കരപാടങ്ങളിലും ഞാലുകളിലും ഇന്ന് കൃഷിചെയ്യപ്പെടുന്നില്ല. അതുപോലെ തന്നെ കോൾ പടവുകളിൽ പലതിലും കൃഷി ഇറക്കുവാൻ സാധിയ്ക്കാത്ത നിലയിലാണ്. നീർത്തട പ്രദേശങ്ങളായ പള്ളിച്ചാലുകൾ, ഞാലുകൾ, കൊക്കർണികൾ, ആണികൾ എല്ലാം നശിച്ചുകൊണ്ടിരിക്കുന്നു. കറുത്താണി മണിനാടൻ പാടശേഖരങ്ങൾ KLDC യുടെ അശാസ്ത്രീയമായ ബണ്ടുനിർമാണം മൂലം 3-4കൊല്ലമായി കൃഷിയിറക്കാൻ സാധിയ്ക്കാത്ത നിലയിലാണ്. കോടികൾ ചിലവ് ചെയ്ത് നിർമ്മിച്ചു കഴിഞ്ഞ ബണ്ടുകൾ ആർക്ക് വേണ്ടി നിർമ്മിച്ചു എന്നുള്ള കാര്യം അജ്ഞാതമാണ്. കൃഷിയ്ക്ക് ആവശ്യമായ വെള്ളം സംഭരിയ്ക്കാനും നിയന്ത്രിക്കുവാനും പ്രയോജനപ്പെടുന്നില്ല.

നെല്ലിനോട് ആഭമിഖ്യവും വാരിയും വർക്കത്തും മനസ്സിലും പ്രവർത്തിയിലും പുലർത്തിയിരുന്ന ആ പഴയ തലമുറ എന്നോ നഷ്ടപ്പെട്ടുപോയി. ഇന്ന് ലാഭനഷ്ടങ്ങൾമാത്രം കാണുന്ന പുത്തൻ തലമുറക്ക് കൃഷി ലാഭകരമാക്കുവാൻ സാധിക്കുന്ന വിധത്തിലുള്ള കൃഷി സമ്പ്രദായങ്ങൾ ആവിഷ്കരിക്കണം. 1988-89ൽ ആവിഷ്ക്കരിച്ചതും ഇന്ന് ഈ ഗ്രാമപഞ്ചായത്തിൽ നിലവില്ലാത്തതുമായ ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രാദം പരിശോധിച്ചു നോക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം കൃഷിയുടെ വ്യക്തിഗത നഷ്ടം ഒരു പരിധിവരെ ഒഴിവാക്കുവാൻ സാധിയ്ക്കുന്നതാണ്. കർഷകതൊഴിലാളികളുടെ ദൗർലഭ്യം ആധുനിക യന്ത്രവത്കരണത്തോടെ ഒഴിവാക്കാവുന്നതാണ്. സാങ്കേതിക ഉപദേശങ്ങളും പരിഹാരങ്ങളും സിദ്ധിയ്ക്കാനും ഇതു ഉപയുക്തമാകും. ഒരേ വിത്ത് ഒരേ കൃഷി രീതി ഒരു പടവിന് മുഴുവൻഉപയോഗിക്കുകയാണെങ്കിൽ പല രീതിയിലുള്ള ഗുണവും സിദ്ധിക്കും.ഒരേ വിത്ത്, ഒരേ വളം, ഒറേ വിള, ഒരേ വിപണനം എന്നിവയിൽ കൂടി കർഷകന്റെ വ്യക്തിഗത ബുദ്ധിമുട്ടുകൾക്ക് ആശ്വാസം നല്കുവാൻ സാധിക്കും.

അയ്യന്തോൾ ഗ്രാമപഞ്ചായത്തിലെ അശാസ്ത്രീയമായി കൃഷിഭൂമി മണ്ണിട്ടു നികത്തുന്നതിന് പരിഹാരം കാണേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇന്നു നിലവിലുള്ള അരലക്ഷം ജനങ്ങൾക്കു വേണ്ടിയും ഭാവിതലമുറയെ ഓർത്തെങ്കിലും യുദ്ധകാലാടിസ്ഥാനത്തിൽ ഒരുചെറുത്ത് നില്പ് സംഘടിപ്പിയ്ക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. അതിനുവേണ്ടഒരു ബോധവത്കരണം ഇവിടെ ഉടനെ നടത്തേണ്ടതുണ്ട്. അല്ലെങ്കിൽ സമീപകാലത്ത് കറുത്താണി പോലെയുള്ള കോൾനിലങ്ങളിൽ കൂറ്റൻ വ്യവസായികൾ മണ്ണിട്ടുനികത്തി കെട്ടിടനിർമ്മാണം നടത്തുന്നത് തുടരുവാനാണ് സാധ്യത.

ഇന്ന് അവശേഷിക്കുന്ന കോൾപടവുകളായ കറുത്താണി മണിനാടൻ കേലൂർപടവ്, പുല്ലഴി, മാരാർക്കോൾ, ഗോവേന്ത, ചേറ്റുപുഴ എന്നീ പാട ശേഖരങ്ങളിലുള്ള കർഷകരുടെ വിപുലമായ യോഗം പഞ്ചായത്തും വിവിധ വകുപ്പുകളും സന്നദ്ധ സംഘടനകളുടെയും ആഭിമുഖ്യത്തിൽ വിളിച്ച്കൂട്ടിയാൽ ഈ കാര്യങ്ങളിൽ കർഷകർക്ക് ഒരു ദിശാബോധം ഉണ്ടാകുന്നതാണ്. നമ്മുടെ പഞ്ചായത്തിലെ നെൽകൃഷിക്കാരെ കൃഷിയിൽ തന്നെ പിടിച്ചു നിർത്തുവാനും അതുവഴി ഈ പഞ്ചായത്തിലെ നെല്ലുല്പാദനം അഭിവൃദ്ധിപ്പെടുത്തുവാനും സാധിക്കുന്നതാണ്.

ഇപ്പോൾ ഈ പഞ്ചായത്തിൽ പാടശേഖരങ്ങളിൽ സങ്കരയിനം നെൽവിത്താണ് ഉപയോഗിക്കുന്നത്. കൃഷിഭവനിലൂടെ വിതരണം ചെയ്ത ഉല്പാദന സഹായത്തിൻെറവിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| വിരിപ്പ് | : | 17144 ക. |
| മുണ്ടകൻ | : | 35395 ക |
| പുഞ്ച | : | 63634 ക. |

നെൽകൃഷിയ്ക്ക് ശേഷം വയലുകൾ തരിശിടുന്ന പതിവ് മാറ്റി മണ്ണിൻെറ ഗുണമേന്മ നില നിർത്തുവാൻ വേണ്ടി പയറു വർഗ്ഗങ്ങളും മറ്റും കൃഷിചെയ്യുന്നത് വളരെ നല്ലതാണ്. അതുപോലെതന്നെ പുഞ്ചകൃഷിയ്ക്ക് മുമ്പുള്ള കാലയളവിൽ സമൃദ്ധിയായി വെള്ളം കെട്ടി നില്ക്കുന്നതുകൊണ്ട് വളരെ ശാസ്ത്രീയമായി 2-3 മാസംകൊണ്ട് പൂർണ്ണവളർച്ചയെത്തുന്ന മത്സ്യകൃഷി നടത്താവുന്നതാണ് ബണ്ടിൻെറ നിർമ്മാണം മൂലം തരിശിടേണ്ടി വന്നിട്ടുള്ള പാടശേഖരങ്ങളിൽ കൃഷി ഇറക്കുവാൻ ആവശ്യമായ നടപടികൾ ഉടൻ എടുക്കേണ്ടതുണ്ട്. അതുപോലെ തന്നെ അവശേഷിക്കുന്ന കൃഷിനിലങ്ങൾ നികത്തുവാനുള്ളഇന്നത്തെ പ്രവണത സന്നദ്ധസംഘടകളുടേയും കൃഷിക്കാരുടെയും ആഭിമുഖ്യത്തിലുള്ളകൂട്ടായ ചെറുത്ത് നില്പിലൂടെ തടയപ്പെടേണ്ടതും സർക്കാർ ഈ കാര്യത്തിൽ ആവശ്യമായ പഴുതുകളില്ലാത്ത നിയമ നിർമ്മാണം ഉണ്ടാക്കേണ്ടതുമാണ്. K.LD.C. ബണ്ട് വന്നതുമൂലം ബണ്ടിൻെറ തെക്കുഭാഗത്തുള്ള പാടശേഖരത്തിൽ കൃഷി ഇറക്കുവാൻ കഴിയുന്നില്ല.

## തെങ്ങ്

തെങ്ങുകൾ തോട്ടമായി കൃഷിചെയ്തു തുടങ്ങിയത് വളരെ അടുത്തകാലത്താണ്. അതിനു മുമ്പ് ആ സ്ഥാനം കവുങ്ങിനായിരുന്നു. ഏകദേശം 582 ഹെക്ടർ സ്ഥലത്ത് ഈ ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ തെങ്ങുകൃഷിയുണ്ട്. കൂടുതൽ വിളവ് കുറഞ്ഞ നാടൻ ഇനമാണ് കൃഷി ചെയ്യുന്നത്. വെളിച്ചെണ്ണയുടെ വിലവർദ്ധനയും നൽകൃഷിയുടെ നഷ്ടവും തെങ്ങുകൃഷി വർദ്ധനവിന് കാരണമായി. പഴയ കാലത്ത് തീരദേശങ്ങളിൽ ചെയ്തിരുന്ന പരിചരണം തെങ്ങിന് ഈ പഞ്ചായത്തിൽ കൊടുത്തിരുന്നില്ല. ഇപ്പോൾ ആസ്ഥിതി മാറിയിരിക്കുകയാണ്. സങ്കരയിനം തെങ്ങുകൃഷി ഈ ഗ്രാമ പഞ്ചായത്തിൽ പല സ്ഥലങ്ങളിലും കാണാം. അതുപോലെ തന്നെ ശാസ്ത്രീയമായ പരിചരണവും ഇപ്പോൾ സാർവ്വത്രികമായിട്ടുണ്ട്. ഉൽപാദനക്ഷമതയിൽ സംസ്ഥാനത്തിൻെറ ഒപ്പം തന്നെ ഈ ഗ്രാമപഞ്ചായത്തും സ്ഥിതിചെയ്യുന്നു. കൊല്ലത്തിൽ 34 തേങ്ങ ലഭിയ്ക്കുന്ന - അയ്യന്തോൾ ഗ്രാമപഞ്ചായത്തിലെ കോൾനിലങ്ങളുടെ സമീപമുള്ള കേര കൃഷിക്കാർക്ക് ഇതിലും കൂടുതൽ വിളവ് കിട്ടുന്നുണ്ട്. കൂമ്പുചീയൽ ഈ പ്രദേശത്ത് ധാരാളമായി കാണുന്നുണ്ട്. കാറ്റുവീഴ്ച രോഗം ഇവിടേയ്ക്ക് എത്തിയിട്ടില്ല. സമൃദ്ധമായി നനയ്ക്കുന്ന ചരിവുകളിലും ഉയർന്ന സ്ഥലങ്ങളിലും ശാസ്ത്രീയമായി കുഴി എടുത്ത് തെങ്ങ് കൃഷിചെയ്യുന്ന കൃഷിക്കാർക്ക് നല്ല വിളവ് കിട്ടുന്നു. എന്നാൽ വെട്ടു കല്ല് പ്രദേശത്ത് ചെറിയ കുഴിയിൽകൃഷി ചെയ്യുന്നവർക്ക് വിളവ് വളരെ കുറഞ്ഞു പോകുന്നു.

തെങ്ങിനെ പരിരക്ഷിക്കുവാൻ വേണ്ടി ആവിഷ്കരിച്ചിട്ടുള്ള കേരസമിതികൾ ഫലവ

ത്തായി പ്രവർത്തനം ആരംഭിയ്ക്കുന്നതായാൽ തേങ്ങാസംഭരണവും വിപണനവും ഇടത്തട്ടുകാരെ ഒഴിവാക്കികൊണ്ടുതന്നെ നടത്തുവാൻ സാധിയ്ക്കുന്നതാണ്. അതുപോലെ തന്നെ വ്യവസായികാടിസ്ഥാനത്തിൽ തേങ്ങ കൊണ്ട് വിവിധ സാധനങ്ങൾ ഉല്പാദിപ്പിക്കുവാനും വില നിലവാരം പിടിച്ചു നിർത്താനും സാധിയ്ക്കും - സഹകരണ സംഘങ്ങൾ രൂപീകരണത്തിലൂടെയും കേരകൃഷിക്കാരെ

പട്ടിക

അയ്യന്തോൾ ഗ്രാമപഞ്ചായത്തിലുള്ള ഗ്രൂപ്പ് ഫാമിങ്ങ് പാടശേഖര കമ്മിറ്റിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഗ്രൂപ്പ് ഫാമിങ്ങ് സംഘങ്ങളുടെ പേര് | റജിസ്ട്രേഷൻ നമ്പർ | വിസ്തീർണ്ണം ഏക്രയിൽ | കർഷകരുടെ എണ്ണം | വിരിപ്പ് | മുണ്ടകൻ | പുഞ്ച |
|---|---|---|---|---|---|---|---|
| 1. | പുല്ലഴികോൾപടവ് സൊസൈറ്റി | R.200 | 679.42 | 814 | -- | -- | പുഞ്ച |
| 2. | ചേറ്റുപുഴ വെസ്റ്റ് കോൾ കർഷക സഹകരണ സംഘം | 336 | 43.44<br>74.16<br>117.60 | 128 | -- | മുണ്ടകൻ | പുഞ്ച |
| 3. | മണിനാടൻ കോൾകർഷക സംഘം | 17/91 | 82.50 | 92 | --- | മുണ്ടകൻ | -- |
| 4. | മാരാർ കോൾ കർഷക സംഘം | 366/91 | 60.41 | 77 | -- | മുണ്ടകൻ | |
| 5. | എൽത്തുരുത്ത് കോൾ പടവ് | 368/91 | 80.68 | 61 | --- | മുണ്ടകൻ | |
| 6. | മുട്ടിപാലം പാടശേഖര നെല്ലുല്പാദക സംഘം | 360/89 | 91.59 | 88 | വിരിപ്പ് | മുണ്ടകൻ | |
| 7. | കല്ലാഞ്ചി നെല്ലുല്പാദക സമൂഹം | 398/93 | 49.61 | 47 | വിരിപ്പ് | മുണ്ടകൻ | --- |
| 8. | പനംചിറ പാടശേഖര സൊസൈറ്റി | 358/89 | 33.20 | 32 | വിരിപ്പ് | മുണ്ടകൻ | --- |
| 9. | ചേറ്റുപുഴ ഈസ്റ്റ് കോൾ പടവ്, അരിമ്പൂർ സർവ്വീസ് സഹ.ബാങ്ക് | 500 | 51.95 | 79 | --- | --- | പുഞ്ച |

സഹായിയ്ക്കുവാൻ സാധിയ്ക്കുന്നതാണ്.വളരെ അധികം തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ തെങ്ങ്കൃഷി കൃഷി വകുപ്പിൻെറ സഹായത്തോടെ നടത്തുവാൻ സാധിയ്ക്കുന്നതാണ്.

## പച്ചക്കറികൃഷി

പച്ചക്കറിയുടെ കാര്യത്തിൽ അയ്യന്തോൾ ഗ്രാമപഞ്ചായത്ത് 100 ശതമാനവും അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ചു കൊണ്ടിരിക്കുന്നു. സംസ്ഥാനത്തിൽ ഏകദേശം 150-200 കോടിരൂപയുടെ പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നുണ്ട്. വിശേഷാവസരങ്ങളിൽ വില വർദ്ധിപ്പിച്ച് അവർ നമ്മളെ കൊള്ളയടിയ്ക്കുന്നു. നമ്മുടെ സംസ്ഥാനത്തിൻെറ വിഭവം അങ്ങിനെ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുകയാണ്. വില്പനയ്ക്കായി മാത്രം ഉല്പാദിപ്പിക്കുന്ന ഇത്തരം പച്ചക്കറികളിൽ അമിതമായ കീടനാശിനികൾ രാസവളങ്ങൾ എന്നിവ ഉപയോഗിക്കുന്നതുമൂലം ഈ പച്ചക്കറികൾ ആരോഗ്യത്തിന് ഹാനീകരവുമാണ്.

ഒരുകാലത്ത് നമുക്കാവശ്യമായ പച്ചക്കറികൾ നാം തന്നെ ഉല്പാദിപ്പിച്ചിരുന്നു. അത്യുല്പാദനശേഷിയുള്ള പച്ചക്കറിവിത്തുകളും ആവശ്യമായ സമയത്തുള്ള കൃഷി വകുപ്പിൻെറ സാങ്കേതിക ഉപദേശങ്ങളും മിച്ചമുള്ള പച്ചക്കറികൾ വിറ്റഴിക്കാനുള്ള സംവിധാനവും ആവിഷ്കരിക്കുയാണെങ്കിൽ ഫലഭൂവിഷ്ടമായ മണ്ണും കാലാവസ്ഥയുംനമ്മള എ ആശ്ലേഷിയ്ക്കുവാൻ കാത്തു നില്പുണ്ടെന്ന കാര്യം നമ്മൾ മറക്കുകയാണ്. വിത്തു മുതൽവിപണി വരെയുള്ള കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്തും, കൃഷിവകുപ്പും, സന്നദ്ധ സംഘടനകളും, സഹകരണ സംഘങ്ങളും കൃഷിക്കാരും കൂടിയുള്ള കൂട്ടായ്മയിലൂടെ ഈ ഗ്രാമത്തിനു വേണ്ട എല്ലാ പച്ചക്കറികളും ഉല്പാദിപ്പിക്കാനും മിച്ചമുള്ളത് വിപണനംചെയ്യാനും നിഷ്പ്രയാസം സാധിക്കുന്നതാണ്. നമ്മുടെ ഒഴിവുസമയ വിനോദം അതായിരിക്കട്ടെ എന്നുള്ള പ്രിതഞ്ജയെടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

## എട്ടാം പദ്ധതിക്കാലത്തെ കൃഷിവകുപ്പിൻെറ പ്രവർത്തനങ്ങൾ

1987ലാണ് അയ്യന്തോൾ പഞ്ചായത്തിൽ കൃഷിഭവൻ സ്ഥാപിതമായത്. പഞ്ചായത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഭാഗികമായ നഗരവൽക്കരണവും യഥാർത്ഥ കൃഷിക്കാരുടെ-കൃഷി പ്രധാന ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരുടെ അഭാവവുംമൂലം കൃഷിവകുപ്പിൻെറ പല പദ്ധതികളും പൂർണ്ണ ബഹുജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിൽ കൃഷിഭവൻ അധികൃതർക്ക് ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറുണ്ട്.

കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് - എട്ടാം പദ്ധതിക്കാലത്ത് - കൃഷിവകുപ്പ് അയ്യന്തോൾ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളെക്കുറിച്ച് ഇനി വിശദീകരിക്കാം.

### 1. ഗ്രൂപ്പ് ഫാമിങ്ങ്

പാടശേഖരാടിസ്ഥാനത്തിൽ നെൽകൃഷിക്കാരുടെ കൂട്ടായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ഇത്. ഈ പദ്ധതിയിൽ വിവധ പാടശേഖരങ്ങൾക്കായി 5 പവ്വർടില്ലറുകൾ വാങ്ങിക്കുന്നതിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകിയിട്ടുണ്ട്. സസ്യസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനു വേണ്ടി 500 ഹെക്ടർ നിലത്ത് കീടനാശിനികൾക്ക് 50 ശതമാനം സബ്സിഡി അനുവദിച്ചും വേണ്ട സമയങ്ങളിൽ നെൽച്ചെടികളിൽ ശരിയായ അളവിൽ മരുന്നുതെളി നടത്തേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുന്നതിന് ഇതുമൂലം സാധിച്ചിട്ടുണ്ട്. പ്രധാനമായും അമ്ലസ്വഭാവമുള്ളനമ്മുടെ നിലങ്ങളിൽ കുമ്മായം ചേർക്കേണ്ടതിൻെറ ആവശ്യകത ബോധ്യപ്പെട്ടതിനെ തുടർന്ന് ഏകദേശം 1100 കർഷകർക്ക് പ്രയോജനമുണ്ടാകത്തക്ക വിധത്തിൽ 100 ടൺ നീറ്റുകക്ക കർഷകർക്ക് പകുതി വിലയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.

പാടശേഖരങ്ങളിലെ ജലസേചന/ജലനിർഗ്ഗമന ചാലുകൾ നനാക്കുന്നതിനും മറ്റുമായി ആവശ്യമായിവന്ന തുകയുടെ 50 ശതമാനത്തോളം സർക്കാരിൽ നിന്ന് പാടശേഖരങ്ങൾക്കും ജലസേചനത്തിനായി മോട്ടോർ പമ്പുസെറ്റുകൾ, മരുന്നു തളിക്കുന്നതിനുള്ള ഉപകരണങ്ങൾ തുടങ്ങിയല 50 ശതമാനം ധനസഹായത്തോടെ വിതരണം ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞവിവധ ഘടകങ്ങ്ഹളിലായി 1,67,200 രൂപ കഴിഞ്ഞ 8-ാം പദ്ധതിക്കാലത്ത് വിനിയോഗിച്ചിട്ടുണ്ട്.

എട്ടാം പദ്ധതിയുടെ ആദ്യ രണ്ടുവർഷങ്ങളിൽ മാത്രമേ ഈ പദ്ധതി നടപ്പിലാക്കുകയുണ്ടായുള്ളു. അതിനുശേഷം നെൽകൃഷിക്കാർക്ക് കീടനാശിനികൾ മരുന്നു തളിക്കുന്നതിനുള്ള ഉപകരണങ്ങൾ തുടങ്ങിയവയ്ക്ക് ധനസഹായം നൽകുന്നതിന് സാധിച്ചിട്ടില്ല.

## 2. തെങ്ങിൻ തൈകളുടെ വിതരണം

ഗുണനിലവാരമുള്ള തെങ്ങിൻതൈകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിൽ വിതരണം ചെയ്യപ്പെട്ട തെങ്ങിൻ തൈകളുടെ കണക്ക് ഇപ്രകാരമാണ്.

| | | |
|---|---|---|
| പശ്ചിമതീരനെടിയ ഇനം | ; | 1200 എണ്ണം |
| TXD | : | 270 ,, |
| DxT | : | 150 ,, |
| സെഗ്രിഗൻറ് (നാടൻ) | ; | 75 എണ്ണം |

## 3. വിത്ത് ഉല്പാദന പദ്ധതി

ഗുണനിലവാരമുള്ള നെൽവിത്തിൻെറ ദൗർലഭ്യം പരിഹരിക്കുന്നതിനായി കർഷകരുടെ നിലങ്ങളിൽ തന്നെ നെൽവിത്തുകൾ ഉല്പാദിപ്പിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഒരു പദ്ധതിയാണ് ഇത്. ഈ പദ്ധതിയിൽപ്പെടുത്തി ചേറ്റുപുഴ കോൾ പടവിന് ഒരു വിത്ത് സംഭരണി പണിയുന്നതിനായി 75,000 രൂപ അനുവദിച്ചിട്ടുണ്ട്.

## 4. ജൈവവള വികസനം

നമ്മുടെ മണ്ണിലെ ജൈവികാംശം കുറഞ്ഞു കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽഈ കുറവ് പരിഹരിക്കുന്നതിനായി വിവിധ ജൈവവള വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 1250 കർഷകർക്ക് കഴിഞ്ഞ അഞ്ചുവരഷങ്ങളിലായി കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുന്നതിനായി 25 രൂപ പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ 1500 കിലോഗ്രാം പച്ചിലവളത്തിൻെറ വിത്തും പാടശേഖരങ്ങൾ മുഖേന കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

സമഗ്രമായ ജൈവവള വികസനത്തിനായി മേൽപ്പറഞ്ഞ പദ്ധതികൾ അപര്യാപ്തമാണെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഒരു കമ്പോസ്റ്റ് കുഴി നിർമ്മിച്ച് ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനത്തുക 25 രൂപയിൽ നിന്നും ഉയർത്തണമെന്ന് കർഷകരിൽ നിന്നും ആവശ്യമുയർന്നിട്ടുണ്ട്. ഇതിനു പുറമെ, സമഗ്രമായ കർഷകബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. പച്ചിലവള ലഭ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി വളപ്പയർ കുറഞ്ഞവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കേണ്ടതും അത്യാവശ്യമാണ്.

## 5. എണ്ണക്കുരു ഉല്പാദനവികസനം

അയ്യന്തോൾ പഞ്ചായത്തിൽ കാര്യമായ പ്രതികരണം ലഭിച്ചിട്ടില്ലാത്ത വിളകളാണ് എള്ള്പോലുള്ള എണ്ണക്കുരുക്കൾ. ഏകദേശം 20 കിലോ എള്ള് വിത്ത് കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. വേനൽക്കാലത്ത് തരിശിടുന്ന പാടശേഖരങ്ങൾകണ്ടെത്തി കർഷകരെ ബോധവൽക്കരിച്ചാൽ എള്ള്കൃഷി കൂടുതൽ വ്യാപകമാക്കാനുംതദ്വാര കൃഷിഭൂമിയിൽ നിന്നും ആദായം വർദ്ധിപ്പിക്കുവാനും സാധിക്കും.

## 6. സുഗന്ധവിളകൃഷി വികസനം

വ്യാപകമായ തോതിലല്ലെങ്കിലും നമ്മുടെ

പഞ്ചായത്തിലെ ഒട്ടും അപ്രധാനമല്ലാത്ത ഒരു വിഭാഗമാണ് സുഗന്ധവിളകൾ. 2500 വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ മാതൃക ഇഞ്ചികൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന്രണ്ട് കർഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇനിയും വളരെയധികം പ്രോത്സാഹനവും കർഷകബോധവൽക്കരണവും ആവശ്യമായ ഒന്നാണ് സുഗന്ധവിളകൾ. ദ്രുതവാട്ടം പോലുള്ള ഭീകരമായ രോഗങ്ങൾ ചെറുക്കുന്നതിന് ഒരു പ്രദേശത്തെ മുഴുവൻ കർഷകരും കൂട്ടായി സസ്യസംരക്ഷണ പ്രവർത്തനങ്ങൾ അവലംബിച്ചാൽ മാത്രമെ സാധ്യമാവുകയുള്ളൂ. ഇതിനായി വാർഡുകൾ തോറും കർഷകരുടെ സന്നദ്ധസേനകൾ സജ്ജമാക്കുകയും ഒരേ സമയത്ത് മരുന്നു പ്രയോഗങ്ങൾ നടത്തുകയും അത്യന്താപേക്ഷിതമാണ്.

## 7. വിള ഇൻഷൂറൻസ്

എട്ടാം പദ്ധതിയുടെ ഏതാണ്ട് അന്ത്യഘട്ടത്തിൽ ആരംഭിച്ച ഒന്നാണ് സമഗ്രവിള ഇൻഷൂറൻസ് പദ്ധതി. നെല്ല്, തെങ്ങ്, വാഴ, കമുക്, പച്ചക്കറികൾ തുടങ്ങിയ മിക്കവാറും എല്ലാവിളകൾക്കും തുച്ഛമായ മുതൽ മുടക്കിൽ വിള ഇൻഷൂറൻസ് സംരക്ഷണം ഉറപ്പു തരുന്നതാണ്. ഏകദേശം150 കർഷകരുടെ കൃഷി സ്ഥലങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് സാധിച്ചിട്ടുണ്ട്. 1996 വർഷത്തിൽ വിളനാശം സംഭവിച്ച കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 13,960 രൂപ സർക്കാർ അനുവദിക്കുകയുണ്ടായിട്ടുണ്ട്. ഇനിയും കുടുതൽ കർഷകരെ ചേർക്കാനും വിളനാശം സംഭവിച്ച കർഷകർക്ക് തക്കസമയത്ത് നഷ്ടപരിഹാരം ലഭ്യമാക്കാനും ഉള്ള ആത്മാർത്ഥമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

## 8. പയർകൃഷിവികസന പദ്ധതി

ഈ പദ്ധതി മുഖേന 200 കിലോഗ്രാം പയർവിത്ത് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. മണ്ണിലെ ഭാവഹത്തിന്റെ അംശം വർദ്ധിപ്പിക്കുന്നതിനും ജൈവ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും സഹായകമായ വിള എന്ന നിലയിൽ ഇനിയും പ്രോത്സാഹിപ്പിക്കപ്പെടേണ്ട ഒന്നാണ് പയറുവിളകൾ. ഗുണനിലവാരമുള്ള വിത്തുകൾ ലഭ്യമാക്കുന്നതോടൊപ്പം തന്നെ വളം, കീടനാശിനികൾ എന്നിവ കൂടി കുറഞ്ഞവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കേണ്ടതുണ്ട്.

## 9. കാർഷികയന്ത്രവൽക്കരണം

കാർഷികരംഗത്ത് വർദ്ധിച്ചുവരുന്ന തൊഴിലാളി ദാരിദ്ര്യം യന്ത്രവൽക്കരണ രംഗത്തേയ്ക്ക് തിരിയാനായി കർഷകർക്ക് പ്രചോദനമേകി. പഞ്ചായത്തിലെ പാടശേഖരങ്ങൾക്ക് 2 പവ്വർ ടില്ലറുകൾ, ഒരു ട്രാക്ടർ എന്നിവ പകുതി വിലയ്ക്ക് കൃഷിഭവൻ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഉപകരണങ്ങൾക്കു പുറമെ മെതിയന്ത്രം, ഞാറുനടുന്നതിനുള്ള യനത്രം, കൊയ്ത്തുയന്ത്രം തുടങ്ങിയവയും ഈ പദ്ധതിവഴി വിതരണം ചെയ്യുന്നതിന് പരിപാടിയുണ്ട്.

ഇപ്പോൾ പാടശേഖരസമിതികൾക്ക് മാത്രം ലഭ്യമായ ഈ ആനുകൂല്യം സ്വന്തമായി മുതൽമുടക്കാൻ തയ്യാറുള്ള കർഷകർക്കു കൂടി ലഭ്യമാക്കണമെന്ന് ആവശ്യമുയർന്നിട്ടുണ്ട്. പരമ്പരാഗത കർഷകതൊഴിലാളികൾ വ്യവസായിക രംഗത്തേയ്ക്കും, നിർമ്മാണ രംഗത്തേയ്ക്കും ചുവടുറപ്പിക്കുകയും കർഷകത്തൊഴിലാളികളുടെ കാര്യക്ഷമത കുറഞ്ഞുവരികയും ചെയ്തു കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, നമ്മുടെ നാട്ടിൽ നെൽകൃഷി നിലനിൽക്കണമെങ്കിൽ യന്ത്രവൽക്കരണം ആവശ്യം വേണ്ട ഒന്നാണ്.

## 10. ഫലവർഗ്ഗകൃഷി വികസനം

പഴങ്ങൾക്കും പച്ചക്കറികൾക്കും പ്രധാനമായും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിൽ ഇവയുടെ കൃഷി പ്രോത്സാഹിപ്പി

ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി ഗുണനിലവാരമുള്ള ഒട്ടുമാവിൻ തൈകൾ, ചാമ്പ, ആത്ത, മാതളം, നാരകം തുടങ്ങിയവയുടെ തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. വൻതോതിലുള്ള കീടരോഗഭീഷണികളെ നേരിട്ടുകൊണ്ടിരിക്കുന്ന വാഴ കൃഷിയെ സംരക്ഷിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 11. പച്ചക്കറി വികസനം

സമഗ്രപച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 4000 പാക്കറ്റ് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇങ്ങനെ കൃഷി ചെയ്യപ്പെട്ട കൃഷി സ്ഥലങ്ങളിൽ മികച്ചവ കണ്ടെത്തി ഓരോ സീസണിലും 450 രൂപവീതം സമ്മാനങ്ങളും വിതരണം ചെയ്തിട്ടുണ്ട്. സ്കൂളുകൾ മുഖേനയും പഞ്ചായത്തിലെവിവിധ മഹിളാ സമാജങ്ങൾ വഴിയും ഈ പരിപാടികൾ നടപ്പിലാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

ഒരുകാലത്ത് എല്ലാ വീട്ടിലും തങ്ങളുടെ ആവശ്യത്തിനുള്ള പച്ചക്കറികൾ ഉല്പാദിപ്പിക്കപ്പെട്ടിരുന്ന നിലയിൽനിന്ന് ഓരോന്നും മാർക്കറ്റിൽ നിന്നും വാങ്ങിക്കുന്ന സ്ഥിതിയിലേയ്ക്ക് മാറിയിരിക്കുന്നു. ഒരു ലോറിസമരം ഉണ്ടായാൽ നമുക്ക് പച്ചക്കറികൾകിട്ടാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഇതിന് പരിഹാരമായി പൂർണ്ണമായ ജനപങ്കാളിത്തതോടെ ഓരോ വീട്ടിലും അടുക്കളത്തോട്ടങ്ങൾ സ്ഥാപിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഒരു സമയബന്ധിത തീവ്രയജ്ഞപരിപാടി ഉടനെ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

## പ്രത്യേക ഘടകപദ്ധതി

പട്ടികജാതിയിൽപ്പെട്ട കർഷകരുടെ സമഗ്രവികസനത്തിന് ലക്ഷ്യമിട്ടിട്ടുള്ള ഒന്നാണ്പ്രത്യേക ഘടക പദ്ധതി. ഈ പദ്ധതിയിൽ കർഷകർക്ക് തെങ്ങിൻ തൈകൾ, വളം, കീടനാശിനികൾ എന്നിവ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിക്കാലത്ത് തീവ്രസങ്കേത വികസന പദ്ധതിയിൽപ്പെടുത്തി രണ്ട് കോളനികൾക്ക് കിണറുകൾ കുഴിക്കുന്നതിനുള്ള ധനസഹായം, പണിയായുധങ്ങൾ, മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറുകൾ തുടങ്ങിയവ 100% സബ്സിഡിയോടെ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | കോളനി | വാർഡ് | അനുവദിച്ച തുക |
|---|---|---|---|
| 1994-95 | അരീക്കൽ | 13 | 1,37,000/- |
| 1995-96 | മത്തായിപുരം കോളനി | 3 | 3,87,000/- |

കോളനികളിൽ ഉൾപ്പെടാത്ത കർഷകർക്കു കൂടി വിവധ ഘടകങ്ങളിൽ ധനസഹായം എത്തിക്കേണ്ടത് ആവശ്യമാണ്.

## പ്രകൃതിക്ഷോഭ ദുരിതാശ്വാസം

കർഷകർക്ക് ഭീഷണിയാകാറുള്ള പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള ധനനഷ്ടം കുറയ്ക്കുന്നതിന് കർഷകർക്ക് ചെറിയതോതിലുള്ള ധനസഹായങ്ങൾ കൃഷി ഭവൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

| വർഷം | കർഷകരുടെ എണ്ണം | തുക (രൂപ) |
|---|---|---|
| 1992-'93 | 306 | 68,800/- |
| 1993-'94 | 328 | 1,56,018/- |
| 1995-'96 | 120 | 37,600/- |
| 1996-'97 | 2 | 215/- |

## നെല്ല് സംഭരണ പദ്ധതി;

നെൽകൃഷിക്കാർക്ക് തങ്ങളുടെ ഉൽപ്പന്നത്തിന് ന്യായമായി വില ലഭ്യമാക്കുന്നതിനുവേണ്ടിയാണ് നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കിയത്. കർഷകരിൽനിന്നും നേരിട്ട് നെല്ല് സംഭരി

ക്കുന്ന കർഷകസംഘങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കും സംഭരിച്ച ഓരോ ടൺ നെല്ലിനും 300 രൂപ പ്രകാരം പ്രോത്സാഹനധനമായി നൽകുന്നു. അഞ്ചാം പദ്ധതിക്കാലത്ത് രണ്ടുവർഷങ്ങളായി 3,50,000 രൂപ പുല്ലുഴി കോൾപടവ് സഹകരണസംഘത്തിന് അനുവദിച്ചിട്ടുണ്ട്. സംഭരിക്കപ്പെടുന്ന നെല്ല് സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കാവുന്നതാണ്.

## കാർഷികരംഗത്ത് പ്ലാസ്റ്റിക്കിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി;

ജലസേചനത്തിനുള്ള വെള്ളത്തിന്റെ ദൗർലഭ്യത അനുഭവപ്പെടുന്ന തോട്ടങ്ങളിൽ കണികജലസേചനം നടത്തുന്നതിന് 50% സബ്സിഡി ഈ പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. അതിനുപുറമെ വാണിജ്യാടിസ്ഥാനത്തിലുള്ള പൂകൃഷി വികസനത്തിനായി ഗ്രീൻ ഹൗസുകൾ നിർമ്മിക്കുന്നതിനും 50% സബ്സിഡി വിവിധ കർഷകർക്ക് അനുവദിച്ചിട്ടുണ്ട്.എട്ടാം പദ്ധതിക്കാലത്ത് പ്രസ്തുത പദ്ധതിയിൽപ്പെടുത്തി 1,30,000 രൂപ വിവിധ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

## ജൈവവാതക വികസന പദ്ധതി

പരമ്പരാഗത ഊർജ്ജസ്രോതസ്സുകൾ വറ്റികൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ഇന്ന് ആഗോളതലത്തിൽ തന്നെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വിഷയമാണല്ലോ.ഗ്രാമീണ രംഗത്ത് പരമ്പരാഗത ഊർജ്ജസ്രോതസ്സുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവവാതക വികസനം നല്ലൊരു മാർഗ്ഗമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനായി ഒരു ബയോഗ്യാസ് പ്ലാൻറ് പണിയുന്നതിനായി 3100 ക ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇനിയും വളരെയധികം വികസനം നടപ്പിൽ വരുത്തേണ്ട ഒരു പദ്ധതിയാണിത്.

## സമഗ്ര നാളികേരവികസന പദ്ധതി

തെങ്ങുകൃഷിയുടെ മൊത്തത്തിലുള്ള വികസനത്തിനുള്ള വിവിധഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പദ്ധതിയാണിത്. എട്ടാം പദ്ധതിക്കാലത്ത് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ഘടകങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമനമ്പർ | ഘടകം | എണ്ണം |
|---|---|---|
| 1 | കിണർ | 23 |
| 2. | പമ്പുസെറ്റ് | 34 |
| 3. | തെങ്ങുകയറ്റ യന്ത്രം | 2 |
| 4. | കിണർ (പട്ടികജാതി കർഷകന്) | 1 |

മേൽ കാണിച്ചിട്ടുള്ള വിവധ ഘടകങ്ങളിലായി 1,46,550 രൂപ ഈ പഞ്ചായത്തിൽ വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കിണർ, പമ്പുസെറ്റ് എന്നിവ ലഭിക്കുന്നതിനുള്ള ചുരുങ്ങിയ ഭൂവിസ്തീർണ്ണം 30 സെൻറാണ്. അയ്യന്തോൾ പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഇത് 15 സെൻറായി കുറയക്കണമെന്ന് കർഷകർ ആവശ്യമുന്നയിച്ചിട്ടുണ്ട്.

## നെൽകൃഷിക്കാർക്കുള്ള ഉല്പാദനസഹായം;

നെൽകൃഷിക്കാർക്ക് നേരിടേണ്ടിവരുന്ന ഉയർന്ന ചെലവിനങ്ങളാണ് തൊഴിലാളികൾക്കു നൽകേണ്ട കൂലിയും, രാസവളം, കീടനാശിനികൾ തുടങ്ങിയവയുടെവിലയും ഈ പ്രശ്നത്തിന് ചെറിയൊരു പരിഹാരമെന്ന നിലയിൽ നെൽകൃഷിക്കാർക്ക് പാടസേഖരങ്ങൾ മുഖേന കൊല്ലംതോറും ഉല്പാദന ധനസഹായം നൽകുന്നുണ്ട്. ഏക്കറിന്നൂറ് രൂപയാണ് ധനസഹായത്തിന്റെ തോത്. എട്ടാം പദ്ധതിക്കാലത്ത് വിതരണം ചെയ്തിട്ടുള്ള ധനസഹായത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | നെൽകൃഷിചെയ്ത വിസ്തീർണ്ണം | അനുവദിച്ച/ വിതരണം ചെയ്തതുക. |
|---|---|---|---|
| 1 | 199394 | 1650 ഏക്കർ | 1,65,000 |
| 2 | 1994-95 | 1634 " | 1,63,400 |
| 3 | 1995-96 | 1161.72 " | 1,16,172 |

ഇപ്പോൾ അനുവദിക്കുന്ന തുക തീരെ കുറവാണെന്നും ഇത് വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും കർഷകർ അഭിപ്രായപ്പെടുന്നു. ഉൽപ്പാദന സഹായത്തിൻെറ തോത് നിർണ്ണയിക്കുമ്പോൾ കൃഷിചെയ്യുന്ന സ്ഥലം വിസ്തൃതിയോടൊപ്പം തന്നെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നത്തിൻെറ അളവ് കൂടെ കണക്കിലെടുക്കുന്നത് നന്നായിരിക്കും.

## പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി

നെൽകൃഷി വികസനത്തിനു വേണ്ടി കേന്ദ്ര സർക്കാരിൻെറ ധനസഹായത്തോടെ നടപ്പിലാക്കപ്പെട്ട ഒരു പദ്ധതിയാണിത്. അംഗീകൃത പാടശേഖര സമിതികൾക്ക് ആവശ്യമായ പവ്വർടില്ലറുകൾ ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാക്കുന്ന ഒരു പരിപാടി ഈ പദ്ധതിയിൽ അടങ്ങിയിരുന്നു. അറുപതിനായിരത്തോളം രൂപ വിലയുള്ള പവ്വർ ടില്ലറുകൾ പാടശേഖരങ്ങൾക്ക് വെറും പതിനായിരം രൂപയ്ക്കാണ് കേരള സ്റ്റേറ്റ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന കൃഷിഭവൻ വിതരണം ചെയ്തത്. ഇതിനുപുറമെ ഏതാനും കർഷകർക്ക് കിണറുകളും പമ്പുസെറ്റുകളും സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. സഹായധനത്തിൻെറ വിശദാംശങ്ങൾ ഇപ്രകാരമാണ്.

| ക്രമനമ്പർ | പദ്ധതിഘടകം | എണ്ണം | സബ്സിഡി |
|---|---|---|---|
| 1. | പവ്വർ ടില്ലര | 2 | 1,00,000/- |
| 2. | കിണർ | 3 | 6,000/- |
| 3. | പമ്പ്സെറ്റ് | 1 | 3,000/- |
| | ആകെ | | 1,09,000/- |

## കോൾ കർഷകർക്ക് നീറ്റുകക്ക വിതരണം ചെയ്യുന്നതിനുള്ള പദ്ധതി

പഞ്ചായത്തിലെ കോൾ വികസന ഏജൻസി മുഖേന നീറ്റുകക്ക വിതരണം ചെയ്തിട്ടുണ്ട്.എട്ടാം പദ്ധതിയിലെ അവസാനത്തെ 3 വർഷത്തെ കുമ്മായ വിതരണം ഇത്തരത്തിൽ കോൾ വികസന ഏജൻസി നൽകിയ ധനസഹായം ഉപയോഗിച്ചായിരുന്നു. പഞ്ചായത്തിലെ പുല്ലഴി, കോൾപടവ്, ചേറ്റുപുഴ കോൾ പടവ്, മണിനാടൻ കോൾപടവ്, എൽത്തുരുത്ത് കോൾപടവ് എന്നീ പാടശേഖരങ്ങൾക്കായി ഏകദേശം 70,000 കിലോഗ്രാം ഓരോ വർഷവും വിതരണം നടത്തിയിട്ടുണ്ട്. കിലോഗ്രാം ഒന്നിന് 90 പൈസ നിരക്കിൽ ഓരോ വർഷവും 63,000 രൂപ വീതം ഈയിനത്തിൽ ചെലവു ചെയ്തിട്ടുണ്ട്.

## പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പൊതുവായ ചില കാർഷിക പ്രശ്നങ്ങൾ ;

തൃശ്ശിവപേരൂർ നഗരത്തിനോട് തൊട്ടുകിടക്കുന്ന ഒരു പ്രദേശമായതിനാലും ജില്ലയുടെ ഭരണസിരാകേന്ദ്രമായ സിവിൽ സ്റ്റേഷൻ ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതിനാലും ഇവിടെ താരിതഗതിയിലുള്ള നഗരവൽക്കരണമാണ് ഇന്ന് നടന്നു കൊണ്ടിരിക്കുന്നത്. ഒരുകാലത്ത് പ്രധാന ഭക്ഷ്യധാന്യ ഉൽപ്പാദന കേന്ദ്രങ്ങളായിരുന്ന പ്രദേശങ്ങളിലെല്ലാം ഇന്ന് കോൺക്രീറ്റ് വനങ്ങൾ ഉയർന്നു വന്നുകൊണ്ടിരിക്കുകയാണ്. ഈ സ്ഥിതി വിശേഷങ്ങൾ ഇന്നാട്ടിലെ ജനങ്ങളിലെ സാമൂഹ്യ മനസ്ഥിതിയിൽ തന്നെ കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലകളായ കൃഷിയെ പൂർണ്ണമായും ഉപേക്ഷിച്ച് ഇവിടുത്തെ പിൻമുറക്കാർ വെള്ളക്കോളർ ജോലികളുടെ പിന്നാലെ പായുകയാണ്. കുടുബാംഗങ്ങളുടെ അദ്ധ്വാനം നെൽപ്പാടത്ത് ലഭ്യമല്ലാതായതോടെ കൃഷി ലാഭകരമല്ലാതായി. തെങ്ങ് കമുക് പോലുള്ള തോട്ടവിളകളിൽ നിന്ന് ലഭ്യമാകുന്ന താരതമ്യേന വർദ്ധിച്ച ആദായവും ഈ ചിന്താഗതിക്ക് ആക്കം കൂട്ടി.

1957-ൽ ഭൂപരിഷ്കരണ പ്രസ്ഥാനവും പിന്നീട് വന്ന കുടികിടപ്പ് സംരക്ഷണ നിയമവും 1971-ൽ പാസ്സാക്കപ്പെട്ട ഭൂപരിഷ്ക്കരണ നിയമങ്ങളും കൃഷിഭൂമിയുടെ മേലുള്ള അവകാശം അദ്ധ്വാനിക്കുന്ന കർഷകന് നേടികൊടുക്കുന്നതിന് സഹായിച്ചു. ജനങ്ങളുടെ സാമൂഹിക പരിതസ്ഥിതികൾ മെച്ചപ്പെടുത്താൻ ഇത് വഴിതെളിച്ചെങ്കിലും കൃഷിഭൂമികൾ തുണ്ടുതുണ്ടാക്കപ്പെടുക എന്ന വൻ ദുരന്തവും ഇത് വരുത്തിവെച്ചു. സ്വതവേ ജനസാന്ദ്രത വളരെയേറെ കൂടുതലുള്ള ഒരു പ്രദേശമാണ് അയ്യന്തോൾ പഞ്ചായത്ത്. 1991 സെൻസസ്പ്രകാരം ഇവിടുത്തെ ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 1971 പേരാണ്. അതായത് ഇന്ത്യയിൽ ചിലനഗരങ്ങളോട് കിടപിടിക്കാവുന്ന ജനസാന്ദ്രതയാണ് ഇവിടെ ഉള്ളതെന്നർത്ഥം. കർഷകൻെറ കയ്യിലുള്ള ശരാശരി കൃഷിഭൂമി അരയേക്കറിൽ താഴെയാണെന്ന മറുവശവും ഇതിനുണ്ട്. ഇത് കൃഷി ലാഭമല്ലാതാക്കിതീർത്ത ഒരു പ്രധാന ഘടകമാണ്.

കാർഷികരംഗത്ത് തൊഴിലാളികളുടെ ദൗർലഭ്യം ഇന്നത്തെ കർഷകരുടെ ഒരു വൻഭീഷണിയാണ്. ഇതിന് പ്രധാന കാരണം കർഷകരുടേയും കർഷകതൊഴിലാളികളുടേയും പിൻമുറക്കാർ കൃഷിയിൽ ആഭിമുഖ്യം പ്രകടിപ്പിക്കാതായി എന്നതാണ്. പരമ്പരാഗത തൊഴിലാളികൾ നിർമ്മാണ രംഗത്തേയ്ക്കും വ്യവസായിക രംഗത്തേയ്ക്കും കുടിയേറിയതും ഇതനൊരു പ്രധാന കാരണമാണ്. യന്ത്രവത്കൃത വ്യവസായങ്ങളുടെ ആവിർഭാവം തൊഴിലാളികളെ അങ്ങോട്ട് ആകർഷിക്കുവാൻ കാരണമായി. മെച്ചപ്പെട്ട കൂലി ലഭിച്ചില്ലെങ്കിൽപോലും ഇത്തരം തൊഴിലുകൾക്ക് സമൂഹത്തിൻെറ മാന്യത നേടിയെടുക്കാൻ സാധിക്കുന്നതുകൊണ്ട് ഈ തൊഴിലാളികൾ കാർഷികരംഗത്തേയ്ക്ക് മടങ്ങിവരാൻ തയ്യാറായില്ല. കർഷകതൊഴിലാളികൾ കൂട്ടം കൂട്ടമായി നിർമ്മാണ തൊഴിലാളികളായി മാറുന്നത് ഇന്നൊരു നിത്യസംഭവമാണ്. മണ്ണും മനുഷ്യനുമായിട്ടുള്ള ബന്ധം തീർത്തും അന്യമായികൊണ്ടിരിയ്ക്കുകയാണ്.

പഞ്ചായത്തിലെ ജനസംഖ്യ വിസ്ഫോടനത്തെപ്പറ്റിയും കൃഷിഭൂമികൾ നികത്തിവീടുകൾ പണിയുന്നതിനെപ്പറ്റിയും നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. പലപ്പോഴും ഇതിൻെറ ദൂരവ്യാപകഫലങ്ങളെപ്പറ്റി നമ്മൾ ചിന്തിക്കാറില്ല. നമ്മുടെ നാട്ടിലെ കാര്യക്ഷമമായ ജലസംഭരണികളായി വർത്തിക്കേണ്ട പ്രദേശങ്ങളാണ് നെൽപ്പാടങ്ങൾ. ഏകദേശം 60 കി.മി.മാത്രം വീതിയുള്ള നമ്മുടെ സംസ്ഥാനത്തിൽ പെയ്തു വീഴുന്ന വെള്ളത്തിൻെറ ഭൂരിഭാഗവും ഒന്നോ രണ്ടോ ദിവസം കൊണ്ട് അറബിക്കടലിൽ ഒഴുകിയെത്തും. ഈ വെള്ളത്തിൻെറ ചെറിയൊരു അംശമെങ്കിലും സംഭരിച്ചു വയ്ക്കുന്നത് നെൽപ്പാടങ്ങളാണ്.ഈ നെൽപ്പാടങ്ങൾ നികത്തുന്നതുമൂലം ഭക്ഷ്യോൽപ്പാദനം കുറയുന്നതിനു പുറമെ നമ്മുടെ ഭൂജലസ്രോതസ്സുകൾ പോലും വറ്റിപ്പോകുന്നു. നമ്മുടെ നാട്ടിൽ കാട് സംരക്ഷിക്കുന്നതിനെപ്പറ്റി പലരും ശബ്ദമുയർത്താറുണ്ടെങ്കിലും നെൽപ്പാടങ്ങളെ നികത്തപ്പെടുന്നതിൽ നിന്നും രക്ഷിക്കണമെന്ന് ആരും മനസ്സിലാക്കിയിട്ടില്ല. അയ്യന്തോൾ പഞ്ചായത്തിലെ പന്നിക്കരപാടം, ആര്യംപാടം, കോലോത്തുംപാടം, പെങ്കുളംപാടം, അഷ്ടേങ്കുളം പാടം, വലിയപാടം എന്നിവയെല്ലാം പൂർണ്ണായും കോൺക്രീറ്റ് വനങ്ങളായി പരിണമിച്ചു കഴിഞ്ഞു. ഇതുമൂലം ജലനിർഗ്ഗമന മാർഗ്ഗങ്ങൾ കുറഞ്ഞതുമൂലം പരിസര മലിനീകരണവും രൂക്ഷമായിട്ടുണ്ട്. കോൾപ്രദേശമായ കറുത്താണി പാടശേഖരത്തിലെ ഇരുപ്പൂ നിലങ്ങൾ മണ്ണിട്ടു നികത്തിയതുമൂലം അവശേഷിക്കുന്ന ഭൂരിഭാഗം നിലം ഇന്ന് കൃഷിക്ക് ഉപയുക്തമല്ലാതായി. വേനൽക്കാലത്ത് രൂക്ഷമായ കുടിനീർക്ഷാമവും ഈ പ്രദേശത്ത് ഇന്ന് അനുഭവപ്പെടുന്നുണ്ട്.

തൃശൂർ നഗരത്തോട് തൊട്ടു കിടക്കുന്നതിനാൽ ഉണ്ടായ മറ്റൊരു ദുരന്തം ഗ്രാമവാസികളിൽ ഉടലെടുത്ത ഉപഭോക്തൃ സംസ്കാരമാണ്. വരവിനനുസരിച്ച് ചെലവു ചെയ്തിരുന്ന പണ്ടുകാലത്തെ സാധാരണ കർഷകൻെറ ജീവിതരീതിയിൽ നിന്ന് വ്യതിരിക്തമായി വിപണിയിൽ ലഭ്യമായതെന്തും വിലകൊടുത്തുവാങ്ങാൻ ആരംഭിച്ച

തോടെ ഇവിടുത്തെ ജീവിതച്ചെലവും ഗണ്യമായി വർദ്ധിച്ചു. ഇതിനു സമാന്തരമായ കൃഷി നിലങ്ങളുടെവിലയും കുത്തനെ ഉയർന്നു. പണ്ട് പറക്കണക്കിന് വിലയിട്ടിരുന്ന നിലങ്ങൾ ഇന്ന് സെൻറിനാണ് വില നിശ്ചയിച്ച് ക്രയവിക്രയം നടത്തുന്നത് ജീവിതച്ചെലവ് വർദ്ധിച്ചതോടെ കർഷകർ കൃഷിഭൂമി വിൽക്കാനും സൃഷ്ടിപരമല്ലാത്ത മേഖലകളിൽ ഈ പണം ചെലവഴിക്കാനും തുടങ്ങി.

ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെയും അന്തർദേശീയ സാറ്റലൈറ്റ് ശൃംഗലകളുടെയും ആക്രമണം ഒരു സാധാരണ കർഷക കുടുംബത്തിൻെറ മാനസികാവസ്ഥയാകെ താറുമാറാക്കി. ജനങ്ങളുടെ വിലയേറിയ സമയം അപഹരിക്കുന്നതിനു പുറമെ കൃഷികാര്യങ്ങളിൽ വിരക്തി ഉടലെടുക്കാനും ഇത് കാരണമായി യുവതലമുറയെ കാർഷികരംഗത്തു നിന്നും വഴി തിരിക്കുന്നതിൽ ഇതൊരു പ്രധാന കാരണമായി പണ്ടത്തെ ജനങ്ങളിലുണ്ടായിരുന്ന മണ്ണിനോടുള്ള ആത്മബന്ധവും മനശ്ശാന്തി പോലും ഇന്നന്യമായി കഴിഞ്ഞു.

ഏകദേശം 50 വർഷങ്ങൾക്കു മുൻപ് അയ്യന്തോളിലെ ഓരോ കർഷകൻെറയും വീട്ടുമുറ്റത്ത് വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ സമൃദ്ധിയായി വിളഞ്ഞിരുന്നു. എന്നാൽ ഇന്നത്തെ മുറ്റങ്ങൾ പച്ചനിറം പോലുമില്ലാതെ ശൂന്യമാണ്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽനിന്നും പച്ചക്കറികൾ വൻതോതിൽ ലഭ്യമായതിനാൽ പച്ചക്കറികൾ നട്ടുവളർത്തി ഉല്പാദിപ്പിക്കാൻ കർഷകർ മെനക്കെടുന്നില്ല. ഒരു ലോറി സമരമോ കയറ്റിറക്കുതൊഴിലാളി സമരമോ തമിഴ്നാട്ടിലെ അവൃഷ്ടിയോ അനാവൃഷ്ടിയോ ഉണ്ടായാൽ ഇവിടെ പച്ചക്കറികൾ ലഭ്യമല്ലാത്ത ദുരന്താവസ്ഥയാണ് ഇന്ന് നിലവിലുള്ളത്.

പഞ്ചായത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ വന്നതോടെ പല കൃഷിഭൂമികളിലുംകൃഷി ഇറക്കാതായി. ഇവിടേയ്ക്കുവേണ്ടിയുള്ള വ്യവസായം രൂപീകരിക്കുമ്പോൾ ഇവിടെ ലഭ്യമായ കാർഷിക അസംസ്കൃത പദാർത്ഥങ്ങൾ യഥാവിധ ഉപയോഗപ്പെടുത്താൻ സഹായിക്കുന്ന സംരഭങ്ങൾ ആരംഭിക്കുന്നത് നന്നായിരിക്കും. അയ്യന്തോളിൽ വ്യവസായത്തിന് വെണ്ടി ഏറ്റെടുത്ത് തരിശായി ഇട്ടിരിക്കുന്ന നിലങ്ങൾ മറ്റ് കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കേണ്ടതാണ്.

## ഗ്രാമസഭയിൽ ഉയർന്നുവന്ന ചില പ്രത്യേക പരാമർശങ്ങൾ

അയ്യന്തോൾ ഗ്രാമപഞ്ചായത്തിൽ എല്ലാ വർഡുകളിലും വളരെയധികം കൃഷിയോഗ്യമായ സ്ഥലങ്ങൾ കിടക്കുന്നു. മങ്ങാട്ട്പാടം, ആര്യംപാടം, പന്നിക്കരപാടം കോലോത്തുംപാടം, വിയ്യൂർപാടം, മാരാർ പാടം എന്നിവയാണ് ഇവ. ഇതിൽ വ്യക്തിപരമായി മാർഗ്ഗതടസ്സങ്ങൾ ഉണ്ടാക്കപ്പെട്ടവയും ഉൾപ്പെടുന്നു. ആകെ കൃഷി സ്ഥലങ്ങളിൽ വലിയൊരു പങ്ക് ഇതിൽപ്പെടുമെന്ന കാര്യം വിസ്മരിക്കരുത്.

തൃക്കുമാരംകുടം കുളം, അഷ്ടേകുളം, അമ്പാടികുളം, കുറിഞ്ഞാക്കൽ, കുറുക്കൻകുളം,കാക്കനാംകുളം, കാട്ടുകുളം, കോച്ചാട്ടിക്കുളം, മനസിടക്കുളം, എടുക്കുളം, പറക്കുളം, വണ്ണാത്തിക്കുളം മുതലായ ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടേണ്ടവയാണ്.

തൃശൂർ മുൻസിപ്പാലിറ്റിയേയും, അയ്യന്തോൾ പഞ്ചായത്തിനേയും വേർതിരിക്കുന്ന മെട്രോറോഡു മുതൽ കുറുഞ്ഞാക്കൽ വരെ വളഞ്ഞു കിടക്കുന്ന പുറമ്പോക്ക് തോട് പരിരക്ഷിക്കുന്നതായാൽ മാലിന്യ ബഹിർഗമനത്തിനും ജലസേചനത്തിനും ഉപയോഗിക്കാവുന്നതാണ്.

കെ.എൽ.ഡി.സി. അയ്യന്തോൾ പഞ്ചായത്തിനെ വളഞ്ഞുകിടക്കുന്നു. എന്നാൽ കഴിഞ്ഞ 3കൊല്ലം മുമ്പ് പൂർത്തിയാവാതെ കിടക്കുന്ന ബണ്ടുകൾ ഈ പഞ്ചായത്തിന് ഒരു ശാപമായി പരണമിച്ചിരിക്കയാണ്. ആ ബണ്ടു പണി ആരംഭി

ച്ചകൊല്ലം മുതൽ ഇതേവരെ കൃഷിനടത്താൻ സാധിക്കാത്ത പാടശേഖരങ്ങളും ഇന്നു നിലവിലുണ്ട് ഉദാഹരണം കറുത്താണി, പുല്ലഴിക്കോളിന്റെ ഒരു ഭാഗം.

കാര്യാട്ടുകര കുന്നിൽ ഒരു ജലസേചന പദ്ധതി വരികയാണെങ്കിൽ 4,5 വാർഡുകളിൽ ജലസേചനത്തിനും കുടിവെള്ളത്തിനും ആവശ്യമായ ജലം സംഭരിക്കാൻ സാധിക്കുന്നതാണ്. അതുപോലെ തന്നെ ഇന്ന് 10-ാം വാർഡിൽ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പുനരുജ്ജീവിപ്പിക്കുകയാണെങ്കിൽ 8,10,11,12,13,6,5 എന്നീ വാർഡുകളെ ബന്ധിപ്പിക്കുന്ന ജലസേചന സൗകര്യം ഏർപ്പെടുത്തുവാൻ സാധിക്കുന്നതാണ്.

ആരംഭിച്ച 11 വെൺകുളം പാടത്തുണ്ടിന് തോട് 11-12-13 വാർഡുകളിൽ കൂടി പോകുന്ന വെൺകുളം തോട് ഇരവശവും കെട്ടി നന്നാക്കണം.

2. സീതാറാം മിൽ, മുനിസിപ്പാലിറ്റി, കുന്നത്ത് കമ്പനി എന്നിവയിൽ നിന്നുള്ള മലിനജലംകൃഷിനാശത്തിന് ഇടവരുന്നു. അത് തടയപ്പെടേണ്ടതാണ്. 1-13-14-15 വാർഡുകളുടെ മലിനീകരണം ഇതുമൂലം ഒഴിവാക്കാവുന്നതാണ്. കാര്യാട്ടുകര 4-ാം വാർഡിൽ മാരാർകോൾ പടവിന്റെയും എൽതുരുത്ത് കോൾ പടവിന്റെയും സംഗമഭാഗത്ത് കൂടി നെടുപുഴയിലേക്ക് പാലം നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. 13-ാം വാർഡിൽ അവിഞ്ഞാക്കൽ റോഡ് തുരുത്ത്മായി സംബന്ധിച്ച് തുരുത്തിൽകൂടിയുള്ള റോഡ് പടിഞ്ഞാറ്കോൾ വരെ പണിയുന്നതായാൽ കൃഷിക്കാർക്ക് വളരെ ഉപയോഗപ്രധമാകുന്നതാണ്.

## സാധ്യതകൾ

സമൃദ്ധിയായി ഭക്ഷ്യധാന്യങ്ങൾ ഉൽപാദിപ്പിച്ചിരുന്ന കോൾനിലങ്ങൾ ഉൾപ്പെടെയുള്ള പാടശേഖരങ്ങൾ മണ്ണിട്ട് നികത്തി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നത് നമ്മുടെ പഞ്ചായത്തിലെ ഒരു പ്രധാന സ്ഥിതിവിശേഷമാണ്. നെൽകൃഷി ലാഭകരമല്ല എന്ന പ്രചരണമാണ് ഇതിന് പ്രധാനമായും വഴിതെളിയിക്കുന്നത്. നെൽപ്പാടങ്ങളിൽ നിന്നുമുള്ളആദായം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. കർഷകരുടേയും അവരുടെ കുടുംബാംഗങ്ങളുടെയും കൂടുതൽ ശ്രദ്ധ നെൽകൃഷിയിടങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനും നെൽകൃഷിചെയ്യുവാൻ കർഷകരെ പ്രേരിപ്പിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കണം. തൊഴിലില്ലായ്മ രൂക്ഷമാണെന്ന വസ്തുത ഒരു വശത്ത് നിൽക്കുമ്പോൾ തന്നെ നെൽകൃഷിക്ക് ആളില്ലെന്ന വിരോധാഭാസവും നമുക്ക് കാണാൻ കഴിയും. കൃഷിയും മാന്യമായ ഒരു തൊഴിലാണെന്ന് ബോധ്യപ്പെടുത്തി യുവജനങ്ങളടക്കമുള്ള കുടുംബാംഗങ്ങളുടെ അദ്ധ്വാനം കർഷികരംഗത്തേയ്ക്ക് ഉപയോഗപ്പെടുത്തണം. വിത്തിടൽ മുതൽ നെല്ല് സംഭരിയ്ക്കൽ വരെ എല്ലാം പുറത്തുനുന്നുള്ള തൊഴിലാളികളെ ആശ്രിയിച്ച് ചെയ്യുന്നിടത്ത് മാത്രമാണ് നെൽകൃഷി ലാഭകരമല്ലാത്തെന്ന് അനുഭവസ്ഥർക്കറിയാം. പാടശേഖരങ്ങൾ നികത്തുന്നതിനെതിരെ കർശനനിയമങ്ങൾ ആവിഷ്കരിക്കുന്നതോടൊപ്പംതന്നെ നെൽകൃഷിക്കാരെ സാമ്പത്തികമായി സഹായിക്കാനും നടപടികൾ വേണം. ഇന്ന് നൽകുന്ന ഉൽപ്പാദന സഹായം നഷ്ടം നികത്താവുന്ന തരത്തിൽ വർദ്ധിപ്പിക്കണം. തരിശിട്ടിരിക്കുന്ന കൃഷിയോഗ്യസ്ഥലങ്ങൾ കണ്ടെത്തി അവിടെ കൃഷിയിറക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വേണ്ട നിർമ്മാണ പ്രവർത്തനങ്ങളോ മറ്റ് നടപടികളോ കൈക്കൊള്ളണം. ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതി പുനരുജ്ജീവിപ്പിച്ച് നെൽകൃഷിയിൽനിന്നുള്ള ഉൽപ്പാദന ആദായവും വർദ്ധിപ്പിക്കണം.

പഞ്ചായത്തിലെ വിവിധ പടവുകളിലായി ഉള്ള അനേകം ജലസേചനം/ജലനിർഗ്ഗമന തോടുകൾ കാര്യക്ഷമമല്ലാതെ കിടക്കുന്നുണ്ട്. ഈ തോടുകളുടെയെല്ലാം വരമ്പുകൾ ശക്തിപ്പെടുത്തുകയും വേണ്ടിടത്ത് കരിങ്കല്ലും ഉപയോഗിച്ച് കെട്ടുകയും വേണം. തോടുകളിൽനിന്നും പായലും ചണ്ടിയും നീക്കി വൃത്തിയാക്കുകയും മണ്ണ്നീക്കി

ആഴം കൂട്ടുകയും വേണം. കാർഷിക ഉല്പന്നങ്ങളും പോകാൻ സാധ്യമല്ലാത്ത പടവുകളിൽ തോടുവരമ്പുകൾ വീതി കൂട്ടി ഗതാഗത യോഗ്യമാക്കുകയോ ചെയ്യേണ്ടതാണ്. തോടുകളുടേയും വരമ്പുകളുടേയും അനധികൃത കുടിയേറ്റം അവസാനിപ്പിക്കേണ്ടതാണ്.

നെൽകൃഷി രംഗത്ത് ഗുണമേന്മയുള്ള വിത്തുകളുടെ ദൗർലഭ്യം ഇനൊരു പ്രധാന പ്രശ്നമാണ് ഇതിന് പരിഹാരമായി അതാത് പടവുകളിൽതന്നെ തങ്ങൾക്കുവേണ്ട വിത്തുകൾ ഉല്പാദിപ്പിക്കാൻ നടപടി വേണം ഇതിനാവശ്യമായ അടിസ്ഥാനവിത്ത് സർക്കാർ ഫാമുകളിൽ നിന്നും കാർഷിക സർവ്വകലാശാലയിൽനിന്നും ലഭ്യമാക്കണം. കൃഷിവകുപ്പിലെ സാങ്കേതിക വിദഗ്ദരുടെ മേൽനോട്ടത്തോടെ വിത്തുൽപ്പാദനം നടത്തുകയും ഉല്പാദിപ്പിക്കപ്പെട്ട വിത്തിന് ആനുപാതികമായി ആ സമിതികൾക്ക് പ്രോത്സാഹന സഹായം നൽകുകയും വേണം. ഈ സഹായം ഹെക്ടറിന് 2500 രൂപയെങ്കിലുംമായി നിജപ്പെടുത്തേണ്ടതാണ്. ഇതിനുപുറമെ വിത്തുൽപ്പാദനത്തെ സഹായിക്കുന്നതിന് വിത്തുസംഭരണ അറകൾ, വിത്തവിത്തുണക്കുന്നതിനുള്ള തറകൾഎന്നിവ ഏതാനും പടവുകൾക്ക് അനുവദിക്കേണ്ടതാണ്. വൻതോതിലുള്ള മുടക്കുമുൽ ആവശ്യമായി വരുന്ന ഈ പദ്ധതികളുടെ ചെലവിൻെറ 85% സബ്സിഡിയായി ലഭ്യമാക്കണം.

നമ്മുടെ നാട്ടിലെ തീർത്തും അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ് ജൈവവള ഉപയോഗം മണ്ണിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജലം ശേഖരിച്ചുവയ്ക്കുന്നതിനും ധാതുലവണങ്ങൾ ചെടികൾക്ക് ആഗിരണം ചെയ്യാൻ പാകത്തിൽ പിടിച്ചുനിർത്തുന്നതിനും മണ്ണിൽ ജൈവികാംശം അത്യാവശ്യമാണ്. ഇതിനുപുറമെ മണ്ണിലെ സഹായകാരികളായ അനേകം ലക്ഷം സൂക്ഷ്മജീവികളുടെ നിലനില്പിനും ജൈവികാംശം ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നാണ് ഇത്തരം കാര്യങ്ങളിൽ കർഷകരെ ബോധവാന്മാരാക്കുന്നതിനുള്ള പരിശീലന പരിപാടികൾ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തോടെ വാർഡുകൾതോറും സംഘടിപ്പിക്കണം. ഗ്രാമീണമേഖലയിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളും അവശിഷ്ടങ്ങളും മറ്റും ഉപയോഗിച്ച് കമ്പോസ്റ്റ് നിർമ്മിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കണം ഇതിന് ആകർഷകമായ നിരക്കിൽ കർഷകർക്ക് സബ്സിഡികൾ അനുവദിക്കണം മണ്ണിൻെറ ഫലപുഷ്ടിവർദ്ധിപ്പിക്കുന്നതിനായി പയർവർഗ്ഗത്തിൽപ്പെട്ട പച്ചിലവളവിത്ത് സഹകരണ സ്ഥാപനങ്ങൾ മുഖേനയും പാടശേഖലങ്ങൾ മുഖേനയും കർഷകർക്ക് കുറഞ്ഞ വിലക്ക് ലഭ്യമാക്കണം. നമ്മുടെ കർഷകർക്ക് ഇന്നും അന്യമായ ഒന്നാണ് ബയോഫെർട്ടിലൈസറുകൾ അഥവാ ജീവാണുവളങ്ങൾ ചെടികകൾക്ക് ആവശ്യമായ പാത്യജനകം, ഭാവഹം എന്നീ പോഷക ഘടകങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുവാൻ ഉതകുന്നവായണ് ഇവ. ഭക്ഷോൽപ്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ മണ്ണിൻെറ ഘടന നില നിർത്തുന്നതിനും മലിനീകരണം തടയുന്നതിനും രോഗാണുക്കളുടെ വ്യാപനം തടയുന്നതിനും ഇത്തരം വളങ്ങൾ സഹായിക്കുന്നു. ഇവയെ പ്രോത്സാഹിപ്പിക്കുന്നതിനായി മാതൃകാ കൃഷിയിടങ്ങൾ സ്ഥാപിക്കുകയും ജീവാണുവളങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുകയും വേണം.

കർഷകർക്ക് സമഗ്രമായ ബോധവത്ക്കരണം ആവശ്യമായ മേഖലയാണ് രാസവളങ്ങളുടെയും കീടനാശിനികൾ, കുമിൾനാശിനികൾ, കളനാശിനികൾ എന്നിവയുടേയും ഉപയോഗക്രമം. അശാസ്ത്രീയമായ ഉപയോഗമാണ് പലപ്പോഴും പരിസര മലിനീകരണത്തിനും പരിശ്ഥിതി സന്തുലിതാവസ്ഥ താറുമാറാകുന്നതിനും കാരണമാകുന്നത്. ഇവയുടെ ശരിയായ ഉപയോഗത്തെകുറിച്ച് പരിശീലനപരിപാടികൾ സംഘടിപ്പിക്കണം. ഇതിനുപുറമെ രാസവളങ്ങളും പ്രകൃതി സന്തുലനത്തെ ബാധിക്കാത്ത കീടനാശിനികളും സർക്കാർ ധന സഹായത്തോടെ ലഭ്യമാക്കണം മാത്രമല്ല നമ്മുടെ ഇക്കോസിസ്റ്റത്തിന് അനുകൂലമായ ജൈവകീടനാശിനികളായ വേപ്പിൻകുരു എണ്ണ, പുകയില

കഷായം തുടങ്ങിയവ വൻതോതിൽ നിർമ്മിക്കുന്നതിനും നടപടികൾ ആവിഷ്ക്കരിക്കണം.

കൃഷിമേഖലയിലെ തൊഴിലാളി ദാരിദ്ര്യത്തിന് ഒരു പരിഹാരമെന്ന നിലയിൽ വിവിധ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും കർഷകർക്ക് ലഭ്യമാക്കണം. ജലസേചനത്തിനുള്ള പമ്പുസെറ്റുകൾ, സ്പ്രെയറുകൾ, ട്രാക്ടറുകൾ, പവ്വർടില്ലറുകൾ, മെതിയന്ത്രങ്ങൾ കൊയ്ത്തുയന്ത്രങ്ങൾ, ഞാറുനടുക്കുന്നതിനുള്ള യന്ത്രങ്ങൾ തുടങ്ങിയവ കർഷകർക്കും പാടശേഖരങ്ങൾക്കും ലഭിക്കുന്ന സ്ഥിതി വരുത്തണം. വൻതോതിലുള്ളചെലവു വരുന്ന യന്ത്രസാമഗ്രികൾക്ക് 50%മോ അതിലധികമോ ധനസഹായം നൽകേണ്ടതുണ്ട്. അർഹമായ സബ്സിഡിയോടെ കൃഷിയിടങ്ങളുള്ള സ്വകാര്യവ്യക്തികൾക്കും ഈ ഉപകരണങ്ങൾ നൽകണം. ഇതിനെല്ലാം പുറമെ പുതിയ യന്ത്രങ്ങളുടെ ഡമോൺസ്ട്രേഷൻ പരിപാടികൾ നടത്തുകയും നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും കൃഷിരീതികൾക്കും ഇണങ്ങിയ യന്ത്രസാമഗ്രികൾ കണ്ടെത്തുന്നതിനുള്ള ഗവേഷണ പരിപാടികൾ സർവ്വകലാശാലതലത്തിൽ നടത്തേണ്ടതാണ്.

രാസവളപ്രയോഗം നടത്തുമ്പോൾ മണ്ണുപരിശോധനാ ഫലങ്ങളെ ആധാരമാക്കി ചെയ്യുന്നത് നന്നായിരിക്കും പരിശീലന പരിപാടികളും കാമ്പെയിനുകളും പഞ്ചായത്തിലെ വാർഡുകൾ തോറും സംഘടിപ്പിക്കണം. പടവുകളിലെ തോടുകളിൽ ആഫ്രിക്കൻ പായലിന്റെ ആക്രമണം ഒരു വൻഭീഷണിയായി ഉയർന്നിട്ടുണ്ട്. ഇവയെ നശിപ്പിക്കുന്നതിനുവേണ്ടി വിവിധ രാസജൈവസമ്പ്രദായങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.

നെൽകൃഷിക്കാർക്ക് തങ്ങളുടെ ഉൽപ്പന്നത്തിന് ന്യായമായ വില ലഭ്യമാക്കുന്നതിന് പാടശേഖരങ്ങൾ മുഖേനയും സഹകരണസ്ഥാപനങ്ങൾ മുഖേനയും നെല്ല് സംഭരിക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കണം. ഇപ്രകാരം നെല്ല് സംഭരിക്കാൻ സന്നദ്ധരാവുന്ന സ്ഥാപനങ്ങൾക്ക് അർഹമായ പ്രോത്സാഹനം നൽകണം തന്നെയുമല്ല ഇപ്രകാരം സംഭരിക്കുന്ന നെല്ല് ഇവിടെ തന്നെ സംസ്ക്കരിക്കുന്നതിനുള്ള മില്ലുകൾ സഹകരണ സ്ഥാപനങ്ങൾ മുഖേന സ്ഥാപിക്കണം. ഇതിന് വിപുലമായ രൂപരേഖകൾ തയ്യാറാക്കി ലഭ്യമായ ധനസഹായങ്ങൾ കേന്ദ്രസംസ്ഥാന സർക്കാരുകളിൽനിന്നും നേടിയെടുക്കണം. ഗുണമേന്മയുള്ള അരിയും മറ്റു ഉല്പന്നങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നതൊടൊപ്പംതന്നെ പഞ്ചായത്തിലെ തൊഴിലില്ലാത്ത ഏതാനും യുവജനങ്ങൾക്ക്തൊഴിൽ നൽകുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്.

തെങ്ങ് കൃഷിയെ പുനരുദ്ധരിക്കുന്നതിനായി ഗ്രൂപ്പ് മാനേജ്മെൻറ് സമ്പ്രദായം സമഗ്രമായി ആവിഷ്ക്കരിക്കേണ്ടതുണ്ട്. തെങ്ങുകളുടെ മാരകരോഗങ്ങളായ കൂമ്പുചീയലിനെ നിയന്ത്രിക്കണമെങ്കിൽ ഒരു പ്രദേശത്തെയാകെതന്നെ കർഷകരുടെ കൂട്ടായ പരിശ്രമം ഉണ്ടായാലെ സാധിക്കുകയുള്ളൂ. ഇതിനായി ഓരോ വാർഡിലും സസ്യസംരക്ഷണം കർമ്മസേനകൾ രൂപീകരിക്കണം. ഇവയ്ക്കാവശ്യമായ കീടനാശിനികൾ, കുമിൾ നാശിനികൾ, സ്പ്രേയറുകൾ തുടങ്ങിയവ സൗജന്യ നിരക്കിൽ ലഭ്യമാക്കണം. തെങ്ങുകളുടെ ജലസേചനത്തിനായി കിണർകുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും 50 ശതമാനത്തോടെ പദ്ധതികൾ നടപ്പിലാക്കണം പഞ്ചായത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇവ ലഭിക്കുന്നതിനുള്ള ചുരുങ്ങിയ ഭൂവിസ്തൃതി 20 സെൻറ് ആയി കുറക്കണം. സാമൂഹ്യജലസേചനം സാധ്യമായ ഇടങ്ങളിൽ അനേകം കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പദ്ധതികൾ നടപ്പിലാക്കണം. പൊതുവായ കുളങ്ങളോ, ജലസ്രോതസ്സുകളോ കണ്ടെത്തി അവയെ പുനരുദ്ദരിച്ച് ഈ ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. ഉയർന്നതോതിലുള്ള മുടക്കുമുതൽ ആവശ്യമായി വരുന്നഇത്തരം പദ്ധതികൾക്ക് വേണ്ട ചെലവിന്റെ 85%സർക്കാർ ധനസഹായമായി വിതരണം ചെയ്യണം. തെങ്ങിൻ 'തോട്ടങ്ങളിൽ ഇടവിളകൃഷി

പ്രോത്സാഹിപ്പിക്കുന്നതിനായി നടീൽവസ്തുക്കൾ, പച്ചിലവളപ്പയറുകൾക്ക് ലഭ്യമാകണം. തെങ്ങിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനായി വെളിച്ചെണ്ണ സംസ്ക്കരിക്കുന്നതിനായും ചിരട്ട, തുടി തുടങ്ങിയവകൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനായും ഉള്ള വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ സ്ഥാപിക്കണം.

പച്ചക്കറികളുടെ വികസനത്തിനായി അനേകം പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. അടുക്കള തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഓരോ വീട്ടിലും അടുക്കളത്തോടും എന്ന മുദ്രാവാക്യം പ്രചരിപ്പിക്കണം. വാർഡുകൾതോറുമുള്ള സന്നദ്ധസംഘടനുകളുടേയും കൃഷിഭവന്റേയും സഹായത്തോടെ ദ്രുതകർമ്മസേനകൾ സംഘടിപ്പിക്കുകയും ഓരോ വാർഡിലും ഒരേ സമയം വിത്ത് വളം കീടനാശിനികൾ എന്നിവ വിതരണം ചെയ്യുന്നതിന് സാധിക്കും. കുടുംബാംഗങ്ങളുടെ ഒഴിവു സമയങ്ങൾ ഈ രംഗത്തേക്ക് തിരിക്കുന്നത് വിഷാംശങ്ങളില്ലാത്ത ഭക്ഷണം ലഭ്യമാക്കുന്നതിനും മാനസികോല്ലാസത്തിനും സഹായിക്കും പച്ചക്കറികളുടെ കൃഷിയിൽ അപ്പോഴപ്പോഴുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൂടെകൂടെയുള്ള സന്ദർശനങ്ങൾ ആവശ്യമായി വരും. ഇതിനായി ഓരോ വാർഡിലുംഅഡ്ച് യുവതീയുവാക്കളെ വീതം പരിശീലിപ്പിച്ചെടുക്കണം. വിദ്യാർത്ഥികൾക്കിടയിൽ പഠനത്തോടൊപ്പം ഉല്ലാസവും പ്രചരിപ്പിക്കതുന്നതിന് ഉള്ള നല്ലൊരു പദ്ധതിയാണ് സ്കൂൾ വളപ്പുകളിലും വീട്ടുമുറ്റങ്ങളിലുമുള്ള പച്ചക്കറി കൃഷി. ഇതിനാവശ്യമായ പച്ചക്കറി വിത്തുകളും, വളം, കീടനാശിനി മുതലായവയും സൗജന്യമായി ലഭിക്കണം. പഞ്ചായത്തിലെ സഹകരണസംഘങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി കർഷകർ ഉല്പാദിപ്പിച്ച മലക്കറികൾ സംഭരിക്കുന്നതിനും അവയുടെ വിപണനത്തിലൂടെ അവർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും സാധിക്കും.

നമ്മുടെ പഞ്ചായത്തിലെ അനേകം കർഷകർ കൃഷിചെയ്യുന്ന ഒരു വിളയാണ് വാഴ. ഓരോവീട്ടിലും വാഴ കൃഷി ചെയ്യിക്കുവാൻ വേണ്ടി ഗുണമേന്മയുള്ള വാഴക്കുന്നുകൾ സൗജന്യമായി വിതരണം ചെയ്യണം. ഇതിനുപുറമെ ഇവയുടെ വളപ്രയോഗം, സസ്യസംരക്ഷണം മറ്റ് കാർഷിക പ്രവർത്തനങ്ങൾ എന്നിവയ്ക്കായി അർഹമായ ധനസഹായവും ലഭ്യമാക്കണം. വാണിജ്യാടിസ്ഥാനത്തിൽ വാഴകൃഷി ചെയ്യുന്ന കർഷകരുടെ പക്കൽനിന്നും കായ സംഭരിക്കുന്നതിനും സഹകരണ സംഘങ്ങൾ മുഖേന നടപടികൾ ആവിഷ്കരിക്കണം.

പഞ്ചായത്തിൽ ചെറിയതോതിൽ മാത്രം കൃഷി ചെയ്യപ്പെട്ടുവരുന്ന പയർവർഗ്ഗങ്ങൾ കിഴങ്ങുവർഗ്ഗങ്ങൾ സുഗന്ധവ്യജനങ്ങൾ ഔഷധസസ്യങ്ങൾ വെറ്റില തുടങ്ങിയവയുടെ വികസനത്തിനായി പരിപാടികൾ ആവിഷ്കരിക്കണം. ഇവയുടെ ശാസ്ത്രീയകൃഷിരീതികളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും അത്യുൽപ്പാദനശേഷിയും കീടരോഗനിവാരണശേഷിയുമുള്ള നടീൽ വസ്തുക്കൾ കുറഞ്ഞവിലക്ക് ലഭ്യമാക്കുകയും വേണം. ഇതിനുപുറമെ ഉൽപ്പാദിപ്പിച്ചവ സംഭരിക്കുന്നതിനും അവ ഉപയോഗപ്പെടുത്താവുന്ന ചെറുകിട വ്യവസായ സംരഭങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുന്നതിനും ഉള്ള നടപടികൾ ആവിഷ്ക്കരിച്ചാൽ മാത്രമെ ഇവയുടെ സമഗ്രവികസനം പൂർണ്ണമാകൂ.

പ്രോത്സാഹനമർഹിക്കുന്ന ഒരു വിളയാണ് കൂണ്. സസ്യഭുക്കുകളായ മനുഷ്യരുടെ ഭക്ഷണചര്യയിൽ മാംസത്തിന്റെ അംശം വർദ്ധിപ്പിക്കുന്നതിന് കൂൺ സഹായകമാകും. ഇതിനായി ഗുണമേന്മയുള്ള വിത്ത് (സ്പാൺ) കർഷകർക്ക് ലഭ്യമാക്കുകയും കൃഷിരീതികളെപ്പറ്റി കർഷകർക്ക് പറഞ്ഞുകൊടുക്കുകയും വേണം.

പൂകൃഷി വികസനത്തിനായി അനേകം പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്. കുറ്റിമുള്ള കൃഷിയുടെ വികസനത്തിന് താല്പര്യമുള്ള വനിതാ കർഷകരെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലനവും നടീൽ വസ്തുക്കളും ധന

സഹായത്തോടെ ലഭ്യമാക്കണം. ഇതോടൊപ്പം പുതിയ സാധ്യതകളായ ആന്തൂറിയം, ഓർക്കിഡ് എന്നീ കൃഷികളുടെ വികസനത്തിനും ആവശ്യമായ സാങ്കേതിക വിദ്യയും ധനസഹായവും നൽകേണ്ടതുണ്ട്.

സന്നദ്ധരായ യുജവനങ്ങളെ കണ്ടെത്തി പഞ്ചായത്തിൽ അംഗീകൃത സ്വകാര്യ നഴ്സറി സ്ഥാപിക്കാവുന്നതാണ്. ഇവർക്കുവേണ്ട പരിശീലനവും ധനസഹായവും കൃഷിഭവൻമുഖേന ലഭ്യമാക്കണം. ഇത്തരത്തിൽ കർഷകർക്കാവശ്യമായ വിവിധയിനം നടീൽ വസ്തുക്കൾ ആകർഷകമായ നിരക്കിൽ വിതരണം ചെയ്യുന്നതിന് സാധിക്കും.

അപ്രതീക്ഷിതമായുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനായി സമഗ്രമായ വിള ഇൻഷൂറൻസ് പദ്ധതി തുടർന്നും നടപ്പിലാക്കേണ്ടതുണ്ട്. ഇൻഷ്യൂർചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുകയും, യഥാസമയം സഹായധനം ലഭിക്കുന്ന സ്ഥിതിവിശേഷം സംജാതമാക്കുകയും വേണം. പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ടത്തോടൊപ്പംതന്നെ രോഗകീടങ്ങൾ മൂലമുള്ള നഷ്ടവും ഇതിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

ഗ്രാമീണമേഖലയിൽ പരമ്പരാഗത ഊർജ്ജസ്രോതസ്സുകൾ ചൂഷണം ചെയ്യുന്നതിന്റെ ഭാഗമായി ബയോഗ്യാസ് പ്ലാന്റുകൾ കൂടുതലായി സ്ഥാപിക്കണം. അപകടങ്ങളില്ലാത്തതും പരിസ്ഥിതിക്ക് ഇണങ്ങിയതുമായ ബയോഗ്യാസ് പ്ലാന്റുകളുടെ പ്രോത്സാഹനത്തിനായിചെലവു വരുന്ന തുകയുടെ 50% സബ്സിഡിയായി കർഷകർക്ക് ലഭ്യമാക്കണം. അമൂല്യമായ ജൈവവളം ലഭിക്കാനും വറ്റിക്കൊണ്ടിരിക്കുന്ന പെട്രോളിയം ഉല്പന്നങ്ങലെ അമിതമായി ആശ്രിയിക്കാനും ബയോഗ്യാസ് പ്ലാന്റുകൾ സഹായിക്കും.

തൃശൂർ നഗരത്തിൽനിന്നും പഞ്ചായത്തിന്റെ തന്നെ വിവിധ ഭാഗത്തിൽനിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ പലപ്പോഴും പരിസരമലിനീകരണം സൃഷ്ടിക്കുന്നു. ഈ മാലിന്യങ്ങൾ ശേഖരിച്ച് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി കമ്പോസ്റ്റാക്കി മാറ്റാവുന്നതാണ്. ഇതിനുള്ള വിപുലമായ സജ്ജീകരണം സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ ആവിഷ്കരിക്കണം.

കാർഷിക രംഗത്തെ നൂതന സങ്കേതങ്ങളായ കണികജലസേചനം, സ്പ്രിങ്ക്ളർ ജലസേചനം, ഗ്രീൻഹൗസുകളുടെ നിർമ്മാണം എന്നിവ വളരെയധികം പ്രോത്സാഹനം അർഹിക്കുന്നു. ഇവയുടെ വികസനത്തിനായി 75% ധനസഹായത്തോടെ പദ്ധതി ആവിഷ്ക്കരിക്കണം.

കർഷകർക്കുവേണ്ട സാങ്കേതിക സഹായവും സബ്സിഡികളും ലഭ്യമാക്കുന്നതൊടൊപ്പംതന്നെ കർഷകർക്ക് മാന്യത ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികളും ആവിഷ്കരിക്കണം. ഇതിനായി ഓരോ വർഷവും മികച്ച കർഷകരെകണ്ടെത്തി ആദരിക്കുകയും അവാർഡുകൾ നൽകുകയം വേണം. ഇതിനുപുറമെ കർഷകരിൽനിന്നും ഉൽപ്പനങ്ങൾ ശേഖരിച്ച് കാർഷികപ്രദർശനങ്ങളും പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

പുല്ലഴികുന്നിന്റെ ചെരിവുകളിലുള്ള പ്രദേശങ്ങൾ നീർമറി പ്രദേശവികസനത്തിന്റെ മാതൃകയിൽ പരിപാടികൾ ആവിഷ്കരിച്ച് സംരക്ഷിക്കേണ്ടതാണ്.

കൃഷിഭവന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും 3 വാർഡിന് ഒരു കൃഷി അസിസ്റ്റന്റ് എന്നനിലയിൽ നിയമനം നടത്തുകയും വേണം.

# 5.2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

പ്രധാനമായും കാർഷിക മേഖലയായിരുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾ മുൻകാലംമുതൽ കൃഷിയും കന്നുകാലി വളർത്തലും തൊഴിലാക്കി ഉപജീവനം നടത്തി വന്നിരുന്നു. മുഖ്യമായും നെൽകൃഷിചെയ്ത് ഭക്ഷ്യ ആവശ്യത്തിന് നെല്ലു ഉത്പാദിപ്പിക്കുകയും അതോടൊപ്പം കന്നുകാലി കളെ വളർത്തി അതിൽനിന്നുള്ള ആദായവും കൊണ്ടാണ്കുടുംബം പോററിയിരുന്നതും. പശു, എരുമ, പോത്ത്, കാള, ആട്, പന്നി, കോഴി, താറാവ് മുതലായവ സാധാരണയായി എല്ലാ വീട്ടിലും കണ്ടുവന്നിരുന്നു. പശു, എരുമ എന്നിവയുടെ പാൽകറന്ന് വിറ്റ് ഉപജീവനം നടത്തിയിരുന്ന നല്ലൊരു ശതമാനം വീട്ഇവിടെ ഉണ്ടായിരുന്നു. അതുപോലെ പോത്ത്, കാള എന്നിവയെ വളർത്തി നിലം ഉഴുവാനും 'കാളത്തേക്ക്' നടത്തി ജലസേ ചനത്തിനും, വണ്ടിവലിക്കാനും ഉപയോഗിച്ചുവന്നു. മാത്രമല്ല മാംസ്യ ആവശ്യത്തിനും ഇവ ഉപകരിച്ചു വന്നിരുന്നു. കറന്നപാൽ കുടങ്ങളിലാക്കി തലചു മടായി അടുത്തുള്ള തൃശൂർ പട്ടണത്തിൽ കൊണ്ട് പോയിവിററ് കുടുംബംപോററിവന്നിരുന്നവുരം കുറ വല്ല. പാൽ, തൈര്, വെണ്ണ, മോര് എന്നീ ഉത്പ ന്നങ്ങളാക്കി മുൻപറഞ്ഞവിധം പട്ടണത്തിന് വിറ്റ് മൃഗങ്ങൾക്കുള്ള തീറ്റ സാധനങ്ങളുമായി തിരിച്ചും കാൽനടയായി പോയി വരാറുള്ള കാഴ്ച ഇന്നും പഴമക്കാർ ഓർക്കുന്നു. അന്ന് കാലികളെ മേയ്ക്കാൻ സർക്കാർ വക മേച്ചിൽ സ്ഥലങ്ങളും വിളവെടുപ്പിനുശേഷം വയലുകളും ധാരാളം ഉണ്ടാ യിരുന്നു. നാടൻ പശുക്കളും കന്നുകാലികളുമാണ് അന്ന് പ്രചാരത്തിലിരുന്നത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. കാലികൾക്ക് രോഗങ്ങൾ പൊതുവെ കുറവായിരുന്നു. ഉള്ള രോഗങ്ങൾക്ക് പ്രതിരോധ നടപടികളും വിരളമായിരുന്നു. മൃഗാ ശുപത്രികളൊന്നും നിലവിലില്ലായിരുന്നു. നാടൻ മരുന്നുകളായിരുന്നു പ്രചാരത്തിൽ.

പഞ്ചവത്സര പദ്ധതികളുടെയും വികസന ബ്ലോക്കുകളുടെയും ആധുനിക രീതിയിലുള്ള കന്നുകാലി വളർത്തലും കൃഷിരീതിയും സമ്മിശ്ര മായി പ്രചാരത്തിൽ വന്നുതുടങ്ങി. കർഷകർക്കി ടയിലെ ബോധവൽക്കരണം താരതമ്യേന ഈ മേഖലയെ സാരമായി സ്വാധിനിച്ചുതുടങ്ങുകയും സങ്കരയിനം പശുക്കളും പ്രചാരത്തിലായി. കൃത്രിമ ബീജസങ്കലനം വഴിയും മൃസംരക്ഷണ വകുപ്പും വികസന ബ്ലോക്കുകളും നിരന്തരമായിസ്വാധീനം ചെലുത്തിയതിൻെറ ഫലമായി കർഷകർ ആധു നിക രീതിയിലുള്ള കാലിവളർത്തൽ സ്വീകരിക്കു

കയും മൃഗസമ്പത്ത് വർദ്ധിക്കാൻ ഇടവരുകയും ചെയ്തു.നാടൻ കന്നുകാലികൾ ക്രമേണ രംഗത്ത് നിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെടുന്ന കാഴ്ചയാണ് നാം കണ്ടത്. സാങ്കേതിക മാർഗ്ഗം അവലംബിക്കും നൂതനങ്ങളായ വിദ്യകളിലൂടെ മൃഗസമ്പത്ത് വർദ്ധിക്കുമ്പോൾ കാളവണ്ടിയും കാളത്തേക്കും പാൽകുടങ്ങളും യന്ത്രവൽകൃത മോട്ടോർ വാഹനങ്ങൾക്കും, മോട്ടോ-ഓയിൽ എഞ്ചിനുകൾക്കും ക്ഷീര സഹകരണസംഘങ്ങൾക്കും വഴിമാറി കൊടുത്തു കൊണ്ടിരിക്കുന്നു.

1987ലെ സെൻസസ് അനുസരിച്ച് ഈ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും വിവരം താഴെ പട്ടിക 5.2.1 കൊടുക്കുന്നു.

വളർത്തുമൃഗങ്ങളും പക്ഷികളും

| ഇനം | എണ്ണം |
|---|---|
| നാടൻ പശുക്കൾ | 885 |
| നാടൻ കാളകൾ | 98 |
| സങ്കരയിനം പശുക്കൾ | 994 |
| സങ്കരയിനം കാളകൾ | 63 |
| എരുമകൾ | 226 |
| പോത്തുകൾ | 31 |
| ആട് | 869 |
| പന്നി | 29 |
| കോഴി (നാടൻ) | 14989 |
| കോഴി (സങ്കരയിനം) | 2941 |
| താറാവ് | 1233 |

പക്ഷിമൃഗാദികൾക്ക് സാധാരണയായി കണ്ടു വരുന്ന രോഗവിവരങ്ങൾ താഴെ പട്ടിക 5.2.1ൽ കൊടുത്തിരിക്കുന്നു.

## അയ്യന്തോൾ ഗ്രാമപഞ്ചായത്ത്

### രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹനസംബന്ധമായ<br>Digestive disorders | 40 | 3 | 5 | 2 | 14 | 2 | – | 2 | 1 | – |
| 2. | ശ്വാസകോശസംബന്ധം<br>Respiratory diseases. | 8 | 4 | 20 | – | 2 | 40 | – | 5 | – | – |
| 3. | ഉപാചയ സംബന്ധം<br>Metabolic diseases. | 28 | 1 | – | – | – | – | – | – | – | – |
| 4. | ത്വക് രോഗങ്ങൾ<br>Skin diseases | 12 | 4 | 2 | 2 | 20 | – | – | 2 | – | – |
| 5. | ധാതുലവണങ്ങളുടെ അഭാവം<br>Deficiency diseases | 18 | – | 4 | – | 12 | – | – | – | – | – |
| 6. | പരാദ രോഗങ്ങൾ<br>Parastic diseases. | 48 | 8 | 12 | 12 | 28 | – | – | 2 | – | – |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | 60 | 3 | – | – | – | – | – | – | – | – |
| 8. | വന്ധ്യത<br>Infertility | 74 | 12 | – | – | – | 12 | – | – | – | – |
| 9. | അകിടുവീക്കം<br>Mastitis | 42 | 2 | 8 | – | – | – | – | – | – | – |
| 10. | മുടന്തൻ പനി<br>Ephemeral Fever | 22 | – | – | – | – | – | – | – | – | – |
| 11. | പകർച്ചവ്യാധികൾ<br>Contagion diseases. | 2 | – | – | – | – | 48 | – | – | – | – |

മൃഗങ്ങൾക്കുള്ള ചികിത്സാസൗകര്യങ്ങൾ ഇവിടെ വേണ്ടത്രയില്ല. ഇപ്പോഴുള്ള സ്ഥാപനങ്ങൾ ഒരു വെറ്റിനറി ഡിസ്പൻസറിയും ഒരു ICDP സബ്സെൻററും മാത്രമാണ്. ഡിസ്പെൻസറിയിൽ ഒരു ഡോക്ടറും ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറും അടക്കം നാലുപേരും സബ്സെൻററിൽ ഒരു ലൈവ് സ്റ്റോക്കു അസിസ്റ്റൻറും മറ്റൊരു ജീവനക്കാരനും മാത്രമാണുള്ളത്.

വളർത്തു മൃഗങ്ങളിൽ പേവിഷബാധ ഇല്ലെന്നുതന്നെ പറയാം. ഇരുപത്തെട്ടു പട്ടികൾക്കൊഴിച്ച് മറ്റു മൃഗങ്ങൾക്കൊന്നും പ്രതിരോധ കുത്തിവെയ്പ് നല്കിയതായി കാണുന്നില്ല. പേ വിഷബാധ സംബന്ധിച്ച വിവിരങ്ങൾ പട്ടിക 5.2.3ൽ താഴെ കൊടുത്തിരിക്കുന്നു.

### അയ്യന്തോൾ ഗ്രാമപഞ്ചായത്ത്

#### പേവിഷബാധ - പ്രതിരോധവും ചികിത്സയും (1995-96)

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നല്കിയവയുടെ എണ്ണം | – | – | – | 28 | – | – |
| കടിയേറ്റതിനു ശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം | – | – | – | – | – | – |

നല്ലയിനം വളർത്തുമൃഗങ്ങളുടെ വർദ്ധനക്കായി ഈ പഞ്ചായത്തിൽ കൃത്രിമ ബീജസങ്കലനപരിപാടികൾ നടത്തുന്നുണ്ട്. ഈ പരിപാടിയുടെ വിവരങ്ങൾ താഴെ പട്ടിക 4.5ൽ കൊടുത്തിരിക്കുന്നു.

## അയ്യന്തോൾ ഗ്രാമപഞ്ചായത്ത്

### കൃത്രിമ ബീജസങ്കലന വിവരങ്ങൾ (1995-96)

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണം ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | | 155 | 108 |
| കിടാരി | | 40 | 31 |
| എരുമ | NIL | NIL | NIL |

പ്രത്യേക കന്നുകാലി പരിപാലന പദ്ധതി (SLBP) ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പുല്ലഴി പാൽ സൊസൈറ്റി മുഖാന്തിരം തിരഞ്ഞെടുക്കുന്ന കന്നുകുട്ടികൾക്ക് 50% സൗജന്യനിരക്കിൽ തീറ്റ വിതരണം ചെയ്യുന്നു. ഇത് ഇനിയും വ്യാപകമാക്കുകയാണെങ്കിൽ നല്ലയിനം കന്നുകുട്ടികളെ നമ്മുടെ പഞ്ചായത്തിന് ഉൽപ്പാദന ക്ഷമതയുള്ള താക്കാൻ സാധിക്കും.

ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ആദായം ലഭ്യമാക്കുന്ന തൊഴിൽ മേഖലയായ മൃഗസംരക്ഷണം ഗ്രാമീണ ജനതയ്ക്ക് കൂടുതൽ തൊഴിലവസങ്ങൾ, ദൈനംദിന വരുമാന വർദ്ധന, പോഷകപ്രധാനമായ ഭഷ്യവസ്തുക്കളായ പാൽ, മുട്ട, മാംസം എന്നിവയുടെ അധികോൽപാദനം, പാരമ്പര്യ ഊർജ്ജസ്രോതസ്സുകൾ, ജൈവവളങ്ങൾ, പരിതസ്ഥിതിക്കിണങ്ങുന്ന മൃഗശക്തി എന്നിവ ഈ മേഖലയുടെ സംഭാവനകളാണ്. ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണം, മാംസ പരിശോധനയിലൂടെ സമൃദ്ധമായ മാംസംഎന്നിവ പൊതുജന സേവനങ്ങളാണ്.

മൃഗസംരക്ഷണമേഖലയിൽ കൈവരിക്കുന്ന ഏതു പുരോഗതിയും ഗ്രാമീണജനങ്ങളുടെ പ്രത്യേകിച്ചു സ്ത്രീകളുടെ പുരോഗതിയാണ്. നമ്മുടെ നാട്ടിലെ ജനങ്ങളുടെ സ്വയം പര്യാപ്തതയ്ക്കുതകുന്നതിന് മുൻതൂക്കം നല്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുക.

## പന്നിവളർത്തൽ

പന്നിവളർത്തൽ വളരെ ആദായകരമായ കൃഷിയാണ്. അത്യാവശ്യം 40 സെൻറം സ്ഥലമോ മറ്റു സൗകര്യങ്ങളോ ഉള്ള ഏതൊരാൾക്കും ഈ കൃഷി ആരംഭിക്കുന്നതാണ്. പന്നികുഞ്ഞുങ്ങളെ വാങ്ങി അതിനുള്ള ചിലവു കുറഞ്ഞ കൂടുണ്ടാക്കി സാങ്കേതിക നിർദ്ദേശത്തിനനുസരിച്ചം വളർത്തിയാൽ ഒരു പ്രസവത്തിൽതന്നെ 5 മുതൽ 10 കുട്ടികളെ ഉല്പാദനമായി കിട്ടുന്നു. ഈ കുഞ്ഞുങ്ങൾ എട്ടോ പത്തോ മാസം കഴിഞ്ഞാൽ 50 മുതൽ 80 കിലോവരെ തൂക്കം വെക്കുന്നു. പന്നി പെറ്റുപെരുകുക എന്ന പഴഞ്ചൊൽ തികച്ചും അന്വർത്ഥമാണ്. വീട്ടിലെ ഭക്ഷണാവശിഷ്ടങ്ങൾ എല്ലാം തന്നെ പന്നിയുടെ ഭക്ഷണമാണ്. അഞ്ചാറുവീട്ടിലെ അവശിഷ്ടങ്ങൾ കൂടി ശേഖരിച്ചാൽ പന്നിക്കു വേണ്ടി തീറ്റ പുറത്തുനിന്നും വളരെ കുറച്ചു വാങ്ങിയാൽ മതി. പന്നിയുടെ വിസർജ്ജനം നല്ലൊരു ജൈവവളമാണ്. ഈ കൃഷിക്ക് ആവശ്യമായ DRDA മറ്റു വായ്പകളും ലഭ്യമാകയാൽ വളരെ സാധ്യതയുള്ള ഒരു വ്യവസായവും കൃഷിയുമാക്കി ഇതിനെ മാറ്റിയെടുക്കാൻ കഴിയും.

## ആടുവളർത്തൽ

സങ്കരയിനത്തിൽപെട്ട പൊന്നാനി ആടുവളർത്തൽ കാട്ടത്തിനും പാലിനും വേണ്ടി നടത്താവുന്നതാണ്. എല്ലാ ഗുണാഗുണങ്ങളും തികഞ്ഞ സമീകൃതാഹാരമാണ് ആട്ടിൻപാൽ.ഒരു സാധാരണ പൊന്നാനിയാടിന് ഒരവസരത്തിൽ കറന്നാൽ 2-3 ലിറ്റർ പാലുണ്ടാകും. പൊന്നാനിയാടിൻെറ കുട്ടികൾക്ക് തള്ളയുടെ പാൽ കൊടുക്കേണ്ടത് ആവശ്യമില്ലായെന്നത്ഒരു പ്രത്യേകതയാണ്. തൊട്ടിയിലുള്ള ഉണങ്ങിയ ഇലകളും പച്ചിലകളും അഴിച്ചു വിടാനുള്ള മേച്ചിൽ സ്ഥലങ്ങളുമുള്ള പ്രദേശത്തം ഈ ആടുവളർത്തൽ സുഗമമാണ്. ആഞ്ചാറുമാസത്തിനുള്ളിൽ 4 മുതൽ 5 കുട്ടികളെ ഈ ആടുകൾ പ്രസവിക്കുന്നു. പൂർണ്ണ വളർച്ചയെത്തിയ മുട്ടനാടിന് 2000/- മുതൽ 3000/- വരെ വിലകിട്ടും. ഈ കൃഷിയും സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കാവുന്നതും ബാങ്ക് വായ്പകൾ ലഭ്യവുമാണ്.

## താറാവു കൃഷി

അയ്യന്തോൾ പഞ്ചായത്തിൻെറ 3 ഭാഗവും കോൾനിലങ്ങളിൽചുറ്റപ്പെട്ടതാണ്. കോൾ തീരപ്രദേശങ്ങളിൽ താമസിക്കുന്ന തൊഴിലില്ലാത്ത സ്ത്രീകൾക്കും വൃദ്ധർക്കും പരീക്ഷിച്ചു വിജയിപ്പിക്കാവുന്നതാണ് താറാവു വളർത്തൽ. താറാവുമുട്ടക്കും മാംസത്തിനും വളരെ ഡിമാൻറുള്ളതാണ്. നമുക്കാവശ്യമുള്ള മുട്ടകൾ തമിഴ്നാട്ടിൽനിന്നും ആന്ധ്ര

യിൽനിന്നുമാണ് വരുന്നത്. ആദ്യമായി താറാവിന് ചിലവിടുന്നത് താല്ക്കാലികാടിസ്ഥാനത്തിലുള്ള കൂടാണ്. അതിനുശേഷം താറാവുമുട്ട കോഴിക്ക് അടയിട്ട് കുഞ്ഞുങ്ങളെ ഉണ്ടാക്കുകയോ ഫാമിൽനിന്ന് വാങ്ങുകയോ ചെയ്യാം. 200 താറാവുള്ള ഒരു യൂണിറ്റ് കോൾനിലങ്ങൾകടുത്ത് നിലനിർത്തുവാൻ അധികം ചിലവുവരികയില്ല. അതുകൊണ്ട് ഈ വഴിക്കുള്ള ശ്രദ്ധനമ്മുടെ തൊഴിലില്ലാത്ത സ്ത്രീകൾക്കും വൃദ്ധന്മാർക്കും നടത്താവുന്നതാണ്.

## മാതൃകാ പദ്ധതികൾ

### 1. ഡയറി യൂണിറ്റുകൾ

ഗുണമേന്മയുള്ള സങ്കരയിനം പശുക്കളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നവർക്ക് ഉപതൊഴിൽ അല്ലെങ്കിൽ മുഖ്യതൊഴിൽ എന്നനിലക്ക് കർഷകർക്ക് വിതരണം ചെയ്യുക

5 Cow യൂണിറ്റ് ഇതോടൊപ്പം പുൽകൃഷി

10 Cow യൂണിറ്റം ഇതോടൊപ്പം പുൽകൃഷി

വാർഡ് ഒന്നിന് ഒരു യൂണിറ്റ് എന്ന ക്രമത്തിൽ

### 2. ഒരു വീട്ടിൽ ഒരു പശു

പശുവളർത്തൽ ഒരു തൊഴിലെന്നതിനുപരി ഇളംതലമുറക്ക് ജീവിതശീലം ജനിപ്പിക്കുന്നതിനും വീട്ടാവശ്യത്തിനാവശ്യമായ പാൽ ലഭിക്കുന്നതിനും ജൈവവള പ്രയോഗത്തിലൂടെ ഫലപുഷ്ടി മെച്ചപ്പെടുത്തുന്നതിനും ഇതു സഹായിക്കുന്നു. ഓരോ വാർഡിലും അമ്പത് കുടുംബങ്ങൾക്ക് ഒരു വർഷത്തിൽ നടപ്പിൽ വരുത്തണം.

### 3. മിനി ഡയറി യൂണിറ്റ്

ഒരു കുടുംബത്തിന് 6 മാസത്തെ ഇടവേളയിൽ മൂന്നു പശുക്കളെ നല്കി സഹകരണാടിസ്ഥാനത്തിൽ രൂപപ്പെടുത്തേണ്ട പദ്ധതിയാണിത്. 15 വനിതകളടങ്ങിയ ഒരുയൂണിറ്റ് വാർഡുതോറും.

### 4. പ്രത്യേക കന്നുകാലി പദ്ധതിയുടെ വിപുലീകരണം.

ഇപ്പോൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന ഈ പദ്ധതിയുടെ ലക്ഷ്യം മേൽത്തരം സങ്കര വർഗ്ഗ കിടാരികളുടെ ഗർഭകാല സംരക്ഷണം വരെ ഉറപ്പാക്കുകയാണ്. എരുടുമകിടാരികളെയും കൂടുതൽ പശുകിടാരികളെയും ഉൾപ്പെടുത്തി ഈ പദ്ധതി വിപുലീകരിക്കാവുന്നതാണ്.

വർഷംതോറും 50 പശുകുട്ടികളെ ഒരു വാർഡിൽനിന്ന് തിരഞ്ഞെടുക്കുണം.

വർഷംതോറും 25 എരുമകിടാരികൾ ഒരു വാർഡിൽനിന്ന്തിരഞ്ഞെടുക്കണം.

### 5. സങ്കര വർഗ്ഗ പശുക്കൾക്ക് കാലിത്തീററ സബ്സിഡി

പാലുല്പാദനമുള്ള ചെറുകിട നാമമാത്ര കർഷകരുടെ സങ്കരവർഗ്ഗപശുവിന് പ്രൊഡക്ഷൻ ഇൻസെൻറീവായി കാലിത്തീററ സഹകരണാടിസ്ഥാനത്തിൽ ലഭ്യമാക്കുക. രോരോ വാർഡിലും 50 ചെറുകിട കർഷകർക്ക്

### 6. വൈറ്റമിൻ ധാതുലവണ മിശ്രിത വിതരണ പദ്ധതി

കറവ പശുക്കളിൽ പാലിലൂടെ നഷ്ടപ്പെടുന്ന ധാതുലവണങ്ങളുടെ കുറവു പരിഹരിക്കാനും പ്രത്യുല്പാദന ശേഷി വർദ്ധിപ്പിക്കാനും വേണ്ടി കർഷകർക്ക് അവരുടെ സങ്കരയിനം പശുക്കൾക്ക് വിതരണം ചെയ്യുന്ന പദ്ധതി.

ഓരോ വാർഡിലും 50-10 ഗുണഭോക്താക്കൾ

### 7. തീറ്റപുൽകൃഷി പ്രചരണ പദ്ധതി

ക്ഷീരഉൽപാദനം ലാഭകരമാക്കാൻ പച്ചപുല്ല് അത്യന്താപേഷിതമാണ്. ഗുണനിലവാരമുള്ള തീററപുൽ തെങ്ങിൻ തോപ്പുകളിൽ ഇടവിളയായും തരിശുനിലങ്ങളിൽ പുറപോക്കുകൾ, നെൽപാടങ്ങൾ തീറ്റപുൽകൃഷിനടത്തുന്നതിന് സഹായധനം. ക്ഷീരസഹകരണസംഘങ്ങളുടെയും ഫാം ക്ലബുകളുടെയും സഹായത്തോടെ ഫീഡർ ബാങ്കു

കൾ ഉണ്ടാക്കുക.

ഓരോ വാർഡിലും 2 എണ്ണം വീതം

## 8. കാലിത്തൊഴുത്തുകളുടെ ശാസ്ത്രീയ നിർമ്മാണം

ശുദ്ധമായ പാലിനും ഉത്പാദനത്തിനും രോഗ പ്രതിരോധത്തിനും ശുദ്ധമായ തൊഴുത്തം ആവ ശ്യമാണ്.

വർഷത്തിൽ ഒരു വാർഡിൽ 10 വീതം തൊഴു ത്തുനിർമ്മാണ പദ്ധതി

## 9. അകിടുവീക്കരോഗ നിയന്ത്രണ പദ്ധതി

ക്ഷീരകർഷകന്റെ മുഖ്യശത്രു അകിടുവീ ക്കമാണ്. ഇത് ഉന്മൂലനം ചെയ്യാൻ കർഷകർക്ക് അകിടുവീക്കനിർമ്മാർജ്ജന കിറ്റ് നല്കുക. വാർഡ്തോറും 50 പേർക്ക് വർഷത്തിൽ.

## 10. കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ

ഓരോ 500 പ്രത്യുൽപാദന ശേഷിയുള്ള പശു ക്കൾക്ക് ഒരു കേന്ദ്രം എന്നനിലക്ക് വാർഡുതോറും ഭ്രൂണമാറ്റ പദ്ധതി തിരഞ്ഞെടുത്ത കർഷകർക്ക് വാർഡിൽ 10 പേർക്ക്.

## 11. കാളകുട്ടി പരിശീലനം; മാംസോൽപാദനത്തിന്

കർഷകരുടെ സമ്പത്തായ കാളക്കുട്ടികൾ ശരിയായ വളർച്ചയില്ലാതെ നശിച്ചുപോകാതിരു ന്നാൽ നമ്മുടെ നാടിന് ആവശ്യമായ ശുദ്ധമായ മാംസം നമുക്കുതന്നെ ഉൽപാദിപ്പിക്കാം.

രണ്ടുമാസം പ്രായമായ 5 കാളക്കുഞ്ഞുങ്ങളെ 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാ വശ്യത്തിന് വേണ്ടി ഉപയോഗപ്പെടുത്തുന്ന പദ്ധ തി.

ഓരോ വാർഡിലും അഞ്ചുയൂണിറ്റ് വിതം ഓരോ വർഷവും.

## 12 ആടുവളർത്തൽ പദ്ധതി

പാവപ്പെട്ടവന്റെ പശുവായ ആടിനെ വീട്ട മ്മമാർക്കും ഇടത്തരം കർഷകർക്കും ഫലപ്രദമായ പദ്ധതി.

ഒരു യൂണിറ്റ് മൂന്നാട്ടിൻ കുട്ടികളെ വാർഡ് ഒന്ന് 10 യൂണിറ്റ് വീതം വർഷം തോറും. തിര ഞ്ഞെടുത്ത കേന്ദ്രങ്ങളിൽ പ്രജനന യൂണിറ്റ്.

## 14. ഊർജ്ജിത പന്നി വളർത്തൽ

വ്യാവസായിക കാർഷിക ഉൽപന്നങ്ങളും ഹോട്ടലുകളിൽനിന്നും മാർക്കറ്റുകളിൽനിന്നും ഉണ്ടാകുന്ന അവശിഷ്ടങ്ങളും ഉപയോഗിച്ച് ലാഭ കരമായ രീതിയിൽ ചുരുങ്ങിയ മുതൽമുടക്കിൽ കുറച്ചുസമയത്തിനുള്ളിൽ കൂടുതൽ ലാഭം തരുന്ന പദ്ധതി നടപ്പാക്കാം.

5 പെൺപന്നികളും ഒരു ആൺപന്നിയും ബ്രീഡിംഗ് യൂണിറ്റ്.

വാർഡ് വീതം ഒന്ന് വീതം വർഷവും.

## 15. മുയൽ വളർത്തൽ യൂണിറ്റ്

ചുരുങ്ങിയ മൂലധന നിക്ഷേപം കൊണ്ട് താഴെക്കിടയിലുള്ള കർഷക തൊഴിലാളികൾ, ഭൂര ഹിതർ, സ്ത്രീകൾ സ്കൂൾകുട്ടികൾ എന്നിവർക്ക് ലാഭകരമായ ഉപതൊഴിലായി ഇറച്ചിമുയൽ വളർത്തൽ സ്വീകരിക്കാവുന്നതാണ്.

10+2 യൂണിറ്റ് ഒരു വാർഡിൽ രണ്ടുവീതം വർഷം തോറും.

## 16. എഗ്ഗർ ലെയർ നഴ്സറികൾ

അടുക്കളമുറ്റത്തെ കോഴിവളർത്തൽ പദ്ധ തിക്ക് വേണ്ടിവരുന്ന കോഴിക്കുഞ്ഞുങ്ങളെ അതാതു പഞ്ചായത്തിൽ വളർത്തിയെടുക്കുന്നതി നുള്ള പദ്ധതി.

പഞ്ചായത്തിൽ രണ്ട് യൂണിറ്റ്.

## 17. സ്കൂൾ പൗൾട്രി ക്ളബ്.

കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലം വരളിപ്പിക്കുന്നതിന്. 60 ദിവസം പ്രായമായമുന്നു കോഴിക്കുഞ്ഞുങ്ങളെ സൈജന്യമായി നൽകുക.

## 18. വീട്ടുമുറ്റത്തെ കോഴിവളർത്തൽ

ഏറ്റവും ചിലവുകുറഞ്ഞ രീതിയിൽ മുട്ടയുൽപാദിപ്പിക്കുന്ന പദ്ധതി. 45 ദിവസം പ്രായമുള്ള 5 മുട്ടകോഴിക്കുഞ്ഞങ്ങളെ ഒരു വീടിന് - കുറഞ്ഞത് 1000യൂണിറ്റ് പഞ്ചായത്തിന്.

## 19 ഇറച്ചികോഴിവളർത്തൽ.

ഗ്രാമീണ വനിതകൾക്ക് സഹകരണാടിസ്ഥാനത്തിൽ 250-500 വരെ കോഴികളെ വളർത്തി സാമ്പത്തിക നേട്ടം കൈവരിക്കാനുള്ള പദ്ധതി.

പഞ്ചായത്തിൽ വർഡ്തോറും രണ്ടെണ്ണം വീതം.

## 20. താറാവുവളർത്തൽ

ഒരു കർഷകന് ഒരു മാസം പ്രായമായ 20 താറാവുകുഞ്ഞുങ്ങളെ നൽകുക. 20 യൂണിറ്റ്വീതം ഓരോ വർഷവും.

## 21. സമ്മിശ്രമൃഗപരിപാലനം

മൃഗപരിപാലനം, കൃഷി, മത്സ്യം വളർത്തൽ യോജിച്ചു നടപ്പിൽവരുത്തുക.

പശുവളർത്തൽ, കോഴിവളർത്തൽ, താറാവു വളർത്തൽ, പന്നിവളർത്തൽ എന്നിവ വളർത്തി കൃഷിസ്ഥലം പൂർണ്ണമായി ഉപയോഗപ്പെടുത്തി ലാഭം കൂട്ടുക.

കാർഷിക വിളകൾക്കൊപ്പം 3 പശുക്കൾ 5+1 പന്നികൾ

3 ആടുകൾ 25 കോഴികൾ,20 താറാവ്,പുൽകൃഷി, മത്സ്യം വളർത്തൽ ഗോബാർഗ്യാസ്.

വാർഡിൽ 2യീണിറ്റ് വർഷം തോറും.

## 22. ചെറുകിട കാലിതീറ്റ യൂണിറ്റുകൾ

സഹകരണാടിസ്ഥാനത്തിൽ ചെറിയ കാലി തീറ്റ നിർമ്മാണ യൂണിറ്റ് സൊസൈറ്റികൾമുഖേന വിതരണം ചെയ്യുക.

പഞ്ചായത്തിൽ ഒന്ന്.

## 23. ശാസ്ത്രീയ മാംസോൽപാദന സംസ്കരണ പദ്ധതി

90 -95% ജനങ്ങൾ മാംസം ഭക്ഷിക്കുന്നവരാണ്. അശാസ്ത്രീയവും വൃത്തിഹീനവുമായ ചുറ്റപാടിൽ നിന്ന് ആധുനിക രീതിയിൽ അറവുശാല ഉണ്ടാക്കി ശാസ്ത്രീയരീതിയിൽ മാംസം സംസ്കരിച്ച് സംഘടിതരീതിയിൽ വിതരണം ചെയ്യുക.

## 24. സമ്പൂർണ്ണ പേവിഷബാധ നിയന്ത്രണ തീവ്രയത്ന പദ്ധതി.

തെരുവുനായ്ക്കളെ നശിപ്പിച്ചും വളർത്തുനായക്കൾക്ക് വർഷംതോറും പ്രതിരോധകുത്തിവെയ്പ്പുനടത്തി ലൈസൻസ് നല്കുകയും ചെയ്യുക.

പഞ്ചായത്തിലെ എല്ലാ ഭവനങ്ങളിലും.

## 25. മൃഗാശുപത്രിയുടെ നവീകരണം

മൃഗാശുപത്രിനവീകരണം, ഫോൺസൗകര്യം ഫീൽഡുസർവ്വീസിനുള്ള സൗകര്യം എന്നിവ കാര്യക്ഷമമാക്കണം.

## 26. ഗോരക്ഷാക്ളാസ്സുകൾ /വന്ധ്യതാനിവാരണ ക്ളാസ്സുകൾ

വിപുലമായ രീതിയിൽ മൃഗസമ്പത്ത് മെച്ചപ്പെടുത്തുന്നതിന് വാർഡ്തോറും രണ്ടുവീതംവർഷം തോറും, കാർഷികസമ്പർക്കപരാപാടി, ചർച്ചാക്ളാസ്സ്

## 27. ഗ്രീൻകാർഡ് സമ്പ്രദായം

പക്ഷിമൃഗസമ്പത്ത് അടങ്ങിയ കാർഡ് ഓരോ വീട്ടിലും. മൃഗത്തെ കുറിച്ച വിവരങ്ങൾ, പ്രതിരോധകുത്തിവെയ്പ്പിന്റെ വിവരങ്ങൾ ധനസഹായം മരണം, ജനനം എന്നിവയുടം രേഖപെടുത്തൽ.

## 28. സമഗ്ര കന്നുകാലി ഇൻഷുറൻസ്

സങ്കരയിനം മൃഗങ്ങളെ ഇൻഷുറൻസ് സംരക്ഷണത്തിൽ കൊണ്ടുവരിക.

## 29. പഞ്ചായത്തുമൃഗസംരക്ഷണ മേള.

വർഷം തോറും കന്നുകാലി പ്രദർശനം, ശാസ്ത്രപ്രദർശനം, കർഷക സംഗമം എന്നിവയടങ്ങുന്ന മേളക്ക് വർഷവും തുക വിലയിരുത്തേണ്ടതാണ്.

## 30. മാതൃകാ മൃഗസംരക്ഷകന് അവാർഡ്

വർഷം തോറും 2500/- കാഷ് അവാർഡ്/പ്രശസ്തി പത്രം

## പ്രശ്നങ്ങൾ

മൃഗസംരക്ഷണരംഗത്ത് ഇപ്പോൾ ഒരു വെറ്ററിനറി ഡിസ്പെൻസറിയും ഒരു TCDP സബ്ബ്സെൻററുകളുമാണ് നിലവിലുള്ളത്. രോഗ നിയന്ത്രണം രോഗ പ്രതിരോധ നടപടികൾ കൃത്രിമ ബീജസങ്കലനം ഇത്യാദി അത്യന്താപേക്ഷിതമായ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളും നാലു സബ്സെൻററുകളും അനിവാര്യമാണ്.

പറമ്പുകൾ തുണ്ടുഭൂമികളായി മുറിഞ്ഞ് കുടിയിരുപ്പുകളായി മാറി. ഉൾനാടൻ വയലുകളും വിരിപ്പു, മുണ്ടകൻ കൃഷിനിലങ്ങളും മണ്ണിട്ടു നികത്തി വീടുകൾ വെച്ച് താമസമായി.അതോടെ മേച്ചിൽസ്ഥലങ്ങൾ ഇല്ലാതായി. നെൽകൃഷി കുറയുകയും തദ്വാരാ വൈക്കോലിന് രൂക്ഷമായ ക്ഷാമം നേരിടുകയും ചെയ്യുന്നു. വൈക്കോൽ, തീറ്റപുല്ല് എന്നിവ ലഭിക്കുവാൻ സൗകര്യങ്ങൾ ഏർപ്പെടുത്തണം. പാൽ വിതരണ രംഗത്ത് സഹകരണ സംഘങ്ങളുടെ അപര്യാപ്തതയും വിപണനത്തെ സാരമായി ബാധിക്കുന്നു. കർഷകർക്ക് പാലിന് ന്യായമായ വില ലഭിക്കുന്നില്ല. ഇടത്തട്ടുകാരാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്.

കോഴിയും കോഴിമുട്ടയും താറാമുട്ടയും ഇപ്പോൾ പുറമെയുള്ള കമ്പോളങ്ങളിൽ നിന്നാണ്നമുക്ക് കിട്ടികൊണ്ടിരിക്കുന്നത്. കോഴി തീറ്റയും കാലിതീറ്റയും സാധാരണ കർഷകന് താങ്ങാനാവാത്ത വിലയാണ് ഇന്ന്. കോഴിവളർത്തലിന് ആവശ്യമായ കോഴികുഞ്ഞുങ്ങളുടെ അപര്യാപ്തത ഈ രംഗത്ത് തളർച്ചയ്ക്ക് കാരണമാകുന്നു. കൂടാതെ വേണ്ടതായ പ്രോത്സാഹനങ്ങളും വേണ്ടവിധത്തിൽ ലഭിക്കുന്നില്ല.

അലഞ്ഞുനടക്കുന്ന കന്നുകാലികൾ കൃഷി നശിപ്പിക്കാതിരിക്കാനും കൊതുകു ശല്യം വർദ്ധിപ്പിക്കുന്ന തൊഴുത്തുകൾ നവീകരിക്കാനും അലഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ ഗ്രാമസഭയിൽ നിന്ന്

1. വളർത്തുമൃഗങ്ങൾക്ക് വരുന്ന സാംക്രമിക രോഗങ്ങൾ തടയുവാൻ ആവശ്യമായ സഹായങ്ങൾ ഇല്ല.
2. ഊർജിത തോതിൽ കോഴിവളർത്തലിന് സാഹചര്യങ്ങൾ ഇല്ല.
3. കാലിതീറ്റയുടെ വർദ്ധനവും പാലിന്റെ വില കുറവും.
4. പാലിന്റെ കമ്പോളങ്ങളിലെ വിപണന സാധ്യത കുറവ്.
5. അലഞ്ഞുതിരിഞ്ഞ് നടക്കുന്ന മൃഗങ്ങൾ
6. പേപ്പട്ടി ശല്യം.

## സാധ്യതകൾ

നല്ലയിനം അത്യുൽപ്പാദനശേഷിയുള്ള പശു, ആട്, എരുമ, കോഴി, താറാവ്, പന്നി എന്നിവയെ വളർത്തുവാൻ ഉപദേശിക്കുകയും അതിനുവേണ്ട പ്രോത്സാഹനം നല്കുകയും വേണം. പാൽ വിപണനരംഗങ്ങളിലുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുവാൻ നാലു വാർഡുകൾക്ക് ഒരു ക്ഷീരസഹകരണസംഘം സ്ഥാപിച്ച് പാൽവിപണനം നടത്തുക, പാലുല്പന്നങ്ങൾ നിർമ്മിച്ച് കച്ചവടത്തിന് ലഭ്യമാക്കുക, തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് വിത്തും വളവും സബ്സിഡിയും നല്കുക, പുല്ലു വളർത്തുവാൻ സ്ഥലമെടുത്ത് പുല്ല് വളർത്തി കർഷകർക്ക് വിതരണം ചെയ്യുക, കാലിത്തീറ്റ മിശ്രിത യൂണിറ്റ് സ്ഥാപിച്ച് മിതമായ നിരക്കിൽ കാലിത്തീറ്റ കർഷകർക്ക് വിതരണം ചെയ്യുക, പാൽ സഹകരണസംഘങ്ങളിൽ ഒരെണ്ണം കേന്ദ്ര സംഘമാക്കി ഇതരസംഘങ്ങളിലെ മിച്ചമായ പാൽ ശേഖരിച്ച് പട്ടണത്തിൽ വിൽക്കുകയോ പാൽ സംസ്ക്കരണം നടത്തി വിൽക്കുകയോ ചെയ്യണം.

കോഴി വളർത്തലിന് പ്രാധാന്യം നല്കി വീട്ടമ്മയുടെ വരുമാനം വർദ്ധിപ്പിക്കാനും ഭക്ഷ്യാവശ്യത്തിന് ഇറച്ചിയും മുട്ടയും ലഭ്യമാക്കാനും കഴിയും. പന്നിവളർത്തലിന് പരിശീലനവും പ്രോത്സാഹനവും നല്കി തൊഴിലവസരം സൃഷ്ടിക്കാനും വരുമാനവർദ്ധനവുണ്ടാക്കുവാനും സാധിക്കും. ഓമനപക്ഷി മൃഗാദികളെ വളർത്തി തൊഴിലവസരം സൃഷ്ടിക്കാവുന്നതാണ്. കാളകുട്ടികളെയും പോത്തുകുട്ടികളേയും വളർത്തി നാട്ടിലെ മാസ ആവശ്യത്തിന് ഉപയുക്തമാക്കാവുന്നതാണ്.

## നിർദ്ദേശങ്ങൾ

വളർത്തുമൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിന് വെറ്റിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം.

വീടുകളിലെ തൊഴുത്തും ചാണകകുഴിയും ശാസ്ത്രീയമായി നിർമ്മിക്കുന്നതിന് സാങ്കേതിക ഉപദേശവും സാമ്പത്തിക സഹായവും ലഭ്യമാക്കണം.

ഊർജ്ജിത കോഴിവളർത്തലിന് ആവശ്യമായ സാങ്കേതിക ഉപദേശവും സാമ്പത്തിക സഹായവും ലഭ്യമാക്കണം.

സഹകരണ അടിസ്ഥാനത്തിൽ കന്നുകാലികൾക്ക് മേച്ചിൽ സ്ഥലങ്ങൾ ഉണ്ടാക്കേണ്ടതാണ്.

കൂടുതൽ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്.

വീട്ടുമൃഗങ്ങൾക്കുള്ള കുത്തിവെയ്പ് വീടുകളിൽ വന്ന് നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

നാലാം വാർഡിൽ മൃഗസംരക്ഷണത്തിനായി ഒരു സബ് സെൻറർ സ്ഥാപിക്കുക.

നല്ലയിനം പശുകുട്ടികളെയും അവക്ക് വേണ്ട മരുന്നും ഭക്ഷണവും സൗജന്യമായി വിതരണം ചെയ്യുക.

ചേറ്റുപുഴയിലെ ഊർജ്ജിത കന്നുകാലി ബീജസങ്കലന കേന്ദ്രം ഒരു മൃഗാശുപത്രിയായി ഉയർത്തുക.

5 പശുക്കൾ ഉള്ളതായ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ ധനസഹായം നല്കുന്ന ഒരു പദ്ധതി നടപ്പിലാക്കുക.

മാംസാഹാരത്തിന് കന്നുകാലികളെ വളർത്തുന്നതിനുള്ള പ്രോത്സാഹനം നല്കുക.

മുട്ട കോഴികളെ വളർത്തുന്നതിന് 10-ൽ കുറയാത്ത കോഴികളും കൂടുകളും നല്കുന്നപദ്ധതി നടപ്പിലാക്കണം. താറാവ് വളർത്തുന്നതിനും ഈ വക സഹായം നല്കണം.

വരുമാനം കുറഞ്ഞ കുടുംബങ്ങൾക്ക് മാടുകളെ സൗജന്യമായി നല്കണം.

കന്നുകുട്ടികൾക്ക് സൗജന്യനിരക്കിൽ കാലിതീറ്റ വിതരണം ചെയ്യുക.

നല്ലയിനം ആട്ടിൻകുട്ടികളെ സൗജന്യമായി നല്കു

കയും ശാസ്ത്രീയപരിചരണത്തിന് മൃഗസം രക്ഷണ വകുപ്പിൽ നിന്ന് വേണ്ട ഏർപ്പാടുകൾ ചെയ്യുക.

കാര്യാട്ടുകര എൽതുരുത്ത് സെൻററിൽ മൃഗസംരക്ഷണ സബ് സെൻറർ സ്ഥാപിക്കുക.

കന്നുകാലികളുടെ രോഗനിയന്ത്രണം ഭവനസന്ദർശനം എന്നിവക്ക് സൗകര്യം നൽകുക.

ബീജസങ്കലത്തിന് മൃഗസംരക്ഷണ വകുപ്പിൽ നിന്ന് ഈടാക്കി വരുന്ന 18.50 ക പൈസ, 60 ദിവസത്തിനകം വീണ്ടും വേണ്ടിവരുന്നപക്ഷം സൗജന്യമാക്കുക.

നല്ല സങ്കരയിനം പശുക്കളിൽ ബീജസങ്കലനം നടത്തി ഉല്പാദിപ്പിക്കുന്ന കന്നുകുട്ടികളെ ഗുണമേൻമ പരിശോധിച്ച് സംരക്ഷണം നല്കുകയും പശുവിൻെറ പാൽ ഉല്പാദനക്ഷമത പരിശോധിച്ച് തിട്ടപെടുത്തുകയും മറ്റും ചെയ്യുന്നതിന് നിലവിലുണ്ടായിരുന്ന സ്കീം പുനരാവിഷ്ക്കരിക്കുക.

രണ്ടുസെൻറു മുതൽ 5 സെൻറ് വരെയുള്ള ചുരുങ്ങിയത് നൂറു യൂണിറ്റ് തീറ്റപ്പുൽകൃഷിക്കും സൗജന്യമായി വിത്തും വളവും നൽകുക.

ഏഴാംവാർഡിലെ കർഷകർക്കും കർഷകതൊഴിലാളികൾക്കും കറവുമാടുകളെ വാങ്ങുന്നതിനും, തൊഴുത്തുകൾ പണിയുന്നതിനും സബ്സിഡിയും ലോണും അനുവദിക്കണം.

ഏഴാംവാർഡിൽ രണ്ടു ഇറച്ചികോഴി യൂണിറ്റ് ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കണം.

വ്യക്തികൾക്ക് മുയൽ യൂണിറ്റുകൾ സ്ഥാപിക്കുവാൻ സഹായധനം നൽകണം.

ഏഴാംവാർഡിലെ ചുരുങ്ങിയത് 30 വ്യക്തികൾക്ക് 5 ആടുകൾവീതമുള്ള ഓരോ യൂണിറ്റ് സ്ഥാപിക്കുവാൻ ധനസഹായം നൽകണം.

ഇറച്ചിയാവശ്യത്തിന് കാടപക്ഷികളെ വളർത്താനുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകണം.

പന്നിവളർത്തൽ യൂണിറ്റുകൾ നടത്തികൊണ്ടുപോകുവാൻ ധനസഹായം നൽകണം.

അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുവാനും, വളർത്തുനായകൾക്ക് ലൈസൻസിങ്ങ് നിർബ്ബന്ധമാക്കുവാനും, നയ്ക്കൾക്ക് നിർബ്ബന്ധവും സൗജന്യവുമായ കുത്തിവെയ്പ് നടത്താനും സംവിധാനം ഉണ്ടാക്കണം.

ബാക്ക്യാർഡ് പൗൾട്രി യൂണിറ്റുകൾ സ്ഥാപിക്കുവാൻ ധനസഹായം നൽകണം.

## മത്സ്യബന്ധനം

മത്സ്യബന്ദനം ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു മേഖലയല്ല. ഉൾനാടൻ മത്സ്യബന്ധനം ചെറിയതോതിൽ നടക്കുന്നുണ്ട്. ഇതിനെമാത്രം ആശ്രയിച്ചു കഴിയുന്നവർ വളരെ അപൂർവ്വമാണ്.

ഭൂരിഭാഗം പ്രദേശവും കോൾനിലങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ പ്രദേശത്തിൻെറമത്സ്യ ഉൽപ്പാദന സാധ്യത ഉപയോഗിച്ചിട്ടില്ല. ഇപ്പോൾ പലകോൾനിലങ്ങളിലും ഒരു പൂവ്മാത്രമേ കൃഷി നടക്കുന്നുള്ളു. കൃഷി നടക്കാത്ത സമയങ്ങളിൽ ചെമ്മീൻകൃഷി, മറ്റു മത്സ്യകൃഷി എന്നിവ നടത്തുവാൻ സാധിച്ചാൽ കർഷകരുടെ വരുമാന വർദ്ധനക്ക് ഒരുപ്രധാന കാരണമാവുമത്. കോൾപാടങ്ങളിലെ വെള്ളം വറ്റിക്കുന്ന സമയത്ത് ധാരാളംമത്സ്യം ലഭിക്കുന്നുണ്ട്. വരാൽ, മുഷു, മുണ്ടത്തി, കരിമീൻ എന്നിവയാണ് കൂടുതലായി ലഭിക്കുന്ന മത്സ്യ ഇനങ്ങൾ. എന്നാൽ ഓരോ വർഷം കഴിയും തോറും ഈ ലഭ്യമാവുന്ന മത്സ്യത്തിൻെറ അളവ് കുറഞ്ഞു വരികയാണ്.

ചെറുകിട ജലസേചനത്തിനായുള്ള ഏഴുചാലുകൾ ഈ പ്രദേശത്തുണ്ട്. മത്സ്യകൃഷിക്കായി ഈ ചാലുകൾ ഉപയോഗപ്പെടുത്താവുന്നതാണ്. പത്തുസെൻറിനു മുകളിൽ വിസ്തീർണ്ണമുള്ള പത്തു

കുളങ്ങൾ മത്സ്യകൃഷിക്കായി ഉപയോഗപ്പെടുത്താൻ സാധിക്കും.

മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന കുറെയാളുകൾ ഈ പഞ്ചായത്തിലുണ്ട്. വാടാനപ്പള്ളി, ചാവക്കാട് എന്നീ സ്ഥലങ്ങളിൽ നിന്നു മത്സ്യം വാങ്ങി വിതരണം നടത്തുന്നുണ്ട്. തൃശൂർ മാർക്കറ്റിൽ നിന്നും മത്സ്യം വാങ്ങി സൈക്കിളിലും മറ്റുമായി വിതരണം ചെയ്ത് ഉപജീവനം നടത്തുന്നവർ പലരുമുണ്ട്. കൃത്യമായ കണക്ക് ശേഖരിച്ചിട്ടില്ല.

## പ്രശ്നങ്ങൾ സാധ്യതകൾ

- കോൾ നിലങ്ങളിൽ കൃഷിയിറക്കാത്ത സമയങ്ങളിൽ ശാസ്ത്രീയമായ മത്സ്യകൃഷിക്ക് സാധ്യതയുണ്ട്.
- കുളങ്ങൾ, ചാലുകൾ എന്നിവ മത്സ്യകഷിക്ക് ഉപയോഗിക്കാവുന്നതാണ്. വ്യക്തികൾക്ക് മത്സ്യകൃഷിക്കായി പാട്ടത്തിന് ലേലം ചെയ്തു നല്കാവുന്നതാണ്.
- അലങ്കാര മത്സ്യത്തിന് വൻപിച്ച ഡിമാൻറുണ്ട്. തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന ഈ പ്രദേശത്ത് സ്ത്രീകൾക്ക് ഒഴിവു സമയങ്ങളിൽ വീട്ടിൽ വച്ച് തന്നെ ഉൽപ്പാദനം നടത്താൻ കഴിയുന്ന ഒന്നാണ് അലങ്കാരമത്സ്യങ്ങൾ. വിനോദത്തിനും വരുമാനത്തിനുമായി ഏർപ്പെടാവുന്ന ഒന്നാണ് ഈ മേഖല.
- മത്സ്യബന്ധനം, വിതരണം എന്നിവയുമായി ബന്ധപ്പെട്ടു ജീവിക്കുന്നവർ സമൂഹത്തിൻെറ താഴെത്തട്ടിലുള്ളവരാണ്. ക്ഷേമനിധി, പെൻഷൻ, ഇൻഷൂറൻസ് എന്നിവ ഇവർക്ക് ലഭ്യമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.
- മത്സ്യകൃഷിയുടെ സാധ്യതകളെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനം പഞ്ചായത്ത് നടത്തേണ്ടതാണ്.
- മത്സ്യ ഉൽപ്പാദനത്തിനും വിതരണത്തിനുമായി സഹകരണസംഘങ്ങൾ രൂപീകരിക്കുന്നത് ആശാസ്യമാണ്.

# 5-3 വ്യവസായം

സ്വാതന്ത്ര്യലബ്ധിക്കു മുമ്പു തന്നെ 1942ൽ സ്വകാര്യമേഖലയിലുള്ള കുന്നത്ത് ടെക്സ്റ്റയിൽസ് ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുതുടങ്ങിയെങ്കിലും ഇവിടുത്തെ വ്യവസായ മേഖല വികസിതമാണെന്ന് പറയാവുന്നതല്ല. നാമമാത്രമായ കുടിൽവ്യവസായങ്ങൾ മാത്രമാണ് ഇവിടെയുണ്ടായിരുന്നത്. ഇവയെല്ലാം പരമ്പരാഗതമായ തൊഴിലുമായി ബന്ധപ്പെടുന്നവയുമായിരുന്നു.

ഇന്ന് കുന്നത്ത് ടെക്സ്റ്റയിൽസ് ആധുനിക വ്യവസായിക മേഖലയിലെ ഒരു സംരംഭമാണ്. ഓഫീസ് ജീവനക്കാരും പരിശീലകരുമടക്കം മൊത്തം 211 ജീവനക്കാരാണിവിടെയുള്ളത്.

പഞ്ചായത്തിലാകെയുള്ള വൻകിട വ്യവസായ സ്ഥാപനം 'കേരളാ ലക്ഷ്മി മിൽസ്' ആണ്. ഇത് 1962ൽ സ്വകാര്യമേഖലയിൽ സ്ഥാപിച്ചതാണ്. പിന്നീടെ ഈ സ്ഥാപനം 1972ൽ നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷൻ ഏറ്റെടുക്കുകയാണുണ്ടായത്. 1974 മുതൽ പ്രവർത്തിക്കുന്നത് നാഷലൈസഡ് സെക്ടറിലാണ്. കോട്ടൺ, പോളിസ്റ്റർ നൂലുകളാണ് ഇലിടെ ഉല്പാദിപ്പിക്കുന്നത്. ഇപ്പോൾ 9 സ്ത്രീകളും 704 പുരുഷന്മാരും ഇവിടെ ജോലി ചെയ്യുന്നു.

ഖാദിനില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളും ഈ പ്രദേശത്തുണ്ട്. യൂണിറ്റുകളുടെ വിവരങ്ങൾ പട്ടിക 1ൽ 3.1ൽ കൊടുത്തിരിക്കുന്നു.

### ഖാദിഗ്രാമവ്യവസായ യൂണിറ്റുകൾ

പട്ടിക 3.1

| | യൂണിറ്റിന്റെ പേരും സ്ഥാപിച്ച വർഷവും | ഉൽപന്നങ്ങൾ | തൊഴിലാളികൾ | |
|---|---|---|---|---|
| | | | സ്ത്രീ | പുരുഷൻ |
| 1. | ഡിപ്പാർട്ടുമെന്റൽ ഹാൻ മെയിഡ് പേപ്പർ യൂണിറ്റ് (1982) | ഫയൽബോസ് | 14 | |
| 2 | ഓയിൽ യൂണിറ്റ് (1979) | എള്ളെണ്ണ, പിണ്ണാക്ക് | 2 | 1 |
| 3 | സ്പിന്നിംഗ് യൂണിറ്റ് (1984) | നൂൽ | 25 | |
| 4 | വീവിംഗ് യൂണിറ്റ് (993) | തുണി | 7 | |
| 5. | സോപ്പ് നിർമ്മാണം | സോപ്പ് | | |

കുറിപ്പ്:

1. ഉല്പാദിപ്പിക്കുന്ന ഫയൽ ബോർഡ് സർക്കാരിന്റെ സ്റ്റേഷനറി ഡിപ്പാർട്ടുമെന്റ് വാങ്ങുന്നു. നൂല് തുണിനെയ്ത്തിന്നുപയോഗിക്കുകയും നെയ്ത തുണിയും എണ്ണയും സെയിൽ ഡിപ്പൊ വഴി വിറ്റഴിക്കുന്നു.
2. യൂണിറ്റുകളുടെ പ്രവർത്തനത്തിനാവശ്യമായ മൂലധനം കേരളാ ഖാദി ഗ്രാമ വ്യവസായ ബോർഡ് അനുവദിക്കുന്നു.

ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് 8ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 14 ഷെഡ്ഡുകളുണ്ട്. അവയിലിപ്പോൾ പ്രവർത്തിച്ചു വരുന്നവയുടെ വിവരങ്ങൾ പട്ടിക 2 3.2ൽ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | മേഖല ഇനം | യൂണിറ്റ് | മൊത്തം ജീവനക്കാർ |
|---|---|---|---|
| 1 | എഞ്ചിനീയറിംഗ് | 4 | 24 |
| 2 | വുഡൻ ഫർണീച്ചർ | 1 | 4 |
| 3 | നല്ലെണ്ണ | 1 | 5 |
| 4 | പ്ലാസ്റ്റിക് | 1 | 5 |
| 5 | വനിത | 1 | 5 |
| 6 | കടലാസ് | 1 | 13 |

7 പട്ടികജാതി പട്ടികവർഗ്ഗ യൂണിറ്റ് ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നു.

8 ഔഷധ നിർമ്മാണത്തിന്റെ ഒരു യൂണിറ്റ് ഉണ്ടായിരുന്നതതും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കണക്കനുസരിച്ച് 162 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തു ഈ പ്രദേശത്തു പ്രവർത്തിക്കുന്നുണ്ട്. വ്യവസായ രംഗത്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഈ പദ്ധതികൾ സംസ്ഥാന വ്യവസായ-വാണിജ്യ വകുപ്പ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയാണ് നടപ്പാക്കുന്നത്.

ജില്ലാവ്യവസായ കേന്ദ്രവും കേന്ദ്രഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ പരിശീലന കേന്ദ്രം (SISI) ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്.

പഞ്ചായത്തില് വ്യവസായ-വ്യാപാര സ്ഥാപനങ്ങളുടെ പട്ടിക 3.3ൽ കൊടുത്തിരിക്കുന്നു.

## വ്യവസായ - വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ

**പട്ടിക 3.3**

| വാർഡ് | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| I | 17 | 9 | 10 | 14 | 50 |
| II | 19 | 7 | 12 | 16 | 54 |
| III | 10 | 4 | 6 | 7 | 27 |
| IV | 13 | 2 | 9 | 1 | 25 |
| V | 16 | 3 | 9 | 10 | 38 |
| VI | 8 | 2 | 11 | 20 | 41 |
| VII | 15 | 2 | 10 | 5 | 32 |
| VIII | 16 | 4 | 11 | 15 | 46 |
| IX | 6 | 2 | 4 | 2 | 14 |
| X | 7 | 2 | 7 | 4 | 20 |
| XI | 13 | 3 | 6 | 16 | 38 |
| XII | 2 | 1 | 2 | 1 | 6 |
| XIII | 11 | 6 | 12 | 21 | 50 |
| XIV | 12 | 4 | 9 | 11 | 36 |
| XV | 17 | 3 | 5 | 8 | 33 |
| ആകെ | 182 | 54 | 123 | 151 | 510 |

സർക്കാരിന്റെ വ്യവസായ വകുപ്പ് വ്യവസായങ്ങൾ ആരംഭിക്കുന്നതിനും മറ്റും ധാരാളം സഹായങ്ങൾ ഇപ്പോൾതന്നെ അനുവദിക്കുന്നുണ്ട്.

### മാർജിൻ മണിവായ്പ

അർഹരായ വ്യവസായ സംരംഭകരെ സഹായിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. ധനകാര്യ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന ഇക്വിറ്റി സ്വരൂപിക്കാൻ വേണ്ട മുടക്കു മുതൽ പരമാവധി ഒരു ലക്ഷം രൂപ എന്ന നിയമത്തിനു വിധേയമായി 11.5% പലിശനിരക്കിൽ വായ്പ അനുവദിക്കുന്നു.

### മൂലധന നിക്ഷേപ സബ്സിഡി:

23.9.91നോ അതിനു ശേഷമോ ഉല്പാദനം ആരംഭിക്കുകയോ നവീകരണമോ വികസനമോ നടത്തിയ ചെറുതോ വലുതോ ആയ വ്യവസായങ്ങൾക്ക് അവയുടെ സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 15% എന്ന തോതിൽ പരമാവധി 15 ലക്ഷം രൂപ വരെ നിക്ഷേപ(ഇൻവെസ്റ്റ്മെന്റ്) സബ്സിഡി ലഭിക്കുന്നതാണ്. എന്നാൽ റബ്ബർ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ, ഇലക്ട്രോണിക്സ്, ഫുഡ് പ്രോസസിങ്ങ്, ലഘു എഞ്ചിനിയറിങ്ങ്, ഔഷധ നിർമ്മാണം, തുകൽ ഉല്പന്നങ്ങൾ, സിലിക്ക/ക്ലേ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ, വസ്ത്രനിർമ്മാണം(ഗാർമെന്റ് മേക്കിങ്ങ്) എന്നിവയ്ക്ക് സബ്സിഡി 20 ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്.

### വനിതാ യൂണിറ്റുകൾക്ക് സഹായം

വനിതകളുടെ ഉടമസ്ഥതയിലും മാനേജ്മെന്റിലും ഉള്ളതും, 80% ത്തിൽ കുറയാതെ വനിതാ ജീവനക്കാരുമുള്ള യൂണിറ്റുകളാണ് ഈ സഹായത്തിനർഹമാകുന്നത്. പരമാവധി 25000 രൂപ എന്ന നിരക്കിൽ, 50% കെട്ടിട ഗ്രാന്റും, പരമാവധി 25000 രൂപ നിരക്കിൽ യന്ത്രസാമഗ്രികളുടേയും ഉപകരണങ്ങളുടേയും വിലയുടെ 50% ഗ്രാന്റും ഈ യൂണിറ്റുകൾക്കും ലഭ്യമാണ്. മറ്റു ചില പ്രോത്സാഹനങ്ങളും ഇത്തരം യൂണിറ്റുകൾക്ക് ലഭ്യമാണ്.

### SCP/TSP പദ്ധതികൾ:

പട്ടികജാതി/വർഗ്ഗങ്ങളിലെ വ്യവസായ സംരംഭകർക്കും നാമമാത്ര പലിശക്ക് 50000 രൂപ വരെ വായ്പ നല്കുന്നതാണ്.

### SURP:

ഈ പദ്ധതി അനുസരിച്ച് പീഢിത വ്യവസായ യൂണിറ്റുകളുടെ പുനരധിവാസത്തിനും മാർജിൻ മണിവായ്പ, വില്പന നികുതി ഒഴിവ് എന്നിവ ലഭ്യമാണ്.

റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം ബ്ലോക്ക് പഞ്ചായത്ത് വഴിയായും കരകൗശല പരിശീലനം, കരകൗശലകർക്കുള്ള വാർദ്ധക്യപെൻഷൻ ജില്ലാ പഞ്ചായത്തു വഴിയായും നടപ്പാക്കുന്നു.

### പ്രധാന മന്ത്രിയുടെ റോസ്ഗർയോജന

ഈ പരിപാടി അനുസരിച്ച് അഭ്യസ്ഥവിദ്യരായ (10ാം ക്ലാസ്സ് തോറ്റവരോ, ജയിച്ചവരോ) തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വ്യവസായം, സേവനം, വ്യാപാരം എന്നീ മേഖലകളിൽ ബാങ്കുകളിൽ നിന്നും 95000 രൂപ വരെ വായ്പ ലഭിക്കുന്നതാണ്. ഇതിൽ 15% സബ്സിഡിയായി ലഭിക്കും.

വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ കണക്കുകൾ പ്രകാരം 8ാം പദ്ധതിയിൽ പൂർത്തീകരിച്ചതും മേൽ പറഞ്ഞ പദ്ധതി പ്രകാരം നടന്നുവരുന്നതുമായ യൂണിറ്റുകളുടെ വിവരം പട്ടിക 3.4 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3.4

| പദ്ധതി | ധനസഹായം നല്കിയ സ്ഥാപനം | ധനസഹായ തുക ലക്ഷത്തിൽ |
|---|---|---|
| 1. വനിതാ വ്യസായം | 3 | 0.32 |
| 2. മൂലധനനിക്ഷേപസബ്സിഡി | 3 | 0.90 |
| 3. വില്പന നികുതി ഒഴിവ് | 7 | 39.50 |
| 4. മാർജിൻ മണി വായ്പ | 8 | 2.33 |
| 5. റൂറൽ ആർട്ടിസാൻ പ്രോഗ്രാം | 8 | 0.20 |
| 6. പട്ടികജാതിയിൽപെട്ടസംരംഭകർക്ക് ഗ്രാന്റ് /വായ്പ | 39 | 1.03/2.33 |

### പ്രശ്നങ്ങൾ

പഞ്ചായത്തിൽ മനഷ്യശേഷി വേണ്ടത്ര ലഭ്യമാണ്. കാർഷികോല്പന്നങ്ങൾ തുടങ്ങി പല അസംസ്കൃത വസ്തുക്കളും ലഭ്യമാണ്. ഉപഭോഗവസ്യതുക്കൾക്ക് വിപണന സാധ്യതകളും ഉണ്ട്. പഞ്ചായത്തിലുള്ള വളരെ പേർ ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നു. അവരിൽ നിന്നുള്ള വരുമാനവും നാട്ടിൽ തന്നെയുള്ളവരുടെ സാമ്പത്തിക ശേഷിയും കൂടി ഇവിടിത്തെ ജനങ്ങളുടെ ക്രയശേഷിയും ജീവിത നിലവാരവും വർദ്ധിച്ചിട്ടുണ്ട്. ഈ അനുകൂല സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിയുള്ള ഒരു വ്യവസായിക വികസനം ജില്ലയിലെ മറ്റു പ്രദേശങ്ങളിലെന്ന പോലെ ഇവിടേയും നടക്കുന്നില്ല. ഇതിനുള്ള മുഖ്യകാരണങ്ങളായി താഴെ പറയുന്നവ ചൂണ്ടി കാണിക്കപ്പെടുന്നു.

1. വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമി ലഭ്യമാകാതിരിക്കുന്നതും അതിന്റെ വളരെ വർദ്ധിച്ച വിലയും വ്യവസായങ്ങൾ സ്ഥാപിക്കുവാൻ പറ്റിയ സ്ഥലസൗകര്യങ്ങൾ പഞ്ചായത്തിൽ കുറവാണ്.
2. ഊർജ്ജ(പവർ)ത്തിന്റെ അപര്യാപ്തത വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഏറെ ബുദ്ധിമുട്ടും താമസവും ഉണ്ട്.
3. ആധുനിക ഗതാഗത-വാർത്താവിതരണ സൗകര്യങ്ങളുടെ അപാവം.
4. അപര്യാപ്തമായ വായ്പാ സൗകര്യങ്ങളും ഉയർന്ന പലിശ നിരക്കും.
5. നിലവിലുള്ള സബ്സിഡി തുടങ്ങിയ അനുകൂല്യങ്ങൾ വേണ്ട തോതിലും വേണ്ടസമയത്തും ലഭ്യമല്ല.
6. അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം.
7. നിലവിലുള്ള സഹായങ്ങളേയും അനുകൂല്യങ്ങളേയും കുറിച്ചും അവയുടെ നടപനി ക്രമങ്ങളേയും കുറിച്ചുള്ള വ്യവസായ സംരംഭകരുടെ അറിവില്ലായ്മ. ഇവയെക്കുറിച്ച് അറിയാനുള്ള ലളിതവും സുഗമവുമായ സംവിധാനങ്ങളുടെ പോരായ്മയും അഭാവവും തൃശ്ശൂരിൽ പ്രവർത്തിക്കുന്ന കേന്ദ്രസഹകരണ സംഘത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 11-ാം വാർഡിൽ ഒരു വൈരക്കൽ സഹകരണസംഘം പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സംഘത്തിൽനിന്നും വില കൊടുത്തു വാങ്ങുന്ന അസംസ്കൃത കല്ലുകൾ ഉപയോഗിച്ചാണിവിടെ പണി നടത്തുന്നത്. പണി തീർത്ത കല്ലുകൾ കേന്ദ്രസംഘത്തിൽ തന്നെ തിരിച്ചേല്പിക്കുകയും അവയുടെ ഗുണനിലവാരം നിർണ്ണയിച്ച് വില നല്കുകയും ചെയ്യുന്നു. ഈ സംവിധാനം തൊഴിലാളികൾക്ക് ഗുണകരമല്ല. കൂടാതെ ഇ.എസ്.ഐ പ്രോവിഡന്റ് ഫണ്ട് അനുകൂല്യങ്ങളും ലഭ്യമല്ല. ഈ വാർഡിൽ തന്നെ പ്രവർത്തിച്ചു വരുന്നു. ഇലക്ട്രിക്കൽ വുഡ് ആന്റ് മെറ്റീരിയൽസ് യൂണിറ്റാവശ്യമായ തൊഴിലാളികളുടെ അഭാവം മൂലം

പ്രവർത്തനരഹിതമാണ്.

**നിർദ്ദേശങ്ങൾ**

- ചെറുതും വലുതുമായ ഫർണിച്ചർ യൂണിറ്റുകൾ സ്വർണ്ണപണി യൂണിറ്റുകൾ, ടയർ റീ സോളിങ്ങ് യൂണിറ്റുകൾ എന്നിവ തുടങ്ങാൻ സന്നദ്ധരായ ചെറുപ്പക്കാരുണ്ട്. അവർക്ക് ആവശ്യമായ സ്ഥലങ്ങളും വായ്പാ-സബ്സിഡി സൗകര്യങ്ങളും അനുവദിക്കുക
- റെഡിമെയ്ഡ് വസ്ത്രങ്ങൾ, അച്ചാർ, ധാന്യങ്ങൾ പൊടിച്ചു പായ്ക്കറ്റിലാക്കൽ, ബേക്കറി തുടങ്ങി വനിതകളുടെ സംയുക്ത സംരംഭങ്ങൾ ആരംഭിക്കുവാൻ സന്നദ്ധരായ വനിതകളുണ്ട്. അവർക്കും അത്തരം യൂണിറ്റുകൾ ആരംഭിക്കുവാൻ വേണ്ട സ്ഥലവും വായ്പാ-സബ്സിഡി സൗകര്യങ്ങളും അനുവദിക്കുക. വിപണന സൗകര്യങ്ങളും കണ്ടെത്തേണ്ടതുണ്ട്.
- ഓട്, പിച്ചള എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
- വീട്ടുപകരണങ്ങളുടെ റിപ്പയറിങ്ങ് നടത്തുന്ന വനിതകളുടെ സംയുക്ത സംരംഭം ആരംഭിക്കുക.
- 30ം വാർഡിൽ ട്രഞ്ചിംഗ് ഗ്രൗണ്ടിലെ മലിനീകരണ പ്രസ്ഥാനത്തെ മുൻനിർത്തി ഒരു ഗാർബേജ് പെല്ലെറൈസേഷൻ പ്ലാൻറ് സ്ഥാപിക്കുക.
- ട്രഞ്ചിംഗ് ഗ്രൗണ്ടിലെ തന്നെ മലിനാവശിഷ്ടങ്ങൾ ഉപയോഗിച്ച് ഒരു കമ്പോസ്റ്റ് വളനിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
- ലാലൂർ സ്ക്കൂൾ ഓഫ് ഡ്രാമാ റോഡിൽ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന പവർലൂം സെന്ററിൽ തറികളുടെ എണ്ണം കൂട്ടി ഇപ്പോൾ 2 ഷിഫ്റ്റ് നടക്കുന്നത് 3 ഷിഫ്റ്റായി വികസിപ്പിക്കുക.
- മത്തായിപുരം കോളനിയിൽ പൂട്ടിക്കിടക്കുന്ന നെയ്ത്തുശാല പുതുക്കി പണിത് ഒരു നോട്ടുബുക്ക് നിർമ്മാണയൂണിറ്റ് തുടങ്ങുക.
- നാലാം വാർഡിൽ കോഴി വളർത്തൽ ക്ഷീര വ്യവസായം, പന്നി വളർത്തൽ തേനീച്ച വളർത്തൽ എന്നിവ ആരംഭിക്കുക.
- നാലാം വാർഡിൽ മെഴുകുതിരി നിർമ്മാണം, സോപ്പുനിർമ്മാണം എന്നിവ തുടങ്ങുവാൻ സന്നദ്ധത ഉള്ളവരുണ്ട്. അതിനുള്ള സ്ഥലങ്ങളും കണ്ടെത്താവുന്നതാണ്. അത്തരം യൂണിറ്റുകൾ ആരംഭിക്കുവാൻ വേണ്ട സൗകര്യങ്ങളും, വായ്പകളും മറ്റും അനുവദിക്കുക.

  അഞ്ചാം വാർഡിൽ പ്ലാസ്റ്റിക് മോൾഡിങ്ങ്, ബുക്ക് ബൈന്റിങ്ങ്, കവർ മേക്കിങ്ങ്, ഫുഡ് പ്രോസസിങ്ങ് എന്നിവയ്ക്കുവേണ്ടി വനിതകൾക്കു പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഒരു യൂണിറ്റ് ആരംഭിക്കുക.
- ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
- ഒരു കാർപെന്ററി യൂണിറ്റ് ആരംഭിക്കുക.
- 9-ാം വാർഡിൽ കാർഷിക മേഖലയിൽ നിന്നുള്ള ഉല്പന്നങ്ങളായ നെല്ല്, നാളികേരം, അടയ്ക്ക, മറ്റു പഴവർഗ്ഗങ്ങളും, പച്ചക്കറികളും, സംസ്ക്കരിച്ച് വിപണനം നടത്തുന്നതിനുള്ള ഒരു യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കക.
- പാഴ്ത്തറി ഉപയോഗിച്ചുകൊണ്ടുള്ള പ്ലൈവുഡ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
- 10-ാം വാർഡിൽ ബ്ലീച്ചിങ്ങ് പൗഡർ, റീ പാക്കിങ്ങ്, ഹണി റീ പാക്കിങ്ങ്, റോസ് പൗഡർ, സിന്തറ്റിക്ക്, വിനാഗിരി എന്നിവയുട നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.
- കുട നിർമ്മാണ യൂണിറ്റ് നിലവിലുള്ളത് വിപുലീകരിക്കുക.
- പാദരക്ഷകൾ നിർമ്മിക്കുന്നതിനുള്ള പരിചയ സമ്പന്നരായ ആളുകൾ ഉണ്ട്.

ഇവർക്കാവശ്യമായ ധനസഹായം നൽകുകയാണെങ്കിൽ നല്ല നിലയിലുള്ള ഒരു യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

- 11-ാം വാർഡിൽ പ്രവർത്തിച്ചുവരുന്ന വൈരക്കൽ സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിൽ ഇന്നു നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര സംഘത്തിന്റെ നിയന്ത്രണത്തിൽ നിന്നും വേർപ്പെടുത്തി അസംസ്കൃത പദാർത്ഥങ്ങൾ നേരിട്ടുവാങ്ങിക്കുകയും പണി തീർന്ന ഉല്പന്നങ്ങൾ നേരിട്ട് വില്ക്കുവാനുമുള്ള സംവിധാനം രൂപപ്പെടുത്തുകയാണെങ്കിൽ ഇന്നത്തെ ഈ സംഘത്തിന്റെ ശോച്യാവസ്ഥയ്ക്ക് ഒരു പരിധി വരെ പരിഹാരമാകുന്നതാണ്.

- പുതിയൊരു കല്ലൊര പരിശീലന സ്കീം ആരംഭിക്കുക.
- മിൽക്ക് പ്രോഡക്ട്സ്, ഐസ്ക്രീം തുടങ്ങിയവയുടെ ഒരു യൂണിറ്റ് ആരംഭിക്കുക.
- 13-ാം വാർഡിൽ വെൽഡിംഗ് യൂണിറ്റ് , മൊസൈക് ടൈൽസ് നിർമ്മാണ യൂണിറ്റ്, പ്ലാസ്റ്റിക് ഫർണിച്ചർ നിർമ്മാണ യൂണിറ്റ് മാംസസംസ്ക്കരണ ശാല എന്നിവ ആരംഭിക്കുക. ഇത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ സന്നദ്ധത ഉള്ളവരുണ്ട്. അവർക്ക് ആവശ്യമായ സാമ്പത്തിക സഹായവും സ്ഥലസൗകര്യങ്ങളും ഉണ്ടാക്കി കൊടുക്കുക.
- ഐസ് കച്ചവടത്തിനാവശ്യമായ പെട്ടികൾ വാങ്ങുന്നതിനു സഹായം നൽകുക.
- പഞ്ചായത്തുതലത്തിൽ വ്യവസായ വികസനസമിതി രൂപീകരിക്കുക. ഈ സമിതിയിൽ ജില്ലാ ബ്ലോക്ക്, ഗ്രാമപഞ്ചായത്തു അംഗങ്ങൾ, എം.എൽ.എ - വ്യവസായം ഇലക്ട്രിസിററി, എന്നീ വകുപ്പുകളുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും പ്രതിനിധികൾ എന്നിവരുൾപ്പെടുന്നതായിരിക്കണം വ്യവസായ സംരംഭകരുടെ ആവശ്യങ്ങൾ മനസ്സിലാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും കാലതാമസം ഒഴിവാക്കി കാര്യങ്ങൾ ശരിയാക്കി കൊടുക്കുന്നതോടൊപ്പം ധനകാര്യസ്ഥാപനങ്ങൾ നൽകുന്ന വായ്പ തിരിച്ചടപ്പിക്കുവാനും ഈ സമിതിക്കു കഴിയണം.
- പഞ്ചായത്തുതലത്തിൽ മിനിവ്യവസായ എസ്റ്റേററുകൾ സ്ഥാപിക്കുക. അതിനനുയോജ്യമായ സ്ഥലവും ഫണ്ടും സ്വരൂപിക്കുക.
- പഞ്ചായത്തുതലത്തിൽ വ്യവസായ സംരഭകർക്കും പരിശീലനം നൽകാനുള്ള സംവിധാനമുണ്ടാക്കുക.
- പഞ്ചായത്തിൽ വാർഡുതോറും വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക. പഞ്ചായത്തുതലത്തിൽ വ്യവസായ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും പഞ്ചായത്തുതോറും വ്യവസായ വികസന ഉദ്യോഗസ്ഥരെ നിയമിക്കുക.

  ഇപ്പോൾ വികസനബ്ലോക്കിലുള്ള ഒരു ഉദ്യോഗസ്ഥനാണ് ആ ബ്ലോക്കിലെ മുഴുവൻ പഞ്ചായത്തുകളേയും വ്യവസായ സംബന്ധമായ കാര്യങ്ങൾ നോക്കുന്നത്.
- പഞ്ചായത്തുതലത്തിൽ വ്യവസായ സംരഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും മറ്റും നൽകുന്നതിന് ഇൻഫർമേഷൻ കൗണ്ടറുകൾ തുടങ്ങുക.
- 12-ാംവാർഡിലുള്ള നിരവധി അഭ്യസ്ഥവിദ്യരും തൊഴിൽ രഹിതരുമായ യുവാക്കൾക്ക് തൊഴിൽ ലഭിക്കുമാറ് ഈ വാർഡിൽ വിവിധ കൈതൊഴിൽ/ കുടിൽ വ്യവസായ യൂണിറ്റുകൾ ഉൾക്കൊള്ളുന്ന ഒരു ഖാദി സെൻറ്റർ ആരംഭിക്കുക

വിപണനത്തിന് പൊതുവായ ഒരു സംവിധാനമുണ്ടായാൽ അതിനു ഉൽപാദന രംഗത്ത് പുതു ജീവൻ അനുഭവപ്പെടും.

ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം ഉറപ്പു

വരുത്തുന്നതിന് വേണ്ട സൗകര്യങ്ങളുണ്ടാക്കേണ്ടതുണ്ട്.

വ്യവസായ സ്ഥാപനങ്ങൾക്ക് അനുമതി നൽകുമ്പോൾ തന്നെ മലിനീകരണ വിമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം. നിലവിലുള്ളവയുടെ മലിനീകരണ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും വേണം.

സഹകരണ മേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ കൈകൊള്ളണം.

വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്ഥല ദൗർലഭ്യം ഒഴിവാക്കുവാൻ 10-ാം വാർഡിൽ എൻ.ടി.സി. (കേരള ലക്ഷ്മി മിൽസ്) കീഴിൽ നിലനിൽക്കുന്ന ഉപയോഗിക്കാതെ കിടക്കുന്ന അനേകം ഏക്കർ സ്ഥലം ഉപയോഗപ്പെടുത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളാവുന്നതാണ്. 7ാം വാർഡിൽ പുസ്തകനിർമ്മാണം കുടനിർമ്മാണം എന്നീ വ്യവസായ യൂണിററുകൾ സ്ഥാപിക്കേണ്ടതാണ്.

## 5-4

# വിദ്യാഭ്യാസം

സ്വാതന്ത്ര്യാനന്തര കാലഘട്ടങ്ങളിൽ ഈ പഞ്ചായത്തിൽ വിദ്യഭ്യാസ സൗകര്യങ്ങൾ ഏറെ വർദ്ധിച്ചിട്ടുണ്ടെങ്കിലും പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. അമ്പത് വർഷങ്ങൾക്കു മുമ്പ് ഈ പഞ്ചായത്തതിർത്തിയിൽ ഒരു ഹൈസ്ക്കൂളും മൂന്ന് ലോവർ പ്രൈമറി സ്ക്കൂളുകളും ഉണ്ടായിരുന്നു. ഇന്ന് ഏറെ ഭേദപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അഞ്ച് ലോവർ പ്രൈമറി സ്കൂളുകളും രണ്ട് യു.പി. സ്ക്കൂളുകളും മൂന്ന് ഹൈസ്ക്കൂളുകളും ഉണ്ട്. ഉന്നത വിദ്യഭ്യാസ രംഗത്ത് ഒരു ആർട്സ് ആന്റ് സയൻസ് കോളേജും കോഴിക്കോട് സർവ്വകലാശാലയുടെ സാമ്പത്തിക ശാസ്ത്ര വിഭാഗത്തിന്റെ ഒരു കേന്ദ്രവും ഉണ്ട്. പ്രൊഫഷണൽ വിദ്യഭ്യാസ രംഗത്താകട്ടെ കോഴിക്കോട് സർവ്വകലാശാലയുടെ സ്ക്കൂൾ ഓഫ് ഡ്രാമ വിഭാഗവും സർക്കാർ ലോ കോളേജും ഉണ്ട്. അപര്യാപ്തമെങ്കിലും പ്രീ പ്രൈമറി രംഗത്തും പരിമിതമായ വിദ്യഭ്യാസ സൗകര്യം ലഭിക്കുന്നുണ്ട്.

എൽത്തുരുത്തിൽ 1889 ൽ കർമ്മലീത്ത സഭ സ്ഥാപിച്ച പ്രൈമറി സ്ക്കൂളാണ് ഈ പഞ്ചായത്തിലെ ഔപചാരിക വിദ്യഭ്യാസ പ്രവർത്തനങ്ങളുടെ നാന്ദി കുറിച്ചത്. ഇത് 1896ൽ മിഡിൽ സ്ക്കൂളായും 1933ൽ ഹൈസ്ക്കൂളായും ഉയർത്തി. ഏറെ വർഷങ്ങൾക്കു ശേഷമാണ് അയ്യന്തോൾ, ഒളരി എന്നിവിടങ്ങളിൽ സർക്കാർ എൽ.പി. സ്ക്കൂളുകൾ പ്രവർത്തിച്ചു തുടങ്ങിയത്. ഇക്കാലമത്രയും ഇവിടുത്തെ ജനങ്ങൾ പഞ്ചായത്തിനോട് തൊട്ടുകിടക്കുന്ന തൃശൂർ പട്ടണത്തിലെ വിദ്യഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്രയിച്ചിരുന്നത്.ചേററുപുഴ എസ്.വി.ജി.എൽ.പി. സ്ക്കൂൾ, നിർമ്മല കോൺവെന്റ് യു.പി. സ്ക്കൂൾ അയ്യന്തോൾ (1964) ലിററിൽ ഫ്ലവർ കോൺവെന്റ് ഗേൾസ് ഹൈസ്ക്കൂൾ, ഒളരിക്കര (1976) അയ്യന്തോൾ പഞ്ചായത്ത് എൽ.പി സ്ക്കൂൾ പുതൂർക്കര (1968) ഗവഃ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ, അയ്യന്തോൾ എന്നിവ സ്വാതന്ത്ര്യലബ്ധിക്കുശേഷം ആരംഭിച്ചവയാണ്. പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ താഴെ പറയുന്നതാണ്.

1. സെന്റ് അലോഷ്യസ് ഹൈസ്ക്കൂൾ, എൽത്തുരുത്ത്. (എയ്ഡഡ്)
2. സെന്റ് അലോഷ്യസ് എൽ.പി, സ്ക്കൂൾ, എൽത്തുരുത്ത് (എയ്ഡഡ്).
3. ഗവഃ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ, അയ്യന്തോൾ (സർക്കാർ).
4. ഗവഃ എൽ.പി.സ്ക്കൂൾ അയ്യന്തോൾ (സർക്കാർ).
5. നിർമ്മല കോൺവെന്റ് എൽ.പി.സ്ക്കൂൾ, അയ്യന്തോൾ (എയ്ഡഡ്).
6. ഗവഃ യു.പി.സ്ക്കൂൾ, ഒളരിക്കര (സർക്കാർ).
7. പഞ്ചായത്ത് എൽ.പി.സ്ക്കൂൾ, പുതൂർക്കര (എയ്ഡഡ്).
8. ലിററിൽ ഫ്ലവർ കോൺവെന്റ് ഗേൾസ്

ഹൈസ്ക്കൂൾ, ഒളരിക്കര (എയ്ഡഡ്).

9. എസ്.വി.ജി.എൽ.പി.സ്ക്കൂൾ, ചേററുപുഴ (എയ്ഡഡ്).

10. ലിററിൽ ഫ്ലവർ, എൽ.പി.സ്ക്കൂൾ, ഒളരിക്കര (അംഗീകാരമില്ലാത്തത്).

പ്രീ പ്രൈമറി തലത്തിൽ ബി.എസ്.എസ്സിന്റെ ആഭിമുഖ്യത്തിൽ ഒരു സ്ഥാപനം നടത്തുത്തുണ്ട്. ഇവിടെ എൽ.കെ.ജി., യു.കെ.ജി. ഒന്നാം സ്റ്റാൻഡേർഡ്, എന്നീ ക്ലാസ്സുകൾ (ഇംഗ്ലീഷ്, മലയാളം മീഡിയം) നഴ്സറി ട്രെയിനിംങ്ങ് ക്ലാസ്സ് എന്നിവ നടത്തുന്നു.

സി.ബി.എസ്.ഇ. സിലബസുപ്രകാരമുള്ള ഹരിശ്രീ വിദ്യാനിധി സ്ക്കൂളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലായി ഇവിടെ 657 ആൺകുട്ടികളും 432 പെൺകുട്ടികളും (മൊത്തം 1089) പഠിക്കുന്നു. പ്ലസ്ടു കോഴ്സും ഇവിടെയുണ്ട്.

പഞ്ചായത്തിലെ സാക്ഷരതാനിരക്ക് ഉയർന്നതാണെന്ന് പ്രസ്താവ്യമാണ്. 1991 ലെ സെൻസസ് അനുസരിച്ച് ഇവിടുത്തെ സാക്ഷരതാനിരക്ക് 93.8% അണ്. സാക്ഷരതാ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ നിരക്ക് വീണ്ടും വർദ്ധിച്ചിട്ടുണ്ട്.

ആകെ 4250 വിദ്യാർത്ഥികളാണ് ഈ പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠിക്കുന്നത്. അതിൽ 41.7% പ്രൈമറി വിഭാഗത്തിലും 31.51% യു.പി. വിഭാഗത്തിലും 26.75% ഹൈസ്ക്കൂൾ വിഭാഗത്തിലും പഠിക്കുന്നു. ആകെ വിദ്യാർത്ഥികളിൽ 47.36% പെൺകുട്ടികളാണ്. പട്ടികജാതിവർഗ്ഗ വിഭാഗത്തിൽ 15.6% വിദ്യാർത്ഥികളുണ്ട്. ഇതിൽ 52.64% പെൺകുട്ടികളും 47.36% ആൺകുട്ടികളുമാണ്. പട്ടിക 1ൽ വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കൊടുത്തിരിക്കുന്നു.

ആകെയുള്ള വിദ്യാർത്ഥികളിൽ 7% വിവിധ ക്ലാസ്സുകളിൽ തോററു പഠിക്കുന്നവരാണ്. ഇവരി 28% പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. പഠനം നിർത്തിയതായി റിപ്പോർട്ട് ചെയ്തതിൽ ഭൂരിഭാഗവും ആൺകുട്ടികളാണ്. എട്ട്, ഒമ്പത് ക്ലാസ്സുകളിൽ വച്ചാണ് കൂടുതൽ കുട്ടികളും കൊഴിഞ്ഞുപോകുന്നത്. രണ്ടാം ക്ലാസ്സിൽ പഠനം നിർത്തുന്നവരുടെ എണ്ണം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിന്റെ കാരണമറിയാൻ കൂടുതൽ അന്വേഷണം ആവശ്യമാണ്. ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ പഠനം നിർത്തിപോകുന്നതും കൂടുതൽ ആൺകുട്ടികളാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളിലും ഇതുതന്നെയാണ് അവസ്ഥ.

ഉന്നത വിദ്യഭ്യാസ രംഗത്ത് ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജും (സെന്റ് അലോഷ്യസ് കോളേജ് എൽത്തുരുത്ത്.) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ജോൺമത്തായി സെന്ററും ഒരു ലോ കോളേജും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിലെ കോഴ്സുകൾ, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ പട്ടിക 2ൽ ചേർത്തിരിക്കുന്നു.

ഉന്നതവിദ്യഭ്യാസത്തിൽ ഈ വിദ്യാർത്ഥികളിൽ 65.5 ശതമാനവും പെൺകുട്ടികളാണ്. എന്നാൽ ഗവേഷണം, നാടകപഠനം എന്നീ വിഷയങ്ങളിൽ പെൺകുട്ടികൾ പുറകിലാണ്.

ഇതിനു പുറമെ തൊഴിലധിഷ്ഠിത പരിശീലനം നല്കുന്നതിന് (കമ്പ്യൂട്ടർ, ടൈപ്പ് റൈറ്റിംഗ്, ഡ്രൈവിംങ്ങ്, തുന്നൽ തുടങ്ങിയവയിൽ) ഏതാനും സ്വകാര്യസ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വിവിധ സ്ഥാപനങ്ങളുടെ പേരും വിവരങ്ങളും പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

താരതമ്യേന മെച്ചപ്പെട്ട ഭൗതിക-അക്കാദമിക്ക് സൌകര്യങ്ങൾ ഈ പഞ്ചായത്തിലെ സ്ക്കൂളുകൾക്കുണ്ട്. എങ്കിലും സർക്കാർ സ്ക്കൂളുകളിലെ സ്ഥിതി ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. ഗവ: വൊക്കേഷണൽ ഹയർസെക്കണ്ടറി

സ്‌ക്കൂളിന്റെ ചുറ്റുമതിലിന്റെ അറ്റകുറ്റപണികൾ ചെയ്യേണ്ടതുണ്ട്. ഇനിയും ഫർണീച്ചർ ആവശ്യമാണ്. സ്ക്കൂളിൽനിന്ന് എൽ.പി. വിഭാഗം വേർപ്പെടുത്തേണ്ടതാണ്. ഒളരിക്കര ഗവ: യു.പി. സ്ക്കൂളിനും അറ്റകുറ്റപണികൾ, ചുറ്റുമതിലുയർത്തൽ എന്നിവ ചെയ്യേണ്ടതുണ്ട്. കൂടുതൽ ഫർണീച്ചറും ക്ലാസ്സ്മുറികളും ആവശ്യമാണ്. സ്ക്കൂളുകളുടെ പൊതുവിവരങ്ങൾ പട്ടിക 4ലും, ഭൌതികസാഹചര്യങ്ങൾ പട്ടിക 5ലും, അക്കാദമിക് സൌകര്യങ്ങൾ പട്ടിക 6ലും കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ സ്വകാര്യമേഖലയിലെ സ്ക്കൂളുകൾ S.S.L.C. വിജയശതമാനത്തിൽ മുന്നിട്ട് നിൽക്കുന്നു. സർക്കാർ ഹൈസ്ക്കൂളിലെ വിജയ ശതമാനം നിരാശാജനകമാണ്. പട്ടിക 7ൽ ഇതിന്റെ വിശദാംശങ്ങൾ കൊടുത്തിരിക്കുന്നു

വിവിധസ്ക്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പാഠ്യ-പാഠ്യേതര വിഷയങ്ങൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിച്ച വിവരം പട്ടിക 8ൽ കൊടുത്തിരിക്കുന്നു.

വിവിധ വിദ്യാലയങ്ങളിലെ സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം പട്ടിക 9ൽ കൊടുത്തിരിക്കുന്നു.

വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവർത്തന സ്വഭാവമുള്ള ചെലവ് സംബന്ധിച്ച വിവരങ്ങൾ പട്ടിക 10ൽ കൊടുത്തിരിക്കുന്നു.

## പ്രശ്നങ്ങൾ

വിദ്യഭ്യാസത്തിന് പഞ്ചായത്തിൽ ഏറെക്കുറെ സൌകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

സാങ്കേതിക വിദ്യഭ്യാസത്തിനുള്ള സൌകര്യങ്ങൾ ഒന്നും തന്നെയില്ല.

നഴ്സറി പരിശീലനത്തിനുള്ള സൌകര്യങ്ങൾ ഏറെ അപര്യാപ്തമാണ്.

3,6,7,12 എന്നീ വാർഡുകളിൽ വിദ്യഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

75 വർഷം പിന്നിട്ട ഒളരിക്കര യു.പി.സ്ക്കൂൾ ഇതുവരേയും ഹൈസ്ക്കൂളാക്കി ഉയർത്തിയിട്ടില്ല

9-ാം വാർഡിലെ B.S.S ക്രഷേക്ക് സ്വന്തമായ കെട്ടിടമോ സ്ഥലമോ ഉപകരണങ്ങളോ ഇല്ല.

13-ാം വാർഡിലെ സർക്കാർ ഉദ്യോഗസ്ഥരുടെ ആഭിമുഖ്യത്തിലുള്ള ഉദയം `ക്രഷേ'യിൽ കൂടുതൽ കുട്ടികളെ ചേർത്ത് കിന്റർഗാർട്ടൺ ക്ലാസ്സുകൾ ആരംഭിക്കണം.

സ്ക്കൂളുകളിലെ നിലവാരതകർച്ച വിദ്യാർത്ഥികളെ ദൂരെയുള്ള സ്ക്കൂളുകളിലേക്ക് പോകാൻ പ്രേരണ നൽകുന്നു.

അയ്യന്തോൾ ഗവ: ഹൈസ്ക്കൂളിൽ നിന്നും വിദ്യാർത്ഥികൾ ഗണ്യമായി ഒഴിഞ്ഞുപോകുന്നതിനാൽ ഡിവിഷനുകൾ കുറയാൻ കാരണമാകുന്നു.

നിരക്ഷരർ ഈ പഞ്ചായത്തിൽ ഇപ്പോഴുമുണ്ട്.

## നിർദ്ദേശങ്ങൾ

ബാലവാടി, അംഗൻവാടി, ക്രഷേ, എന്നിവ എല്ലാ വാർഡുകളിലും ആരംഭിക്കുകയും കുട്ടികൾക്ക് പോഷകാഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്യുക.

ഗ്രാമീണ വായനശാലകളുടെ സൌകര്യങ്ങൾ വർദ്ധിപ്പിക്കുക.

സാക്ഷരത പ്രവർത്തനം തുടർന്ന് നടപ്പിലാക്കുക.

മത്തായിപ്പുരം കോളനിയിലെ പഴയ ഖാദി കെട്ടിടം സാക്ഷരതാ ക്ലാസ്സിനും വായനശാലക്കും വേണ്ടി ഉപയോഗപ്പെടുത്തുക.

മാനസിക-ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക വിദ്യാലയം സ്ഥാപിക്കുക.

സെന്റ് അലോഷ്യസ്സ് ഹൈസ്ക്കൂളിൽ പ്ലസ് ടൂ സമ്പ്രദായം ഏർപ്പെടുത്തുകയും അവിടെ പുതിയ കോഴ്സുകൾ ആരംഭിക്കുകയും ചെയ്യുക.

ചേറ്റുപുഴ L.P. സ്കൂൾ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തുക.

ചേറ്റുപുഴ പഞ്ചായത്ത് ഓപ്പൺ എയർ സ്റ്റേഡിയത്തിൽ ഓരു പ്രി. പ്രൈമറി സ്കൂൾ അനുവദിക്കുക.

ഒളരിക്കര U.P. സ്കൂൾ ഹൈസ്കൂളായും ഹയർ സെക്കണ്ടറിയായും ഉയർത്തുക.

9-ാംവാർഡിൽ ന്ഴസറി സ്കൂൾ അനുവദിക്കുക.

10-ാംവാർഡിൽ ന്ഴസറി സ്കൂളും അംഗൻവാടിയും അനുവദിക്കുക.

ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിട്യൂട്ട് പോലുള്ള സാങ്കേതിക സ്ഥാപനങ്ങൾ ആരംഭിക്കുക.

11-ാംവാർഡിലെ പഞ്ചായത്ത് LP സ്കൂളിൽ നിന്ന് പൊതു കളിസ്ഥലത്തിന് വേണ്ട സ്ഥലം അനുവദിക്കുക.

11-ാം വാർഡിലെ LP സ്കൂൾ UP സ്കൂളും ഹൈസ്കൂളായി ഉയർത്തുക.

ഗവ: ഹയർ സെക്കണ്ടറി സ്കൂളിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക. പി.ടി.എ പ്രവർത്തനം കാര്യക്ഷമമാക്കുക.

സിവിൽ ലൈൻ ക്വാർട്ടേഴ്സിനടുത്തുള്ള ഉദയം ക്രഷിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

കൂടുതൽ വായനശാലകളും മററു സാംസ്കാരിക കേന്ദ്രങ്ങളും തുടങ്ങേണ്ടതാണ്. നിലവിലുള്ളവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

കൊഴിഞ്ഞു പോകുന്നവരെ കണ്ടുപിടിച്ച് കാരണം ആരായുക.

വയോജന വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം Remedial Teaching തുടങ്ങിയവക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

കൊഴിഞ്ഞു പോകുന്നവരുടെ അഭിരുചിക്കും പഞ്ചായത്തിലെ ആവശ്യങ്ങൾക്കും അനുസൃതമായി. തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക.

സ്കൂളുകളിലെ ഉച്ചകഞ്ഞി വിതരണം പുനസ്ഥാപിക്കണം.

2-ാം വാർഡിലെ പഞ്ചായത്ത് നഴ്സറി കെട്ടിടത്തിൽ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് സ്ത്രീകൾക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലന കേന്ദ്രവും ഒരു ചെസ്സ് അക്കാദമിയും തുടങ്ങുക.

ഏതാനും കലാസാംസ്കാരിക സംഘടനകൾ ഈ പ്രദേശത്തുണ്ടെങ്കിലും പ്രവർത്തനം മോസമാണ്. തൃശൂർ പട്ടണത്തിൽ നന്നായി പ്രവർത്തിക്കുന്ന ശക്തമായ സംഘടനകൾ ഒരു പക്ഷേ, ഇവിടത്തെ ആൾക്കാരെ ആകർഷിക്കുന്നുണ്ടാവാം. എന്നാൽ ഈ പഞ്ചായത്തിലെ ഇതുപോലെയുള്ള സംഘടനകളെ ഊർജ്ജിതപ്പെടുത്തി ഈ പ്രദേശത്തെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ആക്കം നല്കുവാൻ സാധിക്കും.

Page No: 68

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോററു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ * | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവർ ആകെ |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 246 | 187 | 433 | 46 | 43 | 89 | - | - | - | - | - | - | - | - | - | 3 | 5 | 8 | 8 |
| II | 252 | 204 | 456 | 39 | 45 | 84 | 3 | 7 | 9 | 15 | 7 | 22 | 7 | 1 | 8 | 19 | 14 | 33 | 41 |
| III | 230 | 208 | 438 | 41 | 46 | 87 | 8 | 6 | 14 | 7 | 21 | - | - | - | - | 2 | 5 | 7 | 7 |
| IV | 224 | 223 | 447 | 47 | 39 | 86 | 3 | 5 | 8 | 13 | 15 | 28 | 1 | 3 | 4 | 8 | 4 | 12 | 16 |
| V | 216 | 229 | 445 | 31 | 38 | 69 | 4 | 4 | 8 | 6 | 7 | 13 | 1 | 1 | 2 | 3 | 2 | 5 | 7 |
| VI | 223 | 212 | 435 | 36 | 38 | 74 | 7 | 11 | 18 | 10 | 8 | 18 | 4 | 1 | 5 | 5 | 1 | 6 | 11 |
| VII | 262 | 197 | 459 | 31 | 32 | 63 | 9 | 4 | 13 | 23 | 14 | 37 | 4 | 2 | 6 | 11 | 3 | 14 | 20 |
| VIII | 249 | 210 | 459 | 15 | 32 | 47 | 2 | 7 | 9 | 6 | 23 | 29 | 4 | 3 | 7 | 18 | 11 | 29 | 36 |
| IX | 197 | 193 | 390 | 20 | 20 | 40 | 4 | 3 | 7 | 11 | 27 | 38 | 3 | 1 | 4 | 20 | 10 | 30 | 34 |
| X | 138 | 150 | 288 | 8 | 16 | 24 | - | - | - | - | - | - | - | - | - | - | - | - | - |
| ആകെ | 2237 | 2013 | 4250 | 314 | 349 | 663 | 39 | 47 | 86 | 98 | 108 | 206 | 24 | 12 | 36 | 89 | 55 | 144 | 180 |

പഠനം നിർത്തിയവരെ സംബന്ധിച്ച് കഴിഞ്ഞ വർഷത്തെ വിവരം ശേഖരിക്കുന്നത് നല്ലതാണ്.

ഓരോ സ്കൂളിനും ഇത്തരത്തിലുള്ള ഒരു ഫോറം ഉപയോഗിക്കണം. രപപഞ്ചായത്ത് തലത്തഅൽ ക്രോഡീകരിക്കുന്ന ഇതേ ഫോറം തന്നെ ഉപയോഗിക്കാം.

## അയ്യന്തോൾ ഗ്രാമ പഞ്ചായത്ത്
## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| സ്ഥാപനത്തിൻെറ പേര് | സ്ഥാപന വർഷം | കോഴ്സുകൾ | വിദ്യാർത്ഥികളുടെ എണ്ണം | | | ഭൗതിക സാഹചര്യങ്ങൾ |
|---|---|---|---|---|---|---|
| | | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | |
| സെന്റ് അലോഷ്യസ് കോളേജ് എൽതുരുത്ത് | 1968 | പ്രീ ഡിഗ്രി I,II,II,IV ഗ്രൂപ്പുകൾ | 310 | 575 | 885 | കോളേജിന്നനുയോജ്യമായ ക്ലാസ്സ് മുറികൾ. പരീക്ഷണ ശാലകൾ, ഗ്രന്ഥശാലകൾ, ഫർണീച്ചറുകൾ, ഓഡിറ്റോറിയം, വിശാലമായ കളിസ്ഥലം, എന്നിവ സ്വന്തമായുണ്ട് |
| | | ഡിഗ്രി, ബി.എ.എക്കണോമിക്സ് | 25 | 111 | 136 | |
| | | ബി.എസ്.സി. മാത്തമെറ്റിക്സ് | 23 | 47 | 70 | |
| | | ബി.എസ്.സി. ഫിസിക്സ് | 20 | 24 | 44 | |
| | | ബീ.കോം | 64 | 96 | 160 | |
| | | പി.ജി. എം.എ. ഇംഗ്ലീഷ് | 4 | 14 | 18 | |
| ഗവ. ലോ.കോളേജ് തൃശൂർ | 1991 92 | ത്രിവത്സര എൽ.എൽ.ബി | 96 | 216 | 312 | ഇപ്പോൾ അയ്യന്തോൾ ഗവ: എൽ.പി.സ്കൂളിൻെറ പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഇതേ സ്ഥലത്തു തന്നെ പുതിയ കെട്ടിടം നിർമ്മിച്ചുവരുന്നു. കളിസ്ഥലം ഇല്ല. |
| ഡോ. ജോൺ മത്തായി സെൻറർ കാലിക്കറ്റ് യൂണിവേഴ്സിറ്റി | 1976 | 1)ധനശാസ്ത്ര വകുപ്പ് | | | | |
| | | എം.എ. ഡവ.എക്കണോമിക്സ് | 10 | 28 | 38 | |
| | | എം. ഫിൽ. എക്കണോമിക്സ് | 2 | 1 | 3 | 16 ഏക്കർ വിസ്തീർണ്ണമുള്ള കാമ്പസ്സിൽ രണ്ടു ഡിപ്പാർട്ടുമെന്റുകൾ മാത്രം നടന്നുവരുന്നു. കെട്ടിടം, കളിസ്ഥലം തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ ശോചനീയമാണ്. |
| | | പി.എച്ച്.ഡി. എക്കണോമിക്സ് | 17 | 9 | 26 | |
| | | 2) സ്കൂൾ ഓഫ് ഡ്രാമാ: | | | | |
| | | ബിടി.എ. ത്രിവത്സര ഡിഗ്രി | 21 | 2 | 23 | |
| | | പി.എച്ച്.ഡി | 6 | 2 | 8 | |

## പട്ടിക 4

## അയ്യന്തോൾ ഗ്രാമ പഞ്ചായത്ത് 9,2, സ്കൂളിൻെറ പൊതുവിവരം

| സ്കൂളിൻെറ പേര് | ഹൈ സ്കൂൾ, യു.പി, എൽ.പി. പ്രീ. പ്രൈമറി | സ്കൂളിൻെറഉടമസ്ഥത് | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസിൻെറ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ ചുറ്റു മതിൽ, അറ്റകുറ്റപ്പണികൾ,ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരം ഇല്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| ഗവ.വൊക്കേഷണൽ ഹയർ സെക്കൻ്ററി സ്കൂൾ | H.S | | | | | 104 | 58 | 162 | 10 | 10 | - | - | 3.5ഏക്കർ | 1.5ഏക്കർ | - | ചുറ്റുമതിൽ, അറ്റകുറ്റപണികൾ, ഫർണിച്ചർ ആവശ്യമാണ് |
| ഗവ.എൽ.പി സ്കൂൾ | LP.S | | | | | 30 | 28 | 58 | 4 | 4 | - | - | (H.S) | (H.S) | | ഹൈസ്കൂളിൽ നിന്ന് എൽ.പിസെക്ഷൻ വേർതിരിക്കണം * |
| പഞ്ചായത്ത് എൽൽ.പി. വെൻറ് UP.S | LP.S | | | | | 65 | 72 | 137 | 4 | 4 | - | - | 1.82 ഏക്കർ- | 62സെൻ്റ് | 20സെൻ്റ് | - |
| നിർമ്മലകോൺ വെൻറ് UP.S | LP.S | | | | | 293 | 559 | 852 | 25 | 24 | - | - | 1ഏക്കർ | 60സെൻ്റ് | - | - |
| സെൻ്റ് അലോഷ്യസ് LP.S | LP.S | | | | | 200 | 115 | 315 | 8 | 8 | - | - | - | 1ഏക്കർ | 1.5ഏക്കർ | - |
| സെൻ്റ് അലോഷ്യസ് H.S | H.S | | | | | 846 | 146 | 992 | 30 | 30 | - | - | 2ഏക്കർ | 1ഏക്കർ | - | - |
| ഗവ. യു.പി.എസ് | U.P.S | | | | | 644 | 546 | 1170 | 38 | 38 | - | - | 1.96ഏക്കർ | 60സെൻ്റ് | - | അറ്റകുറ്റപണികൾ, ഫർണിച്ചർ,ഉയർന്ന ചുറ്റുമതിൽ പുതിയ ** |
| ലിറ്റിൽ ഫ്ലവർ കോൺവെൻ്റ് ഹൈസ്കൂൾ H.S | H.S | | | | | - | 455 | 455 | 23 | 23 | - | - | 2ഏക്കർ | 1ഏക്കർ | - | - |
| SUG LPS ചേറ്റുപുഴ | LPS | | | | | 55 | 34 | 89 | 5 | 5 | - | - | 51.40സെൻ | 30സെൻ്റ് | - | ചുറ്റുമതിൽ ഇല്ല |

* എൽ.പി.സെക്ഷന് പ്രത്യേകം ഗേറ്റ് വേണം. എൽ.പി.സ്കൂളിൻെറ കുറേ ഭാഗം ലോ കോളേജിനു വിട്ടു കൊടുത്തതിനാൽ സൗകര്യങ്ങൾ വളരെ കുറവാണ്

** ക്ലാസ്സു മുറികൾ ആവശ്യമാണ്.

## പട്ടിക 4

## അയ്യന്തോൾ ഗ്രാമ പഞ്ചായത്ത് 9,2, സ്കൂളിൻെറ പൊതുവിവരം

| സ്കൂളിൻെറ പേര് | ഹൈ സ്കൂൾ, യു.പി, എൽ.പി. പ്രീ പ്രൈമറി | സ്കൂളിൻെറഉടമസ്ഥത് | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസിൻെറ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ ചുറ്റു മതിൽ, അറ്റകുറ്റപ്പണികൾ,ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരം ഇല്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിയമിച്ചിട്ടുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ | H.S | | | | | 104 | 58 | 162 | 10 | 10 | - | - | 3.5ഏക്കർ | 1.5ഏക്കർ | - | ചുറ്റുമതിൽ, അറ്റകുറ്റപണികൾ, ഫർണിച്ചർ ആവശ്യമാണ് |
| ഗവ.എൽ.പി സ്കൂൾ | LP.S | | | | | 30 | 28 | 58 | 4 | 4 | - | - | (H.S) | (H.S) | | ഹൈസ്കൂളിൽ നിന്ന് എൽ.പിസെക്ഷൻ വേർതിരിക്കണം * |
| പഞ്ചായത്ത് എൽ.പി. വെൻറ് UP.S | LP.S | | | | | 65 | 72 | 137 | 4 | 4 | - | - | 1.82 ഏക്കർ- | 62സെന്റ് | 20സെന്റ് | - |
| നിർമ്മലകോൺ വെൻറ് UP.S | LP.S | | | | | 293 | 559 | 852 | 25 | 24 | - | - | 1ഏക്കർ | 60സെന്റ് | - | - |
| സെന്റ് അലോഷ്യസ് LP.S | LP.S | | | | | 200 | 115 | 315 | 8 | 8 | - | - | - | 1ഏക്കർ | 1.5ഏക്കർ | - |
| സെന്റ് അലോഷ്യസ് H.S | H.S | | | | | 846 | 146 | 992 | 30 | 30 | - | - | 2ഏക്കർ | 1ഏക്കർ | - | - |
| ഗവ. യു.പി.എസ് | U.P.S | | | | | 644 | 546 | 1170 | 38 | 38 | - | - | 1.96ഏക്കർ | 60സെന്റ് | - | അറ്റകുറ്റപണികൾ, ഫർണിച്ചർ,ഉയർന്ന ചുറ്റുമതിൽ പുതിയ ** |
| ലിറ്റിൽ ഫ്ലവർ കോൺവെന്റ് ഹൈസ്കൂൾ H.S | H.S | | | | | - | 455 | 455 | 23 | 23 | - | - | 2ഏക്കർ | 1ഏക്കർ | - | - |
| SUG LPS ചേറ്റുപുഴ | LPS | | | | | 55 | 34 | 89 | 5 | 5 | - | - | 51.40സെൻ | 30സെന്റ് | - | ചുറ്റുമതിൽ ഇല്ല |

* എൽ.പി.സെക്ഷന് പ്രത്യേകം ഗേറ്റ് വേണം. എൽ.പി.സ്കൂളിൻെറ കുറേ ഭാഗം ലോ കോളേജിനു വിട്ടു കൊടുത്തതിനാൽ സൗകര്യങ്ങൾ വളരെ കുറവാണ്

** ക്ലാസ്സു മുറികൾ ആവശ്യമാണ്.

പട്ടിക 5

## അയ്യന്തോൾ ഗ്രാമ പഞ്ചായത്ത് 9,3, സ്കൂളിൻെറ ഭൗതികസൗകര്യങ്ങളുടെ വിവരം

| സ്കൂളിൻെറ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട് ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരേ സമയം എത്രകുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിൻെറ എണ്ണം | നിലവിലുള്ള ക്ലോസിൻെറ എണ്ണം | ഉപയോഗശൂന്യമായ ക്ലോസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല കിണർ, പൈപ്പ് | വൈദ്യുതീകരണം ഉണ്ട് ഇല്ല | പാചക മുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണീച്ചറുകൾ മതിയാകുമോ? മതിയാകും ഇല്ല | ഡസ്ക് | ഇനി ആവശ്യമായവയുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണീച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| ഗവ. വൊ. ഹ. സെ.സ്കൂൾ | 6 | 3 | 2 | - | 12 | 9 | - | 9 | - | 4 | 15 | - | 3 | 3 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 25 | 25 | 10 | 10 | - |
| ഗവ.എൽ.പിസ്കൂൾ | 4 | 2 | 1 | 1 | 8 | 1 | 1 | 1 | ഉണ്ട് | 1 | 1 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | - | - | 2 | 1 |
| പഞ്ചായത്ത് എൽ.പി.എസ് | 4 | 2 | - | - | 8 | - | - | - | - | 1 | 8 | 1 | ഇല്ല | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 20 | 72 | 12 | 24 | 10 |
| നിർമ്മല കോൺവെൻറ് യു.പി.എസ് | 23 | 1 | - | - | 27 | - | - | - | - | 2 | 30 | - | 6 | - | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | - | - | - | - | - |
| സെ.അലോഷ്യസ് എൽ.പി.എസ് | 8 | 8 | 1 | 1 | 10 | 1 | 1 | - | - | 2 | 50 | - | 2 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - |
| സെ.അലോഷ്യസ് എച്ച്.എസ് | 20 | 2 | - | - | 25 | - | - | - | - | 3 | 100 | - | 5 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - |
| ഗവ. യു.പി.എസ് | 31 | 31 | 7 | - | 17 | 19 | - | 5 | ഉണ്ട് | 5 | 50 | - | 4 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട്* | ഇല്ല | ഇല്ല | 50 | 25 | - | 10 | 7 |
| ലിറ്റിൽ ഫ്ലവർ സി.ജി.എച്ച്.എസ് | 10 | 1 | - | - | 14 | - | - | - | - | 2 | 6 | - | 4 | - | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | - | - | - | - | - |
| എസ്.യു.ജി. എൽ.പി.എസ് | 5 | സ്ഥിരം | - | - | - | - | - | - | ഉണ്ട് | 2 | 4 | 1 | 1 | - | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | - | - | - | - | - |

* അപര്യാപ്തം

## പട്ടിക 6

## 9.4 അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിൻെറ പേര് | ലൈബ്രറി ഉണ്ട് ഇല്ല, പ്രവർത്തിക്കുന്നു, പ്രവർത്തിക്കുന്നില്ല | ലബോറട്ടറി സയൻസ് കോർണർ ഉണ്ട് ഇല്ല, പ്രവർത്തിക്കുന്നു, പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ/മാപ്പുകൾ/ചാർട്ടുകൾ/ഗ്ലോബുകൾ വേണ്ടത്ര ഉണ്ട്, ഇല്ല | ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ എണ്ണം: റേഡിയോ | ടേപ്പ് റെക്കോർഡർ | ടി.വി. സെറ്റ് | വി.സി.ആർ., വി.സി.പി | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ്: ആവശ്യമുള്ളത് | നിലവിലുള്ളത് | 95 96ൽ ലഭിച്ച അധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അധ്യയനദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം, സജീവമല്ല | ക്ലസ്റ്റും പിടിഎയും കൾ പ്രവർത്തിക്കുന്നു, പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| G.V.H.S.S | ✓ | ✓ | ✓ | ✓ | ✓ | X | X | ✓ | ✓ | ✓ | X | 2 | 6* | 170 | 1 | 16 | | |
| ഗവ. LP.S | ✓ | ✓ | ✓ | X | X | X | X | X | X | X | X | 4 | 1 | 193 | - | 7 | | |
| പഞ്ചായത്ത് LP.S | X | ✓ | ✓ | ✓ | X | X | X | X | X | X | X | 2 | 4 | 194 | 6 | - | | |
| നിർമ്മല കോൺവെന്റ് LP.S | ✓ | ✓ | ✓ | ✓ | ✓ | X | X | X | X | X | X | - | 23 | 194 | - | | സജീവമാണ് | പ്രവർത്തിക്കുന്നു |
| സെ.അലോഷ്യസ് LP.S | ✓ | ✓ | ✓ | ✓ | ✓ | X | X | X | X | X | X | 8 | 8 | 194 | - | 6 | | |
| സെ.അലോഷ്യസ് HS | ✓ | ✓ | ✓ | ✓ | ✓ | ✓ | X | X | X | X | X | 22 | 22 | 194 | - | 6 | | |
| Govt. UPS | ✓ | ✓ | X | ✓ | X | X | X | X | X | X | X | 31 | 31 | 198 | 2 | 2 | | |
| ലിറ്റിൽ ഫ്ലവർ CGHS | ✓ | ✓ | ✓ | ✓ | ✓ | X | X | X | ✓ | X | X | - | 11 | 193 | - | 11 | | പ്രവർത്തിക്കുന്നില്ല |
| SUG LPS | X | X | ✓ | ✓ | ✓ | X | X | X | X | X | X | - | 10 | 193 | - | - | | |

കുറിപ്പ്: * ഭിത്തിയിലുള്ള ബ്ലാക്ക് ബോർഡുകൾ
✓ ഉണ്ട്
X ഇല്ല

## പട്ടിക 7

## 9.5 അക്കാദമിക് നിലവാരം

സ്ക്കൂളിൻെറ പേര്

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | SSLC വിജയ ശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30%താഴെ കുട്ടികൾ | 30-40 മാർക്കു നേടുന്നവർ | 40-50 ശതമാനം നേടുന്നവർ | 50-60 ശതമാനം നേടുന്നവർ | 60%ത്തിൽ ശതമാനം നേടുന്നവർ | 91-92 കൂടുതൽ നേടുന്നവർ | 92-93 | 93-94 | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 3 | 405 | 29 | 39 | 49 | 55 | 233 | | | | | |
| 4 | 487 | 28 | 26 | 69 | 81 | 283 | | | | | |
| 5 | 426 | 56 | 82 | 128 | 47 | 113 | | | | | |
| 6 | 319 | 49 | 80 | 101 | 37 | 52 | | | | | |
| 7 | 462 | 64 | 98 | 161 | 62 | 77 | | | | | |
| 8 | 459 | 126 | 107 | 149 | 38 | 39 | | | | | |
| 9 | 390 | 85 | 120 | 109 | 43 | 33 | | | | | |
| 10 | 288 | 92 | 63 | 63 | 40 | 30 | | | | | |
| S.S.L.C പരീക്ഷ എഴുതിയവർ | | സെന്റ് അലോഷ്യസ് ഹൈസ്ക്കൂൾ | | | | | 96 | 93 | 93 | 95 | 85 |
| | | ലിററിൽ ഫ്ലവർ കോൺവെന്റ് ഹൈസ്ക്കൂൾ | | | | | 89.9 | 90.1 | 91.1 | 88.5 | 89.1 |
| | | ഗവഃവൊ. ഹയർ സെക്കണ്ടറി സ്ക്കൂൾ | | | | | 10 | 10 | 25 | 20 | 55 |

ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിൻെറ അടിസ്ഥാനത്തിൽ വേണം എഴുതാൻ ഓരോ സ്കകൂളിനും പ്രത്യേക ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.

## ടേബിൾ 8

## 9.6 കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

| സ്കൂളിൻെറ പേര് | ഇന വിവരം | ജില്ലാതലത്തിൽ | | | സംസ്ഥാനതലത്തിൽ | | | ദേശീയതലത്തിൽ | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| ജി.വി.എച്ച്.എസ്.എസ് | - | - | - | - | - | - | - | - | - | - |
| പഞ്ചായത്ത് LPS | - | - | - | - | - | - | - | - | - | - |
| ഗവഎൽ.പി.എസ് | - | - | - | - | - | - | - | - | - | - |
| നിർമ്മല കോ.UPS | - | - | - | - | - | - | - | - | - | - |
| സെ.അലോഷ്യസ് LPS | ശാസ്ത്രമേള | 1 | 1 | 2 | - | - | - | - | - | - |
| സെ..അലോഷ്യസ് HS | - | - | - | - | - | - | - | - | - | - |
| ഗവ: യു.പി.എസ് | - | - | - | - | - | - | - | - | - | - |
| ലി. ഫ്ലവർ CGHS | - | - | - | - | - | - | - | - | - | - |
| SVG LPS | LSS&DAC സ്കോളർഷിപ്പ് | - | 1 | 1 | - | - | - | - | - | - |
| " | മെറിറ്റോറിയൽ സ്കോളർഷിപ്പ് (S.C) | 1 | - | 1 | - | - | - | - | - | - |

## പട്ടിക 9

### 9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാൻമാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡിതൊഴിലാള്ള സ്കോളർഷിപ്പ് | മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ഗവ: വൊ.ഹ.സെ.സ്കൂൾ | 3 | 37 | 2 | 2 | - | 4 | 2 | - |
| 2 | ഗവ. എൽ.പി.സ്കൂൾ | - | 18 | - | - | - | - | - | - |
| 3 | പഞ്ചായത്ത് LPS | - | 25 | - | - | - | - | - | - |
| 4 | നിർമ്മലകോൺവെന്റ്UPS | 5 | 130 | 2 | 2 | - | - | - | - |
| 5 | സെന്റ് അലോഷ്യസ്LPS | - | 44 | - | 1 | 4 | - | - | 5 ചുമട്ടുതൊഴിലാളി |
| 6 | സെന്റ് അലോഷ്യസ് HS | 8 | 70 | 1 | 6 | - | - | - | 10 ചുമട്ടുതൊഴിലാളി |
| 7 | ഗവ. UPS | 14 | 302 | 9 | 5 | - | - | - | - |
| 8 | ലിറ്റിൽ ഫ്ലവർ CGHS | 6+4 | 50 | 3 | 3 | - | - | - | - |
| 9 | SUG LPS | 1 | 24 | - - | - | - | - | - | - |

## പട്ടിക 10

## 9,8 ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തനസ്വഭാവമുള്ളത്)

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ | ഉപകരണങ്ങൾ/ഫർണിച്ചറുകൾ അറ്റകുറ്റപ്പണികൾ | ഉപകരണങ്ങൾ/രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്ട്സ് | കലാവിനോദങ്ങൾക്ക് | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശ സ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ. ഫണ്ട് | മറ്റു മാർഗ്ഗത്തിലുള്ള വരവ് | ആകെ വരവ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| GUHSS | 40000 | 8000 | 12000 | 2000 | 3000 | 2000 | 5000 | 3000 | 1460 | - | 1460 | 3000 | 1000 | 4000 | 2000 | 10000 |
| NCUPS | 10829 | 646 | 262 | 524 | 12000 | 254 | 6775 | 2672 | - | - | - | 2182 | - | 6800 | 3016 | 11998 |
| panch.LPS | 17000 | 3000 | - | - | - | - | 8500 | - | 403 | 403 | 806 | - | - | - | - | 806 |
| SALPS | 1110 | 450 | - | - | - | - | 4750 | 1695 | 471868 | 1680 | 473548 | - | - | 4750 | 1001 | 479299 |
| St.AHS | 5000 | 1000 | 1000 | 1440 | 1515 | 1210 | 1610 | 915 | 2130996 | 1450 | 2132446 | 10120 | 1000 | 9000 | 500 | 2162066 |
| GUPS | 1000 | - | 120 | 260 | 100 | 280 | 11600 | 10800 | 2138108 | 3200 | 2123308 | 3553 | - | 17200 | - | 2162061 |
| LFCGHS | 3699 | 1446 | 500 | 800 | 5000 | 500 | - | 1500 | 2275 | - | 2275 | 4600 | - | 4550 | - | 11425 |
| GLPS | - | - | - | - | 200 | - | 2994 | 960 | 485 | 780 | 1265 | - | - | 1045 | - | 2310 |
| SVGLPS | 1800 | 500 | - | - | - | - | 2750 | - | 887 | 887 | 1774 | 120 | 2000 | - | - | 2120 |

## 5.5

# കുടിവെള്ളവും പൊതുജനാരോഗ്യവും

### കുടിനീർ

നമ്മുടെ പഞ്ചായത്തിൽ സ്വകാര്യ കിണറുകൾ, പൊതുകിണറുകൾ, കുഴൽകിണറുകൾ, സ്വകാര്യടാപ്പുകൾ പൊതുടാപ്പുകൾ എന്നിവ വഴിയാണ് കുടിനീർ ലഭിക്കുന്നത്. കേരളാ വാട്ടർ അതോറിട്ടിയുടെ പീച്ചിയിലുള്ള പദ്ധതിയിൽനിന്നും പൈപ്പ് ലൈൻ വഴിയാണ് 1968മുതൽ പഞ്ചായത്തിൽ കുടിവെള്ളം വിതരണം തുടങ്ങിയത്. പീച്ചിയിൽനിന്നും വരുന്ന പൈപ്പുലൈനിൽനിന്നും നേരിട്ടും, ഒളരിക്കര സീതാറാം ക്വാർട്ടേഴ്സിനു സമീപമുള്ളവാട്ടർ ടാങ്ക് വഴിയും, ഒളരിക്കരയിലെ വാട്ടർടാങ്കിൽനിന്നും പുല്ലഴികുന്നിൽ നിർമ്മിച്ചിരിക്കുന്ന വാട്ടർ ടാങ്കിലേക്ക് പമ്പ് ചെയ്ത് നിറച്ചശേഷം പുല്ലഴി ടാങ്ക് വഴിയാണം വെള്ളവും എത്തിക്കുന്നത്. പുല്ലഴി ടാങ്കിലേക്ക് ഒളരിക്കരയിൽനിന്നുള്ള പമ്പിംഗ് പലപ്പോഴും വൈദ്യുതി തടസ്സം മൂലവും വോൾട്ടേജ് ക്ഷാമംമൂലവും തടസ്സപ്പെടുന്നുണ്ട്. ഉയർന്ന സ്ഥലങ്ങളിൽ പലപ്പോഴും പൈപ്പുകളിൽവെള്ളം ലഭിക്കുന്നില്ല. പുതുതായി താമസയോഗ്യമാക്കിയ സ്ഥലങ്ങളിലേക്ക് പൈപ്പുലൈൻ നീട്ടിയിട്ടുമില്ല. കൂടാതെ വെള്ളം കൂടുതൽ ആവശ്യമുള്ള വേനൽക്കാലത്ത് കിണറുകളിലെ ജലം വറ്റുന്നതിനാൽ ഉപഭോഗം കൂടിവരുന്നു. ഇതിന്റെയെല്ലാം ഫലമായി വേനൽക്കാലത്ത് കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു. ഈ കുറവ് പരിഹരിക്കുന്നത് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ലോറികളിൽ വെള്ളം വിതരണം നടത്തിയാണ്. കൂടുതൽ പണം ഇതിനാവശ്യമായി വരുന്നു എന്നുമാത്രമല്ല ശാശ്വതമായിപ്രശ്നം പരിഹരിക്കാനും കഴിയുന്നില്ല. ആയതിനാൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ശ്വാശ്വതമായ പരിഹാരം കാണേണ്ടതുണ്ട്. കുടിവെള്ളത്തിന്റെ ലഭ്യമായ കണക്കുകൾ പട്ടിക 5.6.1ൽ കൊടുത്തിരിക്കുന്നു.

പട്ടിക 5.6.1

| | |
|---|---|
| ആകെ വീടുകൾ | : 10570 |
| കുടിവെള്ളസ്രോതസ്സുകൾ | |
| - സാനിറ്ററി വെൽ | : 3637 |
| സാധാരണ കിണർ | : 3881 |
| മെയിൻ പൈപ്പു ലൈൻ | : 32 കി. മി |
| വിതരണ പൈപ്പുലൈനുകൾ | : 52 കി.മി |
| പൊതു ടാപ്പുകൾ | : 320 എണ്ണം |
| വീട്ടാവശ്യത്തിനുള്ള കണക്ഷൻ | : 2880 എണ്ണം |
| ഗാർഹികേതര കണക്ഷനുകൾ | : 112 എണ്ണം |

പൊതുടാപ്പുകൾ വഴി വെള്ളം വിതരണം നടത്തുന്നതിന് പ്രതിമാസം 23188 രൂപ ചെലവിട്ടാണ് ലോറിയിൽ വിതരണം നടത്തുന്നതിന് ഉദ്ദേശം 2 ലക്ഷം രൂപ പ്രതിവർഷം ചെലവാകുന്നുണ്ട്.

ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഫെബ്രുവരി മാസം മുതൽ കാലവർഷംവരെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. മൂന്ന്, പത്ത്, പതിനൊന്ന് വാർഡുകളിൽ കുടിവെള്ള ക്ഷാമം അതി രൂക്ഷമാണ്. കിണറിനെ മാത്രം ആശ്രയിക്കുന്ന അനേകം കുടുംബങ്ങൾ ഇപ്പോഴും എല്ലാ വാർഡുകളിലും ഉണ്ട്. കുടിവെള്ളത്തിനു വേണ്ടി, കിലോമീറ്ററുകളോളം വീട്ടിലെ എല്ലാവരും തന്നെ കുടങ്ങളും പാത്രങ്ങളുമായി വരുന്നകാഴ്ച ഇന്നും നമ്മുടെ കൺമുന്നിൽനിന്നും മാഞ്ഞിട്ടില്ല. ഇപ്പോൾ മിക്ക സ്ഥലങ്ങളിലും പൈപ്പ് ലൈൻ വന്നിട്ടുണ്ടെങ്കിലും വീട്ടമ്മമാർക്കും മറ്റുള്ളവർക്കും ഉറങ്ങാൻപോലും കഴിയാതെ പൈപ്പിൻെറ മുന്നിൽ കാത്തിരിക്കേണ്ട സ്ഥിതി വിശേഷം വേനൽക്കാലത്തുണ്ടാകുന്നു. മണിക്കൂറുകളോളം വെള്ളത്തിനുവേണ്ടി കാത്തിരിക്കേണ്ടിവരുന്ന അവസ്ഥയുണ്ടാകാറുണ്ട്. ഇതിന് പരിഹാരമെന്നോണം പഞ്ചായത്ത് തലത്തിൽപുതിയ കിണർ കുഴിക്കൽ, കുഴൽകിണർ നിർമ്മിക്കൽ, പൈപ്പ് നീട്ടി ഇടൽ പഴയ കിണറുകൾ ആഴംകൂട്ടി വൃത്തിയാക്കൽ തുടങ്ങിയവ കാലാകാലങ്ങളിൽ ചെയ്യുന്നുണ്ടെങ്കിലും മുൻപറഞ്ഞ സ്ഥിതിവിശേഷം ഇന്നും നിലനില്ക്കുന്നു.

പഞ്ചായത്ത് വക കുടിവെള്ളവിതരണ കേന്ദ്രങ്ങളിലൊക്കെ മലിനജലം കെട്ടിനിന്ന് പരിസരമലിനീകരണവും ഈച്ച, കൊതുക് മുതലായവയും പെരുകി ചുറ്റുപാടുമുള്ളവരുടെ ആരോഗ്യസ്ഥിതി മോശമാകുന്നു. ഇത്തരം പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന് ബോധവൽക്കരണവും മറ്റു നടപടികളും ആവശ്യമാണ്.കിണർ കുഴിക്കാൻ കഴിവില്ലാത്തവരും എന്നാൽ സ്ഥലവുമുള്ളവരും ആയ പാവപ്പെട്ടവർക്ക് വേണ്ട ധനസഹായം നല്കി കുടിവെള്ളത്തിനും കൃഷിക്കും വെള്ളം ഉപയോഗപ്പെടുത്താവുന്നതാണ്. കുടിവെള്ളത്തിനായി കിണറിനെ ആശ്രയിക്കുവർക്ക് ചുറ്റുപാടുമുള്ള സ്ഥാപനങ്ങളിൽനിന്നും വരുന്ന വിഷം കലർന്ന് മലിനജലം കിണറുകളിലെ വെള്ളത്തെ മലിനമാകുന്ന സംഭവങ്ങൾ കൂടിവരുന്നു.

## പ്രശ്നങ്ങൾ

പഞ്ചായത്തുവക കിണറുകളും കുളങ്ങളും വേണ്ട പോലെ സംരക്ഷിക്കുന്നില്ല.

ലാലൂർ പ്രദേശത്തെ കിണറുകളിലെ ജലം ഉപയോഗശൂന്യമാകുന്നു. ട്രഞ്ചിംഗ് ഗ്രൗണ്ടാണ് ഇതിനുകാരണം.

കുഴൽകിണറുകളിൽ പലതിലേയും ജലം കഠിന ജലവും ഉപ്പുകലർന്നതുമാകുന്നു. ചിലതിൽ വെള്ളം ലഭിക്കുന്നില്ല.

14-ാം വാർഡിലെ കാർത്ത്യായനി അമ്പലം മുതൽ കാഞ്ഞിരം പള്ളംവരെയുള്ള പ്രദേശത്തെ വെള്ളം ചോലവെള്ളമാണ്. (ചുവപ്പുനിറമുള്ളത്).

3,5,12 വാർഡുകളിലെ കോളനി പ്രദേശത്തെ കിണറുകളിലെ വെള്ളം കക്കൂസിൻെറ സാമിപ്യം കൊണ്ട് മലിനമായിരിക്കുന്നു.

ഒളരി വാട്ടർ ടാങ്കിൽനിന്നും വെള്ളം ചോർന്നു പോയ് കൊണ്ടിരിക്കുന്നു.

പുല്ലഴികുന്നിൻെറ മുകളിലെ വാട്ടർ ടാങ്കിൻെറ സംഭരണശേഷി (35,000 ഗ്യാലൻ) ഭാഗികമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ.

2-ാം വാർഡം ലക്ഷം വീട് കോളനി പ്രദേശത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാണ്.

3-ാം വാർഡിൽ കുടിവെള്ളക്ഷാമം വളരെയധികം രൂക്ഷമാണ്.

13, 12 വാർഡുകളിലെ ബാങ്ക് ക്വാർട്ടേഴ്സിനടു

ത്തുള്ള വീടുകളിൽ കിണറുകളിലെവെള്ളം മദർ ഹോസ്പിറ്റലിൽനിന്നും കുന്നത്തുമില്ലിൽനിന്നും വരുന്ന മാലിന്യങ്ങൾ മൂലം കുടിക്കാൻ ഉപയുക്തമല്ല.

14-ാം വാർഡിലെ തേഞ്ചിത്തുക്കാവ്, പഞ്ചിക്കൽ, പന്നിങ്കര, മരുതൂർ റോഡ്, പള്ളിയിലേക്കുള്ള പഞ്ചായത്ത് റോഡ് എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ ആവശ്യമാണ്.

10-ാം വാർഡിലെ ചള്ളാണി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഇപ്പോൾ കാർഷികാവശ്യത്തിനായി ഉപയോഗിക്കുന്നില്ല.

15-ാം വാർഡിൽ സീതാറാം മില്ലിൽനിന്നും പുറത്തുവരുന്ന മലിന ജലം അപകടകരമായ നിലയിൽ മിക്ക കിണറുകളിലും ബാധിക്കുണ്ട്. മഹാത്മാഗാന്ധി നഗർ കോളനിയിൽ മലിന ജലപ്രശ്നം രൂക്ഷമാണ്.

## നിർദ്ദേശങ്ങൾ

1. എല്ലാ പഞ്ചായത്ത് കിണറുകളും വൃത്തിയാക്കി മതിൽകെട്ടി വലയിട്ട് വൃത്തിയായി സൂക്ഷിക്കുക.
2. കുളങ്ങൾ വൃത്തിയായി പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കണം.
3. ട്രെഞ്ചിനിങ്ങ് ഗ്രൗണ്ട് പ്രദേശത്ത് പൈപ്പ്ലൈൻ ഇടണം. പൊതുടാപ്പുകൾ സ്ഥാപിക്കുകയും വേണം.
4. കുഴൽ കിണറുകളിലെ വെള്ളം ശുദ്ധീകരിക്കാനുള്ള നടപടിയെടുക്കണം.
5. ചോല വെള്ളം പൈപ്പുലൈൻ സ്ഥാപിക്കണം.
6. 3,5,12 വാർഡുകളിലെ കോളനി പ്രദേശത്ത് ശാസ്ത്രീയമായ രീതിയിൽ കക്കൂസുകൾ നിർമ്മിക്കുയും ശുദ്ധജല വിതരണത്തിന് പൈപ്പു ലൈൻ ഇടുകയും വേണം.
7. ഒളരിയിലെയും പുല്ലഴിക്കുന്നിലെയും വാട്ടർ ടാങ്കുകളുടെ സംഭരണശേഷി മുഴുവനായി ഉപയോഗിക്കുന്നതിനുവേണ്ട സത്വര നടപടികൾ ആരംഭിക്കുക. ഈ ടാങ്കുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.
8. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലേക്ക് പൊതു ടാപ്പുകൾ സ്ഥാപിക്കുക.
9. പഞ്ചായത്തിൽ മൊത്തം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അമ്പാടിക്കുളം, കാര്യാട്ടുകര ശിവക്ഷേത്രക്കുളം 12-ാം വാർഡിലെ പാടശേഖരത്തോട് ചേർന്നുള്ളസ്ഥലം എന്നിവിടങ്ങളിൽ ഉയർന്ന സ്ഥലത്ത് ടാങ്കുകൾ നിർമ്മിച്ച് ശുദ്ധജലവിതരണത്തിനുള്ള സമാന്തര പദ്ധതി അടിയന്തിരമായി രൂപീകരിക്കുക.
10. ചള്ളാണി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വേനൽക്കാലത്തും പ്രവർത്തിപ്പിക്കണം. ഈപദ്ധതി ഉപയോഗിച്ച് ശുദ്ധജലവിതരണം നടത്തുന്ന വിധത്തിൽ രൂപാന്തരപ്പെടുത്തുക.
11. 4-ാം വാർഡിൽ നാലുസെൻറിലേക്ക് പൈപ്പു ലൈൻ നീട്ടി പൊതുടാപ്പ് സ്ഥാപിക്കുക.
12. മദർഹോസ്പിറ്റലിലേയും കുന്നത്തുമില്ലിലേയും മലിനജലം പുറത്തേക്കൊഴുക്കാതെ അവിടങ്ങളിൽതന്നെ സംസ്കരിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
13. 10-ാം വാർഡിൽ 3 പൊതുകിണറുകളും 24 പൊതുടാപ്പുകളും സ്ഥാപിക്കുക.
14. 11-ാം വാർഡിൽ വെൺകുളം പാടത്തും കനാൽ റോഡിലേക്കും പൈപ്പ് ലൈൻ നീട്ടുക.
15. 3-ാം വാർഡിൽ മൂരിച്ചന്ത സമീപമുള്ള ടാങ്ക് വൃത്തിയാക്കി ജലസംഭരണികളാക്കണം.
16. 7-ാം വാർഡിൽ ബക്കർ കോളനി, അസ്സീസ്സി നഗർ എന്നിവിടങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കണം.

17. സിവിൽ സ്റ്റേഷൻ സ്ഥിരമായ പമ്പ് ഓപ്പറേറ്ററെ നിയമിച്ച് കൃത്യമായി വെള്ളം ലഭിക്കാനുള്ള സൗകര്യം ഉണ്ടാകണം.

18. നിലവിലുള്ള ഉപയോഗിക്കാത്ത പൊതുടാപ്പുകൾ അത്യാവശ്മുള്ളിടത്തേക്ക്മാറ്റി സ്ഥാപിക്കണം.

19. കുടിവെള്ളം ദുരുപയോഗപ്പെടുത്തുന്നതും പൊതുടാപ്പുകൾ നശിപ്പിക്കുന്നതും ബോധവൽക്കരണത്തിലൂടെ തടയുന്നതിന് പരിപാടികൾ ആവിഷ്ക്കരിക്കണം.

# ആരോഗ്യം

അയ്യന്തോൾ ഗ്രാമപഞ്ചായത്തിൽ സർക്കാർ തലത്തിൽ ആരോഗ്യകേന്ദ്രമുണ്ടാകുന്നത് 1977ൽ കാര്യാട്ടുകരയിൽ പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിക്കുന്നതോടെയാണ്. പാരമ്പര്യ ചികിത്സാരീതികളും ആയുർവ്വേദ വൈദ്യന്മാരുടെ സേവനങ്ങളുമാണ് പഞ്ചായത്തുനിവാസികൾ പ്രധാനമായും തേടിയിരുന്നത്. ആധുനിക ചികിത്സക്കായുള്ള സ്ഥാപനം തൃശൂർ ജില്ലാ ആശുപത്രിയായിരുന്നു. ഇതിനുപുറമെ ആചാര-വിശ്വാസമനുസരിച്ചുള്ള ചികിത്സാരീതികളും നിലനിന്നിരുന്നു. പഴമക്കാരുടെ ചിട്ടകളും ജീവിതരീതികളും പ്രകൃതിദത്തമായിരുന്നതുകൊണ്ട് ആരോഗ്യപ്രശ്നങ്ങളും അന്ന് കുറവായിരുന്നു. എന്നാൽ വർദ്ധിച്ചുവരുന്ന ജനസംഖ്യ, മലിനീകരണം, ദുശ്ശീലങ്ങൾഎന്നിവ ആരോഗ്യപ്രശ്നം ഗുരുതരമാക്കിത്തീർത്തിട്ടുണ്ട്. പട്ടണത്തിന് തൊട്ടടുത്ത് കിടക്കുന്ന ഗ്രാമമായതിനാൽ മലിനീകരണ പ്രശ്നങ്ങൾ അനുദിനം വർദ്ധിച്ചുവരികയും ചെയ്യുന്നു.

ഒരു പ്രദേശത്തെ ആരോഗ്യാവസ്ഥയുടെ സൂചികകൾ-ജനനനിരക്ക്, മരണനിരക്ക്, മാതൃമരണനിരക്ക്, രോഗാതുരത മുതലായവയാണ്. പട്ടിക 6.1ൽ ചില സൂചികകൾ നൽകിയിരിക്കുന്നു.

പട്ടിക 6.1

പഞ്ചായത്തിലെ ആരോഗ്യസൂചികകൾ

| | 199394 | 199495 | 199596 | സംസ്ഥാന നിരക്ക് |
|---|---|---|---|---|
| ജനനനിരക്ക് | 6.04 | 4.43 | 4.26 | 17 |
| മരണനിരക്ക് | 6.18 | 445 | 3.77 | 6 |
| ശിശുമരണനിരക്ക് | 0 | 0 | | 13 |
| മാതൃമരണനിക്ക് | 0 | 0 | ---- | |

അവലംബം ; പ്രാഥമിക ആരോഗ്യകേന്ദ്രം

ജനനനിരക്കും മരണനിരക്കിൻേറയും ലഭ്യമായ കണക്ക് അത്ഭുതകരമാണ്. ജനനനിരക്ക് സംസ്ഥാന ശരാശരിയുടെ നാലിലൊന്നുമാത്രമാണ്. സംസ്ഥാന ശരാശരിയായ 6 നേക്കാൾവളരെ താഴെയാണ് ഈ പഞ്ചായത്തിലെ ജനനനിരക്കും മരണനിരക്കും തമ്മിൽ കാര്യമായ അന്തരമില്ല. ഇതിനർത്ഥം ജനസംഖ്യാ വർദ്ധനവ് പൂജ്യമായി എന്നാണ്. ശിശുമരണമോ മാതൃമരണമോ നടന്നതായി റിപ്പോർട്ടില്ല. സംസ്ഥാന ശിശുമരണനിരക്ക് 13 ആണ്. ജനസംഖ്യയിലുണ്ടായ ഈ മാറ്റത്തെക്കുറിച്ച് വിശദമായ പഠനം അനിവാര്യമാണ്. ഇത് സ്ഥിതിവിവരക്കണക്കിലെ പോരായ്മയാണോ എന്ന പരിശോധന ആവശ്യമാണ്.

രോഗ പ്രതിരോധകുത്തിവെയ്പ് 100 ശതമാനം കുട്ടികൾക്കും നടത്തിയിട്ടുണ്ട് ഈ പ്രദേശത്ത് കണ്ടുവരുന്ന രോഗങ്ങളെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല. പകർച്ചവ്യാധികൾ സംബന്ധിച്ചവിവരങ്ങൾ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽനിന്നും ലഭ്യമായ വിശദാംശങ്ങൾ പട്ടിക 6.2ൽ നൽകിയിരിക്കുന്നു. ജലജന്യരോഗങ്ങളാണ് കൂടുതലായി കണ്ടുവരുന്നത്.

പട്ടിക 6.2

പകർച്ചവ്യാധികൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 396 | 62 | 4 | ഇല്ല |
| 1994-95 | 342 | 41 | 3 | ഇല്ല |
| 1995-96 | 300 | 22 | ഇല്ല | ഇല്ല |

അവലംബം ; പ്രാഥമിക ആരോഗ്യകേന്ദ്രം

## ദമ്പതിമാരുടെ എണ്ണം

പ്രായാടിസ്ഥാനത്തിലുള്ള ദമ്പതിമാരുടെ എണ്ണം പട്ടിക 6.3ൽ നല്കിയിരിക്കുന്നു.

പട്ടിക 6.3

| പ്രായം | എണ്ണം |
|---|---|
| 15നും 19നും | 71 |
| 20-24 | 962 |
| 25-29 | 1609 |
| 30-34 | 1518 |
| 35-39 | 1570 |
| 40-44 | 748 |

വളരെ ഉയർന്നനിരക്കിൽ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കപ്പെടുന്നുണ്ട് എന്നതാണ് കുടുംബാസുത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചിരിക്കുന്ന അമ്മമാരുടെ കണക്ക് സൂചിപ്പിക്കുന്നത്.

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ [ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ] പട്ടിക 6-4ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6.4

| | |
|---|---|
| 1 കുട്ടി | 323 |
| 2 കുട്ടികൾ | 2276 |
| 2ൽ കൂടുതൽ കുട്ടികൾ | 1376 |

## ചികിത്സാ സൗകര്യങ്ങൾ

അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി എന്നീ മൂന്നു ശാഖകളുടേയും സർക്കാർ ഡിസ്പൻസറികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കാര്യാട്ടുകരയിൽ 1977ൽ സ്ഥാപിച്ച പ്രാഥമിക ആരോഗ്യകേന്ദ്രം ഇതിൽപെടുന്നു. ഇവിടെ ചികിത്സക്കായിഎത്തുന്ന രോഗികളുടെ വിവരം പട്ടിക 6-5ൽ നല്കിയിരിക്കുന്നു.

പട്ടിക 6.5

| വർഷം | ഔട്ട്പേഷ്യൻറ് |
|---|---|
| 1992-93 | 10516 |
| 1993-94 | 9335 |
| 1994-95 | 6712 |
| 1995-96 | 13304 |

അവലംബം ; പ്രാഥമിക ആരോഗ്യകേന്ദ്രം

വളരെയധികം രോഗികൾ എത്തിചേരുന്ന സ്ഥാപനമാണെങ്കിലും ഇവിടുത്തെ ഭൗതിക സൗകര്യങ്ങൾ വളരെ കുറവാണ്. ഈ കേന്ദ്രത്തിൻെറ കീഴിൽ രണ്ടു സബ് സെൻററുകൾ ചേറ്റുപുഴയിലും അയ്യന്തോളിലും പ്രവർത്തിക്കുന്നു. ആയുർവ്വേദ ഡിസ്പൻസറി ഒളരിക്കരയിലാണ്. ഒരു വർഷത്തിൽ 30,000ൽപരം രോഗികൾ ഇവിടെ എത്തചേരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എത്തിചേരുന്ന രോഗികളിൽ ഭൂരിഭാഗം വാതരോഗികളാണ്.

ഹോമിയോ ഡിസ്പെൻസറി S.N പാർക്കിൽ സ്ഥിതി ചെയ്യുന്നു.

ഇവയുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ നല്കിയിരിക്കുന്നു.

പട്ടിക 6.6

സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ഇനം | കെട്ടിടം സ്വന്തം/വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിത വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യ കേന്ദ്രം | അലോപ്പതി | സ്വന്തം | 18 | 1977 | കെട്ടിടത്ത് അറ്റകുറ്റപണി ചെയ്യേണ്ടതാണ് |
| 2 | ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി | ആയുർവേദം | സ്വന്തം | 2 | --- | ,, |
| 3 | ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറി | ഹോമിയോ ചികിത്സ | സ്വന്തം | 4 | 1993 | സ്ഥലസൗകര്യങ്ങൾ ഇല്ല. വൈദ്യുതി ഇല്ല. രോഗികൾക്ക് ഇരിക്കുന്നതിന് ബെഞ്ചുകളോ ആഫീസിൽ മേശയോ ഇല്ല. മരുന്നു സൂക്ഷിക്കാൻ അലമാരയില്ല. |

ഇവക്കുപുറമെ രണ്ടു വെൽഫെയർ സെൻററുകളും ഇവിടെയുണ്ട്. നല്ലനിലയിൽ പ്രവർത്തിക്കുന്ന രണ്ടു സ്വകാര്യ ആശുപത്രികൾ ഈ പഞ്ചായത്തിലുണ്ട്. മദർ ഹോസ്പ്പിറ്റൽ, ചന്ദ്രമതി മെമ്മോറിയൽ ഹോസ്പ്പിറ്റൽ എന്നിവ കൂടാതെ E.S.I ആശുപത്രിയും ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

സ്വകാര്യസ്ഥാപനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

6.7 സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾ

| | വിവരങ്ങൾ | C.A.M. ഹോസ്പ്പിറ്റൽ | മദർ ഹോസ്പ്പിറ്റൽ |
|---|---|---|---|
| 1 | സ്ഥാപനവർഷം | 1997 | 1991 |
| 2 | കിടക്കകളുടെ സൗകര്യം | 75 | 230 |
| 3. | ശരാശ്രി ഒരു ദിവസത്തെ ഒ.പി. | 500 | 54 |
| 4. | ആകെ ഡോക്ടർമാർ | 13 | 30 |
| 5. | മറ്റു ജോലികൾ | 67 | 110 |
| 6. | ആധുനിക ചികിത്സ സൗകര്യങ്ങൾ | അൾട്രാസൗണ്ട് സ്കാനിംഗ്, ഐ സ്കാൻ | സി.ടി.സ്കാൻ എക്കോഡോപ്ളർ അൾട്രാ സൗണ്ട് സ്കാൻ |

ശുചിയായി പരിസരം, കുടിവെള്ളം എന്നിവ ആരോഗ്യത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളാണ്. ഏതാണ്ട് 12 ശതമാനം വീടുകൾക്കും കക്കൂസുകൾ ഇല്ല എന്നതാണ് ഇവിടുത്തെ വലിയ ആരോഗ്യ പ്രശ്നം. അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ട പ്രശ്നമാണിത്. കുടിവെള്ള ദൗർലഭ്യം ഇവിടുത്തെ മറ്റൊരു പ്രശ്നമാണ്. കുടിവെള്ള സ്രോതസ്സിൻെറ വിശദാംശങ്ങൾ പട്ടിക 6.8ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6.8 കുടിവെള്ള സ്രോതസ്സ്

| സ്രോതസ്സ് | എണ്ണം |
|---|---|
| സാനിട്ടറി വെൽ | 3637 |
| സാധാരണ കിണർ | 3881 |
| പൈപ്പ് | 2190 |
| പൊതുവിതരണം | 862 |

*അവലംബം : പ്രാഥമിക ആരോഗ്യകേന്ദ്രം*

ഇവിടുത്തെ ആരോഗ്യത്തെ ബാധിക്കുന്ന മറ്റൊരു പ്രശ്നം പരിസര മലിനീകരണമാണ്. തൃശൂർ പട്ടണത്തിലെ മാലിന്യങ്ങൾ മുഴുവൻ ലാലൂരുള്ള ട്രഞ്ചിങ്ങ് ഗ്രൗണ്ടിലാണ് നിക്ഷേപിക്കുന്നത്. തികച്ചും അശാസ്ത്രീയമായ രീതിയിലാണ് മാലിന്യം കൈകാര്യം ചെയ്യുന്നത്. ആശുപത്രിയിലെ മാലിന്യങ്ങളും ഇതിൽ പെടും. ചില സമയങ്ങളിൽ ഈ മാലിന്യങ്ങൾക്ക് തീയിടും അതുമൂലമുണ്ടാകുന്ന ദുർഗന്ധവും പുകയും ഇവിടുത്തെ ജീവിതം ദുസ്സഹമാക്കുന്നു. പരിസരത്തെ കിണറുകളിലെ ജലം ഉപയോഗ്യമല്ല. ഈഗ്രൗണ്ടിൽ തന്നെയാണ് ശവങ്ങൾ മറവുചെയ്യുന്നതും പട്ടണത്തിൻെറ മാലിന്യങ്ങൾ മുഴുവൻ ഏറ്റുവാങ്ങുന്ന ഈ പ്രദേശം ഒരു അഗ്നിപർവ്വതത്തിൻെറ മുകളിലാണ് സ്ഥിതിചെയ്യുന്നതെന്നുപറഞ്ഞാൽ തെല്ലും അതിശയിക്കേണ്ടതില്ല. ഏതുനിമിഷവും പൊട്ടിപുറപ്പാടാവുന്ന പകർച്ചവ്യാധിക്ക് ഇത് കാരണമാവാം എത്രയും വേഗം പരിഹരിക്കപ്പെടേണ്ട പ്രശ്നമാണിത്.

വർദ്ധിച്ചുവരുന്ന ജനസംഖ്യയും നഗരവല്കരണവും സൃഷ്ടിക്കുന്ന മലിനീകരണവും ഇതോടൊപ്പംതന്നെ പേറുന്നിണ്ടീ പ്രദേശം. മലിനജലം കെട്ടികിടക്കുന്ന ഒരുപാടു പ്രദേശങ്ങളുണ്ടിവിടെ. വയലുകൾ നികത്തപ്പെട്ടതും ചാലുകൾ മണ്ണിട്ടു മൂടിയതും എല്ലാം ജലം ഒഴുകിപ്പോകുന്നതിന് ബുദ്ധമുട്ട് ഉണ്ടാക്കി. കൊതുകുശല്യം അതിരൂക്ഷമായികൊണ്ടിരിക്കുന്നു.

മദ്യപാനം, പുകവലി എന്നിവ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ഇതോടൊപ്പമുണ്ട്.

## പഞ്ചായത്തിലെ ആരോഗ്യകേന്ദ്രത്തിലൂടെ നടപ്പിലാക്കിയ ആരോഗ്യ പരിപാടി.

### പബ്ലിക് ഹെൽത്ത് സെൻറർ അയ്യന്തോൾ- എൽത്തുരുത്ത്

1996-97 സാമ്പത്തിക വർഷത്തിൽ ആരോഗ്യവകുപ്പിൻെറ പരിപാടി അനുസരിച്ച് നടത്തിയ പരിപാടികൾ.

**എ. സ്പെഷൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാം.**

പഞ്ചായത്തിൻെറ കീഴിലുള്ള 8 എൽ.പി. സ്കൂളുകളിൽ ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികളെ വിദഗ്ദ പരിശോധന നടത്തുകയും കൂടുതൽ ചികിത്സ ആവശ്യമായവരെ ജില്ലാ ആശുപത്രിയിലേക്ക് റഫർ ചെയ്യുകയും ചെയ്തു.

**ബി. പൾസ് പോളിയോ ഇമ്മ്യൂനൈസേഷൻ പ്രോഗ്രാം**

1995 ഡിസംബറിലും 1996 ജനുവരിയിലുമായി പഞ്ചായത്തിലെ മൂന്നുവയസ്സിനു താഴെയുള്ള എല്ലാ കുട്ടികൾക്കും രണ്ടു ഡോസ് വാക്സിൻ നല്കി.

**സി. പഞ്ചായത്തിൽ നടപ്പുള്ള പോഷകാഹാര പരിപാടി**

ഭക്ഷണപരിപാടി നടത്തിവരുന്നു.

## പ്രശ്നങ്ങൾ

തൃശൂർ പട്ടണത്തിലെ ചപ്പുചവറുകൾ നിക്ഷേപിക്കുന്നത് ലാലൂരിലാണ്. ഇതുകൊണ്ടുണ്ടാകുന്ന പരിസര-വായു മലിനീകരണ പ്രശ്നങ്ങൾക്ക് കഴിവതും വേഗം പരിഹാരം കണ്ടെത്തണം. കുടിക്കാനുള്ള വെള്ളത്തിന് പല പ്രദേശങ്ങളിലും ക്ഷാമമുണ്ട്.

ലാലൂരിലെ ശവക്കോട്ടയിൽ ശവം മറവു ചെയ്യുന്ന രീതി മലിനീകരണം വർദ്ധിപ്പിക്കുന്നു.

തൃശൂർ പട്ടണത്തിലെ മലിന ജലം KLDC പണിത്തീർത്ത കനാലുവഴി കാര്യാട്ടുകര, മാരാർകോൾ പടവ്, മണിനാടൻ കോൾ പടവ് എന്നിവിടങ്ങളിലെക്ക് ഒഴുകിയെത്തി കൊതുകുശല്യവും ദുർഗന്ധവും നാലാം വാർഡിനെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നമായി നിലനില്ക്കുന്നു. 1,14,15 വാർഡുകളിലൂടെ പോകുന്ന പനച്ചിക്കാൽ ചാലിൽകൂടി പട്ടണത്തിലെ

മാലിന്യം ഒഴുകിയെത്തുന്നു. ഇത് കെട്ടികിടന്ന് ദുർഗന്ധവും മറ്റ് ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു. ഇതിനു പുറമെ ഈ മലിന ജലം കൃഷിക്കാർക്കും കർഷകത്തൊഴിലാളിക ൾക്കും ബുദ്ധിമുട്ടുണ്ടാകുന്നു.

മാരാർ കോളിൻേറയും എൽത്തുരുത്ത് കോളി ൻേറയും സംഗമസ്ഥലമായ എൽത്തുരുത്ത് (കാര്യാട്ടുകര) പ്രദേശത്തുള്ള 4 സെൻറ് വീത മുള്ള 13-ഓളം വീട്ടുകാർക്ക് ആധുനികരീതി യിലുള്ള കക്കൂസുകളില്ല. കിണറുകൾക്ക് മതി ലുകളും ഇല്ല. മഴക്കാലത്ത്വെള്ളം കയ റുമ്പോൾ കിണറും കക്കൂസും ഒന്നായിത്തീ രുന്ന ബുദ്ധിമുട്ടനുഭവപ്പെടുന്നു.

പറയം താഴം കനാലിൽ ചണ്ടിക്കിടന്ന് ചീഞ്ഞ് ജലമലിനീമസമാകുകയും അത് അടുത്ത പ്രദേ ശങ്ങളിലെ കിണറുവെള്ളത്തെ ബാധിക്കുകയും ചെയ്യുന്നു. ദുർഗന്ധവും അനുഭവപ്പെടുന്നു.

മദർ ഹോസ്പിറ്റൽ, ഇ.എസ്ഐ ആശുപത്രി എന്നി വിടങ്ങളിലെ മലിനജലം പരിസരമലിനീകര ണവും ദുർഗന്ധവും ഉളവാക്കുന്നു. കുന്നത്ത് ടെക്സ്റ്റൈൽസിൽനിന്നുംവരുന്ന ആസിഡ് കലർന്ന ജലവും പുകയും പരിസരവാസിക ളുടെ കിണറുകൾക്കും ആരോഗ്യത്തിനും പ്രശ്ന മാകുന്നു.

കൊതുകുനിവാരണത്തിന് വേണ്ടനടപടികൾ കൈക്കൊള്ളാത്തത് പകർച്ചവ്യാധികളുടെ വർദ്ധനവിന് ഇടയാക്കുന്നു.

പകർച്ചവ്യാധികളുടെ വ്യാപനത്തിൽ എലികളുടെ പങ്ക് ഏറെയാണ് ചവറുകളും മറ്റും എലിക ളുടെ വിഹാരരംഗവും. എലികളെ നശിപ്പിക്കേ ണ്ടത് വളരെ അത്യാവശ്യമായി വന്നിരിക്കുക യാണ്.

10-ാം വാർഡിലെ റോഡരികിലുള്ള പുറമ്പോക്ക് നിവാസികളുടെ വെള്ളം, വെളിച്ചം,വീട്, കക്കൂസ് എന്നീ പ്രശ്നങ്ങൾ പരിഹാരം തേടു ന്നു.

ആമ്പക്കാട്ടുമൂലയിലെ മലിനജലപ്രശ്നത്തിന് പരി ഹാരം കാണേണ്ടതാണ്. മത്സ്യമാർക്കററ് വേണം. കംഫർട്ടുസ്റ്റേഷനും ആവശ്യമാണ്.

ഒളരിക്കര മാർക്കറ്റിലെ മാലിന്യങ്ങൾ സംസ്കരി ക്കുന്നതിനുവേണ്ട നടപടികൾ കൈകൊള്ളേ ണ്ടതാണ്.

ലക്ഷം വീട് കോളനി പ്രദേശത്തെ മലിനജല പ്രശ്നം പരിഹാരം തേടുന്നു.

പൈപ്പുകളിൽ കന്നുകാലികളെ കഴുകുന്നതും പരി സരം മലിനീകരിക്കുന്നതും ഒഴിവാക്കേണ്ട താണ്.

തിരുവാണത്ത് ശ്രീകൃഷ്ണക്ഷേത്രത്തിൻെറ മുന്നി ലൂടെ പോകുന്ന തോട് മലിനമാണ്.

കാലത്തൊഴുത്തുകളിൽനിന്നുള്ള അഴുക്കുവെള്ളം സമീപവാസികൾക്ക് ബുദ്ധിമുട്ടാകുന്നു.

ഹോമിയോ ആശുപത്രിയുടെ ശോചനീയാ വസ്ഥക്ക് പരിഹാരം കാണേണ്ടതാണ്.

ജനസംഖ്യാനുപാതികമായി പഞ്ചായത്ത് ഹെൽത്തം സെൻററിൽ സർക്കാർ മാനദണ്ഡ മനുസരിച്ച തസ്തിക സൃഷ്ടിക്കുകയും നിയ മനം നടത്തുകയും ചെയ്യുക. അവരുടെ സേവനം ഉറപ്പുവരുത്തുകയും വേണം.

ഹെൽത്ത് സെൻററുകളിൽ ആവശ്യമായ ഔഷ ധങ്ങൾ ലഭ്യമാക്കുക.

ലക്ഷംവീട് കോളനി പ്രദേശത്തെ നിവാസികളുടെ പോഷകാഹാരക്കുറവിന് പരിഹാരം കാണേ ണ്ടതാണ്.

ഹെൽത്ത് സെൻററുകളിൽ വിദഗ്ധ ഡോക്ടർമാ രുടെ (കണ്ണ്, ശിശുരോഗം, ENT) സേവനം ലഭ്യമാക്കണം. കുട്ടികൾക്ക് വിറ്റാമിൻ ഗുളിക കൾ നല്കേണ്ടതുണ്ട്.

നിലവിലുള്ള പാർക്കുകളും സുസജ്ജമാക്കേണ്ട തുണ്ട്.

കർഷകനഗർ, ആമ്പക്കാട്ടുമൂല, കളക്ട്രേറ്റിനു മുൻവശം എന്നിവിടങ്ങളിൽ കംഫർട്ടുസ്റ്റേഷനുകൾ ആവശ്യമാണ്.

പീപ്പിൾസ് കോളനി വെള്ളത്തിൽ പെടാതിരിക്കാൻ കാനകൾ വൃത്തിയാക്കുകയും റോഡ് ഉയർത്തുകയും വേണം. കക്കൂസും പൊതുകക്കൂസും ആവശ്യമാണ്. ഈ കോളനിയിലെ കുട്ടികൾക്ക് വേണ്ടി കളിസ്ഥലം ആവശ്യമാണ്. ഹെൽത്ത് സെൻററും വേണം.

അലഞ്ഞുനടക്കുന്ന പട്ടികൾ പേപ്പട്ടി വിഷബാധ ഉണ്ടാക്കുന്നു.

സീതാറാം മില്ലിൽനിന്നും മുനിസിപ്പാലിറ്റിയിൽനിന്നും വരുന്ന അഴുക്കുവെള്ളം 14-ാം വാർഡിലെ ചാലിലൂടെ ഒഴുകുന്ന് ഇവിടുത്തുകാരുടെ ആരോഗ്യത്തെ ബാധിക്കുന്നു.

മദ്യനിരോധനത്തിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## പരിഹാര നിർദ്ദേശങ്ങൾ

1. ലാലൂരിൽ വൈദ്യുതി ശ്മശാനം നിർമ്മിക്കുക.
2. ചപ്പുചവറുകൾ ജൈവവളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3. ചപ്പുചവറുകളിൽനിന്നും ഊർജ്ജം ലഭ്യമാക്കുന്നതിനുള്ള പരിപാടികളും നടപ്പിലാക്കുക.
4. മേൽപ്പറഞ്ഞവ നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന മലനീകരണ പ്രശ്നങ്ങൾ ഒഴിവാക്കുകയും വേണം.
5. നിലവിലുള്ള ഓടകളും കാനകളും വൃത്തിയാക്കുകയും ആവശ്യമുള്ളിടത്ത് പുതിയത് നിർമ്മിക്കുകയും വേണം.
6. പട്ടണത്തിൽനിന്നും KLDC കനാലുവഴി വരുന്ന മലനജലം സംസ്കരിച്ചെടുക്കുന്നതിന് വേണ്ടനടപടികൾ സ്വീകരിക്കേണ്ടതാണ്.
7. വർഷക്കാലത്ത് കിണറുകളും കക്കൂസുകളും ഒന്നാകാതിരിക്കാൻ ശാസ്ത്രീയമായ കക്കൂസുകളും കിണറിന് മതിലും ഉണ്ടാകണം. ഇത്തരം പ്രദേശങ്ങൾ ദത്തെടുത്ത് സംരക്ഷിക്കേണ്ടതാണ്.
8. കാലാകാലങ്ങളിൽ ചണ്ടിനീക്കം ചെയ്യേണ്ടതാണ്. ഇതിൽനിന്നും ഊർജ്ജം ലഭ്യമാക്കുന്നതിനുള്ള പരിപാടിയും ആസൂത്രണം ചെയ്യേണ്ടതുണ്ട്.
9. ആശുപത്രികളിൽനിന്നും ആസിഡ്വാട്ടർ, മറ്റു മാലിന്യങ്ങൾ എന്നിവ സംസ്കരിക്കുന്നതിനുള്ള സംവിധാനം സമയബന്ധിതമായി നടപ്പിലാക്കുക. പുതുതായി ആരംഭിക്കുമ്പോൾ ഇത്തരം സംവിധാനം ഉണ്ടെങ്കിൽ മാത്രം അനുമതി നൽകുക.
10. അഴുക്കുവെള്ളം വാർന്നുപോകുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ചാലുകൾ വൃത്തിയാക്കുകയും കാനകൾ ഉയർത്തികെട്ടുകയും വേണം. ഹെൽത്ത് വിസിറ്റർമാരുടെസേവനം ബോധവൽക്കരണത്തിന് ലഭ്യമാക്കണം. ആവശ്യമായ മരുന്ന് തെളിക്കുകയുംവേണം.
11. ദുശ്ശീലങ്ങളായ മദ്യപാനം, പുകവലി, മുറുക്ക് മയക്കുമരുന്നിൻെറ ഉപയോഗം എന്നിവയുടെ ദൂഷ്യ ഫലങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുക.
12. പൊതുമാർക്കറ്റിൽനിന്നുള്ള മാലിന്യങ്ങൾ അതതു ദിവസംതന്നെ ശേഖരിച്ച് പൊതു സംസ്കരണസ്ഥലത്ത് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
13. സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

14. പുറമ്പോക്ക് നിവാസികൾക്കാവശ്യമായ വെള്ളം, വെളിച്ചം, വീട് കക്കൂസ് എന്നിവ ഉണ്ടാക്കികൊടുക്കേണ്ടതാണ്.

15. ശ്രീകൃഷ്ണക്ഷേത്രത്തിൻെറ മുന്നിലൂടെ പോകുന്ന തോട് വൃത്തിയാക്കി മലിനീകരണം ഒഴിവാക്കണം.

16. ഹെൽത്ത് സെൻററുകളിൽ സർക്കാർ മാനദണ്ഡമനുസരിച്ച് തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി സേവനം ഉറപ്പുവരുത്തേണ്ടതാണ്.

17. ഹെൽത്ത് സെൻററുകളിൽ വിദഗ്ദ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം. പോഷകാഹാര പരിപാടി ഊർജ്ജിതപ്പെടുത്തണം.

18. നിലവിലുള്ള സിവിൽ ലൈൻ പാർക്കിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

19. കർഷകനഗർ, കളക്ട്രേറ്റിനുമുൻവശം, ആമ്പക്കാട്ടുമൂല എന്നിവിടങ്ങളിൽ കംഫർട്ട്സ്റ്റേഷൻ തുടങ്ങണം.

20. പീപ്പിൾസ് കോളനിയിലെ കാനകൾ വൃത്തിയാക്കുകയും റോഡുയർത്തുകയും ചെയ്യേണ്ടതാണ്. കക്കൂസും പൊതു കക്കൂസും ആവശ്യമാണ്. കളിസ്ഥലം, ഹെൽത്ത് സെൻറർ എന്നിവയും കോളനി പ്രദേശത്ത് ഉണ്ടാകണം.

21. പേപ്പട്ടി ശല്യത്തിന് ശാശ്വത പരിഹാരം ആവശ്യമാണ്.

22. സീതാറാം മില്ലിലെ മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള നടപടികൾ മിൽതന്നെ സ്വീകരിക്കേണ്ടതാണ്.

23. മദ്യനിരോധനത്തിനുവേണ്ട നടപടികൾ സ്വീകരിക്കണം.

24. വീടുകളിൽനിന്നും റോഡുകളിലേക്കും മറ്റും പുറന്തള്ളുന്ന മാലിന്യങ്ങൾ അളവ് കുറക്കണം. വീട്ടിലെ മാലിന്യങ്ങൾ സ്വന്തം പുരയിടത്തിൽത്തന്നെ സംസ്കരിക്കാനുള്ള ബോധവൽക്കരണ പ്രവർത്തനം നടത്തണം.

# 5 - 6

# ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

## ഊർജ്ജം

1953 ൽ അയ്യന്തോൾ പഞ്ചായത്ത് സ്ഥാപിതമായ കാലത്ത് ഈ പ്രദേശത്ത് വൈദ്യുതി എത്തിയിരുന്നില്ല. അന്ന് നിലവിലുണ്ടായിരുന്നത് മണ്ണെണ്ണ വിളക്കുകളായിരുന്നു. ആരംഭകാലത്ത് 7 വിളക്കുകളിൽ തുടങ്ങി 24 എണ്ണത്തിൽ നിൽക്കുമ്പോൾ 1954ൽ വൈദ്യുതി വിതരണം ആരംഭിച്ചു. തുടർന്ന് 1954ൽ തന്നെ അയ്യന്തോൾ മെയിൻ റോഡ്, കാഞ്ഞാണി മെയിൻ റോഡ്,എൽത്തുരുത്ത് മെയിൻ റോഡ് എന്നിവിടങ്ങളിൽ വൈദ്യുതി എത്തി. ഒന്നിടവിട്ട കാലുകളിൽ 40 വോൾട്ടിന്റെ ബൾബുകളോടെ, ഇലക്ട്രിക് ഡിപ്പാർട്ടുമെന്റാണ് വൈദ്യുതി വിതരണം നടത്തിയിരുന്നത്. 1984 വരെ ഇലക്ട്രിക് പോസ്റ്റുകൾ സൗജന്യമായിരുന്നു. അന്നു സ്ട്രീറ്റു ലൈറ്റിനുമാത്രമെ പഞ്ചായത്തിൽ നിന്നു പണം കൊടുത്തിരുന്നുള്ളൂ.

ഇന്ന് അയ്യന്തോൾ പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് പ്രധാനമായും തൃശൂർ ജില്ലയിൽ വിയ്യൂർ 110 K.V. സബ്സ്റ്റേഷനിൽ നിന്നാണ്. അയ്യന്തോൾ ഇലക്ട്രിക്കൽ മേജർ സെക്ഷൻ, വിയ്യൂർ ഇലക്ട്രിക്കൽ മേജർ സെക്ഷൻ, അരിമ്പൂർ ഇലക്ട്രിക്കൻ സെക്ഷൻ എന്നവിടങ്ങളിൽ നിന്നും വൈദ്യുതി സംബന്ധിച്ച പ്രവർത്തനങ്ങൾ നടക്കുന്നു.

1954ൽ വഴിവിളക്കുകൾ സ്ഥാപിച്ചു തുടങ്ങിയെങ്കിലും എല്ലാ വഴികളിലും വർഷങ്ങൾ പിന്നിട്ടിട്ടും വിളക്കുകളെത്തിയിട്ടില്ല.

30-10-96 വരെ നിലവിലുള്ള ഉപഭോക്താക്കളുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 5-6.2

| ഗാർഹികം | വ്യാപാരം | വ്യവസായം | കാർഷികം | ആകെ |
|---|---|---|---|---|
| 9172 | 1429 | 218 | 991 | 11810 |
| (77.66%) | | (12%) | (1.85%) | (8.4%) |

വൈദ്യുതി ഉപയോഗത്തിൽ മുക്കാൽ ഭാഗത്തിലേറെ ഗാർഹികാവശ്യത്തിനും 2% ൽ താഴെ മാത്രം വ്യവസായത്തിനും ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിൽ മൊത്തം 10570 വീടുകളിൽ വൈദ്യുതീകരിച്ചത് 9814ഉം വൈദ്യുതീകരിക്കാത്തത് 756ഉം ആകുന്നു.

വൈദ്യുതി കണക്ഷനുവേണ്ടി ഇപ്പോൾ നിലവിലുള്ള അപേക്ഷകളുടെ വിശദവിവരം താഴെ പട്ടികയിൽ കാണാം.

പട്ടിക 5-6.2

| സാധാരണക്കാർ | OTP | OYEC | ആകെ |
|---|---|---|---|
| 316 | 8 | 87 | 411 |

അയ്യന്തോൾ മേജർ സെക്ഷനിൽ സാധാരണ കണക്ഷൻ (OH) 24-6-91 നുശേഷവും സാധാരണ WP കണക്ഷൻ 28-12-93 നുശേഷവും നല്കിയിട്ടില്ല. അയ്യന്തോൾ പഞ്ചായത്ത് പ്രദേശത്ത് അരിമ്പൂർ സെക്ഷനിൽ നിന്ന് OH 25-1-

91 നു ശേഷവും WP 26 - 7 93 നുശേഷവും നല്കിയിട്ടില്ല. ഇതിൽ നിന്ന് കഴിഞ്ഞ 5 വർഷ ക്കാലമായി സാധാരണക്കാർ അപേക്ഷകൊടുത്ത് വൈദ്യുതി വരുന്നതും കാത്തിരിക്കയാണെന്ന് കാണാം. അടിയന്തിരമായി ഇതിനൊരു പരിഹാരം കാണേണ്ടതാണ്.

അതെ സമയം സാമ്പത്തികശേഷി ചെലു ത്തുന്ന OYEC, OTP കണക്ഷനുകൾ നിർബാധം കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. 96 - 97 വർഷങ്ങളിൽ 240 OYEC യും 14 OTP യും നല്കി യപ്പോൾ സാധാരണ കണക്ഷൻ 24 എണ്ണം മാത്രമാണ് നല്കിയത്.

### ട്രാൻസ്ഫോർമറുകൾ

വിതരണം നടത്തുന്നതിന് വിയ്യൂരിൽ നാലും അരിമ്പൂരിൽ അഞ്ചും അയ്യന്തോളിൽ 76ഉം (ആകെ 85) ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടു ണ്ട്.

അയ്യന്തോളിൽ പ്രധാനമായും അയ്യന്തോൾ പുഴക്കൽ, കേരളലക്ഷ്മി എന്നീ ഫീഡറുകളിൽ കൂടിയാണ് വിതരണം നടക്കുന്നത്. ട്രാൻസ്ഫോർമറുകളിൽ ഭൂരിഭാഗവും അധികഭാരം വഹിക്കുന്നവയായതുകൊണ്ട് വോൾട്ടേജ് ക്ഷാമ വും വൈദ്യുതി ബന്ധം വിടലും പരക്കെ അനു ഭവപ്പെടുന്നു.

### വഴിവിളക്കുകൾ

വഴിവിളക്കുകളുടെ എണ്ണം താഴെ ചേർക്കുന്നു

പട്ടിക 5-6.3

| ബൾബ് | ട്യൂബ് | മെർക്കുറി | സോഡിയം | ഹലോജൻ | ആകെ |
|---|---|---|---|---|---|
| 1465 | 1089 | 5 | 10 | 1 | 2750 |

വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം 63,706. 00 രൂപ പഞ്ചായത്തിൽ നിന്നും അടച്ചു കൊണ്ടിരിക്കുന്നു. ഇനിയും വഴിവിളക്കുകൾ ആവ ശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ വന്നു കൊണ്ടിരിക്കുന്നു. ഈ പ്രദേശത്ത് ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

ഇവിടെ മൊത്തം 8.6.73 കിലോമീറ്റർ 11.K.V ലൈനുകളും 219.03 കിലോമീറ്റർ L.T. ലൈനുകളുമാണുള്ളത്

പട്ടിക 5-6.3

| അയ്യന്തോൾ | അരിമ്പൂർ | വിയ്യൂർ | ആകെ കി.മീ |
|---|---|---|---|
| L.T 115.32 | 98.71 | 5 | 219.03 |
| 11K.V 60.75 | 25.98 | - | 86.73 |

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ചില വാർഡുകളിൽ പലയിടങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
2. വോൾട്ടേജ് കുറവു വളരെയേറെ പ്രശ്നങ്ങളു ണ്ടാക്കുന്നു.
3. ഗാർഹികാവശ്യങ്ങൾക്കും വ്യാവസായികാവശ്യ ത്തിനും മതിയായ വോൾട്ടേജ് ഇല്ലാത്തതി നാൽ പരാതികളേറെയുണ്ട്.
4. വിതരണരംഗങ്ങളിലെ ദൈനംദിന അറ്റകുറ്റപ്പ ണികൾ ഉപയോഗ്യമല്ലാത്ത ട്യൂബ്, ബൾബ് മാറ്റൽ മുതലായവ യഥാ സമയം നടത്തു ന്നില്ല.
5. മുഴുവൻ അപേക്ഷകർക്കും വൈദ്യുതി കണ ക്ഷൻ വർഷങ്ങളോളം കാത്തിരുന്നിട്ടും ല ഭിക്കുന്നില്ല.

### സാദ്ധ്യതകൾ

1. മുഴുവൻ അപേക്ഷകർക്കും ഒരു നിശ്ചിതകാ ലയളവിൽ കണക്ഷൻ കിട്ടുമെന്ന് ഉറപ്പു വരുത്തണം.
2. തെരുവു വിളക്കുകളില്ലാത്തിടങ്ങളിൽ അടിയ ന്തിരമായി തെരുവു വിളക്കുകൾ സ്ഥാപിക്ക ണം.
3. നിലവിലുള്ള 85 ട്രാൻസ്ഫോർമറുകളിൽ നിന്നുള്ള വിതരണം ക്രമീകരിച്ചാൽ പലയിട ങ്ങളിലും വോൾട്ടേജ് കുറവിന് പരിഹാരം കാണാം. ആവശ്യമായ ഇടങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുള്ള നട

പടികൾ ഉണ്ടാകണം. പുതൂർക്കര മാർക്സിസ്റ്റ് പാർട്ടി ഓഫീസ് ജംഗ്ഷനിൽ ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഇന്നനുഭവപ്പെടുന്ന വൈദ്യുതിബന്ധം വിടൽ പരിഹരിക്കുവാൻ ഗ്രാമസഭയിൽ ആവശ്യമുന്നയിച്ചിട്ടുണ്ട്.

4. കാലാകാലങ്ങളിലെ അറ്റകുറ്റപ്പണികൾ, തെരുവു വിളക്കുകൾ കത്തിക്കൽ ഉപയോഗ ശൂന്യമായ ട്യൂബ്, ബൾബ് മുതലായവ മാറ്റൽ എന്നിവ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും മാറ്റി ഗ്രാമപഞ്ചായത്തിനെ ചുമതല ഏല്പി ച്ചാൽ കുറേകൂടെ കാര്യക്ഷമമായി പ്രവർത്തി ക്കാൻ കഴിയും.
5. പ്രസരണ നഷ്ടം ഒഴിവാക്കാൻ കമ്പികളിൽ തടയുന്ന വൃക്ഷത്തലപ്പുകൾ അപ്പോഴപ്പോൾ വെട്ടിക്കളയണം.
6. കണക്ഷൻ ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമായി മനസ്സിലാക്കാ നുതകുന്നവിധം അറിയിപ്പുകളായി ഗ്രാമപഞ്ചാ യത്താഫീസിലും ഇലക്ട്രിസിറ്റി ഓഫീസ്സിലും പ്രദർശിപ്പിക്കണം.
7. 3-ാം വാർഡിലെ മുഴുവൻ ഉപഭോക്താക്കൾക്കും അയ്യന്തോൾ ഫീഡറിൽനിന്നും കണക്ഷൻ ലഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഗ്രാമ സഭയിൽ ആവശ്യപ്പെട്ടിരിക്കുന്നു.
8. 6-ാം വാർഡിലെ കൊച്ചാട്ടിൽ ലൈനിലുള്ള ട്രാൻസ്ഫോർമറിന്റെ ശേഷി കൂട്ടുവാൻ ഗ്രാമ സഭയിൽ നിർദ്ദേശമുണ്ട്.
9. സ്വയം മീറ്റർ കണക്കെടുപ്പ് സമ്പ്രദായം നട പ്പിലാക്കണമെന്ന് 12-ാം വാർഡിലെ ഗ്രാമസഭ യിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.
10. ഒളരിയിൽ നിന്നും പുല്ലഴികുന്നിലേക്ക് കുടി വെള്ളം പമ്പു ചെയ്യുന്നത് വൈദ്യുതി തടസ്സം മൂലം പലപ്പോഴും മുടങ്ങുന്നു. കേരള ലക്ഷ്മി ഫീഡറിനു പുറമെ അയ്യന്തോൾ ഫീഡറിൽ നിന്നും കൂടി പമ്പുഹൗസിലേക്ക് വൈദ്യുതി എത്തിക്കാനുള്ള നടപടി ഉടനടി സ്വീകരി ക്കേണ്ടതാണ്.
11. അയ്യന്തോൾ ഗ്രാമപഞ്ചായത്തിൽ പുല്ലഴിയിൽ ഒരു 66K.V. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് നിർദ്ദേശങ്ങൾ ഇല. ബോർഡിന്റെ പരിഗ ണനയിലുണ്ട്. പുല്ലഴി സബ് സ്റ്റേഷൻ നിർമ്മി ക്കുവാൻ സത്വര നടപടികൾ ആവിഷ്ക്കരി ക്കണം.

## വൈദ്യുതേതര ഊർജ്ജം

അയ്യന്തോൾ പഞ്ചായത്തിലെ മിക്ക വീടുക ളും പാചകത്തിന് വിറകിനെയാണ് ആശ്രയിക്കു ന്നത്. മണ്ണെണ്ണ, പാചക ഗ്യാസ്, തുടങ്ങിയവ യും നിലവിലുണ്ട്. പുകയില്ലാത്ത അടുപ്പ് ദുർല ഭമായേ ഉപയോഗിച്ചു കാണുന്നുള്ളൂ. ദൂര ദിക്കു കളിൽ നിന്നും മിനി ലോറികളിൽ റബ്ബർ വിറ കും , അറക്കപ്പൊടിയും ഈ ഭാഗങ്ങളിൽ ധാരാളം കൊണ്ടു വന്ന് വിറ്റു വരുന്നു. സാധാരണക്കാ രേയും പാവങ്ങളേയും സംബന്ധിച്ചിടത്തോളം ഊർജ്ജപ്രതിസന്ധി രൂക്ഷമാണ്.

### സാദ്ധ്യതകൾ

1. പുകയില്ലാത്ത അടുപ്പിന്റെ ഉപയോഗം സംബ ന്ധിച്ച് സാധാരണ ജനങ്ങളുടെ ഇടയിൽ വ്യാപകമായ ബോധവൽക്കരണവും പ്രചാര ണവും ഗ്രാമ പഞ്ചായത്ത് ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയും കറഞ്ഞ വിലക്ക് ലഭ്യമാ ക്കകയും വേണം.
2. സോളാർ വിളക്കുകൾ, പാചക അടുപ്പുകൾ മുതലായവ അനർട്ടിന്റെ സഹായത്തോടെ വിപുലമായി പ്രചരിപ്പിക്കണം. വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് ഒരു പരിധി വരെ ഇതു ഉതകും.
3. തെരുവു വിളക്കുകൾക്ക് സോളാർ എനർജി ഉപയോഗിക്കാൻ പഞ്ചായത്ത് തല സംവി ധാനമുണ്ടാക്കണം.
4. പഞ്ചായത്ത് പ്രദേശത്ത് കന്നുകാലി വളർത്ത ലുള്ളതുകൊണ്ട്, ഊർജ്ജ പ്രതിസന്ധി പരി ഹരിക്കുന്നതിന് ഗോബർ ഗ്യാസ് പ്ലാന്റുകൾ

Feeding Arrangement of 11KV lines & Transformers in Ayyanthole Grama panchayat Under Ele. Major Section Ayyanthole.



സ്ഥാപിക്കണം.

5. ഒരു ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള സന്നദ്ധത 4-ാം വാർഡ് ഗ്രാമസഭയിൽ ഉണ്ടായിട്ടുണ്ട്.
6. 10-ാം വാർഡിലെ ഉയർന്ന സ്ഥലങ്ങളിൽ സോളാർ എനർജി സിസ്റ്റം സ്ഥാപിക്കുവാൻ ഗ്രാമസഭയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.
7. ലാലൂർ ട്രഞ്ചിംഗ് ഗ്രൗണ്ടിലെ മാലിന്യങ്ങൾ ഉപയോഗിച്ച് ബയോഗ്യാസ് നിർമ്മാണത്തിനും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

# ഗതാഗതം

നാടിന്റെ വികസനത്തിൽ റോഡുകൾ, റെയിലുകൾ മുതലായ ഗതാഗത സൗകര്യങ്ങൾ വഹിക്കുന്ന പങ്ക് വളരെ പ്രധാനമാണ്. അതുകൊണ്ടുതന്നെ ഉൽപാദനക്ഷമമല്ലാത്ത സേവന പ്രധാനമായ ഇനമാണ് ഇതെന്നു സമ്മതിക്കുമ്പോൾ തന്നെ; ഗതാഗതപ്രശ്നങ്ങൾ ആധുനികകാലത്ത് എല്ലാവിധ ഉൽപാദനത്തേയും വിതരണത്തേയും സഹായിക്കുന്ന ഒന്നാകയാൽ വളരെപ്രാധാന്യമർഹിക്കുന്ന വിഷയമാണ്.

നമ്മുടെ പഞ്ചായത്ത് 1953-ൽ രൂപീകൃതമായതിനുശേഷം ഗതാഗതത്തിന്റെ കാര്യത്തിൽ കാര്യമായ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നെടുകേയും കുറുകേയും പ്രധാന റോഡുകളും ഓരോ വാർഡുകളും ഈ പ്രധാന റോഡുകളുമായി ബന്ധപ്പെടുന്ന ബ്രാഞ്ചു റോഡുകളും രൂപീകരിച്ചിട്ടുണ്ട്. പ്രധാന റോഡുകൾ എല്ലാം തന്നെ ടാറിട്ടതാണ്. ബ്രാഞ്ചു റോഡുകളിൽ നിരവധി ഇനിയും ഗതാഗത യോഗ്യമാക്കുകയും ടാറിടുകയും ചെയ്യേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ആദ്യത്തെ ടാർ റോഡ് 1982 - 83 കാലത്ത് ടാറിട്ട കർഷ നഗർ-കേരള ലക്ഷ്മി മിൽ റോഡാണ്. പഞ്ചായത്ത് ഫണ്ട് മാത്രം ഉപയോഗിച്ച് ആണ് ഇത് നിർവ്വഹിച്ചത്. അതിനുമുൻപു തന്നെ ഇതൊരു ബസ്സ് റൂട്ടായി കഴിഞ്ഞിരുന്നു.

അയ്യന്തോൾ ഗ്രാമ പഞ്ചായത്തിൽ 126. 314 കി മീറ്റർ സഞ്ചാരയോഗ്യമായ റോഡാണുള്ളത്. ഇതിൽ ഇനം തിരിച്ച പട്ടിക താഴ കൊടുക്കുന്നു.

പട്ടിക 5-6.3

| കച്ച | പക്ക | മെറ്റൽ | പഞ്ചായത്ത് | PWD NH | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 8.306 | 37.087 | 8.925 | കി.മീ. | 21.400 | | 126.314 |

അയ്യന്തോൾ പഞ്ചായത്തിന്റെ വിസ്തീർണ്ണം 23.01 ചതുരശ്ര കി. മീ. ആണ്. അപ്പോൾ ഒരു ചതുരശ്ര കി. മീറ്ററിന് ശരാശരി 5.49 കി. മീ. റോഡുണ്ട്. സംസ്ഥാന ശരാശരി 3.2. കി.മീ. മാത്രമാണ്. അതായത് സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന നിരക്കിൽ ഇവിട റോഡുകളുണ്ടെന്നു കാണാം. മാത്രമല്ല പഞ്ചായത്തിലെ കച്ച റോഡുകളുടെ മുഴുവൻ കണക്കുകളും കൂടി ചേർക്കുമ്പോൾ റോഡുകളുടെ നിരക്ക് ഇതിലും ഉയർന്നതായി കാണാൻ കഴിയും.

പഞ്ചായത്തിലെ ആകെ ടാറിട്ട റോഡ് 71.79 കി.മീറ്റാണ്. ഇതിൽ നിന്നും ച. കി. മീറ്ററിന് 3.12 കി.മീ. ടാറിട്ട റോഡുണ്ടെന്ന് കാണാം.

ഈ പഞ്ചായത്തിൽ അയ്യന്തോൾ കർഷക നഗർ, പുല്ലഴി, എൽത്തുരുത്ത് കോളേജ് എന്നീ മൂന്ന് ബസ്സ് ടെർമിനലുകളുണ്ട്. നിലവിൽ ബസ്സ് സ്റ്റാൻഡുകൾ ഒന്നും തന്നെയില്ല. അയ്യ

ന്തോൾ സിവിൽ സ്റ്റേഷൻ, കർഷകനഗർ, ഒള രിക്കര സെന്റർ, മദർ ആശുപത്രി, എൽത്തു രുത്ത് മൂല എന്നിവിടങ്ങളിൽ ടാക്സി ഓട്ടോ റിക്ഷ പാർക്കിംഗ് സ്ഥലങ്ങളുണ്ട്.

തൃശൂരിൽ നിന്ന് ഈ പഞ്ചായത്തിൽ കൂടി കുന്നംകുളം, ഗുരുവായൂർ, ചാവക്കാട്, ചേറ്റുവ, വാടാനപ്പിള്ളി, തൃപ്രയാർ, കൊടുങ്ങല്ലൂർ, കാഞ്ഞാ ണി, മുല്ലശ്ശേരി, പറപ്പൂർ, അമല മുതലായ പ്രധാ നപ്പെട്ട സ്ഥലങ്ങളിലേക്ക് ബസ്സ് റൂട്ടുകളുണ്ട്. ഇതിൽ, കിഴക്കുനിന്നും പടിഞ്ഞാറോട്ടുപോകുന്ന തൃശൂർ കാഞ്ഞാണി റോഡ്, തൃശൂർ കുന്നംകു ളം, ഗുരുവായൂർ റോഡ് എന്നീ തിരക്കേറിയ റൂട്ടുകൾ PWD റോഡുകളാണ്. NH റോഡുകൾ ഈ പഞ്ചായത്തിനെ സ്പർശിക്കുന്നില്ല.

റോഡ് ശൃംഗല സാമാന്യം മെച്ചപ്പെട്ടതാണെ ങ്കിലും മുഴുവൻ റോഡുകളുടേയും അവസ്ഥ മെച്ചപ്പെട്ടതല്ല. മഴക്കാലത്തോടുകൂടി മിക്ക റോഡു കളും സഞ്ചാരയോഗ്യമല്ലാതാകുന്നു. റോഡു കൾക്കാവശ്യമായ ഓടകൾ ഇല്ലാത്തതാണ് പ്രധാ നകാരണം. യഥാസമയം വാർഷിക അറ്റകുറ്റ പ്പണികൾ വേണ്ട വിധം നടന്നു കാണാറില്ല.

അപൂർവ്വമായി കാളവണ്ടികളും ഈ പഞ്ചാ യത്ത് റോഡുകൾ ഉപയോഗിച്ചു വരുന്നുണ്ട്.

പ്രധാന ഗതാഗത സൗകര്യമായ റെയിൽ ഗതാ ഗതം ഈ പഞ്ചായത്തിലില്ല. എന്നാൽ 15ാം വാർഡിൽ (പൂങ്കുന്നം) കൂടി 0.5 കി. മീ. ദൂരം തൃശൂർ ഗുരുവായൂർ റെയിൽ കടന്നു പോകു ന്നുണ്ട്. ഈ പഞ്ചായത്തിനോട് ചേർന്ന് കിട ക്കുന്ന തൃശൂർ പട്ടണത്തിലേയും പൂങ്കുന്നത്തേ യും റെയിൽവേസ്റ്റേഷനുകളാണ് റെയിൽവേ സൗകര്യത്തിന് ഉതകുന്നത്.

**പ്രശ്നങ്ങൾ**

1. നിലവിലുള്ള ടാർ റോഡുകളുടെ അപര്യാപ്ത തയാണ് ഒരു പ്രശ്നം. മികച്ച യാത്രാ സൗക ര്യത്തിനനുയോജ്യമാം വിധം റോഡുകൾ മെച്ച പ്പെടുത്തേണ്ടിയിരിക്കുന്നു. അപകടകരമായ വള വുകൾ, വീതികുറവ്, ഓടകൾ ഇല്ലായ്മ എന്നിവക്ക് ഉടനടി പരിഹാരമുണ്ടാക്കേണ്ട താണ്.
2. റോഡരുകിലെ കെട്ടിട മതിൽ നിർമ്മാണ പ്രവർത്തനങ്ങൾ കർശനമായും നിയമവിധേ യമായി നടപ്പിലാക്കേണ്ടതാണ്. നിലവിലുള്ള അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റ ണം. പ്രത്യേകിച്ചും റോഡു കവലകളിൽ അന ധികൃത നിർമ്മാണങ്ങൾ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവയാണ്.
3. റോഡ് സൈഡിലുള്ള പുറമ്പോക്ക് കയ്യേറ്റ ങ്ങൾ കർശനമായി തടയുകയും നിലവിൽ കയ്യേറിയിട്ടുള്ളവ ഒഴിപ്പിച്ചെടുക്കുകയും വേണം. കർഷകനഗർ പുല്ലഴിറോഡിൽ 494-ാം നമ്പ്ര് സൊസൈറ്റി വക കെട്ടിടത്തിനു കിഴക്കും പടിഞ്ഞാറും റോഡരികിൽ കയ്യേറിയിട്ടുള്ള പുറം പോക്ക് ഒഴിപ്പിച്ചെടുത്ത് തൊട്ടുള്ള വള വിലെ അപകടങ്ങൾ ഒഴിവാക്കേണ്ടതാണ്.
4. കർഷകനഗർ - കേരളലക്ഷ്മി റോഡ്, ചള്ളാണി റോഡ് (തെക്കേപുല്ല) ലോകോ ളേജ് റോഡ്, പുതൂർക്കര ശ്രീ നാരായണ റോഡ് മുതലായവയുടെ വശങ്ങളിലെ കയ്യേ റ്റങ്ങളം കെട്ടിടം, മതിൽ എന്നിവയും അടിയ ന്തിരമായി പൊളിച്ചുമാറ്റേണ്ടതാണ്.
5. ബസ്സ് റൂട്ടുകളിലെ കവലകളിലും വളവുകളി ലും സ്ഥിതി ചെയ്യുന്ന ബസ്സ് സ്റ്റോപ്പുകളും വെയിറ്റിംഗ് ഷഡ്ഡുകളും വളവുകളിൽ നിന്നും കവലകളിൽ നിന്നും മാറ്റി സ്ഥാപിക്കേണ്ട താണ്.
6. റൂട്ടു ബസ്സുകളിൽ വിദ്യാർത്ഥികളെ കയറ്റാ തിരിക്കുന്നത് ഗുരുതരമായ ഗതാഗത പ്രശ്ന മായിരിക്കുന്നു.

**സാദ്ധ്യതകൾ**

1. കർഷകനഗർ - പുല്ലഴി റോഡ് ബസ്സ് റൂട്ടാ ണ്. ഈ റോഡിൽ നിരവധി വളവുകളുണ്ട്. ഇത് അപകടങ്ങൾക്ക് കാരണങ്ങളാകുന്നു.

വളവുകൾ കഴിയാവുന്നതും കുറച്ചും പുറമ്പോക്കു കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് റോഡ് വീതി കൂട്ടിയും ഡ്രൈവർമാർക്ക് കാഴ്ച തടസ്സമുണ്ടാക്കുന്നവ ഒഴിവാക്കിയും ഇതിന് പരിഹാരമുണ്ടാക്കേണ്ടതാണ്.

2. റോഡരുകിലെ നിർമ്മാണങ്ങൾ തടയുക, റോഡുകളിലേക്ക് കയറി നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ, ടെലഫോൺ പോസ്റ്റുകൾ, ബസ്സ്സ്റ്റോപ്പുകൾ, വട്ടർ ടാപ്പുകൾ എന്നിവ റോഡുകളുടെ ഓരങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുക.
3. നിലവിലുള്ള മൺറോഡുകൾ മുൻഗണന ക്രമമനുസരിച്ച് മെറ്റൽ ചെയ്ത് ടാറിടേണ്ടതാണ്.
4. പുതുതായി നിർമ്മിക്കേണ്ട വഴികൾ മണ്ണിട്ടു നികത്തി സഞ്ചാരയോഗ്യമാക്കണം.
5. കർഷകനഗറിൽ ഒരു ബസ്സ് സ്റ്റാന്റ് സ്ഥാപിക്കേണ്ടതാണ്.
6. ഓട്ടോറിക്ഷ - ടാക്സി സ്റ്റാന്റുകൾ, സിവിൽ സ്റ്റേഷൻ, കർഷക നഗർ, ഒളരി ജംഗ്ഷൻ, മദർ ഹോസ്പിറ്റൽ, എൽതുരുത്ത് മൂല, ലാലൂർ സെന്റർ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കണം.
7. ഒളരി ജംഗ്ഷൻ, എൽതുരുത്ത് മൂല, ലാലൂർ സെന്റർ, പുല്ലഴി, മദർ ഹോസ്പിറ്റൽ, ആമ്പക്കാട്ടു മൂല, കാഞ്ഞാണി റോഡിൽ കളക്ടറേറ്റ് കിഴക്കേ സ്റ്റോപ്പ് എന്നിവിടങ്ങളിൽ 100 വാര അകലെ ബസ്സ് വെയിറ്റിംഗ് ഷെഡ്ഡുകളും ബസ്സ് സ്റ്റോപ്പുകളും നിർമ്മിക്കണം.
8. അയ്യന്തോൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിലവിലുള്ള റോഡ് രജിസ്റ്റർ ശാസ്ത്രീയമായും കാര്യക്ഷമമായും സൂക്ഷിക്കാത്തതിനാൽ റോഡുകളുടെ വികസനത്തിന് അടിസ്ഥാനമായി പരിഗണിക്കാൻ സാധിക്കുന്നില്ല. നിലവിലുള്ളവ PWD, പഞ്ചായത്തു ടാർ റോഡുകൾ, മൺ റോഡുകൾ എന്നിവയുടെ ആധികാരിക പട്ടിക സൂക്ഷിക്കേണ്ടതാണ്. ഈ പട്ടിക വാർഡടിസ്ഥാനത്തിൽ ആയിരിക്കണം. എല്ലാ റോഡുകൾക്കും കോഡ് നമ്പർ നല്കേണ്ടതാണ്. പേരില്ലാത്ത റോഡുകൾക്കെല്ലാം നാമകരണം ചെയ്യേണ്ടതാണ്. ഈ പട്ടിക വർഷം തോറും പുതുക്കേണ്ടതാണ്.
9. ഓടകളില്ലാത്ത റോഡുകൾ വെള്ളം കെട്ടിനിന്ന് കേടു സംഭവിക്കാതിരിക്കുന്നതിന് വേണ്ടി 'മുതിരപ്പുറം' സംവിധാനത്തിൽ പണിയേണ്ടതാണ്.
10. പുതുതായി നിർമ്മിക്കേണ്ട മൺ റോഡുകളുടെ രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. ഈ രജിസ്റ്ററും വാർഡടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. മൺ റോഡുകൾ നിർമ്മിച്ചു കഴിഞ്ഞാൽ ഉടനെ റോഡു രജിസ്റ്ററിലേക്കു മാറ്റേണ്ടതാണ്.
11. ഓടകൾ ഇല്ലാത്ത എല്ലാ റോഡുകളിലും മുൻഗണനാടിസ്ഥാനത്തിൽ ഓടകൾ നിർമ്മിക്കേണണ്ടതാണ്. അതുപോലെതന്നെ പാർശ്വസംരക്ഷണ ഭിത്തികളും കലുങ്കുകളും നിർമ്മിക്കണം.
12. അയ്യന്തോൾ പുല്ലഴി റോഡിൽ തറയിൽ സ്റ്റോപ്പിനടുത്ത് വാട്ടർ ലൈനിൽ ഇൻസ്പെക്ഷൻ ഹോളിന് സ്ലാബ് ഇടണം.
13. കാനകൾ പണിയുമ്പോഴും അറ്റകുറ്റപ്പണികൾ നടത്തുമ്പോഴും മറ്റും റോഡിലേക്ക് കൂട്ടുന്ന മണ്ണ് അപ്പോഴപ്പോൾ നീക്കം ചെയ്യണം. ഗതാഗത തടസ്സം ഇല്ലാതാക്കാനും കാനകളിലേക്ക് വീണ്ടും ഒലിച്ച് കാന ഉപയോഗശൂന്യമാകാതിരിക്കാനും ഇതു സഹായകമാകും.
14. അയ്യന്തോൾ കർഷകനഗർ വരെ വന്നു പോകുന്ന ഏതാനും ബസ്സ് സർവ്വീസുകൾ പുതൂർക്കര XII -ാം വാർഡിലെ ശ്രീ നാരായണ സംഘം വരെ നീട്ടണം.
15. കാര്യാട്ടുകര ഡിസ്കോ കോർണർ വരെ ബസ്സ് സർവ്വീസ് നടത്തണം.
16. അയ്യന്തോൾ കർഷകനഗർ - കാർത്ത്യായനി ക്ഷേത്രം ഉദയ - നഗർ (പുത്തൻ വെട്ടുവഴി) ശങ്കരൻകുളങ്ങര ക്ഷേത്രം Jn.-കോട്ടപ്പുറം

റോഡ് - തൃശൂർ സിവിൽ ലൈൻസ് സർക്കുലർ ബസ്സ് സർവ്വീസ് ആരംഭിക്കണം.

17. നിർദ്ദിഷ്ട മൂന്നാം റിംഗ്റോഡ് (സിവിൽ ലൈൻസ് വഴി) നിർമ്മാണം എത്രയും പെട്ടന്ന് ഏറ്റെടുത്തു നടത്തണം.

18. കർഷക നഗറിൽ വന്നു പോകുന്ന ബസ്സുകളിൽ ചിലത് പുതൂർക്കര-പുല്ലഴി-കേരള ലക്ഷ്മി വഴി ഒളരി പള്ളി, മദർ ഹോസ്പിറ്റൽ പുതൂർക്കര വഴി കർഷക നഗറിൽ ചെന്ന് തൃശൂർക്കു പോകുന്ന സർക്കുലർ സർവ്വീസ് ഉണ്ടാകണം.

19. മാരാർ കോൾപടവിൻേറയും എൽതുരുത്ത് കോൾപടവിൻേറയും സംഗമ സ്ഥലത്തു നിന്നും നെടുപുഴയുമായി ബന്ധപ്പെടുത്തുന്ന പാലവും അനുബന്ധറോഡും നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണം.

## മെറ്റൽ റോഡുകളുടേയും മൺ റോഡുകളുടേയും പ്രശ്നങ്ങൾ

ഗ്രാമസഭകളിൽ നിന്നു വന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺ റോഡുകളുടെയും മെറ്റൽ റോഡുകളുടേയും ശോചനീയാവസ്ഥയെപ്പറ്റിയാണ്. അടിയന്തിരഅറ്റകുറ്റപ്പണികൾ നടത്തുകയെന്നത് പ്രധാന ആവശ്യമാണ്. മെറ്റൽ ചെയ്യാനും ടാർ ചെയ്യാനുമുള്ള നിർദ്ദേശങ്ങൾ അനവധിയുണ്ട്. ഇവസംബന്ധിച്ച് വാർഡു തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം D-യിൽ ചേർക്കുന്നു. മുൻഗണനാക്രമം തയ്യാറാക്കിയത് ഗ്രാമ സഭാ നിർദ്ദേശങ്ങൾ അനുസരിച്ചും മെമ്പർമാരുടെ നിർദ്ദേശമനുസരിച്ചുമാണ്. മെറ്റൽ റോഡുകൾ കഴിയുന്നതും വേഗത്തിൽ ടാറിടണം.

## പുതിയ മൺ റോഡുകൾ

പുതിയ മൺ റോഡുകൾ നിർമ്മിക്കുന്നതിന് ധാരാളം നിർദ്ദേശങ്ങളുണ്ട്. പല വാർഡുകളിലും നിർമ്മാണത്തിനാവശ്യമായ സ്ഥലങ്ങൾ പഞ്ചായത്തിലേക്ക് സറണ്ടർ ചെയ്തിട്ടുണ്ട്. വീതി കുറഞ്ഞ ഇടവഴികൾ റോഡാക്കാനും ആവശ്യമുയർന്നിട്ടുണ്ട്. അനുബന്ധം B യിൽ വിശാംശങ്ങൾ ചേർത്തിട്ടുണ്ട്.

## മൺറോഡുകളുടെ വകസനവും നിർമ്മാണവും

അനുബന്ധം E- യിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ റോഡുകളും എത്രയും പെട്ടെന്ന് അറ്റകുറ്റപ്പണി നടത്തി ഗതാഗത യോഗ്യമാക്കേണ്ടതാണ്. ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് അനുബന്ധം B - യിൽ കാണിച്ചിട്ടുള്ള റോഡുകൾ നിർമ്മിക്കേണ്ടതാണ്. അതോടൊപ്പം അനുബന്ധം D - യിൽ കൂടുതൽ മുൻഗണന നല്കിയിട്ടുള്ളവ തിരഞ്ഞെടുക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിൻേറ തീരുമാനമനുസരിച്ച് പൊതു ഫണ്ടിൽ നിന്ന് വാർഡുകളിൽ ചിലവാക്കേണ്ട തുക, അവയിലെ ജനസംഖ്യാനുപാതികമായും വികസനത്തിൽ പിന്നോക്കം നില്ക്കുന്ന വാർഡുകൾക്ക് മുൻഗണന കൊടുത്തും ആയിരിക്കേണ്ടതാണ്.

## റോഡുനിർമ്മാണത്തിൽ ജനങ്ങളുടെ പങ്ക്

റോഡുകളുടേയും വഴികളുടേയും നിർമ്മാണത്തിന് ആകെ വരുന്ന ചിലവിൻേറ മൂന്നിലൊന്ന് ഭാഗമെങ്കിലും ശ്രമദാനത്തിലൂടെയും സംഭാവനയിലൂടെയും തദ്ദേശവാസികൾ നല്കാൻ തയ്യാറാകേണ്ടതാണ്. ബസ്സ് സ്റ്റോപ്പുകൾ, വെയിറ്റിംഗ് ഷെഡ്ഡ് എന്നിവ സ്പോൺസർ ചെയ്യാൻ തയ്യാറുള്ള വ്യക്തികളിൽകൂടിയും സ്ഥാപനങ്ങളിൽകൂടിയും നിർമ്മിക്കാവുന്നതാണ്.

## അനുബന്ധം A
## നിലവിലുള്ള റോഡുകൾ
(ഗ്രാമസഭ റിപ്പോർട്ടുകൾ, വാർഡ് മെമ്പർ, പ്രധാന പ്രവർത്തകർ എന്നിവരിൽ നിന്നും ശേഖരിച്ച വിവരങ്ങൾ അനുസരിച്ചുള്ളതാണ്)

| വാർഡ് നമ്പർ | ക്രമനമ്പർ | പേര് | നീളം | വീതി | സ്വഭാവം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 1 | ആശാരി റോഡ് | 320 | 4 | മണ്ണ് | |
| | 2 | പുതുക്കുടി ലൈൻ | 250 | 5 | മണ്ണ് | |
| | 3 | പുതുക്കുടി ബ്രാഞ്ച് I | 80 | 4 | മണ്ണ് | |
| | 4 | പുതുക്കുടി ബ്രാഞ്ച് II | 50 | 4 | മണ്ണ് | |
| | 5 | പുതുക്കുടി ബ്രാഞ്ച് III | 110 | 4 | മണ്ണ് | |
| | 6 | കണ്ണത്ത് റോഡ് | 150 | 6 | മണ്ണ് | |
| | 7 | കണ്ണത്ത് ബ്രാഞ്ച് I | 100 | 2.5 | മണ്ണ് | |
| | 8 | പട്ടത്ത് റോഡ് | 140 | 4 | മണ്ണ് | |
| | 9 | തൃക്കുമാരകുടം മെയിൽ | 530 | 5 | ടാർ | |
| | 10 | തൃക്കുമാരകുടം ബ്രാഞ്ച് റോഡ് | 150 | 4.5 | ടാർ | |
| | 11 | തൃക്കുമാരകുടം ബ്രാഞ്ച് II | 150 | 3 | ടാർ | |
| | 12 | വാണിയൽ ബ്രാഞ്ച് | 300 | 3.5 | ടാർ | |
| | 13 | ഊമനാട് റോഡ് | 400 | 3.5 | ടാർ | |
| | 14 | കോവിലകം പറമ്പ് മെയിൻറോഡ് | 300 | 4 | ടാർ | |
| | 15 | ടി ബ്രാഞ്ച് I | 410 | 4 | ടാർ | |
| | 16 | ടി ബ്രാഞ്ച് II | 200 | 4 | ടാർ | |
| | 17 | ടി ബ്രാഞ്ച് III | 120 | 4 | ടാർ | |
| | 18 | ടി ബ്രാഞ്ച് IV | 150 | 4 | ടാർ | |
| | 19 | ടി ബ്രാഞ്ച് V | 240 | 4.5 | ടാർ | |
| | 20 | ടി ബ്രാഞ്ച് VI | 250 | 4 | ടാർ | |
| | 21 | തൃക്കുമാരകുടം അമ്പലം മെയിൻ റോഡ് പടിഞ്ഞാറ് | 425 | 4 | ടാർ | |
| | 22 | സബ് റോഡ് കിഴക്ക് | 150 | 3 | ടാർ | |
| | 23 | ചെമ്പോത്ത് ബ്രാഞ്ച് | 160 | 3.5 | ടാർ | |
| | 24 | കോവിലകത്ത് വഴി | 300 | 4 | ടാർ | |
| | 25 | സിവിൽ ലൈൻ അമ്പാടി ലൈൻ | 100 | 3 | ടാർ | |
| | 26 | കാർത്ത്യായനി അമ്പലം പട്ടരുപാട്ട് റോഡ് | 100 | 3.5 | മണ്ണ് | |
| | 27 | കീർത്തിനഗർ റോഡ് | 50 | 3 | മണ്ണ് | |

| വാർഡ് നമ്പർ | ക്രമനമ്പർ | പേര് | നീളം | വീതി | സ്വഭാവം | റിമാർക്സ് |
|---|---|---|---|---|---|---|
| 2 | 1 | ന്യൂ കേരളാ ടിമ്പർ റോഡ് | 150 | 3 | ടാർ | |
| | 2 | S.N. Park കോൺവെന്റ് റോഡ് | 450 | 4.5 | ടാർ | |
| | 3 | ടി ബ്രാഞ്ച് I | 95 | 3 | ടാർ | |
| | 4 | പൂശാരി റോഡ് | 350 | 3.5 | ടാർ | |
| | 5 | S.N. Park Branch Road | 190 | 3 | മണ്ണ് | |
| | 6 | വേഴപറമ്പ് S.N. Park Road | 250 | 5 | മണ്ണ് | |
| | 7 | പൂശാരിപാടം റോഡ് | 150 | 3 | മണ്ണ് | |
| | 8 | പോലീസ് ക്വാർട്ടേഴ്സ് റോഡ് | 290 | 2.50 | മണ്ണ് | |
| | 9 | മത്തായിപുരം കോളനി റോഡിനു മുൻവശം റോഡ് I | 270 | 4.50 | മണ്ണ് | |
| | 10 | പുളിക്കൻ റോഡ് II | 200 | 4 | മണ്ണ് | |
| | 11 | S.N. Park മെയിൻ റോഡ് | 1000 | 6 | ടാർ | |
| | 12 | കാരോത്ത് റോഡ് | 150 | 2 | മണ്ണ് | |

| വാർഡ് നമ്പർ | ക്രമനമ്പർ | പേര് | നീളം | വീതി | സ്വഭാവം | റിമാർക്സ് |
|---|---|---|---|---|---|---|
| 3 | 1 | ശവക്കോട്ട റോഡ് | 750 | 5 | ടാർ | |
| | 2 | മത്തായിപുരം കോളനി | 750 | 4.50 | മണ്ണ് | |
| | 3 | മത്തായിപുരം കോളനി ബ്രാഞ്ച്II | 150 | 3.50 | മണ്ണ് | |
| | 4 | ലാലൂർ കാർത്ത്യായനി അമ്പലം | 900 | 4.50 | ടാർ | |
| | 5 | ജോൺ മത്തായി റോഡ് | 175 | 5 | ടാർ | |
| | 6 | സഹായി നഗർ പീസ് ലെയിൻ | 250 | 4 | മണ്ണ് | |
| | 7 | തൊറ്റിൽ നഗർ ലിങ്ക് റോഡ് | 275 | 4 | മണ്ണ് | |
| | 8 | സോഷ്യൽ നഗർ റോഡ് | 125 | 3 | മണ്ണ് | |
| | 9 | സെലന്റ് നഗർ റോഡ് | 125 | 3 | മണ്ണ് | |
| | 10 | സിൻസ്യർ ലയിൻ | 125 | 3 | മണ്ണ് | |
| | 11 | മൗണ്ട് സ്റ്റ്രീറ്റ് | 125 | 4 | മണ്ണ് | |
| | 12 | ഓശാനാ നഗർ | 200 | 3 | മണ്ണ് | |
| | 13 | പോളി നഗർ | 100 | 4 | മണ്ണ് | |
| | 14 | വേലൂക്കാരൻ | 150 | 3 | മണ്ണ് | |
| | 15 | മത്തായിപുരം പുത്തൻവെട്ടുവഴി | 500 | 4 | മണ്ണ് | |
| | 16 | മണിനാടൻ റോഡ് | 200 | 3 | മണ്ണ് | |
| | 17 | കുണ്ടുകുളം ഇടവഴി | 150 | 4 | മണ്ണ് | |
| | 18 | ജൂബിലിനഗർ റോഡ് | 125 | 3 | മണ്ണ് | |
| | 19 | മേലേ കോളനി റോഡ് | 100 | 3 | മണ്ണ് | |
| | 20 | സീതാറാം ക്വാർട്ടേഴ്സ് റോഡ് പുളിപ്പറമ്പൻ റോഡ് | 200 | 5 | ടാർ | |

| വാർഡ് നമ്പർ | ക്രമനമ്പർ | പേര് | നീളം | വീതി | സ്വഭാവം | റിമാർക്സ് |
|---|---|---|---|---|---|---|
| 4 | 1 | ദേവീക്ഷേത്രം റോഡ് | 465 | 5 | ടാർ | |
| | 2 | ദേവീക്ഷേത്രംബ്രാഞ്ച് I | 300 | 4 | മണ്ണ് | |
| | 3 | ദേവീക്ഷേത്രം ബ്രാഞ്ച്II | 250 | 4 | ടാർ | |
| | 4 | ദേവീക്ഷേത്രം ബ്രാഞ്ച് III | 250 | 4 | ടാർ | |
| | 5 | കാര്യാട്ടുകര തീപ്പെട്ടി കമ്പനി | 420 | 4 | മെറ്റൽ | |
| | 6 | തെക്കേക്കര പൂത്രക്കാവ് (VI W) | 300 | 7 | ടാർ | |
| | 7 | ഭഗവതിക്ഷേത്രം കാര്യാട്ടുകര | 450 | 4.5 | ടാർ | |
| | 8 | ഭഗവതിക്ഷേത്രം ബ്രാഞ്ച് I | 150 | 4 | മെറ്റൽ | |
| | 9 | ഭഗവതിക്ഷേത്രം ബ്ബാഞ്ച് II | 150 | 4 | ടാർ | |
| | 10 | കാര്യാട്ടുകര മാരാർകോൾപ്പടവ് | 1500 | 4.5 | മെറ്റൽ | |
| | 11 | പണ്ടാരിമാമൻ ബ്രാഞ്ച് | 350 | 4 | മണ്ണ് | |
| | 12 | മാരാർ തുരുത്ത് ബ്രാഞ്ച് | 430 | 4 | മെറ്റൽ | |
| | 13 | ഭഗവതി അമ്പലം പാടം | 120 | 3 | മണ്ണ് | |
| | 14 | റൈസ്മിൽ ബ്രാഞ്ച് റോഡ് | 150 | 4 | മണ്ണ് | |
| | 15 | പഴങ്ങാംപറമ്പിൽ ശങ്കരൻ ബ്രാഞ്ച് റോഡ് | 100 | 3 | മണ്ണ് | |
| | 16 | തൈവളപ്പിൽ ചക്കപ്പൻ | 850 | 4 | മണ്ണ് | |
| | 17 | എൽതുരുത്ത് പറയൻ വേലായുധൻ റോഡ് | 200 | 3 | മണ്ണ് | |
| | 18 | വടക്കേത്തല റോഡ് | 300 | 6 | മണ്ണ് | |
| | 19 | പ്രസിഡണ്ട് വഴി | 300 | 3 | മണ്ണ് | |
| | 20 | എൽതുരുത്ത്കോളേജ് റോഡ് പടിഞ്ഞാറ് | 300 | 4 | മണ്ണ് | |
| | 21 | തെക്കത്ത് ഓയിൽ മിൽ റോഡ് | 350 | 3.5 | മെറ്റൽ | |
| | 22 | മൺകുഴി വെലായുധൻ ബ്രാഞ്ച് | 150 | 4 | ടാർ | |

| വാർഡ് നമ്പർ | ക്രമനമ്പർ | പേര് | നീളം | വീതി | സ്വഭാവം | റിമാർക്സ് |
|---|---|---|---|---|---|---|
| 5 | 1 | മന്നിയങ്കര മെയിൻ റോഡ് | 1300 | 5 | ടാർ | |
| | 2 | പുറത്തിക്കോൾ ബ്രാഞ്ച് | 275 | 4 | മണ്ണ് | |
| | 3 | മന്നിയങ്കര ബ്രാഞ്ച് I (ശങ്കർമത്ത്) | 270 | 4 | മണ്ണ് | |
| | 4 | മന്നിയങ്കര ബ്രാഞ്ച് II | 60 | 3 | മണ്ണ് | |
| | 5 | മന്നിയങ്കര ബ്രാഞ്ച് III | 150 | 4 | മണ്ണ് | |
| | 6 | മന്നിയങ്കര ബ്രാഞ്ച് IV | 120 | 3.5 | മണ്ണ് | |
| | 7 | മന്നിയങ്കര ബ്രാഞ്ച് V | 210 | 3.5 | മണ്ണ് | |
| | 8 | എഴുത്തശ്ശൻ ബ്രാഞ്ച് | 620 | 3.5 | മണ്ണ് | |
| | 9 | പറയൻ താഴം റോഡ് | 500 | 5 | ടാർ | |
| | 10 | പറയംതാഴം ബ്രാഞ്ച് I | 150 | 3 | മണ്ണ് | |
| | 11 | പറയം താഴം ബ്രാഞ്ച് II | 150 | 3 | മണ്ണ് | |
| | 12 | പറയം താഴംബ്രാഞ്ച് III | 150 | 3 | മണ്ണ് | |
| | 13 | പറയം താഴം ബ്രാഞ്ച് IV | 150 | 3 | മണ്ണ് | |
| | 14 | പറയം താഴം ബ്രാഞ്ച് V | 190 | 3 | മണ്ണ് | |
| | 15 | ഭരതൻ എഴുത്തശ്ശൻബ്രാഞ്ച് റോഡ് | 250 | 3.5 | മണ്ണ് | |
| | 16 | കടവിൽ ശങ്കു റോഡ് | 150 | 4 | മണ്ണ് | |
| | 17 | വാഴക്കോൾ റോഡ് | 160 | 4 | മണ്ണ് | |
| | 18 | കണ്ണാപുരം റോഡ് (North) | 400 | 4 | മണ്ണ് | |
| | 19 | മാനംപുപുള്ളിമനകിഴക്കേഭാഗംറോഡ് | 150 | 4 | മണ്ണ് | |
| | 20 | മാനംപുള്ളി മന പടിഞ്ഞാറ് റോഡ് | 210 | 3 | മണ്ണ് | |
| | 21 | ഉമാപിള്ളി റോഡ്റോഡ് | 500 | 4 | മണ്ണ് | |
| | 22 | കൊള്ളന്നൂർ റോഡ് (ശാന്തിലൈൻ) | 260 | 4 | മണ്ണ് | |
| | 23 | കൊള്ളന്നൂർ റോഡ് ബ്രാഞ്ച് | 450 | 4 | മണ്ണ് | |
| | 24 | ചേറ്റുപുഴ സ്കൂൾ റോഡ് | 110 | 4 | മണ്ണ് | |
| | 25 | ചേറ്റുപുഴ കരുവാൻ രോഡ് | 350 | 3 | മണ്ണ് | |
| | 26 | സർവ്വെ 705/5ൽ കൂടിയുള്ളവഴി | 80 | 3 | മണ്ണ് | |
| | 27 | തീപ്പെട്ടികമ്പനി റോഡ് | 350 | 4 | ടാർ | |
| | 28 | തൈവളപ്പിൽ ജനാർദ്ദനൻ റോഡ് | 150 | 4 | മണ്ണ് | |
| | 29 | വായനശാല റോഡ് | 140 | 4 | മണ്ണ് | |
| | 30 | ചേറ്റുപുഴ ലക്ഷം വീട് | 450 | 4 | മണ്ണ് | |
| | 31 | കണ്ണാപുരം North Road | 150 | 4 | മണ്ണ് | |

| വാർഡ് | ക്രമനമ്പർ | പേര് | നീളം | വീതി | സ്വഭാവം | റിമാർക്സ് |
|---|---|---|---|---|---|---|
| 6 | 1 | പൂത്രക്കാവ് ബ്രാഞ്ച് I | 550 | 3 | മണ്ണ് | |
| | 2 | പൂത്രക്കാവ് ബ്രാഞ്ച് II | 100 | 3 | മണ്ണ് | |
| | 3 | പൂത്രക്കാവ് ബ്രാഞ്ച്III | 100 | 3 | മണ്ണ് | |
| | 4 | S.N.D.P റോഡ് | 220 | 4 | ടാർ | |
| | 5 | പുല്ലഴി കടവാരം മെയിൻ റോഡ് | 260 | 5 | ടാർ | |
| | 6 | അമ്പാടികുളം ബ്രാഞ്ച് | 150 | 3 | മണ്ണ് | |
| | 7 | പൗണ്ട് റോഡ് | 350 | 4 | ടാർ | |
| | 8 | തെക്കേക്കര റോഡ് | 350 | 4.5 | ടാർ | |
| | 9 | S.M റോഡ് | 400 | 4.5 | മെറ്റൽ റോഡ് | |
| | 10 | അമ്പാടികുളം റോഡ് | 350 | 3 | ടാർ | (6,7വാർഡുകൾ) |
| | 11 | ഡീസെൻറ് ലൈൻ | 300 | 3 | മെറ്റൽ | (6,8വാർഡുകൾ) |
| | 12 | യൂണിറ്റ് റോഡ്471-ാംനമ്പ്ര് ബാങ്കിന് സമീപം | 150 | 4.5 | മണ്ണ് | |
| | 13 | പൂത്രക്കാവ് ബ്രാഞ്ച് റോഡ്IV | 150 | 3 | മണ്ണ് | |
| | 14 | അരണാട്ടുകര കാഞ്ഞാണി ബ്രാഞ്ച് റോഡ് (ആനമയക്കിറോഡ്) | 200 | 2.5 | മണ്ണ് | |
| 7 | 1 | ശീസ്റ്റി ലൈൻ റോഡ് | 275 | 3.5 | ടാർ | |
| | 2 | പരമേശ്വരൻ മംഗലം (പാർത്ഥസാരഥി റോഡ്) | 360 | 3 | മണ്ണ് | |
| | 3 | ESI രോഡ് | 750 | 6 | ടാർ | |
| | 4 | കരുവാൻറോഡ്(അമ്പാടികുളം) | 250 | 4 | ടാർ | |
| | 5 | അസ്സിസ്സി നഗർ റോഡ് | 150 | 4 | മണ്ണ് | |
| | 6 | ബക്കർ കോളനി റോഡ് | 100 | 4 | മണ്ണ് | |
| | 7 | എബനസ്സർ റോഡ് | 250 | 4 | മണ്ണ് | |
| | 8 | SiSi പടിഞ്ഞാറ് | 250 | 3 | മണ്ണ് | |
| | 9 | കാഞ്ഞാണി ലാലൂർ ബ്രാഞ്ച് I | 100 | 6 | മണ്ണ് | ശവകോട്ട |
| | 10 | ടി II | 100 | 6 | മണ്ണ് | |
| | 11 | ലാലൂർ ശവകോട്ട മെയിൻ റോഡ് | 750 | 6 | ടാർ | |
| | 12 | സീതാറാം ക്വാർട്ടേഴ്സ്റോഡുകൾ | 250x6 | 4 | മണ്ണ് | |
| | 13 | അശോകനഗർ റോഡ് | 300 | 4 | ടാർ | |

| വാർഡ് | ക്രമനമ്പർ | പേര് | നീളം | വീതി | സ്വഭാവം | റിമാർക്സ് |
|---|---|---|---|---|---|---|
| 8 | 1 | കേരള ലക്ഷ്മീമിൽ റോഡ് | 925 | 7.5 | ടാർ | 8,9,10 വാർഡ് |
| | 2 | മാർക്കറ്റ് ബ്രാഞ്ച് റോഡ് | 60 | 3 | മണ്ണ് | |
| | 3 | ശിവരാമപുരം കോളനിറോഡ് | 220 | 4 | ടാർ | |
| | 4 | കൊട്ടിൽ ലൈൻ റോഡ് | 750 | 6 | ടാർ | 8,10,11വാർഡ് |
| | 5 | കൊട്ടിൽലൈൻ ഹിൽ നഗർ ബൈറോഡ് | 400 | 4 | മണ്ണ് | |
| | 6 | കൊട്ടിൽലൈൻ ചെറുപുഷ്പം റോഡ് | 100 | 3 | മണ്ണ് | |
| | 7 | കേരള ലക്ഷ്മി ബൈലൈൻ | 50 | 2 | മണ്ണ് | |
| | 8 | കേരളലക്ഷ്മി L F ലൈൻ | 250 | 5 | മണ്ണ് | |
| | 9 | ഇന്ദിരാജി റോഡ് | 350 | 6 | ടാർ | |
| | 10 | ശ്രീനാരായണറോഡ് കടവാരം വഴി | 700 | 6 | ടാർ | |
| | 11 | ശിവരാമപുരംകോളനിബൈറോഡ് I | 200 | 4 | ടാർ | |
| | 12 | " "റോഡ് II | 200 | 3 | മണ്ണ് | |
| | 13 | " " " III | 200 | 3 | മണ്ണ് | |
| | 14 | " " " IV | 200 | 3 | മണ്ണ് | |
| | 15 | ശിവരാമപുരം മെയിൻ റോഡ് | 220 | 5 | ടാർ | |
| | 16 | ഇന്ദിരാജി ബൈറോഡ് | 200 | 3 | മണ്ണ് | |
| | 17 | ശിവരാമപുരംകാഞ്ഞാണിറോഡിലേക്ക് | 250 | 3 | ടാർ | |
| | 18 | ലിസ്യൂ അവന്യൂ | 150 | 3 | ടാർ | |
| | 19 | കടവാരം കനാൽ റോഡ് | 250 | 3 | മണ്ണ് | |
| 9 | 1 | കാഞ്ചനകോൾപ്പാറ റോഡ് | 200 | 4 | ടാർ | |
| | 2 | കയ്മനച്ചാൽ | 750 | 4.5 | ടാർ | |
| | 3 | പുല്ലഴി എടക്കായൽ | 1250 | 5 | ടാർ | |
| | 4 | കൊയ്ത്ത് പാറ | 295 | 4 | മണ്ണ് | |
| | 5 | നിർമ്മല ക്ലിനിക് ബ്രാഞ്ച്(കോരപ്പുഴ) | 150 | 3 | മണ്ണ് | |
| | 6 | ഐക്കട്ട് കോളനി | 600 | 3 | മണ്ണ് | |
| | 7 | ഐക്കാട്ടു കോളനി ബ്രാഞ്ച് | 100 | 3 | മണ്ണ് | |
| | 8 | ഇന്ദിരാജി റോഡ് | 631 | 3.5 | മണ്ണ് | |
| | 9 | നേതാജി റോഡ് | 250 | 3.5 | മണ്ണ് | |
| | 10 | എടക്കായൽ ബ്രാഞ്ച് | 125 | 3.00 | മണ്ണ് | |
| | 11 | എടക്കായൽ കോരപ്പുഴ റോഡ് | 150 | 3.00 | മണ്ണ് | |

| വാർഡ് | ക്രമനമ്പർ | പേര് | നീളം | വീതി | സ്വഭാവം | റിമാർക്സ് |
|---|---|---|---|---|---|---|
| 10 | 1 | കൊട്ടിൽ റോഡ് | 300 | 4 | മണ്ണ് | |
| | 2 | ബംഗ്ലാവ് റോഡ് | 900 | 8 | ടാർ | |
| | 3 | ശാന്തി നഗർറോഡ് | 206 | 4 | കോൺക്രീറ്റ് | |
| | 4 | ഫ്രാൻസിസ് നഗർറോഡ് | 250 | 4 | മണ്ണ് | |
| | 5 | ന്യൂ റോഡ് | 130 | 4 | മണ്ണ് | |
| | 6 | സ്നേഹനഗർ റോഡ് | 130 | 4 | മണ്ണ് | |
| | 7 | ഐശ്വര്യ റോഡ് | 100 | 4 | മണ്ണ് | |
| | 8 | ലക്ഷം വീട് റോഡ് | 500 | 6 | മണ്ണ് | |
| | 9 | മൂശാരിറോഡ് | 210 | 4 | മണ്ണ് | |
| | 10 | ഓശാന നഗർ റോഡ് | 120 | 5 | മണ്ണ് | |
| | 11 | ദേവൻ റോഡ് | 100 | 4 | മണ്ണ് | |
| | 12 | 4 സെന്റ് റോഡ് | 320 | 5 | മണ്ണ് | |
| | 13 | പയ്യംപ്പിള്ളി റോഡ് | 150 | 4 | മണ്ണ് | |
| | 14 | അമ്പക്കാട് റോഡ് | 100 | 4 | മണ്ണ് | |
| | 15 | K.S. Rappi റോഡ് | 105 | 4 | മണ്ണ് | |
| | 16 | തിയ്യാടി റോഡ് | 110 | 4 | മണ്ണ് | |
| | 17 | കുഞ്ഞാപ്പു റോഡ് | 250 | 4 | മണ്ണ് | |
| | 18 | കരുണൻ റോഡ് | 550 | 4 | മണ്ണ്(തോട്) | |
| | 19 | മിച്ചഭൂമി റോഡ് | 800 | 5 | മണ്ണ് | |
| | 20 | ലക്ഷംവീട് ഉൾ ഭാഗം | 400 | 4 | മണ്ണ് | |
| | 21 | ചെമ്മണ്ണൂർ ബിൽഡിങ്ങ് മുതൽ ലക്ഷ്മി മില്ലിനെ വലയം ചെയ്ത് രേവതി സ്റ്റോർ വരെയുള്ള മെയിൽ റോഡ് | 3500 | 8 | ടാർ | |
| | 22 | കുഞ്ഞിത്തോപ്പ് റോഡ് | 1580 | 6.8 | ടാർ | |
| | 23 | കുഞ്ഞിത്തോപ്പ് ബ്രാഞ്ച് റോഡ് | 150 | 2.5 | മണ്ണ് | |
| | 24 | പാറമ്മേൽ റോഡ് | 490 | 4 | മണ്ണ് | |
| | 25 | കൊട്ടിൽ റോഡ് | 900 | 8 | ടാർ | |
| | 26 | ഹിൽ നഗർ റോഡ് | 300 | 4 | മണ്ണ് | |
| | 27 | പാറമ്മേൽ കുട്ടൻ റോഡ് | 250 | 4 | മണ്ണ് | |

| വാർഡ് | ക്രമനമ്പർ | പേര് | നീളം | വീതി | സ്വഭാവം | റിമാർക്സ് |
|---|---|---|---|---|---|---|
| 11 | 1 | ഒളരി പുതൂർക്കര റോഡ് | 825 | 7 | ടാർ | |
| | 2 | പുതൂർക്കര LP സ്കൂൾ ബ്രാഞ്ച് | 400 | 2.50 | മണ്ണ് | ടാറിന്അനുമതിയുണ്ട |
| | 3 | പുതൂർക്കര LPS മെയിൻറോഡ് | 120 | 5 | മണ്ണ് | |
| | 4 | പുതൂർക്കരLPS ബ്രാഞ്ച്റോഡ് | 200 | 3 | മണ്ണ് | |
| | 5 | വായനശാല എട്ടുക്കുളം റോഡ് | 420 | 4 | മണ്ണ് | ടാറിന്അനുമതിയുണ്ട് |
| | 6 | പണിക്കർ റോഡ് | 540 | 4 | മണ്ണ് | ടാറിന്അനുമതിയുണ്ട് |
| | 7 | എടക്കുളംതിരുവാണത്ത് അമ്പലം | 250 | 4 | മണ്ണ് | |
| | 8 | വെൺകുളം പാടംയമുനബ്രാഞ്ച് | 450 | 4.5 | മണ്ണ് | |
| | 9 | വെൺകുളംപാടംകൊട്ടിൽറോഡിൽ നിന്ന് പാടത്തേക്ക് | 150 | 4 | മണ്ണ് | 9,10 ൽ കൂടി |
| | 10 | അഭിലാഷ് കോർണർLPസ്കൂൾ റോഡിൽനിന്ന് വെൺകുളം പാടത്തേക്കും വടക്കോട്ട്പുല്ലഴി റോഡിലേക്കും | 500 | 3 | മണ്ണ് | |
| | 11 | കൊക്കൻ റോഡ് | 200 | 3 | ടാർ | |
| | 12 | ഒളരി -പുതൂർക്കര -ലക്ഷംവീട് | 150 | 3 | മണ്ണ് | |
| | 13 | സമതാ നഗർറോഡ് | 100 | 3 | മണ്ണ് | ടാറിന് അനുമതി |
| | 14 | ഐശ്വര്യനഗർ ഇടവഴി | 250 | 2 | മണ്ണ് | |
| | 15 | യൂണിയൻഓഫീസ് സൈഡ്റോഡ് | 100 | 3 | മണ്ണ് | (പ്രൈവറ്റ്) |
| | 16 | ഉദയ ലൈൻ | 100 | 3.5 | മണ്ണ് | |
| | 17 | കനാൽ റോഡ് | 350 | 3 | മണ്ണ് | |
| | 18 | സെമിത്തേരി ഒളരിപള്ളി | 1500 | 5 | ടാർ | |
| | 19 | പറക്കുളം നവോദയറോഡ് | 100 | 2.5 | മണ്ണ് | |
| | 20 | ഒളരി മെയിൻറോഡിൽ നിന്ന് വടക്കോട്ട് ബ്രാഞ്ച് I | 50 | 3.5 | മണ്ണ് | |
| | 21 | ഒളരി മെയിൻറോഡിൽനിന്ന് II | 50 | 3.5 | മണ്ണ് | |
| | 22 | ഷിബാറോഡ് പറക്കുളം | 150 | 4 | ടാർ | |
| | 23 | സദാനന്ദൻ റോഡ് | 200 | 3.5 | മണ്ണ് | |
| | 24 | പണിക്കർ റോഡിൽനിന്നും പടി ഞ്ഞാട്ട്ബ്രാഞ്ച് റോഡ്(വാണിയം) | 100 | 3 | മണ്ണ് | |
| | 25 | " " കിഴക്ക് | 150 | 3 | മണ്ണ് | |
| | 26 | ഈച്ചരത്ത് ജങ്ക്ഷൻനിൽനിന്നും തെക്കോട്ട് | 50 | 3 | മണ്ണ് | |
| | 27 | അഭിലാഷ് കോർണറിൽ നിന്ന് കിഴക്ക് തെക്കോട്ടുള്ള വഴി | 100 | 3 | മണ്ണ് | |

| വാർഡ് | ക്രമനമ്പർ | പേര് | നീളം | വീതി | സ്വഭാവം | റിമാർക്സ് |
|---|---|---|---|---|---|---|
| 12 | 1 | വായനശാല സുബ്രഹ്മണ്യക്ഷേത്രം | 520 | 4 | ടാർ | |
| | 2 | ചുള്ളിക്കാട് റോഡ് ഐക്യനഗർ | 450 | 4 | മണ്ണ് | |
| | 3 | ശങ്കരമറ്റത്ത് റോഡ് | 180 | 4 | മണ്ണ് | |
| | 4 | മഠത്തിൽ റോഡ് | 150 | 4 | മണ്ണ് | |
| | 5 | റേഡിയോ ഹൗസ് ബ്രാഞ്ച്। | 180 | 3 | മണ്ണ് | |
| | 6 | പുതുകുളങ്ങര റോഡ് | 105 | 3 | മണ്ണ് | |
| | 7 | പുതൂർക്കരഅമ്പലം റോഡ് | 500 | 4 | ടാർ | |
| | 8 | ഭവാനി ടീച്ചർ റോഡ് | 105 | 3 | മണ്ണ് | |
| | 9 | തറയിൽ റോഡ് | 350 | 4 | ടാർ | |
| | 10 | തറയിൽ ബ്രാഞ്ച് I | 90 | 3 | മണ്ണ് | |
| | 11 | തറയിൽ ബ്രാഞ്ച് II | 85 | 2.5 | മണ്ണ് | |
| | 12 | കരുവാൻ റോഡ് | 150 | 3.5 | ടാർ | |
| | 13 | അരീക്കൽറോഡ് | 310 | 4 | ടാർ | |
| | 14 | അരീക്കൽ പാററോഡ് | 250 | 3.5 | ടാർ | |
| | 15 | ചള്ളാണി മെയിൻ റോഡ് | 1800 | 8 | ടാർ | (10,11,12 വാർഡുകളിൽ) |
| | 16 | അപ്പുണ്ണിചായക്കട റോഡ് | 180 | 3 | ടാർ | |
| | 17 | പാറമേൽകുട്ടൻ റോഡ് | 150 | 3 | മണ്ണ് | |
| | 18 | കൗസ്തുഭം റോഡ് | 180 | 3 | മണ്ണ് | |
| | 19 | ആനന്ദ നഗർ റോഡ് | 180 | 3 | മണ്ണ് | |
| | 20 | ആശാരിബാലൻ റോഡ്(പടിഞ്ഞാറ്) | 75 | 3 | മണ്ണ് | |
| | 21 | ഈച്ചരത്ത് പടിഞ്ഞാറെ പടിക്കൽ റോഡ് | 75 | 3 | മെറ്റൽ | |
| | 22 | മണ്ണാൻ റോഡ് | 50 | 3 | മണ്ണ് | |
| | 23 | മണ്ണം താഴത്ത് റോഡ് | 30 | 3 | മണ്ണ് | |
| | 24 | അരീക്കൽ തിരുവോണം റോഡ് | 100 | 3 | മണ്ണ് | |
| | 25 | ഫോറസ്റ്റ് മാധവന്റെ വടക്കുവശം ലൈൻ | 20 | 2 | മണ്ണ് | |

| വാർഡ് | ക്രമനമ്പർ | പേര് | നീളം | വീതി | സ്വഭാവം | റിമാർക്സ് |
|---|---|---|---|---|---|---|
| 13 | 1 | പന്നിയം കുളങ്ങര റോഡ് | 230 | 3.5 | മണ്ണ് | |
| | 2 | കുറിഞ്ഞിയാക്കൻ റോഡ് | 560 | 5 | ടാർ | |
| | 3 | കുറിഞ്ഞിയാക്കൽറോഡ് ബ്രാഞ്ച്I | 90 | 3 | മണ്ണ് | |
| | 4 | കുറിഞ്ഞിയാക്കൽറോഡ്ബ്രാഞ്ച് II | 60 | 3 | മണ്ണ് | |
| | 5 | കുന്നമ്പത്ത് റോഡ് | 260 | 3.5 | ടാർ | |
| | 6 | വാലിയത്ത് റോഡ് | 190 | 3.5 | ടാർ | |
| | 7 | മേട്ടുകര റോഡ് | 350 | 4 | ടാർ | |
| | 8 | ആലപ്പാട്ടു ലൈൻ | 200 | 3 | ടാർ | |
| | 9 | ദേവകി ഡയറിയുടെ പടിഞ്ഞാറ് | 200 | 3 | മണ്ണ് | |
| | 10 | വാരിയം റോഡിൻെറപടിഞ്ഞാറ് | 300 | 3 | മണ്ണ് | |
| | 11 | മണത്തിട്ട് അമ്പലം വടക്കോട്ട് | 200 | 3 | മണ്ണ് | |
| | 12 | തോപ്പ് കോളനി റോഡ് | 150 | 2 | മണ്ണ് | |
| | 13 | പന്നിയം കുളങ്ങര ബ്രാഞ്ച്റോഡ് | 200 | 3 | മണ്ണ് | |
| 14 | 1 | കർഷകനഗർ ശങ്കരംകുളങ്ങരറോഡ് | 1500 | 8 | ടാർ | |
| | 2 | കാഞ്ഞിരം പള്ളം | 670 | 5,4 | ടാർ | |
| | 3 | കരിമ്പറ്റ ബ്രാഞ്ച് | 160 | 3 | മണ്ണ് | |
| | 4 | പന്നിയങ്കര മരുതൂർറോഡ് | 350 | 4.5 | മണ്ണ് | |
| | 5 | ചെറുപറമ്പ് റോഡ് | 500 | 4 | മെറ്റൽ | |
| | 6 | ഹൈസ്കൂൾ റോഡ് | 370 | 5 | ടാർ | |
| | 7 | വാരണംകുടത്ത് റോഡ് | 250 | 4 | മണ്ണ് | |
| | 8 | കരാട്ട റോഡ് | 220 | 4 | ടാർ | |
| | 9 | പഞ്ചിക്കൽ റോഡ് | 500 | 4 | മണ്ണ് | |
| | 10 | മാങ്ങോട്ട് റോഡ് | 200 | 3 | ടാർ | |
| | 11 | മങ്ങാട്ട് റോഡ്ബ്രാഞ്ച് I | 170 | 4 | ടാർ | |
| | 12 | ഹൈസ്കൂൾ ബ്രാഞ്ച് റോഡ് | 250 | 4 | മണ്ണ് | |
| | 13 | ചാമത്ത് ലൈൻ | 200 | 4 | മണ്ണ് | |
| | 14 | ലോകോളേജ് റോഡ് | 200 | 4 | ടാർ | |
| | 15 | ടമ്പിൾ അവന്യൂ റോഡ് | 500 | 4 | ടാർ | |
| | 16 | ഉദയനഗർ കോളനി ബ്രാഞ്ച് റോഡുകൾ | 600 | 4 | മണ്ണ് | |
| | 17 | AKG കോളനി റോഡ് | 500 | 4 | മണ്ണ് | |
| | 18 | ശക്തി നഗർ റോഡ് | 1000. | 4 | മണ്ണ് | |
| | 19 | കുന്നമ്പത്ത് ലയിൻ (കരിമ്പറ്റ ലയിൻെറ അടുത്ത്) | 200 | 4 | മണ്ണ് | |

| വാർഡ് | ക്രമനമ്പർ | പേര് | നീളം | വീതി | സ്വഭാവം | റിമാർക്സ് |
|---|---|---|---|---|---|---|
| | 20 | മൈത്രി പാർക്ക്കാഞ്ഞിരംപള്ളം | 200 | 4 | മണ്ണ് | |
| | 21 | പൂവ്വാലപ്പറമ്പ് റോഡ് | 150 | 3 | മണ്ണ് | |
| | 22 | ടമ്പിൾ അവന്യൂ റോഡ് | 200 | 4 | മണ്ണ് | |
| | | ഹരിശ്രീ സണ്ണ് റോഡ് | 800 | 4 | ടാർ | |
| | 23 | ടമ്പിൾ അവന്യൂ മണ്ണാരിചാല് | 200 | 4 | മണ്ണ് | |
| 15 | | | | | | |
| | 1. | ഹരീ നഗർ മുരുക നഗർ റോഡ് | 1100 | 4 | ടാർ | |
| | 2 | .റോസ് ഗാർഡൻസ് കോളനി റോഡ് | 1000 | 4 | ടാർ | |
| | 3. | ഹരിനഗർ കോളനി മെയിൻ റോഡ് | 2500 | 4 | ടാർ | |
| | 4. | ലെനിൻ നഗർ ഐലൻറ്അവന്യൂ മെയിൻ റോഡ് | 1000 | 4 | ടാർ | |
| | 5. | ഗ്രീൻ പാർക്ക് കോളനി റോഡ് | 2500 | 4 | മണ്ണ് | |
| | 6 | ഹരിനഗർ ഇടവഴികൾ | 3000 | 4 | മെറ്റൽ | |
| | 7. | ലെനിൻ നഗർ ഐലന്റ് അവന്യൂ റോഡിൻെറ ഇടവഴികൾ | 80 | 4 | മെറ്റൽ | |
| | 8 | ജയനഗർ കോളനി റോഡ് | 750 | 5 | മണ്ണ് | |
| | 9 | മഹാത്മ ഗാന്ധിനഗർ കോളനി റോഡ് | 1700 | 4 | മണ്ണ് | |
| | 10. | വികാസ നഗർ കോളനി റോഡ് | 200 | 3 | മണ്ണ് | |
| | 11. | പീപ്പിൾസ് കോളനി റോഡ് | 350 | 3 | മണ്ണ് | |
| | 12. | ജ്യോതി നഗർ കോളനി റോഡ് | 450 | 5 | മണ്ണ് | |
| | | **PWD ROAD** | | | | |
| | 1 | കാഞ്ഞാണി റോഡ് | 4KM | 12 | ടാർ | 2,13,11,7,8,6,5വാർഡുകൾ |
| | 2 | അയ്യന്തോൾ -പുഴക്കൽ റോഡ് | 3KM | 12 | ടാർ | 2,1,13,14വാർഡുകൾ |
| | 3 | പൂങ്കുന്നം -പുഴക്കൽ പാലം | 3KM | 12 | ടാർ | 13,14,15 വാർഡുകൾ |
| | 4 | അരണാട്ടുകര ചേറ്റുപുഴ | 6KM | 8 | ടാർ | 2,3,4,5 വാർഡുകൾ |
| | 5 | എൽതുരുത്ത്,എൽതുരുത്ത്സ്കൂൾ | 2KM | 6 | ടാർ | 6,4 വാർഡുകൾ |
| | 6 | ഒളരി ഖാദി | 200M | 6 | ടാർ | 7 വാർഡ് |
| | 7 | കാർത്ത്യായനി ക്ഷേത്രം ശങ്കരൻകുളങ്ങര റോഡ് | 2KM | 8 | ടാർ | 1,14 വാർഡുകൾ |
| | 8 | കാഞ്ഞാണി റോഡ് - സിവിൽ ലൈൻറോഡ്(തെക്കുഭാഗം) | 1K | 12 | ടാർ | 2,13 വാർഡുകൾ |
| | 9. | പുതൂർക്കര -തിരുവാണത്ത് ക്ഷേത്രം റോഡ് | 0.200 | 8 | ടാർ | |

# അനുബന്ധം B

## പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

| വാർഡ് നമ്പർ | ക്രമ നമ്പർ | പേര് | റിമാർക്സ് |
|---|---|---|---|
| 3 | 1 | നിർദ്ദിഷ്ട റിംഗ് റോഡ് അയ്യന്തോളിൽ നിന്ന് ലാലൂർ ശ്മശാനം വഴി മത്തായിപുരം - ലാലൂർ സെന്റർ വഴി അരണാട്ടുകര ചെന്ന് കടവാരം വഴിയാക്കണം | |
| 4 | 2 | മാരാർ കോൾപ്പടവും നെടുപുഴ റോഡുമായി ബന്ധിപ്പിക്കുന്ന ലിങ്ക്റോഡ് | |
| | 3 | Dr.ജോൺ മത്തായി റോഡിൻെറതെക്കുഭാഗംമുതൽ എൽതുരുത്ത്കോളേജ് വരെ | |
| | 4 | എൽതുരുത്ത് പാലം മുതൽ കിഴക്കുംപുറം വരെ | |
| 5 | 5 | ചേറ്റുപുഴസ്കൂളിൻെറ പിൻവശത്തെറോഡ് ശാന്തി ലൈൻവരെ യോജിപ്പിക്കുക. | |
| 11 | 6 | തിരുവാണത്ത് അമ്പലം ബാങ്കു കോളനി എട്ടുകുളം. | |
| | 7 | വെങ്കുളം പടത്ത് പറപ്പൂരു മാസ്റ്ററുടെ തെക്കുവശത്ത് റോഡ് | |
| | 8 | വെങ്കുളം പാടത്ത് വടക്കു വശത്തെ റോഡ് | |
| | 9 | അഭിലാഷ് കോർണർ റോഡ് വെങ്കുളം പാടം | |
| | 10 | സദാനന്ദൻ റോഡ് | |
| | 11 | ഒളരി പുതൂർക്കര റോഡ് ഐശ്വര്യനഗർ | |
| | 12 | എൽ.പി.സ്കൂൾ റോഡിന് തെക്കുവശത്തെ വഴി | |
| | 13 | യൂണിയൻ ഓഫീസ് തെക്കേ വഴി | |
| | 14 | പറക്കുളം നവോദയ റോഡ് | |
| | 15 | ഒളരി മെയിൻ റോഡിൽ നിന്നുള്ള ബ്രാഞ്ച് I, ബ്രാഞ്ച് II | |
| | 16 | പണിക്കർ റോഡ് വാണിയം (പടിഞ്ഞാറ്) | |
| | 17 | പണിക്കർ റോഡ്കിഴക്കോട്ടുള്ള ബ്രാഞ്ച് | |
| 12 | 18 | പന്നിയം കുളങ്ങര അമ്പലത്തിൻെറ തെക്കു ഭാഗത്തു നിന്നും പുതൂർക്കര മഠത്തിൽ റോഡിനോടു ബന്ധിക്കുന്ന റോഡ് | |
| | 19 | കുറിഞ്ഞാക്കൽ റോഡും ഐക്യനഗർ റോഡും ബന്ധിക്കുന്ന റോഡ് | |
| 13 | 20 | കുറിഞ്ഞാക്കൽ തുരുത്തു പടിഞ്ഞാറു വരെയുള്ള റോഡ് | |
| | 21 | പുഴയ്ക്കൽ മുതൽ ഉള്ള KLDC ബണ്ട് അരീക്കൽ പാറ റോഡും ബന്ധിപ്പിക്കുന്ന റോഡ്. | |
| | 22 | പന്നിയംകുളങ്ങര ക്ഷേത്രത്തിൻെറ തെക്കു ഭാഗത്ത് പടിഞ്ഞാട്ടും പിന്നെ വടക്കോട്ടും പോകുന്നവഴി. | |
| 14 | 23 | ടെമ്പിൾ അവന്യൂ റോഡ് പൂങ്കുന്നവുമായി ബന്ധിപ്പിച്ചിരിക്കുന്ന വഴി | |

## അനുബന്ധം C
## ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| വാർഡ് | ക്രമനമ്പർ | പേര് | നീളം | വീതി | റിമാർക്സ് |
|---|---|---|---|---|---|
| 4 | 1 | കാര്യാട്ടുകര തീപ്പെട്ടി കമ്പനി റോഡ് | 420 | 4 | |
| | 2 | ഭഗവതി ക്ഷേത്രം ബ്രാഞ്ച് റോഡ് I | 150 | 4 | |
| | 3 | മാരാർതുരുത്ത് ബ്രാഞ്ച് | 430 | 4 | |
| | 4 | തെക്കത്ത് ഓയിൽമിൽ റോഡ് | 350 | 3.5 | |
| 6 | 5 | എസ്.എം. റോഡ് | 400 | 4.5 | |
| | 6 | ഡീസന്റ് ലൈൻ | 300 | 3 | |
| 12 | 7 | ഈച്ചരത്ത് പടിഞ്ഞാറെ പടിക്കൽ റോഡ് | 75 | 3 | |
| 14 | 8 | ചെറുപറമ്പ് റോഡ് | 500 | 4 | |
| 15 | 9 | ഗ്രീൻ പാർക്ക് കോളനി റോഡ് | 2500 | 4 | |
| | 10 | ഹരിനഗർ ഇടവഴികൾ | 3000 | 4 | |
| | 11 | ലെനിൻനഗർ ഐലന്റ്അവന്യൂറോഡ് ബ്രാഞ്ചുകൾ | 800 | 4 | |

## അനുബന്ധം D
## മെറ്റൽ ചെയ്തു ടാറിടേണ്ട മൺറോഡുകൾ

| വാർഡ് | ക്രമനമ്പർ | പേര് |
|---|---|---|
| 3 | 1 | യൂണിവേഴ്സിറ്റി റോഡിൽ ആശ്രമം മുതൽ കോൾപ്പടവു വരെ - |
| 8 | 2 | ഹിൽ നഗർ റോഡ് - |
| | 3 | കടവാരം റോഡിൽനിന്നുള്ള മാർക്കറ്റ് റോഡ് - |
| | 3 | മണ്ണത്യക്കോവിലിൽ നിന്ന് കനാലിലേക്കുള്ള വഴി - |
| | 4 | വെങ്കുളം റോഡ് - |
| | 5 | കൊട്ടിൽ റോഡ് - |
| | 6 | ലിറ്റിൽ ഫ്ലവർ ലെയിൻ റോഡ് - |
| | 7 | കേരള ലക്ഷ്മി ലിറ്റിൽ ഫ്ലവർ റോഡ് - |
| | 8 | കടവാരം കമ്പനി റോഡ് - |
| | 9 | പുല്ലകടവാരം റോഡ് - |
| 11 | 10 | കനാൽ റോഡ് - |
| | 11 | ലക്ഷം വീട് കോളനി റോഡ് - |
| | 12 | അഭിലാഷ് കോർണർ എൽ.പി. സ്കൂൾ റോഡ് |
| | 13 | ഉദയ ലൈൻ - |
| | 14 | തിരുവാണത്ത്ക്ഷേത്രം മുതൽ എട്ടുകുളം റോഡ് വരെ - |
| | 15 | പുല്ലഴി റോഡിൽ നിന്നുംഅഭിലാഷ് കോർണറിനു കിഴക്കു ഭാഗം) തെക്കോട്ടുള്ള വഴി - |
| 15 | 16 | ജയനഗർ കോളനി റോഡ് - |
| | 17 | മഹാത്മാഗാന്ധി നഗർ കോളനി റോഡ് - |
| | 18 | വികാസ് നഗർ കോളനി റോഡ് - |
| | 19 | പീപ്പിൾസ് കോളനി റോഡ് - |
| | 20 | ജ്യോതി നഗർ കോളനി റോഡ് - |

## അനുബന്ധം E

# ഗ്രാമസഭകളുട നിർദ്ദേശ പ്രകാരം റിപ്പയർ ചെയ്യേണ്ട റോഡുകൾ, വഴികൾ

| വാർഡ് | ക്രമനമ്പർ | പേര് | സ്വഭാവം | റിമാർക്സ് |
|---|---|---|---|---|
| 1 | 1 | കണ്ണാത്ത് റോഡ് | മണ്ണ് | |
| | 2 | സിവിൽ ലൈൻ അമ്പാടി റോഡ് | ടാർ | |
| | 3 | കാർത്ത്യായനി അമ്പലം പട്ടരുപാട്ട് | മണ്ണ് | |
| | 3 | കീർത്തി നഗർ റോഡ് | മണ്ണ് | |
| | 4 | വെങ്കുളം റോഡ് | | |
| 2 | 5 | പാടം വഴി എസ്.എൻ. പാർക്കിൽ അവസാനിക്കുന്ന റോഡ് | | |
| | 6 | മയൂരയുടെ പുറകുവശത്തുകൂടെ പോകുന്ന റോഡ് | | |
| | 7 | എസ്.എൻ. പാർക്ക് മെയിൻ റോഡ് | ടാർ | |
| | 8 | കാരോത്ത് ലൈൻ S.N. Park. Ist, സ്റ്റ്രീറ്റ് കുറുപ്പിൻെറ വഴി | മണ്ണ് | |
| 3 | 9 | പുത്തൻവെട്ടുവഴി, ചാക്കോള കൊച്ചുണ്ണിയുടെ പടിഞ്ഞാറെ വഴി താഴത്തെ കോളനി വഴി - | | |
| 4 | 10 | സ്വാമി പാലം മുതൽ ESI ലാലൂർ റോഡ് | ടാർ | കാന വേണം |
| 5 | 11 | ആമ്പക്കാട്ടു മൂല മുതൽ കണ്ണപുരം വരെ | ടാർ | |
| | 12 | കണ്ണപുരം ക്ഷേത്രം റോഡ് കരിമ്പനത്താഴം വരെ | | |
| | 13 | നാല്ല സെൻറു മുതലുള്ള റോഡ് | | |
| | 14 | പറയത്താഴം ബ്രാഞ്ച് റോഡ് | | |
| 6 | 15 | കടവാരം കാഞ്ഞാണി റോഡ് പാലത്തിനു തൊട്ടുള്ള കനാൽ റോഡ് | | |
| | 16 | ഊത്രക്കാവ് ബ്രാഞ്ച് റോഡ് കൊച്ചാട്ടിക്കുളം വഴി | | |
| | 17 | എസ്.എം. ലൈൻ റോഡ് | | വീതി കൂട്ടണം |
| 7 | 18 | ലിങ്ക് റോഡ് | | |
| | 19 | അസ്സീസ്സി നഗർ | | |
| | 20 | ബക്കർ ലൈൻ | | |
| | 21 | പാർത്ഥസാരഥി റോഡ് | | |
| | 22 | SISI സമീപം റോഡ് വിജയ വഴി | | |
| 9 | 24 | കോവൂര ബൈപാസ് റോഡ് | | |
| 10 | 25 | ന്യൂ രോഡ് | | |
| | 26 | പുല്ലഴികുന്നിൽബംഗ്ലാവ് റോഡ് | | |
| | 27 | ഫ്രാൻസിസ് നഗർ റോഡ് | | |
| | 28 | മിച്ചഭൂമി റോഡ് | | |
| | 29 | പുല്ലഴികുന്ന് ലക്ഷം വീട് റോഡ് | | |
| | 30 | ഓശാന നഗർ റോഡ് | | |

| | | | |
|---|---|---|---|
| | 31 | ഓറോട്ട് റോഡ് | |
| | 32 | സിമത്തേരി റോഡ് | |
| | 33 | കൊട്ടിൽ ലൈൻ റോഡ് | |
| | 34 | ഹരിശ്രീ നഗർ | |
| | 35 | തിരുവാണത്ത് റോഡ് | |
| | | (PWD Retarring) | ടാർ |
| | 36 | ഒളരി പുതൂർക്കര കർഷകനഗർ റിപ്പയർ | ടാർ |
| 12 | 37 | അരിയിക്കർ ലൈൻ റോഡ് | |
| | 38 | അരിക്കൽ കുട്ടപ്പൻ റോഡ് | |
| 13 | 39 | മണത്തിട്ട വിഷ്ണുക്ഷേത്രത്തിന്റെ വടക്കോട്ടുള്ള റോഡ് | |
| 14 | 40 | തുരുത്ത് റോഡ് | |
| | 41 | കാർത്ത്യായനി അമ്പലം മുതൽ പഞ്ചിക്കൻ പാലത്തിൽ ചെന്നു എത്തുന്ന റോഡ് | |
| | 42 | പ്രിയദർശിനി ഹൗസിങ്ങ് സൊസൈറ്റിയിലേക്കുള്ള റോഡ് | |
| | 43 | ശക്തി നഗർ തെഞ്ചിണിക്കാവ് ക്ഷേത്രത്തിന് കിഴക്കു വശം റോഡ് | |
| | 44 | കാർത്ത്യായനി അമ്പലം ശങ്കരംകുളങ്ങര ക്ഷേത്രം വരെയുള്ള റോഡ് | |
| | 45 | ചെറു പറമ്പ് റോഡ് | |
| | 46 | കാഞ്ഞിരപള്ളം റോഡ് | |
| | 47 | ഹൈസ്കൂൾ കരാട്ടെ റോഡ് | |
| 15 | 48 | പീപ്പിൾസ് കോളനിയിൽ 80 മീറ്റർ റോഡ് | |

## മാർക്കറ്റ്

അയ്യന്തോൾ ഗ്രാമപഞ്ചായത്തിൽ പ്രധാനപ്പെട്ട ഒരു മാർക്കറ്റാണ് ഉള്ളത്. അത് ഒളരി പള്ളിക്കു സമീപമുള്ള മാർക്കറ്റ് ആകുന്നു,. അവിടെ പ്രധാനമായും നടക്കുന്നത് മാംസം, മത്സ്യം എന്നിവയുടെ വ്യാപാരമാണ്. പച്ചക്കറി വ്യാപാരം ഈ മാർക്കറ്റിൽ ഇല്ല. മാംസവും മത്സ്യവും വ്യാപാരത്തിനാണ് ഈ മാർക്കറ്റ് കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിലും ഇവിടെ അനധികൃതമായി ആടുമാടുകളെ കശാപ്പു ചെയ്യുന്നുണ്ട്. അതുകൊണ്ട് അതിൻെറ അവശിഷ്ടങ്ങൾ കൊണ്ടുള്ള പരിസ്ഥിതി പ്രശ്നങ്ങൾ വളരെയുണ്ട്.

രണ്ടാമതായി അയ്യന്തോളിൽ പതിമൂന്നാം വാർഡിലാണ് ഒരു മാർക്കറ്റുള്ളത്. അവിടെ മാംസം മത്സ്യം ഇവ മാത്രമാണ് വ്യാപാരം ചെയ്യുന്നത്. ഇവിടെയും പരിസ്ഥിതി പ്രശ്നം അലട്ടുന്നുണ്ട്.

അയ്യന്തോൾ പഞ്ചായത്ത് തൃശൂർ മുൻസിപ്പാലിറ്റിയുടെ തൊട്ടടുത്ത് സ്ഥിതി ചെയ്യുന്നതിനാൽ പഞ്ചായത്തിൻെറ മാർക്കറ്റിംഗ് ആവശ്യം മുൻസിപ്പാലിറ്റിയിലെ കച്ചവട കേന്ദ്രങ്ങളും മാർക്കറ്റുമാണ് നിർവഹിക്കുന്നത്.

ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷിക വിള തേങ്ങയാണ്. മറ്റു കാർഷികോല്പന്നങ്ങൾ ഇപ്പോൾ വില്പനക്കായി വളരെ അപൂർവ്വമായാണ് പഞ്ചായത്തിലുള്ളത്. എന്നാൽ നിത്യോപയോഗ സാധനങ്ങളായ പച്ചക്കറി മുതലായവ പഞ്ചായത്തിലെ ചില്ലറ വില്പനക്കാരും ഉപഭോക്താക്കളും വാങ്ങുന്നത് തൃശൂർ മുൽസിപ്പാലിറ്റിയിലെ ശക്തൻ തമ്പുരാൻ മാർക്കറ്റിൽ നിന്നാണ്.

പഞ്ചായത്തിലെ മാർക്കറ്റിനെ സംബന്ധിച്ച് സാദ്ധ്യതകളും നിർദ്ദേശങ്ങളും താഴെ കാണുന്ന വിധമാണ്.

1. നിലവിലുള്ള ഒളരിയിലേയും അയ്യന്തോളിലേയും മാർക്കറ്റുകൾ നവീകരിക്കണം. കമ്പിവല, ഡ്രൈനേജ്, ഗേയ്റ്റ് എന്നിവ മാർക്കറ്റിന് ഉണ്ടാവണം.
2. പഞ്ചായത്തിന് പൊതുവായി ഒരു മാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സും ഉണ്ടാവണം
3. പഞ്ചായത്തിലെ പ്രധാന ഉല്പാദന വസ്തുവായ നാളികേരത്തിൻെറ സംഭരണത്തിനും വിപണനത്തിനും ഉതകുന്ന ഒരു വിപണന കേന്ദ്രം ഉണ്ടാവണം. തെങ്ങിൽ നിന്നും ലഭിക്കുന്ന ഓല, മടൽ, ചിരട്ട മുതലായവയും സംഭരിക്കുന്നതിനും സംസ്ക്കരിച്ച് ഉല്പന്നങ്ങളാക്കി വിപണനം നടത്തുന്നതിനും ഉതകുന്ന ഒരു വിപണനകേന്ദ്രത്തിന് ധാരാളം സാദ്ധ്യതയുണ്ട്. അതിനുവേണ്ട പദ്ധതി ആവിഷ്ക്കരിക്കണം.
4. സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആവശ്യമാണ്.
5. കാർഷിക വിഭവങ്ങളുടെ സംഭരണം സഹകരണ സംഘങ്ങൾ വഴി നടത്തണമെന്ന നിർദ്ദേശവും ഗ്രാമസഭയിൽ നിന്നും വന്നിട്ടുണ്ട്. ദിവസ ചന്തയുടെ നിർദ്ദേശവും ചില യിടങ്ങളിൽ നിന്നും ഉണ്ടായിട്ടുണ്ട്.

മാർക്കറ്റിംഗ് സൗകര്യം എല്ലാ വാർഡിൽ നിന്നും ഉയർന്നുവന്നെങ്കിലും ആരും സാദ്ധ്യതകളെപറ്റി ഒന്നും പറയുന്നില്ല. പൊതുസ്ഥലങ്ങൾ (പുറമ്പോക്ക്) ഒഴിഞ്ഞുകിടക്കുന്നത് ഉപയോഗിച്ച് പഞ്ചായത്തിൽ മൂന്നോ നാലോ വാർഡികൾക്ക് ഉപകരിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ്, സൂപ്പർ മാർക്കറ്റ്, പച്ചക്കറി മത്സ്യ മാംസ ചന്ത എന്നിവയിൽ ഏതെങ്കിലും ഒന്ന് സ്ഥാപിച്ചാൽ മാർക്കറ്റിലെ അസൗകര്യം ഒരു പരിധി വരെ പരിഹരിക്കുവാൻ കഴിയും.

6. കർഷകനഗർ, ഒളരി പാർക്ക് എന്നിവിടങ്ങളിൽ ആഴ്ച ചന്തകൾ നടത്തുന്നത് മാർക്കറ്റിംഗ് സൗകര്യം വർദ്ധിപ്പിക്കണം.

5-7

# ഭവനനിർമ്മാണം ക്ഷേമപ്രവർത്തനങ്ങൾ

## പാർപ്പിടം

പാർപ്പിടം മനുഷ്യന് പ്രാഥമിക ആവശ്യം മാത്ര മല്ല, ജീവിത ഭദ്രതയുടെ പ്രതീകം കൂടിയാണ്. സ്വതന്ത്രമായൊരു വീട്, ചെറുതായാലും, വലു തായാലും, എല്ലാ വ്യക്തികളുടേയും, കുടുംബ ത്തിൻേറയും നിലനില്പിൻെറ അടിസ്ഥാനമാണ്. ആയതിനാൽ വളരെ പ്രാധാന്യം നല്കേണ്ട ഒരു മേഖലയാണ് പാർപ്പിടം.

പഞ്ചായത്തിൽ ആകെ 12782 കെട്ടിടങ്ങളാണു ള്ളത്. അതിൽ പാർപ്പിടത്തിനായുള്ള കെട്ടിടങ്ങൾ 10570 ആണ്. കോൺക്രീറ്റ് വീടുകൾ 34%, ഓടിട്ട വീടുകൾ 60% ഉണ്ട്. ഓലയോ മറ്റു സാധന ങ്ങളോ ഉപയോഗിക്കുന്നവ 6% വരും. 1991 ലെ കാനേഷുമാരി പ്രകാരം ഒരു വീട്ടിൽ 5.2 അംഗ ങ്ങളാണുള്ളത്.

പട്ടിക 1 കെട്ടിടങ്ങളുടെ എണ്ണം

അയ്യന്തോൾ ഗ്രാമപഞ്ചായത്ത്

കെട്ടിടങ്ങളുടെ എണ്ണം

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | ഒരു നിലയുള്ള കെട്ടിടങ്ങൾ മേൽപുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 1121 | 280 | 233 | 300 | 124 | 80 |
| II | 849 | 40 | 460 | 224 | 100 | 20 |
| III | 771 | 14 | 162 | 340 | 160 | 9 |
| Iv | 823 | 16 | 257 | 258 | 202 | 87 |
| v | 867 | 10 | 300 | 221 | 300 | 31 |
| vI | 940 | 13 | 320 | 300 | 203 | 100 |
| vII | 691 | 25 | 274 | 250 | 97 | 42 |
| vIII | 768 | 20 | 321 | 222 | 123 | 80 |
| IX | 598 | 14 | 285 | 213 | 60 | 24 |
| X | 599 | 40 | 385 | 280 | 200 | 90 |
| XI | 878 | 41 | 360 | 290 | 162 | 20 |
| XII | 601 | 26 | 203 | 300 | 60 | 10 |
| XIII | 980 | 156 | 400 | 301 | 80 | 40 |
| XIV | 906 | 40 | 376 | 4 | 100 | 80 |
| XV | 990 | 100 | 400 | 300 | 165 | 20 |
| ആകെ | 12782 | 835 | 4836 | 4103 | 2136 | 817 |

അവലംബം: കെട്ടിടം നികുതി റജിസ്റ്റർ

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണത്തിൽ വലിയ വർദ്ധനയാണ് കഴിഞ്ഞ ഏഴു വർഷത്തിനിടയിൽ ഉണ്ടായിട്ടുള്ളത്. പട്ടിക IIൽ ഈ വർദ്ധന സൂചിപ്പിച്ചിരിക്കുന്നു.

പട്ടിക II

| വർഷം | എണ്ണം | വാർഷിക വർദ്ധന |
|---|---|---|
| 1988 -89 | 8999 | |
| 1989 - 90 | 9244 | 2.7 |
| 1990 - 91 | 9774 | 5.7 |
| 1991 - 92 | 10150 | 3.8 |
| 1992 - 93 | 10504 | 3.4 |
| 1993 - 94 | 12200 | 16.7 |
| 1994 - 95 | 12628 | 3.5 |
| 1995 - 96 | 12782 | 1.2 |

അവലംബം: കെട്ടിട നികുതി റജിസ്റ്റർ

കഴിഞ്ഞ വർഷങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന വസ്തുത 1990-94 കാലഘട്ടം ബിൽഡിംഗ് ബൂമിൻേറതായിരുന്നു എന്നതാണ്. കെട്ടിടങ്ങൾ മുഴുവൻ പാർപ്പിടാവശ്യത്തിനാണെന്ന് കരുതാൻ വയ്യ. എന്നാൽ, കൂടുതലും വീടുകൾക്കായി തന്നെയാണ്.

തൃശൂർ പട്ടണം വളർന്ന് അയ്യന്തോളിലേക്ക് വളരെ വേഗം വ്യാപിക്കുകയാണ്. കളക്ടറേറ്റ്, മറ്റു സ്ഥാപനങ്ങൾ, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പാർപ്പിടത്തിനായി ഈ പ്രദേശം തിരഞ്ഞെടുക്കുന്നതിനുള്ള ആകർഷണീയ ഘടകങ്ങളാണ്. ഇതു മൂലം വീട് വെക്കുന്നതിനായുള്ള സ്ഥലത്തിൻെറ ഡിമാൻ്റ് വളരെ വർദ്ധിച്ചു. സ്ഥലത്തിൻെറ ദൗർലഭ്യം വില വർദ്ധനക്കു കാരണമായി. സാമാന്യജനങ്ങൾക്ക് സ്ഥലം വാങ്ങുക അസാധ്യമായി. താരതമ്യേന വിലകുറവുള്ള പാടങ്ങൾ വീട് വെക്കുന്നതിനായി ഉപയോഗിക്കാൻ തുടങ്ങി. പാടം നികത്തൽ വ്യാപകമായി. ഇത് പുതിയ പരിസ്ഥിതി പ്രശ്നങ്ങൾക്കു കാരണമായി. ജലനിർഗ്ഗമനം അസാധ്യമായി. താഴ്ന്ന പ്രദേശങ്ങളിലെ വീടുകളിൽ മഴക്കാലത്ത് വെള്ളം കയറന്നു. ഈ പ്രശ്നം കൂടുതൽ രൂക്ഷമായത് 90 കളിലാണ്. റിയൽ എസ്റ്റേറ്റ് (Real Estate) ബിസിനസ്സുകാർ ഏക്കർ കണക്കിന് പാടം വാങ്ങി മണ്ണിട്ട് നികത്തി കൂറ്റൻ ഫ്ലാറ്റുകൾ പണിയാൻ തുടങ്ങിയതും ഈ കാലഘട്ടത്തിലാണ്. ജലനിർഗ്ഗമനം എന്ന പ്രശ്നം അതി രൂക്ഷമാകുകയും ചെയ്തു.

വയലുകളുടെ ഒരു പ്രധാന സവിശേഷത ഇത് ജലം സംഭരിച്ച് നിർത്തുന്നു എന്നതാണ്. ഇതുമൂലം ജലം മണ്ണിലേക്ക് കിനിഞ്ഞിറങ്ങുന്നു. ഭൂഗർഭ ജലത്തിൻെറ റീ ചാർജിംഗിന് (Recharging) വയലുകൾ വലിയ സംഭാവന ചെയ്യുന്നുണ്ട്. വയലുകൾ ഇല്ലാതായതോടെ നെല്ലുല്പാദനം കുറഞ്ഞു എന്നു മാത്രമല്ല തകർച്ചക്കുകളമൊരുക്കുകയും ചെയ്തു.

അയ്യന്തോളിലെ ഭൂമിയുടെ വില വർദ്ധന മറ്റൊരു സ്ഥിതി വിശേഷത്തിനു കൂടി കാരണ മായി. പാവപെട്ട കുടുംബങ്ങളുടെ തുണ്ടുഭൂ മിക്ക് വലിയ വിലയുണ്ടായി. ഈ സ്ഥലം വിറ്റ് അവർ പഞ്ചായത്തിൻെറ ഉൾഭാഗത്തേക്കും മറ്റു പഞ്ചായത്തുകളിലേക്കും കുടിയേറാൻ തുടങ്ങി. പഞ്ചായത്തിൻെറ ഉൾഭാഗങ്ങളിലെ താരതമ്യേന വില കുറഞ്ഞ പാടശേഖരങ്ങളും ഈ പ്രക്രിയ യിൽ വീടുകൾക്കായി നികത്തപ്പെട്ടു. ഇതു മൂലം പഞ്ചായത്തിൻെറ ഒട്ടുമിക്ക പ്രദേശങ്ങളിലും വലി യ വലിയ കെട്ടിടങ്ങൾ പൊന്തി വന്നു. ബാഹ്യ മായി സമ്പന്നതയുടെ — പാർപ്പിട പ്രശ്നമില്ലാത്ത— മുഖംമൂടിയണിയാൻ ഇത് കളമൊരുക്കി.

വികസനപ്രക്രിയയിൽ പ്രാന്തവൽക്കരിക്കപ്പെട്ട ജനവിഭാഗമുണ്ടിവിടെ. അവരുടെ പാർപ്പിടത്തിൻെറ പ്രശ്നത്തിന് അർഹിക്കുന്ന പരിഗണന ഇതു വരെ ലഭിച്ചിട്ടില്ല. സ്വന്തമായി വീടില്ലാത്തവരിൽ ഭൂരിഭാഗവും പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ട വരും, കർഷകതൊഴിലാളികളും മറ്റും ആണ്. മത്തായിപുരം കോളനി, ശിവരാമപുരം കോള നി, ഐക്കാട്ട് കോളനി, ഉദയനഗർ കോളനി, 1,2,5,6,10,11,13 എന്നീ വാർഡുകളിലുള്ള ലക്ഷം വീടുകളിലും 4,5,9,10,11,13 എന്നീ വാർഡുകളിലെ നാല് സെൻറ്കളിലും ആളുകൾ തിങ്ങിപാർക്കു ന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പുറംപോക്കിൽ അനേകം ആളുകൾ വീട്വെച്ച് താമസിക്കുന്നുണ്ട്. വീടില്ലാത്തവരുടെ കൃത്യമായ കണക്ക് പഞ്ചായത്ത് തലത്തിൽ ഇല്ല.

പാർപ്പിടത്തിൻെറ എണ്ണത്തിലുണ്ടായ വർദ്ധന സൃഷ്ടിക്കുന്ന പ്രശ്നങ്ങളും താമസയോഗ്യമായ വീടി ല്ലാത്തവർക്ക് വീട് ലഭ്യമാക്കുകയും ഒരേ സമയം പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്. പാർപ്പിട ത്തിൻെറ എണ്ണം വർദ്ധിക്കുമ്പോൾ റോഡ്, വെള്ളം, വെളിച്ചം, ചപ്പ് ചവറുകൾ നീക്കം ചെ യ്യൽ എന്നീ ചിലവ് വർദ്ധിക്കുന്നു. ഇതു മാത്ര മല്ല മലിനജലം ശരിയായ രീതിയിൽ ഒഴുകി പോകു ന്നതിന് സൗകര്യമില്ലെങ്കിൽ പുതിയ ആരോഗ്യപ്ര ശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. മലിനജലം കെട്ടി കിടക്കുന്നതുകൊണ്ട് ദുർഗന്ധവും കൊതുകുശ ല്യവും അസഹനീയമായി വരികയാണ്.

ഈ പ്രദേശത്ത് അതി രൂക്ഷമായികൊണ്ടിരി ക്കുന്ന മറ്റൊരു പ്രശ്നം വീട് നിർമ്മാണത്തിൽ വന്നി രിക്കുന്ന അമിതമായ ചെലവ് വർദ്ധനയാണ്. ഭൂമി യുടെ വില അമിതമായി ഉയർന്ന് ഭൂമി ഊഹക്ക ച്ചവടതതിനുള്ള ഒരു വസ്തുവായി മാറി. കെട്ടിട നിർമ്മാണച്ചെലവ് അമിതമായി ഉയർന്നു.

കെട്ടിട നിർമ്മാണത്തിനാവശ്യമായ പ്രധാന വസ്തുക്കളുടെ വില

| ഇനം | 1990 | 96 |
|---|---|---|
| കരിങ്കല്ല് | 250.00 | 900.00 |
| ഇഷ്ടിക | 2400.00 | 6200.00 |
| മണൽ | 300.00 | 1100.00 |
| മെറ്റൽ | 400.00 | 1600.00 |
| സിമന്റ് | 125.00 | 178.00 |
| മരം | 300.00 | 525.00 |
| കമ്പി | 8.00 | 16.00 |
| ഓട് | 0.75 | 1.80 |
| കൂലി | | |
| ആൺ | 50.00 | 140.00 |
| പെൺ | 30.00 | 100.00 |
| ആശാരി (കല്ല്) | 65.00 | 150.00 |
| ആശാരി (മരം) | 65.00 | 150.00 |

സാങ്കേതികമായി വീടിൻെറ സ്വഭാവത്തിലും സങ്കല്പത്തിലും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. പഴയ കാലത്ത് ഉണ്ടായിരുന്ന ഓടിട്ട വീടുകൾ പകരം സ്ഥാനത്ത് കോൺക്രീറ്റുകൾ സ്ഥാനം പിടിച്ചു. തടിയുടെ വിലവർദ്ധമൂലം മരത്തിനു പകരമായി കോൺക്രീറ്റു ജനലകളും കട്ടിളകളും സാധാര ണക്കാർ വ്യാപകമായി ഉപയോഗിക്കുന്നു. തടി യുടെ അമിതമായ വിലവർദ്ധനവ് തടിയുടെ ഉപ

യോഗം സാധാരണക്കാർക്ക് അപ്രാപ്യമാക്കി. വീടിനെക്കുറിച്ചുള്ള സങ്കല്പത്തിൽ വന്നിരിക്കുന്ന മാറ്റം ശ്രദ്ധേയമാണ്. വീട് ആവശ്യം എന്നതിനപ്പുറം ഇന്ന് ആഢംബരമാണ്. സമൂഹത്തിലെ അന്തസ്സിൻെറ പ്രതീകമായി വീടുകൾ മാറി. വലിയ കൊട്ടാരസദൃശ്യമായി വീടുകൾ വ്യാപകമായി. മാർബിൾ തറ ഒഴിച്ചുകൂടാൻ വയ്യാത്തതായി. മേലേക്കിടയിലുള്ള ആളുകളുടെ ജീവിതം അനുകരിക്കുന്ന (Demonstration Effect) തിൻെറ ഫലമായി സാധാരണക്കാരും വലിയ വീട് പണിയുക എന്നതിലേക്ക് സമൂഹ മനസ്സ് മാറി. ഇതിൻെറ ഫലമായി വീടുകൾ നേരിട്ടു പണിയുന്ന പഴയ അവസ്ഥ മാറുകയും ആർക്കിടെക്റ്റ്, എഞ്ചിനീയർ, കോൺട്രാക്ടർ എന്നിവർ പ്രധാനികളാകുകയും ചെയ്തു. കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ വീട് പണിയുന്നത് വ്യാപകമാണ്. ഓരോ പണിയും കോൺട്രാക്റ്റ് വ്യവസ്ഥയിൽ ചെയ്യുന്ന രീതിയും നിലവിലുണ്ട്.

പാർപ്പിടമേഖലയിലെ അഭൂതപൂർവ്വമായ വളർച്ച തൊഴിലാളുകളുടെ കൂലിവർദ്ധനക്ക് കാരണമായി. ആശാരി, കല്പണിക്കാർ എന്നിവരുടെ കൂലി ഉയർന്നു. മറ്റു മേഖലയിൽ പണി ചെയ്യുന്നവരും കെട്ടിട നിർമാണ മേഖലയിലേക്ക് മാറി. ആഡംബര രീതിയിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഗൾഫ് പണവും ചെറുതല്ലാത്ത പങ്കു വഹിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. സ്വന്തമായി വീടില്ലാത്ത അനേകം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.
2. വഴിയരികിലും മറ്റ് പുറമ്പോക്കുകളിലുമായി വളരെയധികം കുടുംബങ്ങൾ താമസിക്കുന്നുണ്ട്.
3. ലക്ഷംവീട് കോളനികളിലെ വീടിൻെറ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ വീടിൻെറ അവസ്ഥ വളരെ മോശമാണ്.
4. പല കോളനികളിലെ വീടുകളിലും കക്കൂസുകൾ ഇല്ല.
5. കോളനികളിലെ മലിനജലം ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്നു.
6. മയൂരം അപ്പാർട്ട്മെൻറിലെ മലിനജലം വന്നു ചേരുന്നത് S.N. പാർക്കിലാണ്. ദുർഗന്ധവും കൊതുകു ശല്യവും അസഹനീയമാണ്.
7. പാർപ്പിടത്തിനായി വയൽ നികത്തുന്നത് നെല്ലുല്പാദനം കുറക്കുന്നു. കൂടാതെ പരിസ്ഥിതി പ്രശ്നങ്ങൾക്കും വഴിവെക്കുന്നു.
8. വീടില്ലാത്തവർക്ക് വീട് വെക്കുന്നതിന് പല പദ്ധതികളും നിലവിലുണ്ടെങ്കിലും അതു വഴി ലഭിക്കുന്ന സഹായം തീരെ അപര്യാപ്തമാണ്.
9. ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും ഭവന നിർമ്മാണത്തിന് വായ്പകൾ ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.
10. വീട് നിർമ്മാണ ചെലവ് ക്രമാതീതമായി വർദ്ധിക്കുന്നു.
11. അനധികൃതവും അശാസ്ത്രീയവുമായ കെട്ടിട നിർമ്മാണം വ്യാപകമായി നടക്കുന്നുണ്ട്.
12. വനിതാ ഹോസ്റ്റലുകൾ ആവശ്യത്തിനില്ല.

## സാധ്യതകൾ (പരിഹാരങ്ങൾ)

1. ഭാരിച്ച തുക ചെലവഴിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതിനെ നിരുത്സാഹപ്പെടുത്തുകയും ചെലവ് കുറഞ്ഞ കെട്ടിടനിർമ്മാണം പ്രോത്സാഹിപ്പിക്കുകയും വേണം.
2. ഭവന നിർമ്മാണത്തിന് സഹകരണ ബാങ്കുകൾ ഉദാരമായ സാമ്പത്തിക സഹായം നല്കണം.
3. ഓലമേഞ്ഞ വീടുകളുടെ പുനരുദ്ധാരണത്തിന് സഹായമെത്തിക്കണം.
4. വയലുകൾ നികത്തി വീട് വെക്കുന്നത് നിയന്ത്രിക്കുക. ജല നിർഗ്ഗമനത്തിനുള്ള ചാലുകളും വഴിയും നിർബന്ധമാക്കുക.
5. ഭൂമി ലഭ്യത കുറവു മൂലം ഫ്ലാറ്റുകൾ നിർമ്മി

ക്കുന്നതിനെ പ്രോത്സാഹിപ്പിക്കണം.

6. KSHBC യിൽ നിന്ന് സാധാരണക്കാർക്ക് ധന സഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും കടമ്പകളും ലഘൂകരിക്കുക.
7. 2000 സ്ക്വയർ ഫീറ്റിന് മുകളിൽ വരുന്ന കെട്ടിടങ്ങൾക്ക് കൂടിയ നിരക്കിൽ നികുതി ചുമത്തുക.
8. പഞ്ചായത്തിൽ നിർമ്മാണ തൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
9. സിവിൽ സ്റ്റേഷൻ ഉള്ളതുകൊണ്ട് സ്ഥിരതാമസക്കാരല്ലാത്ത ധാരാളം ആളുകൾ ഇവിടെ താമസിക്കുന്നുണ്ട്. ഇക്കാരണത്താൽ ഒരു റെന്റൽ സ്കീം ഉണ്ടാക്കാവുന്നതാണ്.
10. സാധാരണ വീടുകൾക്ക് അറ്റകുറ്റപ്പണിക്കായി ഉദാരമായ വായ്പ വിവിധ ഏജൻസികളിലൂടെ ലഭ്യമാക്കേണ്ടതാണ്.
11. വിധവകൾ, വികലാംഗർ എന്നിവർക്ക് വീട് പണിയുന്നതിനായി ധനസഹായ പദ്ധതികൾക്ക് മുൻഗണന നല്കുക. (ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ ഗ്രാമസഭകൾ വഴി കണ്ടെത്തേണ്ടതാണ്)
12. അയ്യന്തോൾ കളക്ടറേറ്റിനു പിറകിലുള്ള പണി പൂർത്തിയാകാത്ത ലേഡീസ് ഹോസ്റ്റൽ പൂർത്തിയാക്കുക.

## സാമൂഹ്യക്ഷേമം

അനേകം സാമൂഹ്യക്ഷേമപരിപാടികൾ നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. കേന്ദ്ര സർക്കാരിന്റേയും സംസ്ഥാനസർക്കാരിന്റേയും വിവിധ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ദുർബ്ബല വിഭാഗങ്ങളെ നേരിട്ട് സഹായിക്കാൻ ഉദ്ദേശിച്ചുള്ളവയാണീ പരിപാടികൾ.

ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെ 3272 കുടുംബങ്ങളുണ്ട്. (IRDP സർവ്വേ 8th പ്ലാൻ) 37 ശതമാനം കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെയാണ്.

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം പട്ടിക 11.1

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബങ്ങൾ | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്കു മുകളിലെത്തിയ കുടുംബങ്ങൾ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | 150 | 13 | 12 | 4 | 3 |
| II | 139 | 3 | 6 | - | 2 |
| III | 306 | 84 | 16 | 14 | 5 |
| IV | 240 | 20 | 15 | 5 | 6 |
| V | 275 | 53 | 22 | 20 | 8 |
| VI | 221 | 49 | 12 | 7 | 2 |
| VII | 124 | 18 | 10 | 6 | 2 |
| VIII | 247 | 79 | 14 | 8 | 3 |
| IX | 213 | 60 | 12 | 7 | 1 |
| X | 503 | 62 | 76 | 11 | 2 |
| XI | 227 | 40 | 17 | 7 | 1 |
| XII | 184 | 72 | 20 | 9 | 4 |
| XIII | 126 | 33 | 7 | 4 | 1 |
| XIV | 253 | 48 | 11 | 6 | 3 |
| XV | 64 | 7 | 2 | - | 1 |

ഇതിൽ 18 ശതമാനം പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണ്. പത്താംവാർഡിലാണ് ഏറ്റവും കൂടുതൽ ദരിദ്രർ ഉള്ളത്. കേവലം 15.7% കുടുംബങ്ങൾക്കു മാത്രമേ നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളൂ. ഇതിൽ 58% പട്ടികജാതി പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവരാണ്. കേവലം 44 കുടുംബാംഗങ്ങൾ മാത്രമാണ് സർക്കാർ പദ്ധതിയിലൂടെ ദാരിദ്ര്യരേഖക്കു മുകളിലെത്തിയത്. ഇതിൽ നിന്നു തന്നെ ഈ പരിപാടിയുടെ അപര്യാപ്തത വ്യക്തമാകുന്നുണ്ട്.

## ട്രൈസം പരിപാടി

ദാരിദ്ര്യ രേഖക്കു താഴെയുള്ള കുടുംബങ്ങളിലെ ചെറുപ്പക്കാർക്ക് ഏതെങ്കിലും തൊഴിലിൽ പരിശീലനം നൽകുകയും അയാൾക്ക് സഹായധനവും വായ്പയും നൽകി സ്വയം പര്യാപ്തതയിലേക്ക് കൊണ്ടുവരികയുമാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പരിപാടിയനുസരിച്ച് 30 പേർക്കാണ് ഇവിടെ പരിശീലനം ലഭിച്ചിട്ടുള്ളത്. ഇതിൽ സ്വയം തൊഴിൽ കണ്ടെത്തിയവർ 11 പേർ മാത്രമാണ്. ഈ പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നേടിയവരുടെ വിശദ വിവരം പട്ടിക 11.2 ൽ കൊടുത്തിരിക്കുന്നു.

**11.2 ട്രൈസം തൊഴിൽ പരിശീലനം നേടിവരുടെ വിവരം**

| പരിശീലനം നേടിയ വിഷയത്തിൻെറ പേര് | വാർഡ് നമ്പർ | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം |
|---|---|---|---|
| തുന്നൽ, എംബ്രോയ്ഡറി കരകൗശലം | 1 | 2 | 1 |
| | 2 | 1 | 0 |
| | 4 | 3 | 1 |
| | 5 | 6 | 3 |
| | 6 | 3 | 1 |
| | 7 | 2 | 1 |
| ഡൈമണ്ട് കട്ടിംഗ് | 5 | 1 | 0 |
| | 6 | 1 | 0 |
| ബാഗുനിർമ്മാണം | 5 | 2 | 1 |
| | 7 | 1 | 1 |
| ഓട്ടോഡ്രൈവിംഗ് | 6 | 2 | 1 |
| ബ്യൂട്ടീഷ്യൻ | 2 | 1 | 1 |
| നൂൽനൂല്പ് കടലാസ് നിർമ്മാണം | 1 | 2 | 0 |
| | 5 | 1 | 0 |
| | 7 | 2 | 0 |
| | ആകെ | 30 | 11 |

താഴെ കൊടുത്ത പട്ടിക പ്രകാരം 30 പേർക്ക് സ്വയം തൊഴിൽ പരിശീലനം കൊടുത്തിട്ടും 11 പേർ മാത്രമാണ് സ്വയം തൊഴിൽ നേടിയിട്ടുള്ളുവെന്നതും പഠനവിഷയമാക്കേണ്ടതാണ്, തന്നെയുമല്ല നൂൽനൂല്പ് കടലാസ്സു നിർമ്മാണം എന്നിവയിൽ 5 പേർ പരിശീലനം നേടിയെടുത്തിട്ടുംഒരാളുപോലും തൊഴിൽ കണ്ടെത്താൻ ഈ മേഖലയിലെക്ക് കടന്നുവന്നില്ലായെന്നതും പരിശോധിക്കേണ്ട ഒരു വിഷയമാണ്.

മേൽകൊടുത്ത പട്ടിക പ്രകാരം 30 പേർക്ക് സ്വയം തൊഴിൽ പരിശീലനം കൊടുത്തിട്ടും 11 പേർ മാത്രമാണ് സ്വയം തൊഴിൽ നേടിയിട്ടുള്ളുവെന്നതും പഠനവിഷയമാക്കേണ്ടതാണ്, തന്നെയുമല്ല നൂൽനൂല്പ് കടലാസ്സു നിർമ്മാണം എന്നിവയിൽ 5 പേർ പരിശീലനം നേടിയെടുത്തിട്ടുംഒരാളുപോലും തൊഴിൽ കണ്ടെത്താൻ ഈ മേഖലയിലെക്ക് കടന്നുവന്നില്ലായെന്നതും പരിശോധിക്കേണ്ട ഒരു വിഷയമാണ്.

### ഭവനനിർമ്മാണം കക്കൂസുകൾ

സ്വന്തമായി വീടില്ലാത്ത അനേകം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കൃത്യമായ കണക്ക് ശേഖരിച്ചിട്ടില്ല. വിവധ ഭവനനിർമ്മാണ പദ്ധതികളിലൂടെ ലഭിച്ചിട്ടുള്ള വീടുകളുടെ വിശദാംശങ്ങൾ പട്ടിക 11.3ൽ നല്കിയിരിക്കുന്നു.

പട്ടിക 11.3 വിവിധ പദ്ധതി പ്രകാരം അനുവദിച്ച വീടുകളും കക്കൂസുകളും

| വാർഡ് | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തിയാക്കിയ കക്കൂസുകൾ |
|---|---|---|---|
| I | 0 | 0 | 2 |
| II | 1 | 1 | 1 |
| III | 8 | 7 | 13 |
| IV | 1 | 1 | 2 |
| V | 21 | 20 | 7 |
| VI | 2 | 2 | 3 |
| VII | 18 | 18 | 14 |
| VIII | 32 | 28 | 8 |
| IX | 29 | 25 | 8 |
| X | 30 | 28 | 13 |
| XI | 3 | 1 | 1 |
| XII | 13 | 11 | 8 |
| XIII | 7 | 7 | - |
| XIV | 8 | 5 | 3 |
| XV | 7 | 3 | 3 |
| **ആകെ** | **180** | **157** | **86** |

ഇതുവരെ 180 വീടുകളാണ് അനുവദിച്ചിട്ടുള്ളത് അതിൽ 157 എണ്ണത്തിൻെറ പണി പൂർത്തിയായിട്ടുണ്ട്. വീട് പണിയുടെ ചെലവിലുണ്ടായ വലിയ വർദ്ധന കാരണം സർക്കാർ സഹായധനം കൊണ്ടു മാത്രം പണിപൂർത്തിയാക്കാൻ കഴിയാതായിട്ടുണ്ട്. ആകെ അനുവദിച്ച 87 കക്കൂസുകളിൽ 86 എണ്ണത്തിൻെറ പണി പൂർത്തീകരിച്ചിട്ടുണ്ട്.

**DWCRA**

ഗ്രാമീണമേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിനായുള്ള പദ്ധതിപ്രകാരം ഒരു യൂണിറ്റ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 10 വനിതകൾ ചേർന്നുള്ള ഒരു ഡയറി യൂണിറ്റാണിത് 1993 94ൽ ആരംഭിച്ചു.

സ്ത്രീകൾ ഒരുമിച്ച് ചേർന്ന് പ്രവർത്തിച്ച് അവരുടെ വരുമാനം വർദ്ധിപ്പിക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിക്ക് വലിയ താല്പര്യം പ്രകടിപ്പിക്കുന്നില്ല. ഒത്തുചേർന്നുള്ള പ്രവർത്തനത്തിന് സഹായകമായ സാമൂഹിക ചിന്താരീതി ഉടലെടുക്കാത്തതാണ് ഇതിനു കാരണം. സ്ത്രീകളുടേയും കുടുംബത്തിൻെറയും വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഈ പദ്ധതിക്ക് വേണ്ട അംഗീകാരവും പ്രോത്സാഹനവും നല്കേണ്ടതാണ്.

**സാമൂഹ്യവനവൽക്കരണ പരിപാടി**

സാമൂഹ്യ വനവൽക്കരണ പരിപാടിയിലൂടെ ഉൽപാദിപ്പിച്ച തൈകളുടെ എണ്ണം

**പട്ടിക 11.4 ഉൽപാദിപ്പിച്ച് വിതരണം ചെയ്ത തൈകളുടെ എണ്ണം**

| ഇനം | എണ്ണം |
|---|---|
| പ്ലാവ് | 2000 |
| മാവ് | 1200 |
| പുളി | 1500 |
| പൂള | 1500 |
| കശുമാവ് | 400 |
| ഞാവൽ | 1500 |
| പപ്പായ | 100 |
| പൂമരം | 500 |
| അശോകമരം | 500 |
| കുരുമുളക് | 200 |
| ആര്യവേപ്പ് | 100 |
| വാക | 300 |
| ഉങ്ങ് | 500 |
| **ആകെ** | **10,300** |

മറ്റു വർഷങ്ങളിൽ ഈ പദ്ധതിപ്രകാരം തൈകളുടെ ഉത്പാദനംനടന്നിട്ടില്ല.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പരിപാടി (RAP)

1993 - 94 മുതൽ നടപ്പാക്കി വരുന്ന പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ നിന്ന് സഹായം ലഭിച്ചവരുടെ എണ്ണം.

**പട്ടിക 11.5 ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പദ്ധതി**

| വീട് നമ്പർ | IRDP സർവ്വേപ്രകാരം കണ്ടെത്തിയത് | സഹായം ലഭിച്ചത് |
|---|---|---|
| 1 | 19 | 6 |
| 2 | 8 | 1 |
| 3 | 15 | 0 |
| 4 | 10 | 2 |
| 5 | 23 | 7 |
| 6 | 20 | 0 |
| 7 | 6 | 0 |
| 8 | 13 | 0 |
| 9 | 21 | 1 |
| 10 | 21 | 2 |
| 11 | 17 | 1 |
| 12 | 23 | 4 |
| 13 | 7 | 1 |
| 14 | 16 | 4 |
| 15 | 3 | 0 |
| **ആകെ** | **202** | **29** |

ഈ പദ്ധതി പ്രകാരം കേവലം 29 പേർക്ക് മാത്രമാണ് സഹായം ലഭിച്ചിട്ടുള്ളത്

ചെറുകിട പരിമിത കൃഷിക്കാർക്ക് സഹായം നല്കുന്ന പദ്ധതിയനുസരിച്ച് ആകെ 23 കിണറുകളും 34 പമ്പു സെറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി 24 ഏക്കർ സ്ഥലത്ത് ജലസേചനം നടത്താൻ കഴിഞ്ഞു എന്നാണ് കണക്ക്.

## പെൻഷനുകൾ

കർഷകത്തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ, തൊഴിലില്ലായ്മ വേതനം, ദേശീയ വാർദ്ധക്യകാല പെൻഷൻ, ദേശീയ കുടുംബ ക്ഷേമ പദ്ധതി, ദേശീയ പ്രസവ ക്ഷേമ പദ്ധതി തുടങ്ങിയ അനേകം പദ്ധതികൾ നടപ്പിലുണ്ട്.

ഈ പഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്ന 95 പേരുണ്ട്. മറ്റു പെൻഷനുകൾ ലഭിക്കുന്നവർ 192 ആണ്. അങ്ങിനെ ആകെ 287 വ്യക്തികൾക്കുമാത്രമാണ് പെൻഷൻ ലഭിക്കുന്നത്. വിധവകളുടെ പെൺമക്കൾക്ക് ധനസഹായ പദ്ധതിയനുസരിച്ച് 13 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ / സാധ്യതകൾ

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച് ശരിയായ അറിവ് ജനങ്ങൾക്കില്ല അതിനാൽ ഇവയുടെ പ്രയോജനം ജനങ്ങൾക്ക് സിദ്ധിക്കാതെ പോവുന്നു. വീടിനു ലഭിക്കുന്ന ധനസഹായം ഇന്നത്തെ ചെലവ് നോക്കുമ്പോൾ തികച്ചും അപര്യാപ്തമാണ്. ആയതിനാൽ വീട് പണിപൂർത്തിയാക്കാൻ കഴിയാതെ വരുന്നു.

കക്കൂസുകൾ പണിയുന്നതിന് നല്കുന്ന ധനസഹായവും അപര്യാപ്തമാണ്. ഇന്നത്തെ അവസ്ഥയിൽ ലഭിക്കുന്ന 2000 രൂപ കൊണ്ട് പണി പൂർത്തിയാക്കുക ബുദ്ധിമുട്ടാണ്.

ട്രൈസം പരിപാടിയിലൂടെ പരിശീലനം ലഭിക്കുന്നവർ സ്വയം തൊഴിലിൽ ഏർപ്പെടുന്നതിന്

വൈമുഖ്യം കാണുന്നുണ്ട്. ഒരു പ്രധാനകാരണം ഈ പരിപാടികൾ പ്രദേശത്തെ ആവശ്യങ്ങളെ പരിഗണിക്കാത്തതു കൊണ്ടാണ്. വിവിധ പദ്ധതികളിലെ ഗുണദോഷങ്ങളെ തെരഞ്ഞെടുക്കുന്നതിൽ സുതാര്യത കുറവാകണം. ആയതിനാൽ കൂടുതൽ അർഹരായവർ പലപ്പോഴും പരിഗണിക്കപ്പെടാതെ പോവുന്ന അവസ്ഥയും നിലവിലുണ്ട്. ക്ഷേമ നിധികളിൽ അർഹരായ എല്ലാ തൊഴിലാളികളും അംഗത്വം എടുത്തിട്ടില്ല. അറിവില്ലായ്മയും ഒരു ഘടകമാണ്.

JRY പദ്ധതികളിലൂടെയുള്ള ചെലവ് പ്രധാനമായും റോഡ് നിർമ്മാണത്തിൽ ഒതുങ്ങുകയാണ്. കൂടുതൽ ഉൽപാദന മേഖലകളിലെക്ക് പണം ചെലവഴിക്കുന്നില്ല.

വിധവകളുടെ പെൺമക്കൾക്ക് നല്കുന്ന ധനസഹായം തീരെ അപര്യാപ്തമാണ്. ഇത് വർദ്ധിപ്പിച്ച് 5000 രൂപയെങ്കിലുമാക്കേണ്ടതാണ്.

വിവിധസാമൂഹ്യക്ഷേമ പദ്ധതികളേക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനം നടത്തണം. അർഹരായ എല്ലാവർക്കും സഹായം ലഭിക്കുന്നതിന് ഉചിതമായ പ്രവർത്തനങ്ങൾ നടപ്പാക്കണം.

ICDS നു കീഴിലുള്ള അങ്കണവാടികൾ ഈ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേണം.

ട്രൈസം ട്രെയിനിങ്ങ് കിട്ടിയവർ, സ്വയം തൊഴിൽ ഏറ്റെടുക്കാൻ തയ്യാറുള്ളവർ എന്നിവരെ ഉദ്ദേശിച്ച് തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നല്കേണ്ടതാണ്..

പൊതുവിതരണകേന്ദ്രത്തിലൂടെ ഗുണമേന്മയുള്ള പദാർത്ഥങ്ങൾ വിതരണം ചെയ്യണം.

വനിതകൾക്ക് തൊഴിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് DWCRA യൂണിറ്റുകൾ തുടങ്ങുന്നതിന് പഞ്ചായത്ത് തലത്തിൽ ശ്രമം നടത്തണം. റെഡിമെയ്ഡ് ബേക്കറി കേറ്ററിംഗ് എന്നിവ സാധ്യതകളുള്ളവയാണ്.

തൊഴിലില്ലായ്മ വേതനം ഗുണഭോക്താക്കൾക്ക് യഥാസമയം ലഭിക്കുന്നില്ല.

5.8

# സംസ്ക്കാരം

ഉത്കൃഷ്ടമായ സാംസ്കാരിക പാരമ്പര്യം അവകാശപ്പെടാവുന്ന ഒരു ദേശമാണ് അയ്യന്തോൾ. നമ്പൂതിരിമാരുടെ പണ്ഡിതസദസ്സ് നടക്കുന്ന സ്ഥലമെന്ന് 'തോളിന്' അർത്ഥമുണ്ട്. ഈ അർത്ഥത്തിൽ ബ്രാഹ്മണ പണ്ഡിത സദസ്സ് ഇവിടെ നടന്നിരുന്നുഎന്നാണ് ഐതിഹ്യം. ജനകീയ സംസ്കാരത്തിൻെറ വളർച്ചക്ക് നിദാനമായത് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗ്രന്ഥശാലകളുമാണ്. സംഘടിത പ്രസ്ഥാനത്തിൻെറ വളർച്ചക്ക് സാഹിത്യകാരനായിരുന്ന അപ്പൻതമ്പുരാൻെറ കൊട്ടാരം ഈ പഞ്ചായത്തിലായിരുന്നുഎന്നത് അഭിമാനിക്കാവുന്ന കാര്യമാണ്. വിദ്യാഭ്യാസത്തിൻെറ വ്യാപനം സാംസ്കാരിക വളർച്ചക്ക് അനുപേഷണീയമാണ്. തൃശൂർ പട്ടണത്തിൻെറ സാമിപ്യം മെച്ചപ്പെട്ട വിദ്യാഭ്യാസ അവസരം പ്രദാനം ചെയ്തു. വാഴ്ത്തപ്പെട്ട ചവറ കുര്യാക്കോസ് ഏലിയാസച്ചൻ 1885 ഫെബ്രുവരി 2ന് സെൻറ് മേരീസ് ആശ്രമത്തിന് ശിലാസ്ഥാപനം നടത്തി, 89ൽ സെൻറ് അലോഷ്യസ് എൽ.പി. സ്കൂൾ ആരംഭിക്കുകയും ചെയ്തു. ഇന്നിപ്പോൾ 3 ഹൈസ്കൂളുകൾഅടക്കം 9 സ്കൂളുകൾ ഈ പ്രദേശത്തുണ്ട്. സാക്ഷരതാ നിരക്ക് 93 ശതമാനത്തിനപ്പുറമാണ്. ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യവും ഈ പഞ്ചായത്തിൽ ലഭ്യമാണ്. അനൗപചാരിക വിദ്യാഭ്യാസത്തിന് ശക്തി പകർന്നത് ഗ്രന്ഥശാലകളാണ്. 1939ൽ സ്ഥാപിച്ച അരണാട്ടുകരഗ്രാമീണ വായനശാലയാണ് ആദ്യത്തെ സ്ഥാപനം. പ്രധാന വായനശാലകളുടെ പട്ടിക 11.3ൽ നൽകിയിരിക്കുന്നു.

കർഷക നഗറിന് അടുത്തുള്ള അപ്പൻതമ്പുരാൻ വായനശാലയിൽ മാത്രമാണ് ശരാശരി മാസത്തിൽ രണ്ടായിരത്തിൽപരം പുസ്തകങ്ങൾ വിതരണം നടത്തുന്നത്. വായനയുടെ മരണം സാംസ്കാരിക തകർച്ചക്ക് കാരണമാകുമെന്നതിൽ സംശയമില്ല. വായനകുറയുന്നതിന് ഒരുപ്രധാന കാരണം ടി.വിയുടെ വ്യാപനമാണ്. സ്വന്തമായി ടി.വി. ഇല്ലാത്ത കുടുംബങ്ങൾ അനവധിയുണ്ടെങ്കിലും ടി.വി. കാണുന്ന കുടുംബങ്ങൾ 95% വരും. പൊതു ടി.വികൾ, അടുത്തവീടുകൾ എന്നിവയാണ് സ്വന്തമായി ടി.വി ഇല്ലാത്തവരുടെ ആശ്രയം. കേബിൾടി.വി പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും എത്തിയിരിക്കുന്നു. വളരെ ധ്രുതഗതിയിലുണ്ടാകുന്ന സാംസ്കാരിക തകർച്ചയുടെ പ്രധാന കാരണവും ഇതുതന്നെയാണ്. നാട്ടിൻപുറങ്ങളിൽ സജീ

വമായിരുന്ന കലാസമിതികൾ ഇന്ന് നിർജ്ജീവമാണ്. പല ആർട്സ് ആൻറ് സ്പോർട് ക്ലബ്ബുകൾ പഞ്ചായത്തിൻെറ വിവിധ . ഭാഗങ്ങളിലുണ്ട് അവയുടെ വിശദാംശം പട്ടിക 5.11.2

സ്പോർട് & ക്ലബ്ബുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി നാടിൻെറ വികസനത്തിനും സാംസ്കാരിക വളർച്ചക്കും പ്രയോജനപ്പെടുത്തേണ്ടതാണ്. ദിനപത്രങ്ങൾക്ക്, വാർത്തകൾ എത്തിക്കുന്നതിലും തദ്വാര സമൂഹത്തിൻെറ ചിന്താഗതിയെ സ്വാധീനക്കുന്നതിലും പ്രധാനപങ്കാണ് ഉളളത്. മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, എക്സ്പ്രസ്സ്, ദീപിക എന്നിവയാണ് പ്രചാരമുള്ള മലയാള പത്രങ്ങൾ. ഇന്ത്യൻ എക്സ്പ്രസ്സ്, ഹിന്ദു എന്നിവയാണ്ഇംഗ്ലീഷ് പത്രങ്ങളിൽ കൂടുതൽ പ്രചാരമുള്ളത്.

അയ്യന്തോൾ പഞ്ചായത്തിലെ മുഖ്യ മതവിഭാഗങ്ങൾ ഹിന്ദുക്കളും കൃസ്ത്യാനികളുമാണ്.മുസ്ലിം വിഭാഗത്തിലുള്ളവർ വളരെ കുറവാണ്. മതസാഹോദര്യത്തിൻെറ ഉത്തമ ദൃഷ്ടാന്തമാണ് ഈ പ്രദേശം. ജാതി മത വിദ്വേഷങ്ങളോ കലാപങ്ങളോ തൊട്ടുതീണ്ടാത്ത ഈനാട്ടിൽ വളരെ പുരാതനമായ ക്ഷേത്രങ്ങളും കാവുകളുമുണ്ട്. കാര്യാട്ടുകര ഭഗവതിക്ഷേത്രം, ഒളരിക്കര ക്ഷേത്രം, ശ്രീ കണ്ണപുരം ക്ഷേത്രം, തിരുവാണത്തമ്പലം, പുതൂർക്കര സുബ്രഹ്മണ്യക്ഷേത്രം, അയ്യന്തോൾ കാർത്ത്യായനി ക്ഷേത്രം എന്നിവ വളരെ പ്രസിദ്ധമാണ്. തൃശൂർ പൂരത്തിന് ഈ പഞ്ചായത്തിലെ രണ്ടു ക്ഷേത്രങ്ങളിൽനിന്ന് ചെറുപൂരങ്ങൾ പോകുന്നുണ്ട്. നൂറ്റാണ്ടിനുമുമ്പ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ സ്ഥാപിച്ച എൽത്തുരുത്ത് പള്ളിയിലെ 'ആരാധന' കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നുള്ള ജനങ്ങളെ ആകർഷിക്കുന്ന ഒന്നാണ്. ഒളരി, അയ്യന്തോൾ എന്നീ പള്ളികളും അറിയപ്പെടുന്നവയാണ്.കൂടാതെ രണ്ടു മുസ്ലീം പള്ളികളും ഈ പഞ്ചായത്തിലുണ്ട്. മഹാത്മാഗാന്ധിയുടെ പാദസ്പർശത്താൽ പുണ്യമാക്കപ്പെട്ട രണ്ടു സ്ഥലങ്ങളാണ് ലാലൂർ മത്തായിപുരം കോളനിയും ഒളരിക്കര ശിവരാമപുരം കോളനിയും. ഹരിജനങ്ങൾക്ക് ആരാധനക്കായി രണ്ടു സ്ഥലത്തുംരണ്ടു ക്ഷേത്രങ്ങളിൽ അദ്ദേഹം പ്രതിഷ്ഠ നടത്തിയിട്ടുണ്ട്. പട്ടിക 5.11.3 പ്രധാന ആരാധനാലയങ്ങളും ആഘോഷങ്ങളുടെ സമയവും നൽകിയിരിക്കുന്നു.

കായിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന അനേകം സ്പോർട്സ് ക്ലബ്ബുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പഴയകാലത്ത് ശക്തമായിരുന്ന ഇത്തരം ക്ലബ്ബുകൾ ഇന്ന് നിർജ്ജീവമാണെന്നു പറയാതെ വയ്യ. എൽത്തുരുത്തിലെ കെന്നഡി ക്ലബ്ബിലൂടെ വളർന്നുവന്ന അറിയപ്പെടുന്ന ഫുട്ബോൾ കളിക്കാരനാണ് റാഫേൽ. റോബർട്ട്, വേണു, അശോകൻ എന്നിവർ കാര്യാട്ടുകര ഫുട്ബോൾ അസോസിയേഷൻ ദഢജ വളർന്നുവന്ന പ്രതിഭകളാണ്. പഞ്ചായത്തിൻെറ അധീനതയിൽ 3 ഫുട്ബോൾ ഗ്രൗണ്ടുകളുണ്ട്. കായിക വളർച്ചക്ക് പ്രത്യേകിച്ച് ഫുട്ബോളിൻെറ വളർച്ചക്ക് വലിയ സംഭാവന നൽകിയ ഇത്തരം ക്ലബ്ബുകളെ പുനരിജീവിപ്പിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും വളരെ അത്യാവശമാണ്.

അയ്യന്തോൾ കളക്ട്രേററിന് മുന്നിലുള്ള 'സിവിൽ ലൈൻ പാർക്ക്' പഞ്ചായത്തിൻേറാതാണ്. വിനോദത്തിനും വിശ്രമത്തിനും ഉള്ള ഏക പൊതുസ്ഥലമാണിത്. വേണ്ട രീതിയിൽ പരിരക്ഷിക്കപ്പെടാത്തതിനാൽ യാതൊരു പ്രയോജനവും ഇത്. സമൂഹത്തിനു നൽകുന്നില്ല.

## പ്രശ്നങ്ങൾ

- ലാലൂർ പ്രദേശത്ത് മുമ്പ് പ്രവർത്തിച്ചിരുന്ന വായനശാല ഇപ്പോൾ പ്രവർത്തിക്കുന്നില്ല.
- പൊതു റേഡിയോ ഹൗസ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല.
- എല്ലാ വാർഡിലും വായനശാലകൾ നിലവിലില്ല.

- നിലവിലുള്ള സാംസ്കാരിക സംഘടനകളെ വേണ്ടരീതിയിൽ പ്രോത്സാഹിപ്പിക്കുന്നില്ല.

- ഒളരിക്കര ഗ്രാമീണ വായനശാലയിലുള്ള ടി.വി. ശരിയായി പ്രവർത്തിക്കുന്നില്ല. ഈ വായനശാലക്ക് പ്രവർത്തനത്തിനുള്ള കെട്ടിടസൗകര്യം അപര്യാപ്തമാണ്. സ്പോർട്സ് ക്ലബ്ബുകളുടെ പ്രവർത്തനവും, അതിനോടുള്ള പ്രോത്സാഹനവും തൃപ്തികരമല്ല.

- നിലവിലുള്ള വായനശാലകളിലും ക്ലബ്ബുകളിലും വിപുലമായ രീതിയിൽ വാർഷികാഘോഷങ്ങളും സാംസ്കാരിക-സാഹിത്യ സെമിനാറുകളും വേണ്ടരീതിയിൽ നടക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. അപ്പൻതമ്പുരാൻ വായനശാലയുടെ പ്രവർത്തനം കൂടുതൽ അഭിവൃദ്ധിപ്പെടുത്തുക.

2. അരണാട്ടുകര ഗ്രാമീണവായനശാലയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

3. കലക്ട്രേറ്റിന് മുൻവശത്തുള്ള പാർക്ക് ഉപയോഗയോഗ്യമാക്കി സംരക്ഷിക്കുക.

4. മത്തായിപുരം കോളനിയിലെ പഴയ ഖാദി കെട്ടിടത്തിൽ വായനശാല ആരംഭിക്കുക.

5. ലാലൂർ ശവകോട്ടയിൽ ശവസംസ്കാരവും മാലിന്യസംസ്കരണവും ആധുനിക രീതിയിലാക്കിയാൽ പകുതിയിലേറെ സ്ഥലം മറ്റു കാര്യങ്ങൾക്കായി ഉപയോഗിക്കാം.ഇവിടെ ഒരു കളിസ്ഥലം നിർമ്മിക്കാവുന്നതാണ്.

6. കായിക പ്രതിഭകളെ കണ്ടെത്താൻ കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കണം.

7. ലാലൂരിലെ 'ശ്രീ ഗുരു കലാകേന്ദ്രം' തുടങ്ങി വച്ചിരിക്കുന്ന ലൈബ്രറിക്ക് സാമ്പത്തിക സഹായം അനുവദിച്ച് വിപുലീകരിക്കുക.

8. 4-ാം വാർഡിലെ റേഡിയോ ഹൗസുമായി ബന്ധപ്പെടുത്തി തൽക്കാലം ഒരു വായനശാല സ്ഥാപിക്കുകയും പിന്നീട് വിപുലീകരിക്കുകയും ചെയ്യുക.

9. പ്രവർത്തി പരിചയ മേളകൾ സംഘടിപ്പിക്കുക.

10. കലാസാഹിത്യ വിഷയങ്ങളെക്കുറിച്ച് ചർച്ചാ ക്ലാസ്സുകൾ നടത്തുക.

11. കലാകായിക വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുക.

12. ഒളരിക്കര യു.പി. സ്കൂൾ അങ്കണത്തിൽ പൊതുജന പങ്കാളിത്തത്തോടെ ഗ്രന്ഥശാല സ്ഥാപിക്കണം.

13. 9-ാം വാർഡിലെ വായനശാല നാലുചുറ്റും അതിരുകെട്ടി സംരക്ഷിക്കുകയും സാംസ്കാരിക നിലയമായി പ്രഖ്യാപിക്കുകയും ചെയ്യുക.

14. സാംസ്കാരിക സംഘടനകൾക്ക് ബാങ്കുകൾ വഴി ധനസഹായം നൽകുക. പഞ്ചായത്ത്ഗ്രാൻറ് 250 രൂപയിൽനിന്ന് 5000 രൂപയായി വർദ്ധിപ്പിക്കുക.

15. വാർഡുതലത്തിൽ കലാമത്സരങ്ങളും കായിക മത്സരങ്ങളും നടത്തുക.

16. വായനശാലകളും ക്ലബുകളും വാർഷികങ്ങൾ നടത്തുകയും അതോടനുബന്ധിച്ച് സാഹിത്യ-സാംസ്കാരിക സമ്മേളനങ്ങൾ നടത്തുകയും വേണം.

17. പഞ്ചായത്ത് നേരിട്ട് ലൈബ്രറിയും ഒരു ഇൻഫർമേഷൻ സെൻററും നടത്തണം.



## ഡോ. ജോൺ മത്തായി

ലോകം കണ്ട അത്ഭുത പ്രതിഭകളിൽ ഒരാളായ ഡോ.ജോൺ മത്തായി തന്റെ ജീവിതത്തിന്റെ അവസാന നാളുകൾ ചിലവഴിക്കാൻ വേണ്ടി തിരഞ്ഞെടുത്തത് നമ്മുടെ പഞ്ചായത്തിലെ ലാലൂരിലാണ്. എന്നാൽ ഈ നിർബ്ബന്ധ വിശ്രമം അധികം നാൾ തുടരാൻ അദ്ദേഹത്തിനു സാധിച്ചില്ല. 1957ൽ നിലവിൽ വന്ന കേരള സർക്കാർ അദ്ദേഹത്തെ കേരള സർവ്വകലാശാലാ വൈസ് ചാൻസലറാക്കി. സ്റ്റേറ്റ് പ്ലാനിങ്ങ് ബോർഡിലും അദ്ദേഹം ഒരംഗമായിരുന്നു. 1958ൽ "പത്മവിഭൂഷൺ" നല്കാൻ കേന്ദ്രസർക്കാർ സന്നദ്ധത കാണിച്ചപ്പോൾ അദ്ദേഹം നിരസിക്കുകയും, ഭാരതത്തിന് അദ്ദേഹം നല്കിയ സേവനത്തിനുള്ള അംഗീകാരമാണെന്ന് നെഹ്റു സൂചിപ്പിച്ചപ്പോൾ അദ്ദേഹമത് സ്വീകരിച്ചു. ഇന്ത്യയുടെ ധനകാര്യമന്ത്രിയായിരിക്കെ ഡോ.ജോൺ മത്തായി ചെയ്ത ബഡ്ജറ്റ് പ്രസംഗം ചരിത്രം സൃഷ്ടിക്കാൻ പോന്നതായിരുന്നു. സെക്രട്ടേറിയറ്റ് തയ്യാറാക്കുന്ന കരടിൽ ആവശ്യമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തി വായിക്കുകയാണ് എല്ലാ ധനകാര്യമന്ത്രിമാരും പതിവ്. ഇപ്പോഴും അതു തന്നെയാണ് സ്ഥിതി. എന്നാൽ, ഇത്തരം കരടും പ്രസംഗത്തിന്റെയൊന്നും സഹായമില്ലാതെ വെറും ഓർമ്മയിൽ നിന്നാണ് താൻ പ്രസംഗിക്കാൻ പോവുന്നതെന്ന് മത്തായി അറിയിച്ചപ്പോൾ ഉയർന്ന ഉദ്യോഗസ്ഥന്മാരും പാർലമെന്റ് അംഗങ്ങളും അമ്പരക്കുക തന്നെ ചെയ്തു. വിശദമായ കണക്കുകളും വസ്തുതകളും ഉദ്ധരിച്ചുകൊണ്ടുള്ള പ്രസംഗം കുറിപ്പുകളുടെ സഹായമില്ലാതെ ചെയ്തതാണെന്ന് വിശ്വസിക്കുവാൻ പാർലിമെന്റംഗങ്ങൾക്ക് കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ മരണ ശേഷം 16 ഏക്കർ വരുന്ന വീട് നിന്നിരുന്ന സ്ഥലവും കെട്ടിടവും കാലിക്കറ്റ് സർവ്വകലാശാലക്ക് അദ്ദേഹം വിട്ടുകൊടുത്തു. ബിരുദാനന്തര പഠന കോഴ്സുകൾക്കു വേണ്ടി ഈ സ്ഥലം ഉപയോഗപ്പെടുത്തണമെന്നും ജോൺ മത്തായി സെന്ററെന്ന് നാമകരണം ചെയ്യണമെന്നും ഉള്ള വ്യവസ്ഥയോടെയാണ് മിസ്സിസ്സ് മത്തായി ഈ സ്ഥലം വിട്ടുകൊടുത്തത്. ഇതനുസരിച്ച് 1976-77ൽ കാലിക്കറ്റ് സർവ്വകലാശാല മേൽ പറഞ്ഞ സ്ഥലത്ത് ഡോ.ജോൺ മത്തായി സെന്റർ ആരംഭിക്കുകയും അതിൽ സാമ്പത്തിക ശാസ്ത്രവകുപ്പിന്റെ പ്രവർത്തനവും സ്കൂൾ ഓഫ് ഡ്രാമ എന്ന വകുപ്പും ആരംഭിക്കുകയും ചെയ്തു. ഇത് നമ്മുടെ പഞ്ചായത്തിന് വലിയൊരു മുതൽക്കൂട്ടാണ്.

## ശ്രീ രാമവർമ്മ അപ്പൻ തമ്പുരാൻ

ഈ പഞ്ചായത്തിനെ സ്നേഹിച്ച മഹത് വ്യക്തിയാണ് രാമവർമ്മ അപ്പൻ തമ്പുരാൻ. തന്റെ ജീവിതകാലം മുഴുവൻ ഈ കുഗ്രാമത്തിന്റെ ആതുരന്മാരെ ധർമ്മമായി ചികിത്സിക്കാൻ വേണ്ടി ആയുർവേദ സമാജം അദ്ദേഹമാണ് തുടങ്ങിയത്. നാടിന്റെ വ്യവസായികമായ ഉയർച്ചയെ ഉദ്ദേശിച്ച് സീതാറാം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, വിവേകോദയം സമാജം, മംഗളോദയം കമ്പനി, പുറനാട്ടുകര ശ്രീ രാമകൃഷ്ണാശ്രമം മുതലായവ അദ്ദേഹമാണ് ആരംഭിച്ചത്. മലയാള സാഹിത്യത്തിലെ ഒരു കാലഘട്ടത്തിന്റെ മുഴുവൻ ചൈതന്യമായി പ്രശോഭിച്ചിരുന്ന അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ പറയുകയാണെങ്കിൽ "എനിക്കുവേണ്ടി ഞാൻ യാതൊന്നും ചെയ്തിട്ടില്ല. കർമ്മനിരതമായ എന്റെ ജീവിതത്തിൽ നിർവ്വഹിച്ചതെല്ലാം മറ്റുള്ളവർക്കുവേണ്ടിയായിരുന്നു." .

5.9

# വനിത

## വനിതാക്ഷേമം

അബലയായുംചാപല്യത്തിൻെറ മൂർത്തീമദ്ഭാവമായും സ്ത്രീ വിപക്ഷിക്കപ്പെടുന്നിടത്തുതന്നെ അവരോടുള്ള അവഗണനയുടെ കഥ തുടങ്ങുന്നു. സമൂഹം അടിച്ചേൽപ്പിച്ചിട്ടുള്ള അപകർഷതാബോധത്തിൻെറ ചട്ടകൂടിൽ നിന്നും പലപ്പോഴും അവർക്ക് പുറത്തുവരാൻ ആവുന്നില്ല. പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും വനിതകളാണെന്ന വസ്തുത അവരുടെ പുരോഗതിയിലും ശ്രേയസ്സിലും പ്രതിഫലിച്ചു കാണുന്നില്ല. അവരുടെ പ്രശ്നങ്ങൾ കാര്യക്ഷമമായി പൊതുജനസമക്ഷം ഉന്നയിക്കപ്പെടാത്തതായിരിക്കാം ഇതിനു കാരണം. അംഗബലത്തിലും വിദ്യാഭ്യാസത്തിലുംസ്ത്രീ മുന്നിൽ നിയ്ക്കുന്നുണ്ടെങ്കിലും സാമൂഹ്യപദവിയിൽ ഇന്നും പിന്നിട്ടു നില്ക്കുന്നു.ഇവിടെ നിലനില്ക്കുന്ന സാമൂഹ്യ, കുടുംബ പശ്ചാത്തലങ്ങൾ ഇതിനൊരളവുവരെ കാരണമാകുന്നുണ്ട്. നല്ലൊരുപങ്കും , അഭ്യസ്തവിദ്യർ ഉൾപ്പെടെ, ഗൃഹഭരണവുമായി ഒതുങ്ങിക്കൂടുന്ന കാഴ്ചയും നമുക്ക് കാണാവുന്നതാണ്. സ്ത്രീ സാക്ഷരതാനിരക്ക് അഭിമാനകരമായ നിലയിലാണെങ്കിലും (93.3%) പുരുഷൻമാരുടെ നിലവാരത്തേക്കാൾ (96.3%) കുറവാണെന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്.

തൊഴിൽ പങ്കാളിത്ത നിരക്കാണ് സ്ത്രീ പദവിയുടെ യഥാർത്ഥ സൂചിക. എത്രമാത്രം സ്ത്രീകൾക്ക് വരുമാനം സ്വന്തമായി നേടാൻ കഴിയുന്നു എന്നത് ഇതിൽ കൂടി വ്യക്തമാക്കാൻ കഴിയും. ഈ പഞ്ചായത്തിലെ 85% സ്ത്രീകളും വരുമാനം കിട്ടുന്ന തൊഴിലിൽ ഏർപ്പെടാത്തവരാണ്. സ്ത്രീതൊഴിൽ പങ്കാളിത്തത്തിൻെറ വിശദാംശങ്ങൾ പട്ടിക 59.1 ൽ നല്കിയിരിക്കുന്നു.

പട്ടിക 59.1 സ്ത്രീ തൊഴിൽ പങ്കാളിത്തം

| തൊഴിൽ | ശതമാനം |
|---|---|
| പ്രധാന തൊഴിൽ | 14.58 |
| ഭാഗിക തൊഴിൽ | 1.19 |
| തൊഴിൽ ചെയ്യാത്തവർ | 84.23 |
| ആകെ | 100 |

കാനേഷുമാരി 1991




ഉയർന്ന സാക്ഷരതാ നിരക്കുണ്ടെങ്കിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്.തൊഴിൽ ചെയ്യുന്ന ന്യൂന വിഭാഗം ഏതു തൊഴിലുകളാണ് ചെയ്യുന്നതെന്ന് പട്ടിക 59.2 സൂചിപ്പിച്ചിരിക്കുന്നു.

പട്ടിക 59.2 തൊഴിലിൻെറ സ്വഭാവം

| തൊഴിലിൻെറ സ്വഭാവം | സ്ത്രീകൾ | പുരുഷൻമാർ | സ്ത്രീ-പുരുഷ അനുപാതം |
|---|---|---|---|
| കൃഷിക്കാർ | 84 | 295 | 28.5 |
| കർഷക തൊഴിലാളികൾ | 744 | 788 | 94.4 |
| മൃഗപരിപാലനം മത്സ്യബന്ധനം | 51 | 185 | 27.6 |
| കുടിൽ വ്യവസായം | 91 | 287 | 31.7 |
| കുടിലേതര വ്യവസായം | 370 | 2330 | 15.9 |
| സേവന മേഖല | 1612 | 2077 | 77.6 |

കാനേഷുമാരി 1991

കർഷകരിൽ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. കർഷകതൊഴിലാളികളുടെ കാര്യത്തിൽ മാത്രമാണ് സ്ത്രീകൾ പിരുഷൻമാരുടെ അടുത്ത് എത്തുന്നത്. ഭൂമിയിൽ ഉടമസ്ഥാവകാശസാധ്യതയുള്ള കൃഷിക്കാർ എന്ന വിഭാഗത്തിൽ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. എന്നാൽ വരുമാനം താരതമ്യേന കുറഞ്ഞതായ കാർഷിക തൊഴിലാളികളുടെ കാര്യത്തിൽ സ്ത്രീകൾ പുരുൻമാരുടെ അടുത്ത് എത്തിയിരിക്കുന്നു. ഇതേ അവസ്ഥ തന്നെയാണ് കുടിൽവ്യവസായത്തിലും കുടിലേതരവ്യവസായത്തിലുമുള്ളത്. സാമാന്യം ഭേദപ്പെട്ട അനുപാതം കാണിക്കുന്നത് സേവനമേഖലയിലാണ്. സ്കൂൾ, ഓഫീസ്, ബാങ്ക്എന്നീ മേഖലകളിലെ തൊഴിലാണ് ഇതിൽ പ്രധാനം. ഈ മേഖലയിലെ സ്ഥിതി മെച്ചമാണ്.

രൂക്ഷമായ തൊഴിലില്ലായ്മ, വളരെ വരുമാനം കുറഞ്ഞ തൊഴിൽ മേഖലകളിലേക്ക്സ്ത്രീകളെ തള്ളി വിടുന്നുണ്ട്. സെയിൽസ് ഗേൾസ്, ടെലഫോൺ ബൂത്തുകൾ, വീട്ടുപണി മുതലായവ. ഈ മേഖലകളിലെ വരുമാനം വളരെ കുറവാണ്. സ്ത്രീകൾ ജോലിയെടുക്കുന്ന 'കുന്നത്ത്' വസ്ത്രനിർമാണയൂണിറ്റിൽ ഏകദേശം 211 ഓളം പേരുണ്ട്. സീതാറാം മിൽ പോലുള്ള മറ്റുചില സ്ഥാപനങ്ങളിൽ താരതമ്യേന കുറവായേ സ്ത്രീകൾക്ക്തൊഴിൽ ലഭിച്ചിട്ടുള്ളു.

നേരത്തേ സ്ത്രീകൾ കൂടുതലായി തൊഴിലെടുത്തിരുന്ന മില്ലുകളിലും മറ്റും ഇന്ന് നാമമാത്രമായേ വനിതകൾ തൊഴിലെടുക്കുന്നുള്ളൂ. കാർഷിക തൊഴിൽ രംഗത്തും സ്ത്രീകളുടെ എണ്ണം കുറഞ്ഞുവരികയാണ് പൊതുരംഗങ്ങളിൽ സ്ത്രീകളുടെ പ്രാധിനിത്യം പുരുഷൻമാരുടേതിനോടു താരതമ്യം ചെയ്യാവുന്ന തരത്തിൽ ആശാവഹമല്ല രാഷ്ട്രീയസാമൂഹ്യ സംഘടനകളുടെ നേതൃനിരയിൽ സ്ത്രീകൾ ആരും തന്നെയില്ല എന്നത് ഇവിടുത്തെ സ്ത്രീകളുടെ സാമൂഹ്യ പദവിയുടെ അവസ്ഥ വെളിവാക്കുന്നു. എങ്കിലും കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്ന സ്ഥിതിയിൽ നിന്നു വ്യത്യസ്ഥമായി കൂടുതൽ സ്ത്രീകൾ രാഷ്ട്രീയ, സാമൂഹ്യ സംഭവങ്ങളെ കുറിച്ച് ബോധവതികളാണ്. വേണ്ട സമയങ്ങളിൽ പ്രതികരിക്കാനും ഇന്ന് കൂടുതൽ സ്ത്രീകളും മഹിളാ സംഘടനകളും സന്നദ്ധരാവുന്നുണ്ട്.

വിവിധ സർക്കാർ ഏജൻസികൾ മുഖേന ഇവിടെ നടപ്പിലാക്കപ്പെടുന്ന വനിതാക്ഷേമ

പ്രവർത്തനങ്ങൾ തീർത്തും അപര്യാപ്തമാണെന്ന് കാണാവുന്നതാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന മൂന്നു മഹിളാസമാജങ്ങൾ മാത്രമേ പഞ്ചായത്തിൽ നിലവിലുള്ളൂ. ഇവതന്നെ പലേ പ്രശ്നങ്ങളേയും അഭിമുഖീകരിക്കുകയാണ്. പലതിനും സ്വന്തമായ കെട്ടിടങ്ങൾ ഇല്ല. സാമ്പത്തിക പരാധീനതകളും വലിയൊരു പ്രശ്നമാണ്. മറ്റു പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായി ഒരു ബാലവാടി മാത്രമേ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ. ഗ്രാമീണ മേഖലയിൽ സ്ത്രീ ശിശു സംരക്ഷണത്തിനായി ഒരു യൂണിറ്റ്ഏതാനും വർഷം മുമ്പ് ഇവിടെ ആലംഭിച്ചിരുന്നു. ഇന്ന് അതിൻെറ പ്രവർത്തനം ഏറെക്കുറെ നിലച്ച മട്ടാണ്.

## പ്രശ്നങ്ങൾ

വനിതകൾക്ക് ശരിയായ രീതിയിൽ തൊഴിൽ സൗകര്യങ്ങൾ ലഭ്യമല്ല എന്നത് ഒരു പ്രധാന പ്രശ്നമാണ്. വൈദഗ്ദ്യം ആവശ്യമില്ലാത്തതോ അല്ലെങ്കിൽ കുറഞ്ഞ വൈദഗ്ദ്യം മാത്രം ആവശ്യമുള്ളതോ ആയ കൈതൊഴിലുകൾ, കുടിൽ വ്യവസായങ്ങൾ മുതലായവ രംഗങ്ങൾ വനിതകൾക്കായി ഇവിടെ ലഭ്യമല്ല. ഇന്നത്തേ സാമൂഹ്യ പശ്ചാത്തലത്തിൽ പല മേഖലകളിലായി ഇത്തരം യൂണിറ്റുകൾ ഉണ്ടെങ്കിൽ മാത്രമേ വനിതകൾക്ക് അവിടെചെല്ലാനും ജോലിചെയ്യാനും സാധിക്കുകയുള്ളൂ. കൂട്ടുകുടുംബങ്ങൾ ഇല്ലാതായ സാഹചര്യത്തിൽ ഒരു വീട്ടിലെ എല്ലാജോലികളും സ്വയം ചെയ്തു തീർക്കേണ്ട ഒരു വീട്ടമ്മക്ക് മറ്റു സമയങ്ങളിൽ മാത്രമേ പുറം തൊഴിലിന് പോകാൻ സാധിക്കുകയുള്ളൂ. അതിന്, അവരുടെ അയൽപക്കങ്ങളിൽ തന്നെ ലഘുതൊഴിലുകൾ ലഭ്യമാകുന്ന യൂണിറ്റുകൾ ഇല്ലാത്തതിനാൽ അവരുടെ സമയവും വൈദഗ്ദ്യവും ബുദ്ധിയും ഉപയോഗശൂന്യമായിപ്പോകുന്നു.

നിർദ്ധനകുടുംബങ്ങളിൽപെട്ട പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചയയ്ക്കുന്നതിൽ അമ്മമാർ പ്രത്യേകിച്ചും വിധവകളായ അമ്മകൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഇവരെ സഹായിക്കന്നതിനുള്ള നടപടികളൊന്നും ഇവിടെ ലഭ്യമല്ല. ഇതിനുപുറമേ, സാമൂഹ്യമായും മാനസികമായും ബുദ്ധിമുട്ട് അനുഭവിക്കുന്ന വികലാംഗരായ പെൺകുട്ടികൾക്ക് ആവശ്യമായ സഹായ പദ്ധതികളോ തൊഴിൽസംരംഭങ്ങളോ ലഭ്യമല്ല. മറ്റു വീടുകളിൽ പോയി തൊഴിൽ എടുക്കേണ്ടി വരുന്ന സ്ത്രീകൾക്ക് മതിയായ തൊഴിൽ സംരക്ഷണമില്ല. സ്ഥിരമായി തൊഴിൽ ലഭിക്കുന്നില്ലഎന്നതും ഒരു പ്രധാന പോരായ്മയാണ്. പുറം തൊഴിലുകൾക്ക് പോകാത്ത വീട്ടമ്മകൾക്ക് തങ്ങളുടെ സമയം കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുതകുന്ന അടുക്കളത്തോട്ട നിർമ്മാണത്തിനുള്ള നടപടികൾ അപര്യാപ്തമാണ്.

സ്ത്രീകൾക്കുമാത്രമായി വനിതാ വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൻെറ പലയിടത്തും നിലവിലില്ല. മഹിളാസമാജങ്ങളും വേണ്ടത്ര കാര്യക്ഷമതയോടെ പല വാർഡുകളിലുംഇല്ല. ജില്ലയുടെ മറ്റുചിലയിടങ്ങളിൽ ഉള്ളതുപോലെ ഇവിടെ ആവശ്യമായത്ര വനിതാസഹകരണസംഘങ്ങൾ ഇല്ല. വനിതാ ശിശുവികസന കേന്ദ്രങ്ങളുടെ അഭാവവും ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു വസ്തുതയാണ്. മത്സ്യതൊഴിലാളികളായ സ്ത്രീകളുടെ ഉന്നമനത്തിനായി ക്ഷേമപ്രവർത്തനങ്ങളൊന്നും ഇവിടെ ലഭ്യമല്ല. സ്ത്രീതൊഴിലാളികളെ ഉദ്ദേശിച്ചുകൊണ്ട് പരമ്പരാഗത വ്യവസായ യൂണിറ്റുകളൊന്നും പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. പച്ചക്കറിവികസനത്തിനായി പ്രവർത്തിക്കുന്ന വനിതാ സംഘടനകൾഇവിടെ നിലവിലില്ല. സർക്കാർ ഓഫീസുകളിലും മറ്റും ജോലിചെയ്യുന്ന സ്ത്രീകൾക്ക് മാന്യമായ സമീപനം ലഭിക്കുന്നില്ല എന്ന പ്രശ്നം ഇന്നും ഉന്നയിക്കപ്പെടുന്നുണ്ട്. സമൂഹത്തെസ്ത്രീയെ കച്ചവടച്ചരക്കാക്കുകയും മാന്യതയെ ഹനിക്കുകയും ചെയ്യുന്ന അശ്ളീല സിനിമാപോസ്റ്ററുകൾ ഇനിയും നിരോധിക്കപ്പെട്ടിട്ടില്ല. വനിതകളുടെ തൊഴിൽ സാധ്യതകളെ പ്പറ്റി പഠിക്കാനും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനും ഉള്ള സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

## നിർദ്ദേശങ്ങൾ

തൊഴിൽ രഹിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിനായി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ, ബേക്കറി, മിഠായി നിർമ്മാണ യൂണിറ്റുകൾ എന്നിവയും സിമൻറ്, ഇഷ്ടിക എന്നിവ നിർമ്മിക്കുന്നതിനുള്ള വ്യവസായങ്ങളും വ്യവസായപരിശീലനസ്ഥാപനങ്ങളും പഞ്ചായത്തിൽ തുടങ്ങേണ്ടതാണ്. അരി മുളക്, മഞ്ഞൾ, മല്ലി എന്നിവ പൊടിച്ച് പാക്കുചെയ്ത് കൊടുക്കുന്നതിനുള്ള ഒരു ചെറുകിട വ്യവസായ യൂണിറ്റ് ഒരു വനിതാ സഹകരണസംഘമായി സ്ഥാപിക്കണം. മൂന്നു വാർഡുകൾക്ക് ഒരു ഫീഡിംഗ് സെൻറർ വീതം ആരംഭിക്കണം. പാവപ്പെട്ട കുടുംബങ്ങളിലെ പെൺക്കുട്ടികളെ വിവാഹം കഴിപ്പിച്ചയക്കാൻ സാമ്പത്തിക സഹായം നൽകാൻ ലക്ഷ്യമിട്ടുകൊണ്ട് പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. വികലാംഗരായ പെൺകുട്ടികൾക്ക് ബ്ളോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുവാൻ വേണ്ടതായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സംയോജിത ഗ്രാമവികസന പദ്ധതിയുടെവ്യാപ്തി വർദ്ധിപ്പിച്ച് വനിതകൾക്ക് തൊഴിൽസാധ്യത വർദ്ധിപ്പിക്കണം.

വീട്ടമ്മമാർക്ക് അടുക്കളത്തോട്ടം നിർമ്മിക്കാൻ വേണ്ട ഒരു പദ്ധതി ഉണ്ടാക്കണം. സാദ്ധ്യമായ സ്ഥലങ്ങളിൽ വനിതാവ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും മഹീളാ സമാജങ്ങൾ നിലവില്ലാത്ത വാർഡുകളിൽ അവ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുംവേണം.

വനിതകൾക്കു കൂടുതൽ തൊഴിൽ ലഭിക്കുന്നതിനുള്ള സാങ്കേതിക കേന്ദ്രങ്ങൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതുണ്ട്. ഇതോടൊപ്പം തന്നെ സ്ത്രീ തൊഴിലാളികൾക്ക് മാത്രമായി ഒരു പരമ്പരാഗത വ്യവസായശാലയും ആരംഭിക്കണം.

വനിതകളുടെ ക്ഷേമത്തിനായി അവർക്ക് ചെറിയ തോതിലുള്ള ഒരു വരുമാനം ഉറപ്പുവരുത്തുന്ന പച്ചക്കറിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ പഞ്ചായത്തിലെ പുറമ്പോക്ക് സ്ഥലങ്ങൾ വനിതാ സംഘടനകളെ ഏൽപ്പിക്കണം.

സർക്കാർ ഓഫീസുകളിലും ഇതരസ്ഥാപനങ്ങളിലും വിവിധ കാര്യങ്ങൾക്കായി ചെല്ലുന്ന സ്ത്രീകളോട് മാന്യമായ സമീപനം ഉണ്ടാകുവാൻ വേണ്ട നടപടികൾ അതിനു തക്ക ഏജൻസികൾ മുഖേന ലഭ്യമാക്കണം.

പൊതുസ്ഥലങ്ങളിലും ബസ്സ്റ്റോപ്പുകളിലും മറ്റും സ്ത്രീകളെ അശ്ളീലമായി ചിത്രീകരിക്കുന്ന സിനിമാപോസ്റ്ററുകൾ നിരോധിക്കേണ്ടതുണ്ട്.

വനിതകളുടെ തൊഴിൽ സാധ്യതകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും അതിനനുസരിച്ചുള്ള ക്ഷേമപ്രവർത്തങ്ങൾ നടത്തുന്നതിനും വേണ്ടി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ സേവനം കാര്യക്ഷമമായി ലഭ്യമാക്കണം.

വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ അച്ചാറുകൾ, പപ്പടം, മുളകുപൊടി എന്നിവ ഉണ്ടാക്കി വിപണനം നടത്തുവാനുള്ള ഒരു സൊസൈറ്റി രൂപീകരിക്കണം.

സ്ത്രീകൾക്ക് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള പ്രമുഖമായ ഒരു നടപടിയാണ് മഹിളാസമാജങ്ങളുടെ സമഗ്രവികസനത്തിനുള്ള നടപടികൾ ആവിഷ്കരിക്കുക എന്നത്.ഇന്ന് പല മഹിളാസമാജങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഉള്ളവതന്നെ നില നിൽക്കാൻ പാടുപെടുകയാണ്. ഇന്നുള്ള മഹിളാസമാജങ്ങൾക്കൊന്നും തന്നെ സ്വന്തമായി കെട്ടിടമില്ല. അതുകൊണ്ട് തന്നെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം ഇവയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടം മഹിളാസമാജത്തെ ഏൽപ്പിക്കുകയാണെങ്കിൽ സാമജത്തിൻെറ പ്രവർത്തനം നല്ലരീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കുന്നതാണ്. ഇതൊരു ബാലവാടിയോ സ്കൂളോ ആയി പ്രവർത്തിക്കുവാനും തദ്വാരാ പ്രദേശത്തെ വിദ്യാഭ്യാസപ്രശ്ന

ത്തിന് ഒരു പരിഹാരം കാണാനും സാധിക്കും. പഞ്ചായത്തിലെ തൊഴിലില്ലാത്ത ഏതാനും വനിതകൾക്ക് തൊഴിൽ നർകാനും അതുമൂലം സാധിക്കും. അതുപോലെ തന്നെ നേരത്തേ മഹിളാസമാജമായി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലാണ്ഇന്ന് മാവേലി സ്റ്റോർ പ്രവർത്തിക്കുന്നത്. മാവേലിസ്റ്റോർ മറ്റൊരു സ്ഥലത്തേക്ക് മാറ്റുകയും പ്രസ്തുത സ്ഥലം മഹിളാസമാജത്തിനു തിരിച്ചുനൽകുകയും ചെയ്താൽഅവിടെ കേന്ദ്രീകരിച്ച് വനിതാക്ഷേമ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്താവുന്നതാണ്. ഈ കെട്ടിടത്തിൽ ഒരു ലഘുഭക്ഷണശാലയോ ശിശു സംരക്ഷണകേന്ദ്രമോ തുടങ്ങുകയാണെങ്കിൽ തദ്ദേശിയരായ ഉദ്യോഗസ്ഥർക്കും മറ്റു നാട്ടുകാർക്കും അതൊരു ഉപയോഗപ്രദമായ കാര്യമായിരിക്കും. ഇതിനു പുറമേ, ഗ്രാമ വികസനവകുപ്പു മുഖേനയും മറ്റ് സർക്കാർ ഏജൻസികൾ മുഖേനയും മഹിളാസമാജങ്ങൾക്കു ലഭിക്കുന്ന ധനസഹായം, തീർത്തും അപര്യാപ്തമാണ്. കൺവീനർമാർക്കുള്ള ഇൻസെൻറീവ് സ്കൂൾ ടീച്ചർമാരുടേതിനു തുല്യമാക്കി വർദ്ധിപ്പിക്കേണ്ടതാണ്.

വനിതകൾക്ക് ഏതുസമയത്തും സുരക്ഷിതമായി പുറത്തിറങ്ങിനടക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും സ്ത്രീ പീഡനങ്ങളിൽ നിന്നും മറ്റും അവർക്ക് സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്താൽ മാത്രമേ വനിതാക്ഷേമ പ്രവർത്തങ്ങൾ പൂർണ്ണതയിലെത്തുകയുള്ളൂ.

# 5.10

# സഹകരണം

1844ൽ ഇംഗ്ലണ്ടിൽ റോക്സയൽ പയനീയേഴ്സ് സ്ഥാപിച്ച ഒരു കൺസ്യൂമർ സൊസൈറ്റിയാണ് ലോകത്തിൽ ആദ്യമായി രൂപീകരിക്കപ്പെട്ട സഹകരണസംഘം. മുതലാളിത്ത വ്യവസ്ഥയുടെ ചൂഷണോപാധികളായ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, അളവിലും തൂക്കത്തിലും കുറക്കൽ, മായം ചേർക്കൽ മുതലായവയിൽനിന്നും മോചനം ലഭിക്കുവാനുള്ള കൂട്ടായ പരിശ്രമത്തിന്റെ ഭാഗമായാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്. ഇന്ത്യയിൽ 1904ൽ സഹകരണ ആക്ട് നിലവിൽ വന്നു. 1912ൽ പഴയ കൊച്ചി സംസ്ഥാനത്തും 1914ൽ തിരുവിതാംകൂർ സംസ്ഥാനത്തും സഹകരണനിയമം നിലവിൽ വന്നു. 1826ൽതന്നെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് നിലവിൽ വന്നു. ഈ ആക്ട് പ്രകാരം 7 പേർ ചേർന്ന് ഒരുസൊസൈറ്റി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തു 3 വർഷത്തിനുശേഷം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തിന് അർഹതയുണ്ടായിരിക്കും. 1969ലെകേരള സഹകരണനിയമമാണ് ഇപ്പോൾ സഹകരണസംഘങ്ങളെ നിയന്ത്രിക്കുന്ന നിയമം.

പ്രൈമറി, സെൻട്രൽ, അപ്പക്സ് എന്നീ തൃതല സംവിധാനങ്ങളിലാണ് പ്രവർത്തിക്കുന്നത്. സഹകരണസംഘങ്ങളെ പല ടൈപ്പുകളായി തരംതിരിച്ചിട്ടുണ്ട്. പ്രധാനമായും ക്രഡിറ്റ്, ക്രഡിറ്റേതരം എന്നു രണ്ടായി തരം തിരിക്കാം. ക്രഡിറ്റേതരത്തിൽ കൺസ്യൂമർ, മാർക്കറ്റിംഗ് ഇൻഡസ്ട്രിയൽ, കാർഷികവികസന സൊസൈറ്റികൾ, ഹൗസിംഗ് സൊസൈറ്റികൾ, സ്കൂൾ സൊസൈറ്റികൾ, SC/ST സൊസൈറ്റികൾ, പാൽ സൊസൈറ്റികൾ മുതലായവ ഉൾപ്പെടുന്നു.

ഇന്ന് സഹകരണമേഖല പടർന്നു പന്തലിച്ച് നമ്മുടെ സംസ്ഥാനത്ത് ഒരു പ്രസ്ഥാനമായി വളർന്നുവന്നിട്ടുണ്ട്. ഇൻഡ്യയിൽ വായ്പാസംഘങ്ങളിൽ ഒന്നാംസ്ഥാനം നമ്മുടെ സംസ്ഥാനത്തിനാണ്. കേരളത്തിൽ എല്ലാവിധ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രധാനപ്പെട്ടവ ക്രഡിറ്റ് സൊസൈറ്റികൾ തന്നെയാണ്. കൺസ്യൂമർ, മാർക്കറ്റിംഗ്, പാൽ, കാർഷിക സംഘങ്ങൾ സമൂഹത്തിന്റെ ആവശ്യത്തിന് അത്യന്താപേഷിതമാണെങ്കിലും ലാഭംമാത്രം ലാക്കാക്കിയുള്ള മുതലാളിത്ത വ്യവസ്ഥയിൽ സഹകരണ പ്രസ്ഥാനത്തിലും ഈ മേഖലകളിലെ സംഘങ്ങളെ പുറകോട്ടടിച്ചിരിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിൽ 1943 ആഗസ്റ്റ് 14ന്

ആരംഭിച്ച 'അയ്യന്തോൾ പഞ്ചായത്ത് സർവ്വീസ് സഹകരണ സംഘം നമ്പ്ര് 471' ആണ് ആദ്യത്തെ സഹകരണ നിയമപ്രകാരമുള്ള സൊസൈറ്റി. ഈ സംഘത്തിൻെറ ജനയിതാക്കൾ സർവ്വശ്രീ ചാക്കോരു മാസ്റ്റർ, കെ.ജെ. ആൻറണി , പുതുശ്ശേരി പൈലി മാസ്റ്റർ, തോട്ട്യാൽ പൈലോത്, തൈവളപ്പിൽ ചാക്കു, വള്ളൂക്കാരൻ റപ്പായി മുതൽ പേരാണ്. ആദ്യകാല പ്രസിഡൻറ് ശ്രീ. ചാക്കോരു മാസ്റ്റർ ആയിരുന്നു. ഈ സംഘം ഇപ്പോൾ വളർന്ന് 10,681 അംഗങ്ങളുളും 18 ലക്ഷം രൂപയുടെ അംഗീകൃത ഓഹരി മൂലധനവും 10,74,025 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും ഒരു കോടി 58 ലക്ഷത്തിൽ പരം രൂപ നിക്ഷേപവുമുള്ള ഒരു സർവ്വീസ് ബാങ്കായി ഉയർന്നിരിക്കുന്നു.

മറ്റൊരു പ്രധാന ക്രഡിറ്റ് സംഘം 1945ൽ ശ്രീ. എ. കൃഷ്ണവാരിയർ പ്രസിഡൻറായി ആരംഭിച്ച 'അയ്യന്തോൾ സർവ്വീസ് സഹകരണം സംഘം നമ്പ്ര് 494' ആകുന്നു. ഈ സംഘം ഇപ്പോൾ 9984 അംഗങ്ങളും 40 ലക്ഷം അംഗീകൃത മൂലധനവും 30,69,066 രൂപ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനവും 480 ലക്ഷത്തിൽപരം രൂപ നിക്ഷേപമുള്ള സർവ്വീസ്ബാങ്കായി ഉയർന്നിരിക്കുന്നു. ജില്ലയിലെ മറ്റു പഞ്ചായത്തുകളിൽനിന്നും വ്യത്യസ്ഥമായിനമ്മുടെ പഞ്ചായത്തിൽ ചെറുതും വലുതുമായ 28 സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നുവെന്നത് നമുക്ക് അഭിമാനിക്കാൻ വകനല്കുന്നുണ്ട്. ഇതിൽചില സംഘങ്ങളുടെ അതിർത്തി ജില്ല മുഴുവൻ തന്നെയുള്ളതുമാണ്. എന്നാൽ ചില സംഘങ്ങൾ പല കാരണങ്ങളാലും നിർജ്ജീവാവസ്ഥയിലാണെന്ന് പറയാതെ തരമില്ല. പഞ്ചായത്തിലെ സഹകരണസം

പട്ടിക 5

വായ്പാ സഹകരണ, ബാങ്ക് വിവരങ്ങൾ

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പിരിഞ്ഞു കിട്ടിയ മൂലധനം | നിക്ഷേപം |
|---|---|---|---|---|---|
| 1. | അയ്യന്തോൾ പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പ്ര്-471 | 1943 | 10681 | 10,74,025 | 15827602 |
| 2. | അയ്യന്തോൾ സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പ്ര് - 494 | 1945 | 9984 | 30,69,066 | 4,8075234 |

പ്രിയദർശിനി മോട്ടോർ ട്രാൻസ്പ്പോർട്ട് സഹകരണസംഘം വളരെ വിജയകരമായി പ്രവർത്തിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗസംഘമാണ്. 10 റൂട്ട് ബസ്സുകളും 3 ടൂറിസ്റ്റ് ബസ്സുകളും സംഘത്തിനുണ്ട്. ഏതാണ്ട് 100ഓളം തൊഴിലാളികൾ ഇതിൽ ജോലി ചെയ്യുന്നു.

| ക്രമനമ്പർ | സംഘത്തിന്റെ പേര് | സ്വഭാവം | റിമാർക്സ് |
|---|---|---|---|
| 1. | തൃശൂർ ജില്ല സഹകരണ എംപ്ലോയീസ് സഹകരണ സംഘം നമ്പർ - R 325 | എംപ്ലോയീസ് | നന്നായി പ്രവർത്തിക്കുന്നു. |
| 2. | തൃശൂർ ജില്ല ബാർബർ തൊഴിലാളി സഹ.സംഘം ലി. നമ്പർ - R 788 | എംപ്ലോയീസ് | ,, |
| 3. | സിവിൽ സ്റ്റേഷൻ ഗവ.ഓഫീസേഴ്സ് സഹ.സംഘം ലി. നമ്പർ - R 4215 | കൺസ്യൂമർ | ,, |
| 4. | അയ്യന്തോൾ ഹരിജൻ സഹ.സംഘം ലി. നമ്പർ - R 22 | SC/ST. സൊസൈറ്റി | പ്രവർത്തനം നടക്കുന്നില്ല |
| 5. | പ്രിയദർശിനി ഹൗസിങ്ങ് സഹ.സംഘം ലി. നമ്പർ - R 813 | ഹൗസിംഗ് | പ്രവർത്തനം കാര്യക്ഷമമല്ല |
| 6. | അഡ്വക്കേറ്റ് ഹൗസിംഗ് സഹ.സംഘം ലി. നമ്പർ - R 838 | ഹൗസിംഗ് | ,, |
| 7. | പുല്ലഴി കോൾപടവ് സഹ.സംഘം ലി. നമ്പർ - R 200 | കാർഷികം | ,, |
| 8. | ചേറ്റുപുഴ കോൾ കർഷക സഹ.സംഘം ലി. നമ്പർ - R 336 | ,, | ,, |
| 9. | അയ്യന്തോൾ ഗവ.ഹൈസ്കൂൾ സഹ.സംഘം ലി. നമ്പർ - R 358 | സ്കൂൾ സൊസൈറ്റി | ,, |
| 10. | ഒളരിക്കര യു.പി.സ്കൂൾ സഹ.സംഘം ലി. നമ്പർ - R 679 | ,, | ,, |
| 11. | സെൻറ്.അലോഷ്യസ് ഹൈസ്കൂൾ സഹ.സംഘം ലി. നമ്പർ - R 493 | ,, | ,, |
| 12. | ശിവരാമപുരം ഹരിജൻ സഹ.സംഘം ലി. നമ്പർ - R 493 | ഹരിജൻ സൊസൈറ്റി | ,, |
| 13. | തൃശൂർ ജില്ല SC/ST മോട്ടോർ ട്രാൻസ്പോർട്ട് സഹ.സംഘം ലി. നമ്പർ - R 740 (പ്രിയദർശിനി ബസ്) | വ്യവസായ സൊസൈറ്റി | നല്ലനിലയിൽ പ്രവർത്തിക്കുന്നു. |
| 14. | തൃശൂർ ജില്ല മോട്ടോർ തൊഴിലാളി സഹ.സംഘം ലി. നമ്പർ - R 817 (കൈരളി ബസ്സ്) | വ്യവസായ സംഘം | പ്രവർത്തനം കാര്യക്ഷമമല്ല |

| ക്രമനമ്പർ | സംഘത്തിന്റെ പേര് | ഘങ്ങളുടെ വിവരങ്ങൾ താഴെ | ചേർക്കുന്നു. |
|---|---|---|---|
| 15. | തൃശൂർ ജില്ല ഓട്ടോ സ്പെയർ പാർട്ട്സ് സഹ.സംഘം ലി. നമ്പർ - R 876 | വ്യവസായ സംഘം | പ്രവർത്തനം കാര്യക്ഷമമല്ല |
| 16. | പിഗ് ഫാർമേഴ്സ് സഹ.സംഘം ലി. നമ്പർ - R 957 | കൃഷി | പ്രവർത്തിക്കുന്നില്ല |
| 17. | | | |
| 18. | SISI എംപ്ലോയീസ് സഹ.സംഘം ലി. നമ്പർ - R 781 | എംപ്ലോയീസ് സംഘം | ” |
| 19. | ഒളരിക്കര ക്ഷീര വ്യവസായ സഹ.സംഘം ലി. നമ്പർ - R 55 | ക്ഷീരവ്യവസായം | ” |
| 20. | മിനി ഇൻഡസ്ട്രിയൽ സഹ.സംഘം ലി. നമ്പർ - R 240 | വ്യവസായം | ” |
| 21 | സെൻട്രൽ വനിത ഇൻഡസ്ട്രിയൽ സഹ.സംഘം ലി. നമ്പർ - | ” | ” |
| 22 | ഓട്ടോറിക്ഷ ഹരിജൻ വർക്കേഴ്സ് സഹ.സംഘം ലി. നമ്പർ - | ” | ” |
| 23 | അയ്യന്തോൾ ഇറിഗേഷൻ ഡയമണ്ട് സഹ.സംഘം ലി. നമ്പർ - R 207 | ” | പ്രതിസന്ധിയിലാണ് |
| 24 | നവഭാരത് പ്രിൻറിംഗ് സഹ.സംഘം ലി. നമ്പർ - R 305 | ” | നിലവിലില്ല |
| 25 | തൃശൂർ പവർലൂം ഇൻഡസ്ട്രിയൽ സഹ.സംഘം ലി. നമ്പർ - R253 | ” | ” |
| 26 | ഇ.എസ്.ഐ. എംപ്ലോയീസ് സഹ.സംഘം ലി. നമ്പർ - R 282 | എംപ്ലോയീസ് സംഘം | ” |
| 27 | തൃശൂർ ജില്ല.ഖാദി എംപ്ലോയീസ് സഹ.സംഘം ലി. നമ്പർ - R 342 | ” | ” |
| | തൃശൂർ മൊത്ത വ്യാപാര ഉപഭോക്തൃ സഹ.സംഘം ലി. നമ്പർ - R 239, അയ്യന്തോൾ, ഒളരി ബ്രാഞ്ച് | ഉപഭോക്തൃ സംഘം | ” |

## പ്രശ്നങ്ങൾ

പഞ്ചായത്തിൽ എല്ലാ അർഹതയുള്ളവരും സഹ കരണ സംഘങ്ങളിൽ അംഗങ്ങളല്ല.

സഹകരണ സംഘങ്ങളിൽനിന്നും ലഭിക്കുന്ന വായ്പയുടെ പലിശനിരക്ക് ഉയർന്നതാണ്.

കാർഷിക വിളകളുടെ സംഭരണ വില പിടിച്ചു നിർത്തുന്നതിന് ഉതകുന്ന സഹകരണസംഘ ങ്ങൾ ഇല്ല.

ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ ആവശ്യ ത്തിനില്ല.

പൊതുവിതരണരംഗത്ത് പ്രവർത്തിക്കുന്ന ഉപ ഭോക്തൃസഹകരണ സംഘങ്ങൾ ഇല്ല.

പുതൂർക്കരയിലെ കല്ലോരു സഹകരണ സൊസൈറ്റി വേണ്ടതുപോലെ പ്രവർത്തിക്കു ന്നില്ല.

ഭവന നിർമ്മാണത്തിനുള്ള സാധനസാമഗ്രികൾ കുറഞ്ഞനിരക്കിൽ ലഭിക്കുന്നതിനുതകുന്നസഹ. സംഘങ്ങൾ ഇല്ല.

പച്ചക്കറികൾ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ഉതകുന്ന സഹ. സംഘങ്ങൾ ഇല്ല.

ഒളരിക്കരയിലെ പട്ടികജാതി/വർഗ്ഗ സഹ. സംഘ ത്തിന്റെ നിർജ്ജീവാസ്ഥമൂലം പ്രവർത്തനം നടക്കുന്നില്ല.

14-ാം വാർഡിൽ സ്ഥിചെയ്യുന്ന പ്രിയദർശിനി ഹൗസിംഗ് സൊസൈറ്റിയുടെ തെറ്റായ പ്രവർത്തനം അംഗങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ അർഹതയുള്ള എല്ലാവർക്കും അംഗങ്ങളായി ചേരുവാൻ കഴിയുന്നവിധം വായ്പസംഘങ്ങളുടെ അംഗസംഖ്യ നിജപ്പെ ടുത്തണം. ആവശ്യമെങ്കിൽ പുതിയ സംഘം രജിസ്റ്റർ ചെയ്യണം.

2. വായ്പ സംഘങ്ങളുടെ പ്രവർത്തനപരിധി തിട്ട പ്പെടുത്തുകയും അതിർത്തിക്കുള്ളിൽ ഉള്ള വർക്കുമാത്രം അംഗത്വം നൽകുകയും ചെയ്യ ണം. ഓവർ ലാപ്പിംഗ് അവസാനിപ്പിക്കണം.

3. കാർഷിക വായ്പയുടെ പലിശനിരക്കിൽ കാര്യ മായ കുറവു ലഭിക്കാൻ വേണ്ടനടപടി ഉണ്ടാ കണം.

4. കാർഷികേതര വായ്പയുടെ പലിശനിരക്കും കമേഴ്സ്യൽ ബാങ്കുകളിലേതിനേക്കാൾ കാര്യ മായ കുറഞ്ഞതായിരിക്കണം.

5. ഈ പഞ്ചായത്തിൽ ഒരു കാർഷികസഹ. സംഘം സ്ഥാപിക്കുന്നതിന് നടപടി ഉണ്ടാക ണം.

6. മൂന്നോ നാലോ വാർഡുകൾക്ക് ഒന്ന് എന്ന കണക്കിൽ ക്ഷീര വ്യവസായ സഹ. സംഘ ങ്ങൾ ഉണ്ടാകണം. അല്ലെങ്കിൽ ബ്രാഞ്ചുകൾ ഉണ്ടാകണം.

7. പഞ്ചായത്തിൽ ഉപഭോക്തൃ സഹ. സംഘങ്ങൾ മൂന്നോ നാലോ വാർഡുകൾക്ക് ഉണ്ട്എന്ന നില യിൽ സ്ഥാപിക്കുകയും സൂപ്പർമാർക്കറ്റ്, പൊതു വിതരണം എന്നിവ അവയുടെ കീഴിലാക്കു കയും വേണം.

8. വനിതകളുടെ തൊഴിൽ വർദ്ധിപ്പിക്കുന്നതിനു തകുന്ന റെഡിമെയ്ഡ് വസ്ത്രം, ബുക്ക് ബൈൻഡിംഗ്, കറിപൗഡർ, ഇലക്ട്രിക്-ഇ ലക്ട്രോണിക്, ബേക്കറി മുതലായ തൊഴിൽ അവസരങ്ങൾ ഉണ്ടാകുന്ന സഹകരണ സംഘ ങ്ങൾ സ്ഥാപിക്കുവാൻ വേണ്ടതു ചെയ്യുക.

9. ഭവനനിർമ്മാണത്തിന് വായ്പ ലഭിക്കുന്നതിന് ഒരു ഭവന വായ്പാ സഹ. സംഘങ്ങൾ സ്ഥാപിക്കുക.

10. പഞ്ചായത്തിലെ ജനങ്ങളുടെ മിച്ച സമ്പാദ്യം മുഴുവനായി പഞ്ചായത്തിലെ വായ്പാ സംഘങ്ങളിൽ നിക്ഷേപിക്കുന്നതിന് പ്രേരിപ്പിക്കുന്ന ബോധവൽക്കരണവും പ്രോത്സാഹനവും നൽകുക.

11. പഞ്ചായത്തിലെ തൊഴിലില്ലാത്തവരുടെ ലിസ്റ്റ് തയ്യാറാക്കുക. വിവിധ തൊഴിലാളികൾക്ക് ആവശ്യമുള്ള തൊഴിലുടമകൾക്ക് ന്യായമായ നിരക്കിൽ സേവനം ലഭ്യമാകത്തക്കവിധം ഒരു ചാരിറ്റബിൾ സൊസൈറ്റി രൂപീകരിക്കണം.

12. പഞ്ചായത്തിലെ മരാമത്തുപണികൾ ഏറ്റെടുത്തു നടത്തുന്നതിന് ഉതകുന്ന ഒരുലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കുകയും സൊസൈറ്റിക്ക് അഡ്വാൻസ് പഞ്ചായത്തു നൽകുകയും സൊസൈറ്റിയിൽ പഞ്ചായത്ത് ഓഹരി എടുക്കുകയും ചെയ്യുക.

13. മുതലാളിത്ത വ്യവസ്ഥിതിയിലും സോഷ്യലിസ്റ്റു സമൂഹത്തിലും ഒരേപോലെചൂഷണ വിമുക്തമായി പ്രവർത്തിക്കാൻ കഴിയുന്ന സഹകരണ മേഖലയിലെ പ്രവർത്തകർക്കും ജീവനക്കാർക്കും ആവശ്യമായ ബോധവൽക്കണം നൽകണം. അതിനുവേണ്ട പദ്ധതി തയ്യാറാക്കണം.

5.11

# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

1991-ലെ കാനേഷുമാരി കണക്കനുസരിച്ച് 5327 പട്ടിക ജാതിയിൽ പെട്ടവരും 2 പട്ടിക വർഗ്ഗ ത്തിൽ പെട്ടവരുമാണ് ഈ പഞ്ചായത്തിലുള്ളത്. ആകെ ജനസംഖ്യയുടെ 11.7 ശതമാനമാണ് ഇവ രുടെ സംഖ്യ. സ്ത്രീ പുരുഷ അനുപാതം 1045 സ്ത്രീക്ക് ആയിരം പുരുഷൻ എന്നതാണ്. പറയൻ. പുലയൻ, വേട്ടുവൻ, കണക്കൻ എന്നീ വിഭാഗങ്ങ ളിൽ പെട്ടവരാണ് ഭൂരിഭാഗവും.

ഏതാണ്ട് 50 വർഷം മുമ്പുവരെ അതാത് പ്രദേശത്തെ ജന്മികളുടെ കീഴിലുള്ള പണിക്കാ രായിരുന്ന ഇവർ. പാടത്തും പറമ്പിലും കഠി നാദ്ധ്വാനം ചെയ്ത് കിട്ടുന്നത് തുഛമായ വരുമാ നമായിരുന്നു. കൂലി നിശ്ചയിച്ചിരുന്നത് ജന്മിയാ യിരുന്നു. കൂലി ചോദിക്കുവാൻ ധൈര്യപ്പെടുന്ന വർക്ക് കഠിനമായ പീഢനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നിരുന്നു. പകലന്തിയോളം പണിചെയ്തുവരുന്ന മിക്ക കുടുംബങ്ങൾക്കും അന്തിയുറങ്ങാൻ ഇടമി ല്ലായിരുന്നു. മോട്ടോറുകളും എഞ്ചിനുകളുമില്ലാ തിരുന്ന കാലഘട്ടത്തിൽ വലിയ (20ഇല, 16 ഇല) ചക്രങ്ങൾ കാൽകൊണ്ട് ചവുട്ടി വറ്റിച്ചാണ് കൃഷി യിറക്കുവാൻ യോജ്യമാക്കിയിരുന്നത് മഴയും, ഇടയും മിന്നലുമൊന്നും പണിക്ക് തടസ്സമാകുവാൻ പാടില്ലായിരുന്നു.

ഫ്യൂഡലിസത്തിലെ ക്രൂരമായ അടിമത്വ ത്തിൽ നിന്ന് മോചനം നേടാൻ കഴിഞ്ഞുവെങ്കിലും സാമൂഹ്യമായി, സാമ്പത്തികമായി, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൻെറ അവസ്ഥയിൽവലിയ മാറ്റമൊന്നും ഉണ്ടായിട്ടില്ല എന്നതാണ് സത്യം. കൃഷിഭൂമി കർഷകന് എന്നതിൻെറ അടിസ്ഥാന ത്തിൽ ഭൂനിയമം നടപ്പിലാക്കിയെങ്കിലും പാടത്തും പറമ്പിലും പണിയെടുക്കുന്ന പട്ടികജാതി വിഭാഗ ത്തിൽപ്പെട്ടവർക്ക് കാര്യമായൊന്നും കിട്ടിയില്ല. കുടി കിടപ്പ് നിയമം വന്നപ്പോൾ ഏതാനും ഹരിജനങ്ങ ൾക്ക് കുടികിടപ്പ് കിട്ടി. സാമൂഹ്യമായി പട്ടികജാ തിക്കാരുടെ അവസ്ഥ മെച്ചപ്പെട്ടതല്ല എന്നതിൻെറ ചില സൂചനകൾ താഴെപ്പറയുന്നു.

(1) ഹരിജൻ കോളനികൾ സൃഷ്ടിച്ച് ഈ വിഭാഗത്തെ ഒരു ഭാഗത്ത് ഒതുക്കുന്നു. (2) ഇക്കാ ലത്തും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ജാതി പേര് വിളിച്ച് ആക്ഷേപിക്കുന്ന അവസ്ഥ നിലനില്ക്കുന്നു.

(3) ക്ഷേത്രപ്രവേശനം ലഭിച്ചുവെങ്കിലും, ക്ഷേത്രത്തിൻെറ മറ്റു കാര്യങ്ങളിൽ ഹരിജനങ്ങളെ ഉൾപ്പെടുത്തുന്നില്ല.

അയ്യന്തോൾ ഗ്രാമപഞ്ചായത്തിലെ പട്ടികജാതികുടുംബങ്ങളുടെ വിശദാംശങ്ങൾ പട്ടിക-1-ൽ നല്കിയിരിക്കുന്നു.

പട്ടിക

| വിശദാംശങ്ങൾ | എണ്ണം |
|---|---|
| കുടുംബങ്ങളുടെ എണ്ണം | 711 |
| ഓലപ്പുര | 160 |
| വൈദ്യുതിയുള്ള വീടുകൾ | 351 |
| സ്വന്തമായി വെള്ളത്തിനു സൗകര്യമുള്ളത് | ഇല്ല |

*പട്ടികജാതി-വികസനസർവ്വേ 1992*

പട്ടികജാതി കുടുംബങ്ങളിൽ ഒരുവീട്ടിൽ ശരാശരി ഏഴിൽകൂടുതൽ അംഗങ്ങൾ താമസിക്കുന്നുണ്ട്. ഏതാണ് 23 ശതമാനം വീടുകളും ഓലപ്പുരയാണ്. പകുതിയോളം വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല. സ്വന്തമായി കുടിവെള്ളത്തിനു സൗകര്യമുള്ള ആരുമില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആകെയുള്ള 711 കുടുംബങ്ങളിൽ 591 എണ്ണം (83%) ദാരിദ്ര്യ രേഖയ്ക്കു താഴെയാണ്. എന്നാൽ പഞ്ചായത്തിൽ ഇത് 37 ശതമാനമാണ്.

## വിദ്യാഭ്യാസം തൊഴിൽ

സ്കൂൾ വിദ്യാഭ്യാസം നടത്തുന്നവരിൽ 15.6 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് ജന സംഖ്യയിൽ പട്ടികജാതി വിഭാഗത്തിൻെറ ശതമാനത്തേക്കാൾ ഉയർന്നതാണിത്. ഇതിന് പ്രധാനകാരണം ഈ വിഭാഗത്തിലെ കുട്ടികൾ പഞ്ചായത്തിനു പുറത്തുള്ള സ്കൂളുകളിൽ വിദ്യാഭ്യാസത്തിനായി പോകുന്നില്ല എന്നതാണ്. എന്നാൽ മറ്റു വിഭാഗത്തിലുള്ളവർ നല്ല സ്കൂളുകളിൽ വിദ്യാഭ്യാസം നടത്തുന്നു. തോറ്റു പഠിക്കുന്ന കുട്ടികളിൽ താരതമ്യേന കൂടുതൽ ശതമാനം ഈ വിഭാഗത്തിലെ കുട്ടികളാണ്. പഞ്ചായത്തിലെ വിവധ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൻെറ കണക്ക് പട്ടിക-2-ൽ നല്കിയിരിക്കുന്നു.

പട്ടിക-2

## സ്കൂൾ വിദ്യാർത്ഥികൾ

| ക്ലാസ്സ് | SC/ST | ആകെ കുട്ടികൾ | ശതമാനം |
|---|---|---|---|
| 1. | 89 | 433 | 20.5 |
| 2. | 84 | 456 | 18.4 |
| 3 | 87 | 438 | 19.8 |
| 4 | 86 | 447 | 19.2 |
| 5 | 69 | 445 | 15.5 |
| 6 | 74 | 435 | 17.0 |
| 7 | 63 | 459 | 13.7 |
| 8 | 47 | 459 | 10.2 |
| 9 | 40 | 390 | 10.2 |
| 10 | 24 | 238 | 8.3 |
| ആകെ | 663 | 4250 | 15.6 |

ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 20.5 ശതമാനം പട്ടികജാതി വിഭാഗത്തിലുള്ളവരാണ്. എന്നാൽ പത്താം ക്ലാസ്സിൽ എത്തുമ്പോൾ അത് കേവലം 8.3 ശതമാനമാകുന്നുവന്നത് വളരെ ഗുരുതരമായ പ്രശ്നമായികാണണം. കൊഴിഞ്ഞുപോക്ക് മറ്റുള്ളവരേക്കാൾ വളരെ കൂടുതലാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

എഴുനൂറു വിദ്യാർത്ഥികൾ ലപ്സം ഗ്രാൻറ് വാങ്ങുന്നവരാണെന്നാണ് രേഖകളിൽ കാണുന്നത്. പത്താം ക്ലാസ്സിൽ തോറ്റ 284 പേരും പത്താം ക്ലാസ്സ് പാസ്സായ 273 പേരുമാണ്ഈ വിഭാഗത്തിൽ പഞ്ചായത്തിലുള്ളത്. സർക്കാർ ജോലിക്കാർ 111 പേരാണ് ഈ സൗകര്യങ്ങൾ പട്ടികയിൽ 11.3-ൽ നല്കിയിരിക്കുന്നു.

പട്ടിക 11.3

### തൊഴിൽ, വിദ്യാഭ്യാസം

| ഇനം | എണ്ണം |
|---|---|
| എസ്.എസ്.എൽ.സി. തോറ്റവർ | 284 |
| എസ്.എസ്.എൽ.സി. ജയിച്ചവർ | 273 |
| സർക്കാർ ജോലിക്കാർ | 111 |
| IRDP ലോൺ ലഭിച്ചവർ | 160 |
| സ്വയം തൊഴിൽ ലോൺ | 14 |
| മറ്റു ലോണുകൾ | 147 |

*പട്ടികജാതി സർവ്വേ 1992*

പട്ടികജാതി കോളനികൾ പഞ്ചായത്തിന്റെ വിവധഭാഗങ്ങളിലുണ്ട്. ഇത്തരത്തിലുള്ള കോളനികൾ സമൂഹത്തിലെ മറ്റുജന വിഭാഗങ്ങളുമായി ഒത്തുചേർന്നു ജീവിക്കുന്നതിന്തടസ്സം ഉണ്ടാകുന്നു.

സ്വന്തമായി വീടുള്ള പലവീടുകളും അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ മോശമായ അവസ്ഥയിലാണ്.

### തൃശൂർ ജില്ലാ പട്ടിക ജാതി /പട്ടിക വർഗ്ഗമോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘം ക്ളിപ്തംനമ്പർ 740 – അയ്യന്തോൾ – തൃശൂർ – 3.

തൃശൂർ ജില്ലയിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങൾക്ക്മോട്ടോർ ട്രാൻസ്പോർട്ട് മേഖലയിൽ തൊഴിൽ നൽകുക എന്ന ഉദ്ദേശത്തോടുകൂടി ഈസംഘം 29-8-84 ൽ രജിസ്റ്റർചെയ്ത് 13-9-84 ൽ പ്രവർത്തനമാരംഭിച്ചു. മൂന്ന് ബസ്സുകളും 125 അംഗങ്ങളും 25 ൽ താഴെ ജീവനക്കാരുമായി പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന് ഇപ്പോൾ 10 റൂട്ട് സർവ്വീസ് ബസ്സുകളും 3 ടൂറിസ്റ്റ് വീഡിയോ കോച്ച് ബസ്സുകളും അടക്കം 13 ബസ്സുകളും 3076 അംഗങ്ങളുമുണ്ട്. 12 വർഷം പിന്നിട്ട സംഘത്തിന്റെ പ്രവർത്തനം കൊണ്ട് പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട 80പേർക്ക് നേരിട്ട് തൊഴിൽ നല്കുവാൻ സാധിച്ചിട്ടുണ്ട്.

### പ്രശ്നങ്ങൾ

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ സർവ്വീസിനും ജീവനക്കാർക്കും സ്വകാര്യ മേഖലയിൽ നിന്ന് കടുത്ത മൽസരവും ഭീഷണിയും നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ എന്നു കരുതപ്പെടുന്ന ജീവനക്കാർക്കെതിരെയുള്ള കയ്യേറ്റവും ഇടക്കിടെ ഉണ്ടാകുന്നു. ഇവ ഒഴിവാക്കാൻ സംഘത്തിന് മാത്രമായി ഏതാനും റൂട്ടുകൾ റിസർവ് ചെയ്തുതരുന്നത് ഫലപ്രദമായിരിക്കും.

വാഹനനികുതി മറ്റു ഫീസുകൾ എന്നിവയിൽനിന്ന് ന്യായമായ ഇളവുകൾ ലഭിക്കാൻ നടപടിയുണ്ടാകേണ്ടതാണ്.

K.S.R.T.Cക്ക് വേണ്ടി നീക്കിവച്ചിട്ടുള്ള റൂട്ടുകളിൽ പത്തുശതമാനമെങ്കിലും റിസർവ്വ് നൽകേണ്ടതും ഇൻറർ സ്റ്റേറ്റ് റൂട്ട് സംഘത്തിന് അനുവദിച്ചുതരേണ്ടതും അത്യാവശ്യമായ കാര്യമാണ്.

സംഘത്തിന് സ്വന്തമായ ആഫീസോ, ഗ്യാരേജോ, വർക്ക്ഷോപ്പോ ഇതുവരെ ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ല. സംഘത്തിന് ഒളരിക്കരയിൽ 35 സെൻറ് സ്ഥലം സർക്കാർ അനുവദിച്ചിട്ടുണ്ട്. 96-97ലെ പ്രത്യേക കേന്ദ്ര പദ്ധതി അനുസരിച്ച് 4.75 ലക്ഷം രൂപ ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിലും അത് തീരെ അപര്യാപ്തമാണ്. അവയുടെ പൂർത്തീകരണത്തിനായി ചുരുങ്ങിയത് 6 ലക്ഷം രൂപയും കൂടി ആവശ്യമുണ്ട്. കൂടാതെ ടയർ റീസോളിങ്ങ് യൂണിറ്റ് തുടങ്ങുന്നതിന് 4 ലക്ഷം രൂപയും ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിന് 4 ലക്ഷം

രൂപയും സംഘത്തിന് ആവശ്യ.മുണ്ട്. ബസ്സ് സർവ്വീസുകൾഎണ്ണം വർദ്ധിപ്പിച്ച് കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിന് ബസ്സ് ഒന്നിന് 8ലക്ഷം രൂപചെലവു വരാവുന്ന 3 പുതിയ ബസ്സുകൾ വാങ്ങുന്നതും സംഘത്തിൻെറ ഭാവി ആവശ്യങ്ങളിൽപ്പെടുന്ന കാര്യങ്ങളാണ്.

## പട്ടികജാതി പ്രശ്നങ്ങൾ

1. 4ാം വാർഡിൽ പാർക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പട്ടയം ലഭിച്ചിട്ടില്ല.
2. 7ാം വാർഡിൽ പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്ക് പണിതുകൊടുത്തവീടുകൾ നിലംപതിക്കാവുന്ന സ്ഥിതിയിലാണ്.
3. 9ാം വാർഡിൽ ഏകദേശം (5% ) അഞ്ച്ശതമാനത്തോളം ഉള്ള പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി വീടുകൾ ഇല്ല.
4. 10ാം വാർഡിൽ മൊത്തം ജനസംഖ്യയുടെ മൂന്നിൽ ഒരു ഭാഗം പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്. അതിൽ ഭൂരിഭാഗം കുടുംബങ്ങൾക്കും, വിട്, കകൂസ്, കുളിമുറി എന്നിവയില്ല.
5. ഭൂമി സ്വന്തമായി ഇല്ലാത്ത അംഗങ്ങൾ പുറംപോക്ക് ഭൂമിയിൽ കുടിൽകെട്ടി താമസിക്കുന്നുണ്ട്. ഇവർക്ക് സ്വന്തമായി വീടും ഭൂമിയും ഇല്ല്.
6. 1ാം വാർഡിൽ തൃക്കുമാരംകുടം സ്ഥലനിവാസികൾക്ക് യാത്രാസൗകര്യമില്ല. ഡ്രെയിനേജ് അംഗൻവാടി മുതലായവയില്ല.
7. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ട കൂടുതൽ കുടുംബങ്ങളുള്ള 3ാം വാർഡിൽ, ഒരു ഗവൺമെൻറ് ഡിസ്പെൻസറിയില്ല. സ്വന്തമായി ഭൂമിയും വീടുമില്ലാത്ത വളരെ കുടുംബങ്ങൾ ഉണ്ട്. വയറിംഗ് നടത്താത്ത വീടുകൾ ഉണ്ട്.
8. ഒളരിക്കരയിൽ പട്ടകജാതി പട്ടികവർഗ്ഗസഹകരണസംഘത്തിൻെറ കീഴിലുള്ള പ്രസ്സ് പ്രവർത്തിക്കുന്നില്ല.
9. മത്തായിപുരം കോളനിയിലെ കിണറുകളിൽ പാറപൊട്ടിക്കാൻ സംവിധാനമില്ല.
10. 4ാംവാർഡിൽ പട്ടികജാതിക്കാർ താമസിക്കുന്ന സ്ഥലത്ത് കിണർ ഉപയോഗശൂന്യമാണ്.
11. പഠനം പൂർത്തിയാക്കാതെ വിദ്യാലയങ്ങളിൽനിന്ന് കുട്ടികൾ കൊഴിഞ്ഞുപോകുന്നു.
12. അഞ്ചാം വാർഡിൽ സെറ്റിൽമെൻറ് കോളനിയിൽ ശുദ്ധജലവും വൈദ്യുതിയും എത്തേണ്ടതാണ്.
13. എട്ടാം വാർഡിലെ പഠനകേന്ദ്രം മുടങ്ങികിടക്കുന്നു. കുഴൽ കിണർ പ്രവർത്തിക്കുന്നില്ല.
14. പട്ടികജാതിയിൽപ്പെട്ടവർ ഭൂരിഭാഗവും തൊഴിൽ രഹിതരാണ്.
15. കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കാൻ സംവിധാനമില്ല.
16. സെറ്റിൽമെൻറ് കോളനിയിൽ ടി.വി. സെറ്റ് സ്ഥാപിച്ചിട്ടില്ല.
17. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ ലഭിക്കുന്നില്ല. ഇവർക്ക് കിട്ടേണ്ടഗ്രാൻറ് കൃത്യമായി കിട്ടുന്നില്ല.
18. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പൊതുവായ സ്ഥലത്ത് കായികവും മാനസികവും സാമൂഹ്യവുമായ വികാസനത്തിന് അനുയോജ്യമായ സ്ഥാപനമില്ല.
19. 2,3,4,5,10,14 വാർഡുകളിൽ പല വീടുകളിലും കക്കൂസ്, കുളിമുറി എന്നിവയില്ല.
20. 4-ാം വാർഡിൽ പുരക്കെട്ടിമേയാൻ അർഹതപ്പെട്ടവർക്ക് സഹായം ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. 4-ാം വാർഡിലെ 4 സെൻറിൽ പട്ടികജാതി പട്ടികവർഗ്ഗകാർക്ക് പട്ടയം ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണ്.

2. 7-ാം വാർഡിൽ പട്ടികജാതിക്കാർക്ക് പണിതു കൊടുത്ത വീടുകളിലെ അറ്റകുറ്റപണികൾ നടത്തി സംരക്ഷിക്കേണ്ടതാണ്.

3. പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി വീടുണ്ടാക്കാനുള്ള ധനസഹായം നൽകേണ്ടതാണ്.

4. തൃക്കുമാരംകുടം കോളനിയിൽ യാത്രാസൗകര്യത്തിനായി റോഡ് നിർമ്മിക്കേണ്ടതും മലിനജലം ഒഴുകി പോകുന്നതിന് സംവിധാനം ഉണ്ടാക്കേണ്ടതുമാണ്. ടി സ്ഥലത്ത് ഒരു അംഗൻവാടി ആരംഭിക്കുക.

5. അയ്യൻതോൾ പഞ്ചായത്തിലുള്ള 3-ാം വാർഡിൽ ഒരു ഡിസ്പെൻസറിയും 5-ാം വാർഡിൽ ഒരു തൊഴിൽപരിശീലന കേന്ദ്രവും 6-ാം വാർഡിൽ ഒരു ലൈബ്രറിയും 7-ാം വാർഡിൽ ഒരു സഹകരണ സ്ഥാപനവും തുടങ്ങേണ്ടതാണ്.

6. വയറിംഗ് നടത്താത്ത വീടുകൾക്ക് സൗജന്യമായി വയറിംഗ് നടത്തി വൈദ്യുതി ലഭ്യമാക്കണം.

7. [illegible] സഹകരണസംഘത്തിന് കീഴിലുള്ള പ്രസ്സ് സാമ്പത്തിക സഹായം നൽകി പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

8. മത്തായിപുരം കോളനിയിൽ കിണറുകളിലെ പാറ പൊട്ടിക്കുവാൻ സാമ്പത്തികസഹായം നൽകേണ്ടതാണ്. പഞ്ചായത്തിൻേറതായ ഒരു ജനകീയ പരാതിപെട്ടി സ്ഥാപിക്കേണ്ടതാണ്.

9. അബലകളായ വനിതകൾക്ക് വിവാഹ സഹായം, പ്രസവാനുകൂല്യം എന്നിവ നൽകേണ്ടതാണ്.

10. സൗജന്യനിരക്കിൽ വൈദ്യുതി നൽകുക.

11. 8-ാം വാർഡിലെ മുടങ്ങികിടക്കുന്ന പഠനകേന്ദ്രം തുറന്നു പ്രവർത്തിക്കാൻ വേണ്ട സംവിധാനം ചെയ്യുക. കുഴൽകിണർ ഉപയോഗപ്രദമാക്കുക, കമ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

12. 9-ാം വാർഡിൽ വയോജന വിദ്യാഭ്യാസം പ്രാവർത്തികമാക്കുക - കുട്ടികളെകൊണ്ട് ജോലിചെയ്യിക്കുന്നത് തടയുക, അവർക്ക് വിദ്യാഭ്യാസം നൽകുക.

5-12

# ധനകാര്യം വിഭവസമാഹരണം

പഞ്ചായത്തിന്റെ തനതു വരുമാനം കെട്ടിട നികുതി, വിനോദ നികുതി, ലൈസൻസ് ഫീസ് എന്നിവയാണ്.

ഇത് വരുമാനത്തിന്റെ 53.5 ശതമാനം വരും. വസ്തു കൈമാറ്റ നികുതി സർക്കാർ പിരിക്കുകയും പിന്നീട് പഞ്ചായത്തിന് കൈ മാറുന്നതുമാണ്. വസ്തു കൈമാറ്റനികുതിയുടെ 25% സർക്കാർ വിവേചന അധികാരം പ്രയോഗിച്ച് നൽകുന്നതാണ്. 75% മാത്രമേ നിയമപരമായി കൈമാറേണ്ടതുള്ളൂ. തനതു വരുമാനവും കൈമാറ്റ നികുതിയും ചേർന്നതാണ് പഞ്ചായത്തിന്റെ സാധാരണ വരുമാനം. (നോർമൽ വരുമാനം). ഇത് 62% വരും. ലൈസൻസ് ഫീസിനത്തിൽ വളരെ തുച്ഛമായ വരുമാനമേയുള്ളൂ. കേവലം 0.5% മാത്രം. ചിത്രം 12.2 വരവിനെ ചിത്രരൂപത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1. കെട്ടിട നികുതി
2. തൊഴിൽ നികുതി
3. വിനോദ നികുതി
4. ലൈസൻസ് ഫീസ്
5. വസ്തു കൈമാററനികുതി (75%+25%)
6. ഗ്രാന്റിതര വരുമാനം
7. ഡിപ്പോസിറ്റ്.




അയ്യന്തോൾ ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്. കെട്ടിടനികുതി, വിനോദ നികുതി, തൊഴിൽ നികുതി എന്നിവയാണ് വരുമാന മാർഗ്ഗങ്ങൾ. പൊതു മരാമത്താണ് പ്രധാന ചിലവിനം. ഉയർന്ന ജന സാന്ദ്രതയും നഗരവല്ക്കരണവും വഴി ശുദ്ധജലവിതരണം, തെരുവുവിളക്ക് എന്നിവക്കായുള്ള ചിലവ് വർദ്ധിച്ചു വരുന്നു.

പട്ടിക 12.1 ൽ പഞ്ചായത്തിന്റെ 1995 96 ലെ വരവ് സംബദ്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

| ഇനം | വരവ് | വരവിന്റെ ശതമാനം |
|---|---|---|
| കെട്ടിട നികുതി | 13,12,115.00 | 26.0 |
| തൊഴിൽ നികുതി | 8,48,019.00 | 16.8 |
| വിനോദ നികുതി | 5,16,336.15 | 10.2 |
| ലൈസൻസ് ഫീസ് | 2,31,30.00 | 0.5 |
| വസ്തുകൈമാറ്റനികുതി 75% | 4,39,161.00 | 8.7 |
| വസ്തു കൈമാറ്റ നികുതി(25%) | 4,50,000.00 | 8.9 |
| സർക്കാർ ഗ്രാന്റിതര വരുമാനങ്ങൾ | 13,46,266.90 | 26.7 |
| ഡിപ്പോസിറ്റ് | 10,66,36.00 | 2.12 |
| ആകെ | 50,41,664.05 | 100 |

ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങൾ ആകെ 510 ആണ്. ലഭിക്കുന്ന വരുമാനം വളരെ തുച്ഛമാണ്. ഡിപ്പോസിറ്റ് പഞ്ചായത്തിന്റെ വരുമാനമല്ല, പഞ്ചായത്തിന്റെ ബാദ്ധ്യതയാണ്. പലവിധ പണികൾക്കും മറ്റുമായി പഞ്ചായത്തു വാങ്ങുന്ന തുകയാണ് . ഇത് തിരിച്ചുനൽകേണ്ടതാണ്.

അൺടൈഡ് ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് 1995 96ൽ ലഭിച്ചത് 3 ലക്ഷത്തോളം രൂപയാണ്. മൊത്ത വരുമാനത്തിന്റെ 6% മാത്രമാണ് അൺടൈഡ് ഫണ്ട്. നികുതിയിനത്തിൽ നടപ്പുവർഷം 8,89,161 രൂപ ലഭിച്ചു. വെഹിക്കിൾസ് ടാകസ് കോമ്പൻസേഷനായി 1,14,104/ രൂപയും ലഭ്യമായി.




1. ഭരണം 19.7%
2. പൊതുമരാമത്ത് 42.5%
3. വിദ്യാഭ്യാസം 0.5%
4. ജലവിതരണം, പൊതുജനാരോഗ്യം3.1%
5. തെരുവു വിളക്ക് 17%
6. മറ്റുള്ളവ. 17.2%

## ചിലവ്:

ചെലവു സംബദ്ധിച്ച വിശദവിവരങ്ങൾ പട്ടിക 12.2ൽ ചിത്രസഹിതം നൽകിയിരിക്കുന്നു.

പട്ടിക 12.2

| ഇനം | തുക | ചിലവിന്റെ ശതമാനം |
|---|---|---|
| ഭരണം | 8,59,508.00 | 19.7 |
| പൊതുമരാമത്ത് | 18,55,895.00 | 42.5 |
| വിദ്യാഭ്യാസം | 21,408.00 | 0.5 |
| ജലവിതരണം, ഓടകൾ, പൊതു ജനാരോഗ്യം | 1,33,960.00 | 3.1 |
| തെരുവുവിളക്ക് | 7,43,106.00 | 17.0 |
| മറ്റുള്ളവ | 7,49,991.00 | 17.2 |
| ആകെ | 43,63,868.00 | 100 |

പഞ്ചായത്തിന്റെ ചിലവുകളിൽ ഏറ്റവും കൂടുതലായി വരുന്നത് റോഡുകളിലേക്കാണ്, റോഡ് കീലിടുന്നതും റിപ്പയർ ചെയ്യുന്നതുമാണ് പ്രധാന ജോലി. എന്നാൽ വിദ്യാഭ്യാസത്തിനു വേണ്ടിവരുന്ന ചിലവെന്നു പറയുന്നത് സ്കോളർഷിപ്പ് കൊടുക്കുന്നതും, യൂണിഫോം വിതരണം ചെയ്യുന്നതും മാത്രമാണ്. ആരോഗ്യ പ്രവർത്തനത്തിൽ ഉൾപ്പെടുന്നത് ഓട വൃത്തിയാക്കുന്നതും ചപ്പുചവറുകൾ എടുത്തു മാറ്റുന്നതുമാണ്, പക്ഷെ, തെരുവു വിളക്കുകൾക്കായി നല്ലൊരു തുക പഞ്ചായത്ത് ചിലവഴിക്കുന്നുണ്ട്.

താഴെക്കാണിച്ച പട്ടിക 12.3ൽ കഴിഞ്ഞ വർഷങ്ങളിലെ വരുമാനവും ചിലവും രേഖപ്പെടുത്തിയിരിക്കുന്നു. വരുമാനത്തിൽ വാർഷിക വർദ്ധന 13.5% മാത്രമാണ്, വർദ്ധനയിൽ വാർഷിക വ്യതിയാനവും ദൃശ്യമാണ്. ഈ വ്യതിയാനത്തിന്റെ പ്രധാന കാരണം സർക്കാർ നൽകുന്ന ഗ്രാന്റിന്റെ ഏറ്റകുറച്ചിൽ മൂലമാണ്. ഉദാഹരണത്തിന് വസ്തു കൈ മാറ്റത്തിന്റെ 25%

സർക്കാർ വിവേചനാധികാരം ഉപയോഗിച്ച് നൽകുന്നതാണ്. ഇത് ചില വർഷങ്ങളിൽ ലഭിക്കാറില്ല. ഇതു മൂലം പഞ്ചായത്തിന് വരുമാനത്തെ ക്കുറിച്ച് വ്യക്തമായ ധാരണ ലഭിക്കുന്നില്ല. അതിനാൽ കൃത്യമായ വരുമാനം പ്രതീക്ഷിച്ചുള്ള ആസൂത്രണത്തിന് ബുദ്ധിമുട്ടുണ്ടാകുന്നു. വരുമാനത്തിൽ സംഭവിക്കുന്ന ഈ വ്യതിയാനം വാർഷിക ചിലവിലും ഏറ്റക്കുറച്ചിൽ സൃഷ്ടിക്കുന്നു.

പട്ടിക 12.3 കഴിഞ്ഞ വർഷങ്ങളിലെ വരുമാനവും ചിലവും

| വർഷം | ആകെ വരുമാനം | വാർഷിക വർദ്ധന ശതമാനം | ആകെ ചിലവ് | വാർഷിക വർദ്ധന ശതമാനം |
|---|---|---|---|---|
| 1987-88 | 22,70,868.00 | - | 19,43,658.00 | |
| 1988-89 | 2,50,036.00 | 10.1 | 24,95,271.00 | 28.40 |
| 1989-90 | 30,60,746.00 | 22.4 | 34,00,583.00 | 36.28 |
| 1990-91 | 25,23,938.00 | -17.5 | 35,95,986.00 | 5.76 |
| 1991-92 | 30,58,532.00 | 21.2 | 35,77,515.00 | -0.5 |
| 1992-93 | 30,60,779.00 | 0 | 24,17,637.00 | -32 |
| 1993-94 | 44,17,514.00 | 44.30 | 44,72,750.00 | 93 |
| 1994-95 | 41,21,095.00 | -6.7 | 48,35,483.00 | 3.48 |
| 1995-96 | 50,41,664.00 | 22.30 | 43,63,869.00 | -9.75 |

പട്ടിക 12.4 തനതു വരുമാന സ്രോതസുകൾ

| വർഷം | കെട്ടിട നികുതി | വാർഷിക വർദ്ധന ശതമാനം | തൊഴിൽ നികുതി | വാർഷിക വർദ്ധന ശതമാനം | വിനോദ നികുതി | വാർഷിക വർദ്ധന ശതമാനം | ലൈസൻസ് ഫീസ് | വാർഷിക വർദ്ധന ശതമാനം |
|---|---|---|---|---|---|---|---|---|
| 1986-87 | 307364 | - | 282993 | - | 680051 | - | 12988 | |
| 1987-88 | 367988 | 19.7 | 328366 | 16.0 | 806258 | 17.0 | 13132 | 1.1 |
| 1988-89 | 478414 | 30.0 | 314821 | -4.10 | 734805 | -8.9 | 12765 | -2.8 |
| 1989-90 | 567357 | 18.6 | 475914 | 51.2 | 765653 | 4.1 | 13735 | 7.5 |
| 1990-91 | 532139 | -6.2 | 369295 | -22.4 | 623974 | -18.5 | 12041 | 12.3 |
| 1991-92 | 881388 | 65.6 | 518682 | 40.5 | 589139 | -5.6 | 20434 | 69.7 |
| 1992-93 | 793765 | -10.0 | 532682 | 2.6 | 499058 | -15.3 | 17533 | -14.2 |
| 1993-94 | 1139025 | 43.5 | 587207 | 10.2 | 575729 | 15.2 | 20683 | 18.0 |
| 1994-95 | 1188345 | 4.3 | 701157 | 19.4 | 599809 | 4.3 | 20779 | 1.0 |
| 1995-96 | 131215 | 10.4 | 848019 | 20.9 | 566336 | -13.9 | 23130 | 4.7 |

പട്ടിക 12.4ൽ പഞ്ചായത്തിന്റെ തനതു വരുമാന സ്രോതസ്സുകളുടെ കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിലെ മാറ്റം സൂചിപ്പിച്ചിട്ടുണ്ട്. കെട്ടിട നികുതിയിനത്തിൽ ഏകദേശം നാലിരട്ടി വർദ്ധന കാണിക്കുന്നുണ്ട്. എന്നാൽ ഈ വരുമാനത്തിൽ വാർഷിക വ്യതിയാനം കാണുന്നുണ്ട്. തന്നെയുമല്ല, ചില വർഷങ്ങളിലെ കെട്ടിട നികുതി വരുമാനം കുറഞ്ഞുപോയതായും കാണുന്നു. ഇപ്പോൾ പഞ്ചായത്തിലുള്ള കെട്ടിടങ്ങൾ ആകെ 12,782 ആണ്, 1993-94ലെ കാലഘട്ടത്തിൽ കെട്ടിടങ്ങളുടെ വർദ്ധന ഗണ്യമായ തോതിലുണ്ടായി. ഒരു കെട്ടിടത്തിൽ നിന്നുമുള്ള ശരാശരി നികുതി വരുമാനം 102.60 രൂപയാണ്. പഴയകെട്ടിടങ്ങൾ പൊളിച്ചുപണിയുമ്പോഴും നിലവിലുള്ള കെട്ടിടത്തിന് വിസ്തൃതി വർദ്ധിപ്പിക്കുമ്പോഴും പലപ്പോഴും പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യാറില്ല. ഇതു മൂലം വരുമാനത്തിൽ വലിയ ചോർച്ച നടക്കുന്നുണ്ട്.

ആകെ തൊഴിൽ നികുതി നല്കുന്നവരുടെ എണ്ണം 3388 ആണ്, ശരാശരി 250.30രൂപ. മുൻ കാലങ്ങളേക്കാൾ വർദ്ധന ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. ഏകദേശം മൂന്നിരട്ടി. എന്നാൽ നിയമപ്രകാരം തൊഴിൽ നികുതി ഈടാക്കാൻ കഴിയുന്ന എല്ലാവരിൽനിന്നും ഇത് ഈടാക്കാൻ കഴിയുന്നില്ല.

വിനോദ നികുതിയിനത്തിൽ നമുക്ക് കിട്ടുന്ന വരുമാനം നാൾക്കുനാൾ കുറഞ്ഞുവരികയാണ്, 1987-88ൽ 8ലക്ഷത്തിൽ പരം രൂപ കിട്ടിയിരുന്നത് 1995-96 ആവുമ്പോഴേക്കും 6ലക്ഷത്തോളമായി കുറഞ്ഞുവെന്നത് വസ്തുനിഷ്ഠമായി പഠിക്കേണ്ട കാര്യമാണ്. തന്നെയുമല്ല, വാർഷിക വരുമാനത്തിൽ വളരെ ഗൗരവതരമായ വ്യതിയാനം കണ്ടുകൊണ്ടിരിക്കുന്നു. അതിനാൽ ഈ മേഖലയിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന വിഭവനഷ്ടം ഇല്ലാതാക്കാതിരിക്കാനുള്ള നടപടികൾ ഉടനെ ആരംഭിക്കുകയും വേണം.

ലൈസൻസ് ഫീസിനത്തിൽ വളരെ ചെറിയ തുകയെ നമുക്ക് ലഭിക്കുന്നുള്ളൂ. മാത്രമല്ല, വരുമാനവർദ്ധന വളരെ കുറവുമാണ്. ചില വർഷങ്ങളിൽ ഈ വരുമാനം മുൻവർഷത്തെക്കാൾ കുറയുകയും ചെയ്തിട്ടുണ്ട്. ലൈസൻസ് എടുക്കേണ്ടവർ/പുതുക്കേണ്ടവർ അതുചെയ്യാത്തതാണ് അതിനു കാരണം.

ചിത്രം 12.3 വരുമാനത്തിന്റെ ഏറ്റക്കുറച്ചിൽ




കെട്ടിട നികുതി
വാർഷിക
വർദ്ധന ശതമാനം


തൊഴിൽ നികുതി
വാർഷിക
വർദ്ധന ശതമാനം
60
50
40
30
20
10
0
-10
-20
-30
86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96


വിനോദ നികുതി
വാർഷിക
വർദ്ധന ശതമാനം
20
15
10
5
0
-5
-10
-15
-20
86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96


ലൈസൻസ് ഫീസ്
വാർഷിക
വർദ്ധന ശതമാനം
70
60
50
40
30
20
10
0
-10
-20
86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96




**ആകെ വരുമാനം വാർഷിക വർദ്ധന ശതമാനം**

**പട്ടിക 12.5 പ്രധാന ചിലവുകൾ**

| വർഷം | ഭരണ ചിലവ് | വാർഷിക വർദ്ധന ശതമാനം | പൊതു മരാമത്ത് | വാർഷിക വർദ്ധന ശതമാനം | തെരുവു വിളക്ക് | വാർഷിക വർദ്ധന ശതമാനം | മററു ചിലവ് | വാർഷിക വർദ്ധന ശതമാനം |
|---|---|---|---|---|---|---|---|---|
| 1986-87 | 2,05,744 | - | 3,81,670 | - | 2,92,530 | - | 3,47,754 | - |
| 1987-88 | 1,95,413 | -5.02 | 2,08,857 | -45 | 3,67,275 | 25.50 | 10,05,887 | 189 |
| 1988-89 | 3,15,121 | 61.25 | 5,87,647 | 181 | 4,72,134 | 28.50 | 9,50,815 | -5.47 |
| 1989-90 | 3,36,607 | 6.81 | 14,30,297 | 143 | 4,07,519 | -13.68 | 12,10,225 | 27 |
| 1990-91 | 3,10,237 | -7.83 | 16,80,476 | 17.50 | 5,88,086 | 44 | 10,17,187 | -15.95 |
| 1991-92 | 3,34,886 | 7.94 | 16.42.615 | -2.25 | 6,26,575 | 6.54 | 9,66,428 | -5 |
| 1992-93 | 4,17,282 | 24.60 | 5,96,265 | -63 | 7,19,606 | 14.84 | 11,89,089 | 23 |
| 1993-94 | 6,49,031 | 55.50 | 14,09,730 | 136 | 7,22,400 | 0.38 | 7,03,372 | -40 |
| 1994-95 | 6,25,268 | -3.66 | 27,48,150 | 94 | 7,90,927 | 9.48 | 6,65,925 | -5.32 |
| 1995-96 | 8,59,508 | 37.40 | 18,55,895 | -32 | 7,43,106 | -6.04 | 7,49,991 | 12 |

ഓത്തം വരുമാനം മറ്റു തനതു വരുമാനം എന്നിവയുടെ വാർഷിക വർദ്ധനയാണ് ചിത്രം 12.3ൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിവിധ സ്രോതസ്സുകളുടെ വാർഷിക വ്യതിയാനം നമുക്ക് കാണാൻ കഴിയും.

പഞ്ചായത്തിന്റെ പ്രധാന ചിലവിനങ്ങളുടെ കഴിഞ്ഞ വർഷങ്ങളിലെ വർദ്ധനവ് പട്ടിക 12.5ൽ കൊടുത്തിരിക്കുന്നു. ഇതിൽ പ്രധാനം ഭരണ ചിലവാണ്. ഇത് ഗണ്യമായ തോതിൽ വർദ്ധിച്ചുക്കൊണ്ടിരിക്കുന്നു. ഇതിന്റെ വാർഷിക വർദ്ധനയിൽ വരുന്ന ഏറ്റകുറച്ചിൽ പട്ടികയിൽ ദൃശ്യമാണ്. അപൂർവ്വം ചില വർഷങ്ങളിൽ ഭരണ ചിലവ് കുറഞ്ഞുവരുന്നതായും കാണാം.

ചിലവിനത്തിൽ മറ്റൊരു പ്രധാന ഇനം പൊതുമരാമത്താണ്. ഇതിലും വാർഷിക വ്യതിയാനം കാര്യമായിട്ടുണ്ട്. പൊതുമരാമത്ത് ഏതാണ്ട് റോഡ് നിർമ്മിക്കുന്നതിലാണ്. പൊതുമരാമത്ത് ചിലവ് ഉൽപ്പാദനത്തെ നേരിട്ട് സഹായിക്കുന്ന മേഖലകളിലേക്ക് തിരിച്ചു വിടേണ്ടതാണ്. തെരുവു വിളക്കുകൾക്കായും ചെലവ് വർഷം തോറും വർദ്ധിക്കുകയാണ്.

## ജെ.ആർ.വൈ

ഈ പദ്ധതിയിൽ കീഴിൽ 1995-96ൽ 5,63,506 രൂപ ചിലവഴിച്ചു. പൊതു വിഭാഗത്തിൽ റോഡുകൾക്കും, പട്ടിക ജാതി പട്ടിക വർഗ്ഗത്തിന് വീടുകൾക്കും, കക്കൂസുകൾക്കും വേണ്ടിയാണ് ഈ പദ്ധതി പ്രകാരം പണം ചിലവഴിച്ചിട്ടുള്ളത്. 1995-96ൽ ഈ പദ്ധതി പ്രകാരം ഈ ചിലവഴിച്ചതിന്റെ പട്ടിക താഴെ ചേർക്കുന്നു.

| വിഭാഗം | പണി | തുക | ശതമാനം |
|---|---|---|---|
| ജനറൽ | റോഡ് | 4,44,506.00 | 79 |
| പട്ടി ജാതി, | വീട്, | 79,000.00 | 14 |
| പട്ടികവർഗ്ഗം | കക്കൂസ് | 40,000.00 | 7 |
| ആകെ | | 5,63,506.00 | 100 |

## സഹകരണ ബാങ്കുകൾ/സംഘങ്ങൾ

ഈ പഞ്ചായത്തിൽ രണ്ടു സഹകരണ ബാങ്കുകളാണ് പ്രവർത്തിക്കുന്നത്.

1. അയ്യന്തോൾ പഞ്ചായത്ത്സർവ്വീസ് സഹകരണ ബാങ്ക് നമ്പ്ര് 471
2. അയ്യന്തോൾ സർവ്വീസ് സഹകരണ ബാങ്ക് നമ്പ്ര് 494

പട്ടിക 12.7

| പേര് | നിക്ഷേപം | വായ്പ | വായ്പ-നിക്ഷേപഅനുപാതം |
|---|---|---|---|
| 1. അയ്യന്തോൾ പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് നമ്പ്ര് 471 | 1,58,27,602 | 1,11,616,94 | 70.52 |
| 2. അയ്യന്തോൾ പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് നമ്പ്ര് 494 | 4,80,75,237 | 2,90,02,052 | 60.00 |

കാർഷിക വായ്പയായി വളരെ കുറഞ്ഞതുകമാത്രമേ ഈ ബാങ്കുകൾ നൽകുന്നുള്ളൂ. 471ാം നമ്പ്ര് ബാങ്ക് കേവലം വായ്പയുടെ 0.6% മാത്രമേ നൽകുന്നുള്ളൂ. 494-നമ്പ്ര് ബാങ്ക് വായ്പയുടെ 0.2% മാത്രമാണ് നൽകുന്നത്.

## ദേശസാൽകൃത ബാങ്കുകൾ

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ബാങ്ക് ഓഫ് ബറോഡ, സൗത്തിന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, തൃശൂർ ജില്ലാ സഹകരണ ബാങ്ക് എന്നിവയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## മറ്റു ധനകാര്യ സ്ഥാപനങ്ങൾ

കേരളസ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസിന്റെ ഒരു ബ്രാഞ്ച് അയ്യന്തോളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ബ്രാഞ്ച് മുഖേന ഹയർപർച്ചേയ്സ് വിഭാഗം പ്രവർത്തിക്കുകയും ധനസമാഹരണം നടത്തുകയും ചെയ്യുന്നു. കൂടാതെ 12നു മേൽ സ്വകാര്യ കുറികമ്പനികളും പണമിടപാട് സ്ഥാപനങ്ങളും ഇവിടെയുണ്ട്. സ്വകാര്യസ്ഥാപനങ്ങൾ ഈടാക്കുന്ന പലിശനിരക്ക് 24 മുതൽ 120% വരെയാണ്, കൂടാതെ മടിശ്ശീല കമ്പനികളും ധാരാളം പ്രവർത്തിക്കുന്നു. സാധാരണക്കാരനെ ചൂഷണം ചെയ്ത് വഴിയാധാരമാക്കുന്ന കൊള്ളപലിശക്കാരെ നിർത്തൽ ചെയ്യുന്നതിനു വേണ്ടി അധികൃതരുടെ ഭാഗത്തു നിന്നും അടിയന്തര നടപടികൾ വളരെ അത്യാവശ്യമാണ്.

**അൺടൈഡ് ഫണ്ട്.**

ഉപാധികളില്ലാതെ പഞ്ചായത്തിന് ചിലവഴിക്കാൻ കഴിയുന്നതാണ് ഈ പണം. ഈ പണം എങ്ങിനെ ഉപയോഗിക്കുന്നു എന്നറിയുക വളരെ പ്രധാനമാണ്. പഞ്ചായത്തുകൾക്ക് ഇനിമുതൽ കൂടുതൽ പണം ലഭിക്കുന്നത് ഈ രീതിയിലാവും. കഴിഞ്ഞ അഞ്ചുവർഷത്തെ അൺടൈഡ് ഫണ്ട് വിനിയോഗം 12.8 പട്ടികയിൽ നൽകിയിരിക്കുന്നു.

പട്ടിക 12.8

| വർഷം | വിഭാഗം | പണി | തുക | വാർഷിക വർദ്ധന ശതമാനം |
|---|---|---|---|---|
| 1991-92 | ജനറൽ | റോഡ് | 3,14,877.00 | |
| | പട്ടികജാതി | കക്കൂസ് | 77,500.00 | |
| | ആകെ | | 3,92,377.00 | |
| 1992-93 | ജനറൽ | റോഡ് | 1,43,957.00 | |
| | പട്ടികജാതി | വീട് | 83,000.00 | |
| | ആകെ | | 226,957.00 | 42.2 |
| 1993-94 | ജനറൽ | റോഡ് | 2,05,555.00 | |
| | പട്ടിജാതി | റോഡ് | 2,43,818.00 | |
| | ആകെ | | 4,49,373.00 | 102.4 |
| 1994-95 | ജനറൽ | റോഡ് | 1,55,800.00 | |
| | പട്ടികജാതി | റോഡ് | 1,13,900.00 | |
| | ആകെ | | 2,69,700.00 | 41.3 |
| 1995-96 | ജനറൽ | റോഡ് | 1,40,200.00 | |
| | പട്ടികജാതി | റോഡ് | 1,59,500.00 | |
| | ആകെ | | 2,99,700.00 | 11 |

പഞ്ചായത്തിനു ലഭിക്കുന്ന ഉപാധിരഹിത ഫണ്ടിന് വലിയ വാർഷിക ഏറ്റകുറച്ചിലുണ്ട്. ജനറൽ കാറ്റഗറിയിൽ പൂർണ്ണമായും ഫണ്ട് റോഡിന് മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. പട്ടിക ജാതി വിഭാഗത്തിനുള്ള ചിലവിൽ കൂടുതൽ കക്കൂസ്, വീട് എന്നീ വ്യക്തികൾക്ക് ഗുണം ലഭിക്കുന്ന വിഭാഗത്തിലേക്കും, റോഡ് എന്നിവയ്ക്കും ഉപയോഗ്യമാക്കി മാറ്റുന്നു.

**ഗൾഫ് പണം.**

വിദേശത്ത് ജോലി ചെയ്യുന്ന- പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന വളരെയധികം പേർ ഇവിടെയുണ്ട്. ഭൂരിഭാഗവും വളരെ മെച്ചമല്ലാത്ത ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. എങ്കിലും 'ഗൾഫ് പണം' ഇവിടെ ധാരാളം എത്തുന്നുണ്ട്. എന്നാൽ ഈ പണം പൂർണ്ണമായും ഉല്പാദനപരമല്ലാത്ത മേഖലയിലേക്കാണ് ഉപയോഗിക്കുന്നത്. ഗൾഫിൽ നിന്നും മടങ്ങിവന്ന പലരും തന്റെ സമ്പാദ്യം ഒരു വീട് വയ്ക്കുന്നതിനും ബാക്കി തുക കൊണ്ട് എന്തെങ്കിലും വ്യാപാരം തുടങ്ങുന്നതിനും മാത്രമായി ഉപയോഗിക്കുന്നു. കൃഷി, ചെറുകിട വ്യവസായം എന്നി മേഖലകളിലേക്ക് അവർ താല്പര്യം കാണിക്കുന്നേയില്ല. വിദേശ നിക്ഷേപം വേണ്ട പോലെ ഉല്പാദന രംഗത്തേക്ക് തിരിച്ചുവിടാൻ ഫലപ്രദമായ മാർഗ്ഗങ്ങൾ ആലോചിക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

ലൈസൻസ് ഫീസിനത്തിൽ വളരെ തുഛമായ വരുമാനം മാത്രമേ ലഭിക്കുന്നുള്ളൂ. ശരാശരി ഒരു സ്ഥാപനത്തിൽ നിന്നും 45 രൂപ മാത്രം.

ലൈസൻസ് ആവശ്യമുള്ള എല്ലാവരും അത് എടുക്കുന്നില്ല, പുതുക്കുന്നുമില്ല. ഇത് വരുമാന ചോർച്ച ഉണ്ടാക്കുന്ന പ്രശ്നമാണ്.

സർവ്വീസ് ചാർജ്ജ് ഇനത്തിൽ യാതൊരു വരുമാനവും പഞ്ചായത്തിനില്ല. പഞ്ചായത്ത് ചെയ്തു കൊടുക്കുന്ന സേവനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നവരിൽ നിന്നും ചാർജ്ജ് ഈടാക്കാവുന്നതാണ്. ഉദാ. ഹൗസിങ്ങ് കോളനികളിലെ മാലിന്യ നിർമ്മാർജ്ജനം.

വിനോദ നികുതിയിൽ നിന്നും ഒരു കളിയിൽനിന്നും ശരാശരി ലഭിക്കുന്നത് 176 രൂപ മാത്രമാണ്. വിനോദ നികുതി 48% വരും. ഇതിനർത്ഥം ഒരു കളിക്ക് ആകെ വരുമാനം 336 രൂപ മാത്രമാണെന്നാണ്. ഈ വരുമാനം കൊണ്ട് തിയേറ്റർ നടത്താൻ കഴിയില്ലന്ന് വ്യക്തമാണല്ലോ. വലിയ നികുതി വെട്ടിപ്പ് ഈ മേഖലയിലുണ്ട്.

വസ്തു കൈമാറ്റത്തിൽ യഥാർത്ഥവിലയിൽ വളരെ താഴെ മാത്രം തുക രേഖയിൽ കാണിക്കുന്നത് പഞ്ചായത്തിനു വളരെ വലിയ വിഭവ ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട്.

വീട്ടു നികുതിയിനത്തിൽ ശരാശരി ലഭിക്കുന്നത് 102.6 രൂപയാണ്. ആകെയുള്ള വീടുകളിൽ 17% ഓലവീടുകൾ എന്നാണ് രേഖയിൽ. ഇത് വിശദമായി പരിശോധിക്കപ്പെടേണ്ടതാണ്. ഇത് ഒഴിവാക്കി കണക്കാക്കിയാൽ പോലും 123 രൂപ മാത്രമേ ശരാശരി ലഭിക്കുന്നുള്ളൂ.

പഞ്ചായത്തിനു ലേലവരുമാനമായി വളരെ ചെറിയ സംഖ്യ മാത്രമേ ലഭിക്കുന്നുള്ളൂ. ചന്തയിൽ നിന്ന് 10650 രൂപയും ഫലവൃക്ഷങ്ങളിൽ നിന്ന് 1805 രൂപയും.

അൺടൈഡ് ഫണ്ട് മൊത്തവരുമാനത്തിന്റെ 6% മാത്രമേയുള്ളൂ. പഞ്ചായത്തിന്റെ ഇഷ്ടമനു

സരിച്ച് ചിലവഴിക്കാൻ കിട്ടുന്ന തുക വളരെ കുറവാണ്.

സർക്കാർ നൽകുന്ന ഗ്രാന്റുകൾക്ക് സമയ ക്ലിപ്തമില്ല. ഇതു മൂലം വരുമാനത്തിൽ വാർഷിക ഏറ്റകുറച്ചിലുണ്ടാകുന്നുണ്ട്. വരുമാനത്ത് കുറിച്ച് ശരിയായ ധാരണ ലഭിക്കുന്നില്ല.

പ്രൊഫഷണൽ നികുതിയുടെ പരിതിയിൽ ഉൾപ്പെടുത്താവുന്ന എല്ലാവരിൽനിന്നും നികുതി ഈടാക്കുന്നില്ല.പരസ്യനികുതി ഈടാക്കുന്നില്ല.

ചിലവിൽ പ്രധാനം പൊതുമരാമത്തിനാണ്. അതിൽ പ്രധാനം റോഡിനും. റോഡിന്റെ അറ്റ കുറ്റ പണികൾക്ക് നല്ല തുക മാറ്റിവക്കേണ്ടി വരുന്നു.

ഉല്പാദനത്തെ നേരിട്ടു സഹായിക്കുന്ന കാര്യ ങ്ങൾക്ക് കൃത്യമായ ചിലവ് നടത്തുന്നില്ല.

സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്നത് ശരി യായി പരിപാലിക്കുന്നില്ല. അതിനാൽ വലിയ ആവർത്തന ചിലവുണ്ടാകുന്നു. ഉദാഹരണ ത്തിന് പഞ്ചായത്ത് റോഡുകൾക്ക് വെള്ളം ഒഴുകി പോകുന്നതിനുള്ള ചാലുകളില്ല. വെള്ളം കെട്ടിറോഡ് നശിക്കുന്നു.

## സാധ്യതകൾ

1. വിനോദ നികുതിയിലെ ചോർച്ച തടയുന്ന തിന് സംവിധാനം ഏർപ്പെടുത്തണം. കുറ്റ മറ്റ പരിശോധനാരീതി ആവിഷ്കരിക്കണം.
2. ഈ പ്രദേശത്ത് സ്ഥിരമായി തൊഴിൽ ചെയ്യുന്ന എല്ലാവ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം. ഏതാണ്ട് 1200 വക്കീ ലന്മാർ ഇവിടെ പ്രാക്ടീസ് ചെയ്യുന്നു. വിര ലിൽ എണ്ണാവുന്നവർ മാത്രമേ നികുതി നൽകുന്നുള്ളൂ. ഡോക്ടർമാർ, മറ്റു തൊഴി ലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും നികുതി ഈടാക്കണം. സ്വകാര്യമേഖലയിൽ പ്രത്യേ കിച്ച് ആശുപത്രികളിൽ ഡോക്ടർമാരുടെ ശമ്പളം വളരെ കുറച്ചാണ് കാണിച്ചിരിക്കുന്ന ത്. ശരിയായ വരുമാനം കണ്ടെത്തണം.
3. വീടുകൾക്ക് എക്സ്റ്റൻഷൻ ഉണ്ടാക്കുമ്പോൾ ആനുപാതികമായി ലഭിക്കേണ്ട നികുതി ലഭി ക്കുന്നില്ല. കൂടാതെ അനധികൃത കെട്ടിട നിർമ്മാണം വ്യാപകമായി നടക്കുന്നുണ്ട്. ഇതു മൂലം പഞ്ചായത്തിനു ലഭിക്കേണ്ട ഫീസും കെട്ടിട നികുതിയും ലഭിക്കാതെ പോകുന്നു. ഇങ്ങനെയുള്ള നികുതി ഈടാക്കാൻ ശ്രമം ഉണ്ടാവണം.
4. കേബിൾ ടി.വി. ഓപ്പറേറ്റർമാരിൽ നിന്നും കണക്ഷന് ആനുപാതികമായി നികുതി ശേഖ രിക്കണം. വിനോദനികുതി ഈ മേഖലയിലും വ്യാപിപ്പിക്കാം.
5. പഞ്ചായത്തതിർത്തിയിലുള്ള എല്ലാ പരസ്യ ങ്ങൾക്കും.(വ്യാപാര ലക്ഷ്യത്തോടെയുള്ള) നികുതി ഏർപ്പെടുത്തണം. ബോർഡുകൾ, ബാനർ, മറ്റു പരസ്യങ്ങൾ എന്നിവ നികു തിക്ക് വിധേയമാക്കണം. തിയേറ്റർ പരസ്യം, കേബിൾ ടി.വി. പരസ്യം എന്നിവയ്ക്കു നികുതി ഏർപ്പെടുത്തണം.
6. ടാക്സി കാറുകൾ ഓട്ടോറിക്ഷ എന്നിവയിൽ നിന്നും പാർക്കിംഗ് ഫീസ് ഈടാക്കാം.
7. സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് ഇല്ലാതാക്കണം. പഞ്ചാ യത്തിൽ നടക്കുന്ന ഭൂമി കൈമാറ്റ വില പഞ്ചായത്തിനെ അറിയിക്കുക. പഞ്ചായത്ത് കമ്മിറ്റി ഇതിനെക്കുറിച്ച് തീരുമാനമെടുക്കുക. വിലകുറച്ച് കാണിക്കുന്നുവെങ്കിൽ മേൽ നട പടിക്കായി വേണ്ടതു ചെയ്യുക.
8. പഞ്ചായത്തു കുളങ്ങൾ പൊതു കുളങ്ങൾ എന്നിവ മത്സ്യകൃഷിക്കായി ലേലം ചെയ്യുക.
9. പുറമ്പോക്കിൽ വിലപിടിപ്പുള്ള മരങ്ങളായ തേക്ക്, വീട്ടി, മാഞ്ചിയം എന്നിവ നട്ടുപിടിപ്പി ക്കുക.
10. പഞ്ചായത്തു പണികൾക്കു അമിതമായി

കോൺട്രാക്ടറെ ആശ്രയിക്കുന്നത് ഒഴിവാക്കുക. ഓരോ പ്രദേശത്തേയും ജനകീയകമ്മറ്റികൾ പണിനടത്തട്ടെ. അതിനു വേണ്ട സാമ്പത്തിക സഹായം മുൻകൂർ നല്കാനുള്ള സംവിധാനം പഞ്ചായത്തുണ്ടാക്കണം.

11. സഹകരണ ബാങ്കുകൾ പഞ്ചായത്തിന്റെ വികസനത്തിന് ധനസഹായം നൽകണം. വികസന പ്രവർത്തനങ്ങൾക്ക് കടം അനുവദിക്കണം.
12. ആസുപത്രികൾ ഇന്ന് വ്യാപാരാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ആയതിനാൽ മുറികൾക്ക് നികുതി ഈടാക്കാവുന്നതാണ്. ഫാർമസി, ലബോറട്ടറി, എക്സറേ, സ്കാൻ എന്നിവക്ക് പ്രത്യേക നികുതി ഈടാക്കാം. ആശുപത്രിയിലെ രോഗി സന്ദർശന പ്രവേശനത്തിന് പണം വാങ്ങുന്നുണ്ട്. ഇതിൽ ഒരു വിഹിതം പഞ്ചായത്തിന് നികുതിയായി വാങ്ങാവുന്നതാണ്.
13. വളരെ വലിയ വീടു കെട്ടുന്നവരിൽ നിന്നും 2000 സ്ക്വയർഫീറ്റിനു മുകളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ചുമത്താം, ഈ പണം വീടില്ലാത്തവർക്ക് വീട് കെട്ടികൊടുക്കുന്നതിനായി ഒരു ഫണ്ടാക്കി മാറ്റണം.
14. പഞ്ചായത്തു നൽകുന്ന പ്രത്യേകസേവനങ്ങൾക്ക് സന്നദ്ധരായവരിൽ നിന്നും സേവന നികുതി ഈടാക്കാം. ഹൗസിംഗ് കോളനികളിലെ മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്ത് ഏറ്റെടുത്ത് ചെയ്യണം. ഇവിടെ താമസിക്കുന്നവർ താരതമ്യേന സാമ്പത്തികമായി ഭേദപെട്ടവരാണ്. ഈ സേവനത്തിന് അവരിൽ നിന്നും പ്രത്യേക നികുതി ചുമത്താവുന്നതാണ്.
15. പാടത്തു വീടു കെട്ടുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഇതു വലിയ പരിതസ്ഥിതി പ്രശ്നങ്ങൾക്ക് വഴിവെക്കുന്നതാണ്. അതിനാൽ ഇത്തരം കേസുകളിൽ വളരെ വലിയ പിഴനികുതി ഈടാക്കണം.
16. ലൈസൻസ് ഫീസ് കാലോചിതമായി ഉയർത്തേണ്ടതാണ്. വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കണം.
17. നാഷണൽ സേവിംഗ്സിൽ നിക്ഷേപിക്കു ന്നതുകയുടെ 20% ആ പ്രദേശത്തെ വികസനത്തിനായി ലഭ്യമാകും. ഇത്തരത്തിൽ നിക്ഷേപം സമാഹരിക്കുന്നത് രണ്ടു വിധത്തിൽ പ്രയോജനം ചെയ്യുന്നു. 1. വികസനത്തിനായി 20% തുക ലഭിക്കുമെന്നത്. 2. ഇത് ശേഖരിക്കുന്ന സ്ത്രീകൾക്ക് കമ്മീഷനായി വരുമാനം.
18. പഞ്ചാത്തിലെ ഭൂരിഭാഗം വീടുകളിലും, അലങ്കാരത്തിനും സംരക്ഷണത്തിനും വേണ്ടി പട്ടികളെ വളർത്തുന്നത് സ്ഥിരം പദ്ധതിയാണ്. അതിനാൽ ഓരോ പട്ടിക്കും ഒരു നിശ്ചിത തുക പട്ടിയുടെ ഉടമയിൽ നിന്നും നികുതിയായി ചുമത്തേണ്ടതാണ്.
19. പഞ്ചായത്തിലെ വികസനപ്രവർത്തനത്തിന് സന്നദ്ധപ്രവർത്തനം ഒരു ഘടകമാകേണ്ടതുണ്ട്. ഒരു പ്രദേശത്തെ വികസനത്തിനായി വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവന സ്വീകരിക്കാം. മനുഷ്യദ്ധ്വാനം സൗജന്യമായി ലഭ്യമാക്കാവുന്നതാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ലഭിച്ച ആവേശം ഈ പ്രവർത്തനത്തിന് ഊർജ്ജം പകരണം. വർഷത്തിൽ ഒരു പണിയെങ്കിലും ഒരു വാർഡിൽ സന്നദ്ധപ്രവർത്തനത്തിലൂടെ നടപ്പാക്കണം.

# ഉപസംഹാരം

പഞ്ചായത്തിന്റെ വികസനത്തെക്കുറിച്ചുള്ള അടിസ്ഥാന രേഖയായി മാറുകയാണിത്. പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളുടെ അവസ്ഥയും പ്രശ്നങ്ങളും പരിഹാരങ്ങളുംഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഹ്രസ്വമായ ഒരു ചരിത്രവും ഇതോടൊപ്പം ചേർത്തിട്ടുണ്ട്. കുറ്റമറ്റതാണിതെന്ന് അവകാശപ്പെടുന്നില്ല. പാണ്ഡിത്യത്തിന്റെ പിൻബലമല്ല മറിച്ച് അനുഭവത്തിന്റെ ആത്മബലമാണ് ഈ രേഖ തയ്യാറാക്കലിന് സഹായിച്ചത്. ചർച്ചകളിലൂടെ പഠനങ്ങളിലൂടെ ഈ അടിസ്ഥാന രേഖ പൂർണ്ണമാക്കേണ്ടതുണ്ട്. കൂട്ടായ ശ്രമം അതു സാധ്യമാക്കും. ഈ റിപ്പോർട്ട് ഈ രീതിയിൽ തയ്യാറാക്കുന്നതിന് വളരെയധികം ആളുകൾ സഹായിച്ചിട്ടുണ്ട്. പേരെടുത്ത്ഓരോ വ്യക്തിയേയും പരാമർശിക്കുന്നില്ല. ഈ രേഖ തയ്യാറാക്കുന്നതിന് സഹായിച്ച - സഹകരിച്ച എല്ലാവർക്കും നന്ദി........................!

## റിപ്പോർട്ട് തയ്യാറാക്കിയവർ

1. ഒ.ജി.പി. മേനോൻ
2. പ്രേമൻ ടി.എൻ
3. കെ.കെ. കൃഷ്ണൻകുട്ടി
4. സി.പി. മധുസൂദനൻ
5. കെ.പി. നാരായണൻ നമ്പൂതിരിപ്പാട്
6. പി.എ. കുട്ടൻ
7. ബിജു കെ.ആർ
8. സുനന്ദഭായി
9. സി.ഒ. പോൾ
10. കെ.കെ. ദാമോദരൻ
11. രാമചന്ദ്രൻ. എം
12. ശ്രീകല
13. വാസുദേവൻ തിരുമേനി
14. കുട്ടികൃഷ്ണൻ
15. ഡോ. പി.ബി. ഗിരിദാസ്
16. പി.കെ. ഗോപി
17. ബൈജു
18. റാംമോഹൻ
19. മണി
20. പ്രസാദ്

### കൺവീനർമാർ

1. വി.പി. ഡേവിഡ്
2. ടി.കെ.കെ. കുട്ടി

Printed at :
Ebenezer Offset Printers, Thrissur.

Typesetting & Layout :
Flix Computers, Thekkemadom, Thrissur-1
Ph : 398126

Lunes Systems, M.G. Road, Thrissur-1
Ph : 335827







Ebenezer, Thrissur - 12. Ph: 361892, 360992